15
ഒക്ടോബർ 2018 തിങ്കൾ
1194 കന്നി 29
തിരുവനന്തപുരം

# കേരളകൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

107 വർഷങ്ങൾ
4 തലമുറകൾ
14 പേജ് ₹ 7.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU
www.keralakaumudi.com www.facebook.com/keralakaumudi

## ഒറ്റനോട്ടം



**ഖഷോഗിയുടെ തിരോധാനം; ഭീഷണി ഭയക്കില്ല- സൗദി**
പേജ് 11



**പെൺമക്കളെ പറ്റിച്ചിട്ടില്ലെന്ന് അമ്മ**
പേജ് 07

### പൊതുവിദ്യാലയങ്ങൾക്ക് 17ന് അവധി

തിരുവനന്തപുരം : പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിലുള്ള എല്ലാവിദ്യാഭ്യാസസ്ഥാപനങ്ങൾക്കും 17ന് അവധി പ്രഖ്യാപിച്ചു. പകരം മറ്റൊരു ദിവസം പ്രവൃത്തിദിനമായിരിക്കുമെന്ന് പൊതുവിദ്യാഭ്യാസ സെക്രട്ടറി എ.ഷാജഹാൻ അറിയിച്ചു. 16ന് വൈകിട്ട് പൂജവയ്പ്പ് തുടങ്ങുന്നതിനാലാണ് അവധി.

### ഫണ്ട് സമാഹരണം: മുഖ്യമന്ത്രിയുടെ വിദേശയാത്ര 17 ന്

തിരുവനന്തപുരം : പ്രളയാനന്തര പുനർനിർമ്മാണ ഫണ്ട് സമാഹരണത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ 17 ന് പുലർച്ചെ അബുദാബിയിലേക്ക് പോകും. 19 ന് ദുബായും 20 ന് ഷാർജയും സന്ദർശിച്ച് 21ന് തിരുവനന്തപുരത്ത് മടങ്ങിയെത്തും. നോർക്ക പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ. ഇളങ്കോവനും മാദ്ധ്യമ ഉപദേഷ്ടാവ് ജോൺ ബ്രിട്ടാസുമാണ് മുഖ്യമന്ത്രിയുടെ സംഘത്തിലുണ്ടാവുക. അതേസമയം മറ്റ് മന്ത്രിമാർക്ക് വിദേശ യാത്രാനുമതി ഇന്നലെയും ലഭിച്ചില്ല. ഗൾഫ് രാജ്യങ്ങളും സിംഗപ്പൂരും ശ്രീലങ്കയുമുൾപ്പെടെയുള്ള രാജ്യങ്ങളിലേക്കുള്ള യാത്രാനുമതി ഇന്ന് കിട്ടുമെന്നാണ് സർക്കാർ പ്രതീക്ഷ. മന്ത്രിമാരുടെ യാത്രയിലൂടെ 5000 കോടിയെങ്കിലും സമാഹരിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടത്.



### മീടൂ: ആരോപണം നിഷേധിച്ച് എം.ജെ. അക്ബർ

ന്യൂഡൽഹി: മീ ടു കാമ്പെയിനിൽ വനിതാ മാദ്ധ്യമ പ്രവർത്തകർ ഉന്നയിച്ച ലൈംഗികാരോപണങ്ങളെത്തുടർന്ന് രാജിവയ്ക്കുമെന്ന് പ്രതീക്ഷിച്ച വിദേശകാര്യ സഹമന്ത്രിയും മുൻമാദ്ധ്യമപ്രവർത്തകനുമായ എം.ജെ അക്ബർ പിടിച്ചുനിൽക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ഇന്നലെ ആരോപണങ്ങൾ നിഷേധിച്ചും നിയമനടപടി സ്വീകരിക്കുമെന്ന് ഭീഷണി മുഴക്കിയും പ്രസ്താവന ഇറക്കി. പൊതുതിരഞ്ഞെടുപ്പ് അടുത്തിരിക്കെ ആരോപണങ്ങളിൽ നിക്ഷിപ്ത അജൻഡയുണ്ടെന്ന് അദ്ദേഹം തിരികെ ആരോപിക്കുകയും ചെയ്തു. ഇന്നലെ നൈജീരിയയിൽ നിന്ന് തിരിച്ചെത്തിയതിന് പിന്നാലെ ഇറക്കിയ പ്രസ്താവനയിൽ തന്റെ രാജി ആവശ്യത്തെപ്പറ്റി ഒരു പരാമർശവും ഇല്ല.

**സൽഷേരിന് കളങ്കമുണ്ടാക്കി-** പേജ് 11

## തലവര

ശശിക്കെതിരെ
നടപടി നീളും



വ്യത്യസ്തരായ ബാലന്മാരെ
സത്യത്തിൽ
നമ്മൾ തിരിച്ചറിയുന്നു

# 'അമ്മ'യെ തല്ലിയപ്പോഴും ആരാധകർ രണ്ട് പക്ഷം

കൊച്ചി: 'അമ്മ' വിവാദത്തിൽ മലയാള സിനിമാപ്രേക്ഷകർ രണ്ടായിത്തിരിഞ്ഞ് പോരാട്ടം തുടരുന്നു. ഡബ്ലിയു.സി.സി (വിമെൻ ഇൻ സിനിമ കളക്ടീവ്) കഴിഞ്ഞദിവസം നടത്തിയ വാർത്താസമ്മേളനം സോഷ്യൽമീഡിയയിൽ വലിയ ചർച്ചയ്ക്ക് വഴി തെളിച്ചു. ഒരു കൂട്ടർ ഡബ്ലിയു.സി.സിയെ അകമഴിഞ്ഞ് പിന്തുണയ്ക്കുമ്പോൾ എതിർപക്ഷം ട്രോളുകളും മോശം കമന്റുകളും നിറയ്ക്കുകയാണ്. വാർത്താസമ്മേളനത്തിലെ മാദ്ധ്യമപ്രവർത്തകരുടെ ചോദ്യശൈലിയും സോഷ്യൽ മീഡിയയിൽ ചോദ്യം ചെയ്യപ്പെടുന്നുണ്ട്.

അമ്മ പ്രസിഡന്റ് മോഹൻലാലിനെ പരസ്യമായി വിമർശിച്ചു എന്നതാണ് ആരാധകരെ ചൊടിപ്പിച്ചത്. ഡബ്ലിയു.സി.സിയുടെ ഫേസ്ബുക്ക് പേജിൽ വനിതാ അംഗങ്ങൾക്കെതിരെ രൂക്ഷമായ സൈബർ ആക്രമണം നടക്കുകയാണ്. പഴയ പോസ്റ്റുകൾക്ക് അടിയിൽ പോലും അസഭ്യ കമന്റുകൾ നിറയുകയാണെന്ന് ഡബ്ലിയു.സി.സിയുടെ പേജ് കൈകാര്യം ചെയ്യുന്ന സംഗീത കേരളകൗമുദിയോട് പറഞ്ഞു. നാല്പതിലേറെ അശ്ലീലപദങ്ങൾ ഫിൽട്ടർ ചെയ്തുവച്ചിട്ടും മോശം കമന്റുകൾക്ക് കുറവില്ല. സൈബർ പരാതി കൊടുക്കണോ എന്ന് തീരുമാനിച്ചിട്ടില്ലെന്നും അവർ പറഞ്ഞു.


രേവതി, പാർവതി, പദ്മപ്രിയ എന്നിവരുൾപ്പെടുന്ന ഡബ്ലിയു.സി.സി കൂട്ടായ്മയെ അകമഴിഞ്ഞ് പിന്തുണയ്ക്കുന്നവരുമുണ്ട്. ആൺമേൽക്കോയ്മയ്ക്കെതിരെ ഉയരുന്ന ശബ്ദമാണ് ഇവരുടേതെന്നാണ് വിലയിരുത്തൽ. സോഷ്യൽമീഡിയയിലെ സിനിമാക്കൂട്ടായ്മകളിലും പ്രധാന ചർച്ച അമ്മയും പെൺമക്കളും തമ്മിലുള്ള തർക്കം തന്നെ.

### അന്ന് പീഡനം നടന്നില്ല: രേവതി

കൊച്ചി: പതിനേഴുകാരി രക്ഷ തേടി അർദ്ധരാത്രി തന്റെ മുറിയിൽ എത്തിയെന്ന് കഴിഞ്ഞദിവസം വാർത്താസമ്മേളനത്തിൽ നടത്തിയ വെളിപ്പെടുത്തൽ വിവാദമായതിനെ തുടർന്ന് നടി രേവതി ഇന്നലെ വിശദീകരണ കുറിപ്പ് ഇറക്കി. രേവതിയുടെ കുറിപ്പിൽ നിന്ന്:

ഇരുപത്തഞ്ച് വർഷം മുമ്പായിരുന്നു ആ സംഭവം. അന്ന് രാത്രി പതിനൊന്നരയോടെ പതിനേഴ് വയസുകാരി തന്റെ വാതിലിൽ മുട്ടി രക്ഷിക്കണമെന്ന് പറയുകയായിരുന്നു. തന്റെ വാതിൽ തുറക്കാൻ ആവശ്യപ്പെട്ട് ആരോ തുടർച്ചയായി വാതിലിൽ മുട്ടിയെന്നാണ് കുട്ടി പറഞ്ഞത്. പെൺകുട്ടിയുടെ മുത്തശ്ശിയും അവൾക്കൊപ്പമുണ്ടായിരുന്നു. അവളോട് അകത്തുവരാൻ പറഞ്ഞു. അവൾ പേടിച്ചിരുന്നു. അത്രതന്നെ ഞാനും. ആ രാത്രി മുഴുവൻ പേടിച്ചാണ് ഞങ്ങൾ കഴിഞ്ഞത്. അവിടെ യാതൊരു തരത്തിലുള്ള ലൈംഗികാക്രമണമോ ശാരീരികാക്രമണമോ നടന്നിരുന്നില്ല. ഇത്രയും വർഷം തന്നെ വിഷമിപ്പിച്ച സംഭവമാണിത്.

ആവശ്യപ്പെട്ടാൽ താരസംഘടനയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ ഇടപെടും: മന്ത്രി ബാലൻ




### ആവശ്യപ്പെട്ടാൽ ഇടപെടാം: മന്ത്രിബാലൻ

തൃശ്ശൂർ: സിനിമയിലെ വനിതാക്കൂട്ടായ്മയായ ഡബ്ലിയു.സി.സി ഉന്നയിച്ച പ്രശ്നങ്ങൾ, പരസ്പര വിശ്വാസത്തോടെയും ബഹുമാനത്തോടെയും ഇടപെട്ട് സമയബന്ധിതമായി പരിഹരിക്കാൻ 'അമ്മ' തയ്യാറാവണമെന്ന് മന്ത്രി എ.കെ ബാലൻ പറഞ്ഞു. അമ്മയും ഡബ്ലിയു.സി.സിയുമായുള്ള പ്രശ്നമാണിത്. അവർക്ക് തന്നെ പരിഹരിക്കാൻ കഴിയും. കക്ഷിയല്ലെങ്കിലും, ആവശ്യപ്പെട്ടാൽ സർക്കാർ ഇടപെടും. തെറ്റിദ്ധാരണാജനകമായ എന്തെങ്കിലും ഉണ്ടെങ്കിൽ അത് നീക്കണം. ഡബ്ലിയു.സി.സിക്കെതിരെ സൈബർ ആക്രമണം അംഗീകരിക്കാനാകില്ല. ഫേസ്ബുക്കിലൂടെയും മറ്റും എല്ലാവരെയും അപമാനിക്കുന്നതിനോട് യോജിക്കാനാവില്ല - മന്ത്രി മാദ്ധ്യമങ്ങളോട് പറഞ്ഞു.



## ശബരിമല നട തുറക്കാൻ രണ്ടു നാൾ

# ബോർഡിന് ശരണം സമവായം

### കൊട്ടാരത്തിനും സംഘടനകൾക്കും നാളെ ചർച്ചയ്ക്ക് ക്ഷണം

▶എം. ബിജുമോഹൻ

പത്തനംതിട്ട: ശബരിമല നട തുലാമാസ പൂജകൾക്ക് തുറക്കാൻ രണ്ടു നാൾ മാത്രം ശേഷിക്കേ സമവായ ചർച്ചയ്ക്ക് ദേവസ്വം ബോർഡ് ശ്രമം തുടങ്ങി. സ്ത്രീപ്രവേശന വിധി നടപ്പാക്കാൻ ബാദ്ധ്യതയുള്ള സർക്കാരിന് വിശ്വാസത്തിന്റെയും ആചാരത്തിന്റെയും പേരിൽ നടക്കുന്ന ശക്തമായ പ്രതിഷേധം വെല്ലുവിളിയായി തുടരുന്നതിനിടെയാണ് ഈ നീക്കം.

നാളെ രാവിലെ 10 മണിക്ക് ബോർഡ് ആസ്ഥാനത്ത് ചർച്ചയ്ക്കായി തന്ത്രി സമാജം, പന്തളം കൊട്ടാരം, അയ്യപ്പസേവാ സംഘം, അയ്യപ്പസേവാസമാജം, ശബരിമല തന്ത്രിമാർ, യോഗക്ഷേമസഭ എന്നിവരെ വിളിച്ചിട്ടുണ്ടെന്ന് പ്രസിഡന്റ് എ.പദ്മകുമാർ പറഞ്ഞു. മണ്ഡലകാല ഒരുക്കങ്ങൾ ചർച്ചചെയ്യാൻ കൂടിയാണ് യോഗം. എന്നാൽ ചർച്ചയിൽ പങ്കെടുക്കണമോ എന്ന് ഇവർ തീരുമാനിച്ചിട്ടില്ല.

നടതുറക്കുന്നതിന് തൊട്ടുമുൻപ് ചർച്ചയ്ക്ക് ക്ഷണിച്ചത് എതിർപക്ഷത്തെ അവസാന നിമിഷം വഴങ്ങാൻ പ്രേരിപ്പിക്കാനുള്ള സർക്കാരിന്റെ തന്ത്രമാണെന്ന് ആക്ഷേപമുയർന്നിട്ടുണ്ട്. ചർച്ചയ്ക്ക് തയ്യാറായില്ലെന്ന പേരുദോഷത്തിൽനിന്ന് സർക്കാരിന് രക്ഷപ്പെടാനും കഴിയും. ചർച്ച നടന്നാലും സ്ത്രീപ്രവേശന വിധി നടപ്പാക്കാൻ കഴിയാത്ത ഒരു സമവായത്തിന് സർക്കാരോ ആചാരങ്ങളും വിശ്വാസങ്ങളും ബലികഴിക്കുന്ന ഒത്തുതീർപ്പിന് എതിർപക്ഷമോ വഴങ്ങുമോ എന്നാണ് കണ്ടറിയേണ്ടത്.

ബുധനാഴ്ച വൈകിട്ടാണ് നട തുറക്കുന്നത്. പൂജകൾ വ്യാഴാഴ്ച രാവിലെ തുടങ്ങും. പുതിയ മേൽശാന്തിമാരുടെ നറുക്കെടുപ്പ് അന്നാണ്. മണ്ഡലകാലത്തിനു മുമ്പുള്ള അവസാനത്തെ മാസപൂജയ്ക്ക് നടതുറക്കുമ്പോൾ വിവാദങ്ങളും സംഘർഷവും ഉണ്ടാവരുതെന്നാണ് ദേവസ്വം ബോർഡും സർക്കാരും ആഗ്രഹിക്കുന്നത്. ഇപ്പോൾ ഒരു സമവായം ഉണ്ടായാൽ മണ്ഡലകാല ഒരുക്കങ്ങളിലേക്ക് പ്രശ്നമില്ലാതെ നീങ്ങാം.

### സമരം, പ്രതിഷേധം

**എൻ**. ഡി. എയുടെ ശബരിമല സംരക്ഷണ യാത്ര ഇന്ന് സെക്രട്ടേറിയറ്റ് നടയിൽ സമാപിക്കും. എന്നാൽ വിശ്വാസികളുടെ സമരം തുടരാൻ പന്തളം കൊട്ടാരം ജനറൽ ബോഡി ഇന്നലെ തീരുമാനിച്ചു. 17ന് നിലയ്ക്കലിലും എരുമേലിയിലും സ്ത്രീപ്രവേശനത്തിനെതിരെ നാമജപം നടത്തുമെന്ന് ഹിന്ദുസംഘടനകൾ അറിയിച്ചിട്ടുണ്ട്.

നിലയ്ക്കലിൽ പർണശാല കെട്ടിയുള്ള സമരം തുടരുകയാണ്. ഇന്നലെ നടൻ ദേവന്റെ നേതൃത്വത്തിൽ ചെങ്ങന്നൂരിൽ നിന്ന് നിലയ്ക്കലേക്ക് ശബരിമല സംരക്ഷണ യാത്ര നടത്തി. യുവതികളെ തടയാൻ പ്രതിഷേധക്കാർ ഇരുമുടിക്കെട്ടുമേന്തി നിലയ്ക്കലും പമ്പയിലും സന്നിധാനത്തും തമ്പടിക്കുമെന്നാണ് സൂചന. 50 കഴിഞ്ഞ സ്ത്രീകളെ മലയിലെത്തിച്ച് യുവതികളെ തടയുമെന്നാണ് ശിവസേനയുടെ പ്രഖ്യാപനം. നിലയ്ക്കലും പമ്പയിലും യുവതികളെ തടഞ്ഞാൽ സ്ഥിതി ഗുരുതരമാകും.

അതിനിടെ ശബരിമലയിൽ ഉടനേ എത്തുമെന്ന് സാമൂഹ്യ പ്രവർത്തക തൃപ്തി ദേശായി പറഞ്ഞത് സമരത്തിനു തീവ്രത പകർന്നിട്ടുണ്ട്. തൃപ്തി ദേശായി വന്നാൽ വന്നപോലെ തിരിച്ചുപോകില്ലെന്ന് ശിവസേനയും ഹൈന്ദവസംഘടനകളും അറിയിച്ചിട്ടുണ്ട്.

സ്ത്രീകൾക്കായി കൂടുതൽ സൗകര്യം ഒരുക്കിയിട്ടില്ലെന്ന് ദേവസ്വം മന്ത്രിയും ബോർഡും വ്യക്തമാക്കിയത് യുവതികൾ വരില്ലെന്ന പ്രതീക്ഷയിലാണ്. ശബരിമലയിലെ സുരക്ഷാ ക്രമീകരണങ്ങൾ സാധാരണപോലെയാണെന്ന് പത്തനംതിട്ട പൊലീസ് ചീഫ് ടി. നാരായണൻ പറഞ്ഞു.

> **സ**ന്നിധാനത്തേക്ക് യുവതികൾ വരില്ലെന്നാണ് പ്രതീക്ഷ. വന്നാൽ എന്തു ചെയ്യണമെന്ന് വിശ്വാസികൾ തീരുമാനിക്കും.
>
> *നാരായണ വർമ്മ, പന്തളം കൊട്ടാരം നിർവാഹക സംഘം സെക്രട്ടറി*

### പിടിവാശിയില്ല: മന്ത്രി കടകംപള്ളി

**ശ**ബരിമല വിഷയത്തിൽ സർക്കാരിന് പിടിവാശിയില്ല. ബന്ധപ്പെട്ടവരുമായി ദേവസ്വം ബോർഡ് ചർച്ച നടത്തുന്നത് നല്ലതാണ്. പക്ഷേ ആർ.എസ്.എസിന്റെയും ബി.ജെ.പിയുടെയും രാഷ്ട്രീയ മുതലെടുപ്പ് അംഗീകരിക്കില്ല. ആരാണ് സുപ്രീം കോടതിയിൽ കേസ് കൊടുത്തതെന്നത് അവർക്ക് അറിവുള്ളതാണ്.

**വിശ്വാസികളുടെ ഹൃദയം തൊട്ടുകളിക്കരുത്: സുരേഷ്ഗോപി**
പേജ് 7




*ചെറുവയൽ രാമൻ ദുബായ് റാഷിദ് ആശുപത്രിയിൽ*

## ഹൃദയതാളം വീണ്ടെടുത്തു, ചിരിതൂകി ചെറുവയൽ

▶എം.എച്ച്. വിഷ്ണു

ദുബായ്: നിലച്ചുപോയ ഹൃദയം വീണ്ടും മിടിച്ചുതുടങ്ങിയപ്പോൾ രാമേട്ടന്റെ മുഖത്ത് പുഞ്ചിരി വിരിഞ്ഞു. മിഴി തുറന്നപ്പോൾ അരികിൽ മകൻ. യു.എ.ഇയിലെ ഏറ്റവും മികച്ച ദുബായ് റാഷിദ് ആശുപത്രിയിലാണ് കേരളത്തിലെ പരമ്പരാഗത നെൽവിത്തുകളുടെയും ജൈവകൃഷിയുടെയും 'കാവലാൾ' ചെറുവയൽ രാമൻ. "ഒരു പ്രതീക്ഷയും വേണ്ട, അവസാന ഘട്ടത്തിലാണ്. ഹാർട്ട്ബീറ്റ് 9ലേക്ക് താണു. 99 ശതമാനം ഗുരുതരമാണ്. പരിശ്രമിക്കാം."- ഇതായിരുന്നു രാമനെ ആശുപത്രിയിലെത്തിച്ചപ്പോൾ ഡോക്ടറുടെ ആദ്യ പ്രതികരണം. രക്തധമനികളിലെ രണ്ട് മേജർ ബ്ലോക്കുകൾ കാരണമുണ്ടായ ഹൃദയാഘാതത്തെ മറികടന്ന് ഇന്നലെ രാമൻ നാടൻ ഭക്ഷണം കഴിച്ചു.

അജ്മാനിലെ ഹാബിറ്റാറ്റ് സ്കൂളിൽ കുട്ടികളെ നാടൻകൃഷിരീതികൾ പഠിപ്പിക്കാനാണ് രാമൻ ദുബായിലെത്തിയത്. കുട്ടികളോട് ഏറെ സംസാരിച്ച ശേഷം ഉറ്റസുഹൃത്ത് അബ്ദുൾ സലാം അടിതിരുത്തിക്കൊപ്പം തിരിച്ചുവരുമ്പോൾ കാറിൽ വിയർത്തു കുഴഞ്ഞു. സലാം വിവരമറിയിച്ചതനുസരിച്ച് പൊലീസ് ആംബുലൻസെത്തി രാമനെ ആശുപത്രിയിലെത്തിച്ചു. സ്റ്റെന്റ് ഇട്ടു. പിറ്റേന്ന് രാവിലെ ഡോക്ടർ പറഞ്ഞു, 'ജീവൻ തിരിച്ചുകിട്ടി. പക്ഷേ, രക്തസമ്മർദ്ദം താണുതന്നെയാണ്. നിരീക്ഷണം തുടരണം'.

### ചെലവു വഹിക്കാൻ യൂസഫലി

**ആ**ദ്യഘട്ട ചികിത്സ കഴിഞ്ഞപ്പോൾ 72000 ദിർഹം (14,44,424 രൂപ) ബില്ലെത്തി. മന്ത്രി സുനിൽകുമാറിന്റെ അഭ്യർത്ഥനപ്രകാരം വ്യവസായപ്രമുഖൻ എം.എ. യൂസഫലി ബിൽ അടച്ചു. ഇനിയുള്ള ചെലവും വഹിക്കാമെന്ന് യൂസഫലി അറിയിച്ചിട്ടുണ്ട്. 15 ദിവസം പൂർണവിശ്രമം വേണം.

### പുതിയ മാർഗരേഖയ്ക്ക് നിർദ്ദേശം

# നിർമ്മാണ നിയന്ത്രണം കസ്തൂരിരംഗൻ വഴിയേ

▶കോവളം സതീഷ്കുമാർ

തിരുവനന്തപുരം: മഹാപ്രളയത്തിൽ നിന്നു പാഠം ഉൾക്കൊണ്ട സർക്കാർ കസ്തൂരിരംഗൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സംസ്ഥാനത്ത് ഭാഗികമായി നടപ്പിലാക്കാൻ നീക്കം തുടങ്ങി. കസ്തൂരിരംഗൻ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി പുതിയ മാർഗരേഖയുണ്ടാക്കാനാണ് നീക്കം. പ്രളയാനന്തര നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായതും അല്ലാത്തതുമായ സ്ഥലങ്ങൾ പ്രത്യേകം കണ്ടെത്തി റിപ്പോർട്ട് നൽകാൻ റവന്യൂ വകുപ്പ് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി. റിപ്പോർട്ട് തയ്യാറാക്കുമ്പോൾ പരിസ്ഥിതി ദുർബല പ്രദേശങ്ങളെ അടയാളപ്പെടുത്താൻ കസ്തൂരിരംഗൻ റിപ്പോർട്ടിനെ ആശ്രയിക്കണം. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും ഭാവിയിൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുമതി ലഭിക്കുക. കളക്ടർമാർ തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റവന്യൂവകുപ്പ് മാർഗരേഖ തയ്യാറാക്കി തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറും. നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായിരിക്കും.

നെൽവയലുകൾ, തോടുകൾ, കുളങ്ങൾ, നീർത്തടങ്ങൾ തുടങ്ങി പ്രകൃതിദത്തമായ ആവാസ വ്യവസ്ഥയെ തിരിച്ചുപിടിക്കാൻ ഉതകുന്ന വിധത്തിലായിരിക്കും മാർഗരേഖ തയ്യാറാക്കുക. ഇവിടങ്ങളിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് കർശന നിയന്ത്രണമുണ്ടാകും. തോടുകളും ആറുകളും ചതുപ്പുകളുമൊക്കെ സംരക്ഷിച്ചിരുന്നുവെങ്കിൽ പ്രളയം ഇത്രമേൽ രൂക്ഷമാകില്ലെന്ന് നേരത്തേ വിദഗ്ദ്ധർ ചൂണ്ടിക്കാട്ടിരുന്നു.

> **വെ**ള്ളപ്പൊക്കം, മണ്ണിടിച്ചിൽ എന്നിവ ഉണ്ടായ സ്ഥലങ്ങളെ അടയാളപ്പെടുത്തുകയാണ് ഇപ്പോൾ ചെയ്യുന്നത്. കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കലല്ല ഇതിന്റെ ലക്ഷ്യം. അതൊക്കെ പെട്ടെന്ന് നടപ്പിലാക്കാൻ കഴിയുന്നതല്ല. പ്രളയത്തെ തുടർന്ന് പ്രകൃതിസംരക്ഷണകാര്യത്തിൽ പൊതുജനത്തിന് ഒരു ധാരണ ഉണ്ടായിട്ടുണ്ട്. കൂടുതൽ ബോധവത്കരണം വേണം.
>
> **പി.എച്ച്. കുര്യൻ,** അഡിഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്






AMRIT VIKRAM
(30.03.1978 - 15.10.2010)
BEREAVED FAMILY MEMBERS :
DR. K.R.VIKRAMAN (KIMS)
DR. R.SUSHAMADEVI (KIMS), DR. DEEPAK.V.S (USA)
DR. DEEPA LAZAROUS (USA), LEAH VIKRAMAN,
GRACE VIKRAMAN AND FAMILY MEMBERS.
DEEPAM, NAVARANGAM LANE,
MEDICAL COLLEGE.P.O, TRIVANDRUM-11

# അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

## വെട്ടുകാട് ശാഖ

തിരുവനന്തപുരം: എസ്.എൻ.ഡി.പി യോഗം വെട്ടുകാട് ശാഖയിൽ ഗുരുസദനം കുടുംബ യൂണിറ്റിന് കീഴിൽ ആൾസെയിൻസ് ശാസ്താനഗർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഗുരുസ്നേഹം വനിതാ സ്വയംസഹായ സംഘത്തിന്റെ പന്ത്രണ്ടാം വാർഷിക പൊതുയോഗം ശാഖാ പ്രസിഡന്റ് എസ്. സതിചന്ദ്രന്റെ അദ്ധ്യക്ഷതയിൽ യൂണിയൻ മൈക്രോ - കോർഡിനേറ്റർ മണ്ണന്തല സി. മോഹനൻ ഉദ്ഘാടനം ചെയ്തു. വനിതാസംഘം യൂണിയൻ ചെയർപേഴ്സൺ ഡോ. അനുജ മുഖ്യപ്രഭാഷണം നടത്തി. ശാഖാസെക്രട്ടറി എൻ. മോഹൻദാസ് സ്വാഗതം പറഞ്ഞു. കവിതാ ജയദേവൻ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ശാഖാ വൈസ് പ്രസിഡന്റ് എസ്. സതീശൻ, വനിതാ സംഘം ശാഖാ പ്രസിഡന്റ് ശോഭാ അനിൽ, സെക്രട്ടറി അമ്പിളി പവിത്രൻ, എ. കൃഷ്ണ, ആർ. പ്രതാപ് കുമാർ എന്നിവർ സംസാരിച്ചു. കൺവീനറായി പ്രസന്നാ മധുവിനെയും ജോയിന്റ് കൺവീനറായി ശോഭാധർമ്മരാജനെയും തിരഞ്ഞെടുത്തു.

## കവടിയാർ ശാഖ

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം കവടിയാർ ശാഖയിൽ ഡോ. പി. പല്പു സ്മാരക തിരുവനന്തപുരം യൂണിയൻ നേതാക്കൾക്ക് സ്വീകരണം നൽകി.ശാഖാ പ്രസിഡന്റ് കെ. ജി. ഗോപിനാഥന്റെ അദ്ധ്യക്ഷതയിൽ ശാഖാസെക്രട്ടറി കവടിയാർ അജിത് സ്വാഗതം പറഞ്ഞു. യൂണിയൻ പ്രസിഡന്റ് ഉപേന്ദ്രൻ കോൺട്രാക്ടർ, സെക്രട്ടറി അനീഷ് ദേവൻ, വൈസ് പ്രസിഡന്റ് എം.കെ. ദേവരാജൻ, സോമസുന്ദരം, പി.സി. വിനോദ്, ലീലാമ്മ ടീച്ചർ, യൂണിയൻ കൗൺസിലർ അഡ്വ. ബി. ശശിധരൻ, വസന്ത സുദർശനൻ, ഷീല പത്മകുമാർ എന്നിവർ സംസാരിച്ചു.

## കാര്യസിദ്ധിപൂജ

തിരുവനന്തപുരം : വെൺപാലവട്ടംശ്രീഭഗവതി ക്ഷേത്ര ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ സർവ്വാഭിഷ്ടസിദ്ധിക്കായി നടത്തിവരുന്ന കാര്യസിദ്ധിപൂജ നാളെ രാവിലെ 9ന് ശ്രീഭദ്രകാളി ക്ഷേത്ര സന്നിധിയിൽ നടക്കും. എല്ലാ ഭക്തജനങ്ങളും പങ്കെടുക്കണമെന്ന് ക്ഷേത്ര ട്രസ്റ്റ് ചെയർമാൻ ഡോ. ബിജുരമേശ് അഭ്യർത്ഥിച്ചു.

## ചിത്രകലയിൽ വിദ്യാരംഭം

തിരുവനന്തപുരം: പൂജപ്പുര, പാറ്റൂർ, തകരപ്പറമ്പ് എന്നിവിടങ്ങളിൽ ചിത്രകലാമണ്ഡലം വിജയദശമി ദിനമായ 19ന് രാവിലെ 9ന് ഡ്രോയിംഗ്, പെയിന്റിംഗ്, കമ്പ്യൂട്ടർ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്കായി വിദ്യാരംഭം നടത്തുന്നു. വിശദവിവരങ്ങൾക്ക് ഫോൺ: 9037893148, 8891839165.

## ഖാദിവർക്കേഴ്സ് യൂണിയൻ ഭാരവാഹികൾ

തിരുവനന്തപുരം: ജില്ല ഖാദി വർക്കേഴ്സ് യൂണിയൻ (സി.ഐ.ടി.യു) ഭാരവാഹികളായി പി. രാഘവൻപിള്ള (പ്രസിഡന്റ്), എം. സുഭാഷിണിയമ്മ, കെ. സരളാദേവി, ജി. ബാലചന്ദ്രൻ നായർ, സുലോചന (വൈസ് പ്രസിഡന്റുമാർ), പി. അജേന്ദ്രദാസ് (ജനറൽ സെക്രട്ടറി), ആർ. സതീഷ്കുമാർ, സി. ഓമനയമ്മ, പാറശാല രാധാകൃഷ്ണൻനായർ (സെക്രട്ടറിമാർ), എൻ. ഹരികുമാരൻ നായർ (ട്രഷറർ) എന്നിവരെയും 25 പേരുള്ള കമ്മിറ്റിയും തിരഞ്ഞെടുത്തു.

## ഗാന്ധിപുരം ശ്രീമഹാഗണപതി ക്ഷേത്രം

ശ്രീകാര്യം: ഗാന്ധിപുരം ശ്രീമഹാഗണപതി ക്ഷേത്രത്തിലെ നവരാത്രി മഹോത്സവം 17 മുതൽ 19 വരെ ക്ഷേത്ര മേൽശാന്തി സത്യമൂർത്തിയുടെ കാർമ്മികത്വത്തിൽ നടക്കും. 17ന് രാവിലെ 8.30ന് പ്രത്യേകം തയ്യാറാക്കിയ സരസ്വതി പീഠത്തിൽ പൂജവയ്പ്, 18ന് മഹാനവമി പൂജകൾ, 19ന് രാവിലെ 8.30ന് പൂജയെടുപ്പും വിദ്യാരംഭ ചടങ്ങുകളും നടക്കും. ഫോൺ: 9446177136.

## ചിറയ്ക്കൽ മഹാവിഷ്ണു - ദേവീ ക്ഷേത്രത്തിൽ വിദ്യാരംഭം

തിരുവനന്തപുരം: വിജയദശമി ദിനമായ 19ന് രാവിലെ 7.30 മുതൽ കല്ലുംമൂട് ചിറയ്ക്കൽ മഹാവിഷ്ണു - ദേവീ ക്ഷേത്രത്തിൽ വിദ്യാരംഭചടങ്ങ് നടക്കും. വിദ്യാരംഭം കുറിക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി പേരു രജിസ്റ്റർ ചെയ്യണം. ഫോൺ: 2505757

## നൃത്ത - സംഗീത വിദ്യാരംഭം

തിരുവനന്തപുരം: ആറ്റുകാൽ നാട്യസാഗര നൃത്തസംഗീത സമിതിയുടെ കീഴിൽ വിജയദശമി ദിനമായ 19ന് ക്ലാസിക്കൽ നൃത്തം, സംഗീതം, വെസ്റ്റേൺ നൃത്തം എന്നിവയിൽ വിദ്യാരംഭം കുറിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ളവർ ബന്ധപ്പെടുക. ഫോൺ: 9562202898.

## സൗജന്യ ജ്യോതിഷ പഠന ക്ലാസ്

തിരുവനന്തപുരം: കരമന ജ്യോതിഷ കാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ കരമന, മേലാറന്നൂർ ചട്ടമ്പി സ്വാമി സ്മാരക എൻ.എസ്.എസ് കരയോഗം ബിൽഡിംഗിന് സമീപം ടി/സി 20 / 132ൽ ദൈവജ്ഞ ശിരോമണി ഓട്ടൂർ രാധാചന്ദ്രമേനോന്റെ നേതൃത്വത്തിൽ വിജയദശമി ദിനമായ 19ന് സൗജന്യ ജ്യോതിഷ പഠന ക്ലാസ് സംഘടിപ്പിക്കും. രാവിലെ 10ന് ക്ലാസ് ആരംഭിക്കുന്നത്. വിശദവിവരങ്ങൾക്ക് ഫോൺ: 9447822466, 0471 2348193, 9895560339.

## അരശുംമൂട് തളിയൽ ഭദ്രകാളി ക്ഷേത്രത്തിൽ വിദ്യാരംഭം

തിരുവനന്തപുരം: അരശുംമൂട് തളിയൽ ഭദ്രകാളി ക്ഷേത്രത്തിൽ 19 ന് രാവിലെ 9 ന് കുട്ടികളെ എഴുത്തിനിരുത്തും. തുടർന്ന് കേരള സംഗീത നാടക അക്കാഡമിയുടെ അഫിലിയേഷനോടെ പ്രവർത്തിക്കുന്ന ശ്രീഭദ്രാസംഗീത വാദ്യ നാട്യ കലാക്ഷേത്രത്തിന്റെ ആഭിമുഖ്യത്തിൽ ചെണ്ട, വായ്പ്പാട്ട്, ഡാൻസ് എന്നിവയിൽ കുട്ടികൾക്ക് പരിശീലനം നൽകും. എ.ജി. ഗിരിശങ്കർ, തളിയൽ ഗായത്രീ ദേവി എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകുമെന്ന് സെക്രട്ടറി ബി.എൽ. ശ്രീദേവി അറിയിച്ചു.

## നവരാത്രി ഉത്സവം

തിരുവനന്തപുരം : മണക്കാട് തോട്ടം ഇരുംകുളങ്ങര ദുർഗാഭഗവതി ക്ഷേത്രത്തിലെ നവരാത്രി ഉത്സവം 17 മുതൽ 19വരെ മേൽശാന്തി നാരായണൻ നമ്പൂതിരിയുടെ കാർമികത്വത്തിൽ നടക്കും.

19ന് രാവിലെ 7.30ന് നടക്കുന്ന വിദ്യാരംഭത്തിന് ശങ്കരാചാര്യ സംസ്കൃതസർവകലാശാല മുൻ ഡീൻ ഡോ. ചന്ദ്രശേഖരൻ നായർ ആചാര്യസ്ഥാനം വഹിക്കും. വിദ്യാരംഭം കുറിയ്ക്കാനുള്ള കുട്ടികളുടെ പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യണമെന്ന് സെക്രട്ടറി എൻ. ഗിരിജാനന്ദൻ അറിയിച്ചു.

## ഇരുംകുളങ്ങര ദേവീക്ഷേത്രത്തിൽ അവാർഡ്ദാന സമ്മേളനം

തിരുവനന്തപുരം : മണക്കാട് തോട്ടം ഇരുംകുളങ്ങര ദേവീക്ഷേത്രത്തിലെ ഈ വർഷത്തെ അവാർഡ്ദാന സമ്മേളനം 19ന് നടക്കും. കാർത്തിക കമ്മ്യൂണിറ്റി ഹാളിൽ വൈകിട്ട് 3.30ന് നടക്കുന്ന സമ്മേളനം ഡോ. ജോർജ്ജ് ഓണക്കൂർ ഉദ്ഘാടനം ചെയ്യും.

എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയ കുട്ടികൾക്കാണ് അവാർഡ് നൽകുന്നത്. പ്രസിഡന്റ് ബി. ശിവകുമാർ അദ്ധ്യക്ഷത വഹിക്കും.

കൗൺസിലർമാരായ വി. ഗിരി, റസിയാബീഗം, കമലേശ്വരം ഗവ. ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ബേബി റാണി എന്നിവർ സംസാരിക്കും. ബോട്ടണിയിൽ ഡോക്ടറേറ്റ് നേടിയ ജി. സംഗീത, മുൻകാല ക്ഷേത്ര ബോർഡ് അംഗങ്ങളായ കെ. സദാശിവൻ, ഡി. ചന്ദ്രസേനൻ, എൻ. ഗോപിനാഥൻ എന്നിവരെ ആദരിക്കും. സെക്രട്ടറി എൻ. ഗിരിജാനന്ദൻ സ്വാഗതവും കെ. ജയചന്ദ്രൻ നന്ദിയും പറയും.

---

ചെമ്പഴന്തി - ചാരിയോട്ടുകുളം റോഡ് തകർന്നു

# ശനിദശ മാറാത്തൊരു റോഡ്...

പി. സുരേഷ്ബാബു

പോത്തൻകോട്: ചെമ്പഴന്തി - ചാരിയോട്ടുകുളം ലിങ്ക് റോഡ് തകർന്നിട്ട് നാളേറെയായിട്ടും പുനർനിർമ്മാണം വൈകുന്നതിൽ ഏറെ ആശങ്കയിലാണ് നാട്ടുകാർ.

മൂന്നുമാസം മുൻപുണ്ടായ ശക്തമായ മഴയത്തുടർന്നാണ് ഇതുവഴിയുള്ള ഗതാഗതം നിലച്ചത്.

ചെമ്പഴന്തിയിൽ നിന്ന് അണിയൂർ ടെമ്പിൾ ലൈൻ റോഡ് വഴി ശ്രീകാര്യം ഗാന്ധിപുരം റോഡിലേക്ക് എളുപ്പത്തിലെത്താൻ കഴിയുന്ന റോഡായതിനാൽ നിത്യേന നൂറുകണക്കിന് യാത്രക്കാരാണ് ഈ വഴിയെ ആശ്രയിച്ചിരുന്നത്. ചെമ്പഴന്തി ചാരിയോട്ടുകോണം കുളത്തിന് സമീപത്തെ റോഡിന്റെ ഭാഗമാണ് ഒരു വശത്തെ കൈവരി സഹിതം കുളത്തിലേക്ക് ഇടിഞ്ഞുതാണത്. കഴിഞ്ഞ നഗരസഭാ ഭരണകാലത്ത് കുളം നവീകരണ പദ്ധതി പ്രകാരം 15 ലക്ഷം രൂപ മുടക്കി പാർശ്വഭിത്തി നിർമ്മിച്ചിരുന്നു. അന്ന് നാട്ടുകാർ നിർമ്മാണത്തിലെ അപാകത ചൂണ്ടിക്കാട്ടിയിരുന്നെങ്കിലും അതെല്ലാം അവഗണിച്ച് നിർമ്മാണം പൂർത്തിയാക്കുകയായിരുന്നു.

കുളത്തിന്റെ തെക്കുവശത്തെയും പടിഞ്ഞാറുഭാഗത്തെയും പാർശ്വഭിത്തികളാണ് തകർന്നത്. പടിഞ്ഞാറുവശത്ത് കുളത്തിന് സമീപത്തുള്ള വീടിന്റെ ഒരു ഭാഗവും തകർന്നിട്ടുണ്ട്. കൂടാതെ ഈ ഭാഗത്തെ വൈദ്യുത പോസ്റ്റുകൾ ഏതുസമയത്തും നിലംപതിക്കാവുന്ന അവസ്ഥയിലാണ്. കാൽനടയാത്ര പോലും അസാദ്ധ്യമായ റോഡിൽ വാഹനങ്ങൾ പുറത്തിറക്കാൻ കഴിയാത്ത അവസ്ഥയിലാണ്. റോഡിന്റെ ഭാഗം ഇനിയും ഇടിഞ്ഞു വീണാൽ സമീപത്തെ നിരവധി വീടുകൾ അപകടത്തിലാകും. ഈ ഭാഗത്ത് പൊതുവേ ഉറപ്പില്ലാത്ത മണ്ണായതിനാൽ കരിങ്കൽ കെട്ടുകൾക്ക് പകരം ഉറപ്പുള്ള കോൺക്രീറ്റ് ചുവരുകൾ നിർമ്മിച്ച് ബലപ്പെടുത്തണം എന്നാണ് പരിസരവാസികളുടെ അഭിപ്രായം.



ചെമ്പഴന്തി - ചാരിയോട്ടുകുളം റോഡ് തകർന്ന നിലയിൽ

### നിലവിലെ അവസ്ഥ

- നിരവധി വാഹനങ്ങളാണ് ഇതുവഴി പോകുന്നത്
- റോഡിന്റെ കൈവരി സഹിതം ഇടിഞ്ഞു താഴ്ന്നു
- വൈദ്യുത പോസ്റ്റുകളും അപകടാവസ്ഥയിലാണ്
- ഉറപ്പില്ലാത്ത മണ്ണായതിനാൽ കെട്ടുകൾക്ക് ബലമില്ല
- കോൺക്രീറ്റ് ഭിത്തി നിർമ്മിക്കുക ഏക പോംവഴി

**റോഡ് തകർന്നത് 3 മാസം മുമ്പ്**

*"റോഡും കുളവും അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കാൻ നഗരസഭയുടെ ഫണ്ട് മാത്രം മതിയാവില്ല. റോഡിന്റെ തകർന്ന ഭാഗം നവീകരിച്ച് ഗതാഗതയോഗ്യമാക്കാനാണ് പ്രഥമ പരിഗണന നൽകുന്നത്. ഇതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്. ഈ ഭാഗത്തെ ജൻറം പദ്ധതി പ്രകാരമുള്ള കുടിവെള്ള പൈപ്പിടൽ കഴിഞ്ഞാലുടൻ റോഡ് പണി ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷ.*

കെ.എസ്. ഷീല (വാർഡ് കൗൺസിലർ)


അന്താരാഷ്ട്ര ഹിന്ദു പരിഷത്തിന്റെ ആഭിമുഖ്യത്തിൽ മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിലേക്ക് നടത്തിയ ശബരിമല രക്ഷായാത്രയ്ക്ക് ദേശീയ വർക്കിംഗ് പ്രസിഡന്റ് പ്രവീൺ തൊഗാഡിയ നേതൃത്വം നൽകുന്നു. ദേശീയ സെക്രട്ടറി പ്രതീഷ് വിശ്വനാഥൻ, കൃഷ്ണരാജ് എന്നിവർ സമീപം


ശബരിമല കർമ്മ സമിതിയുടെയും അമൃത സ്വാശ്രയ സംഘത്തിന്റെയും ആഭിമുഖ്യത്തിൽ തിരുവല്ലത്ത് നടത്തിയ നാമജപ ഘോഷയാത്രയിൽ സമൂഹ ദീപാർച്ചന നടത്തുന്ന ഭക്തർ

## ചേന്തി ശ്രീനാരായണ സാംസ്കാരിക നിലയത്തിൽ പ്രാർത്ഥന

തിരുവനന്തപുരം: ശബരിമല സ്ത്രീപ്രവേശന വിധിയിൽ സർക്കാരിന്റെ ഭാഗത്തുനിന്നും പുനഃപരിശോധനാ ഹർജി നൽകണമെന്ന് ആവശ്യപ്പെട്ട് ചേന്തി ശ്രീനാരായണ സാംസ്കാരിക നിലയത്തിന്റെ ആഭിമുഖ്യത്തിൽ നാമജപ പ്രാർത്ഥന നടന്നു.

എൻ.എസ്.എസ് താലൂക്ക് യൂണിയൻ പ്രസിഡന്റ് സംഗീത് കുമാർ യാത്ര ഉദ്ഘാടനം ചെയ്തു.

എസ്.എൻ.ഡി.പി യോഗം പി.കെ.എസ്.എസ് തിരുവനന്തപുരം യൂണിയൻ വൈസ് പ്രസിഡന്റ് ചേന്തി അനിൽ നേതൃത്വം നൽകിയ പ്രാർത്ഥനായാത്രയിൽ കൗൺസിലർമാരായ ജോൺസൺ ജോസഫ്, വി.ആർ. സിനി, സാംസ്കാരിക നിലയം പ്രസിഡന്റ് ജേക്കബ് കെ. എബ്രഹാം, സെക്രട്ടറി ബി. സാംബശിവൻ, പുളിക്കൽ എൻ.എസ്.എസ് കരയോഗം പ്രസിഡന്റ് തലനാട് ചന്ദ്രശേഖരൻ നായർ, സെക്രട്ടറി വിജയഗോപാൽ, പുളിക്കൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ് പ്രസിഡന്റ് കെ. സുരേന്ദ്രൻ നായർ, എൻ.എസ്.എസ് മേഖലാ കൺവീനർ വേലപ്പൻനായർ, സി.ആർ.എ ജോയിന്റ് സെക്രട്ടറി എം. തങ്കമണി അമ്മ, സാംസ്കാരിക നിലയം ജോയിന്റ് സെക്രട്ടറിമാരായ ടി. ശശിധരൻ, ടി. അശോകൻ, കല്ലുംപള്ളി എസ്.എൻ.ഡി.പി ശാഖ പ്രസിഡന്റ് ഡി. സുരേന്ദ്രൻ, സെക്രട്ടറി കെ. സദാനന്ദൻ, ആർട്ടിസ്റ്റ് സുനിൽകുമാർ, ശശിബാലൻ, ജയകുമാർ, വിജയകുമാർ, മോഹനൻ കല്ലുംപള്ളി തുടങ്ങിയവർ പങ്കെടുത്തു.


ചേന്തി ശ്രീനാരായണ സാംസ്കാരിക നിലയത്തിന്റെ നാമജപ പ്രാർത്ഥനായാത്ര എൻ.എസ്.എസ് താലൂക്ക് യൂണിയൻ പ്രസിഡന്റ് സംഗീത് കുമാർ ഉദ്ഘാടനം ചെയ്യുന്നു. ചേന്തി അനിൽ, ജോൺസൺ ജോസഫ്, ശിവദാസ്, വിജയഗോപാൽ, സുരേന്ദ്രൻ നായർ, ജേക്കബ് കെ. എബ്രഹാം, സാംബശിവൻ, ശ്രീകാര്യം ശ്രീകുമാർ, വേണപ്പൻ നായർ, തലനാട് ചന്ദ്രശേഖരൻ നായർ തുടങ്ങിയവർ സമീപം

## തിരുവല്ലത്ത് നാമജപ ഘോഷയാത്ര

തിരുവനന്തപുരം: ശബരിമലയിലെ ആചാരങ്ങൾ നിലനിറുത്തണമെന്ന് ആവശ്യപ്പെട്ട് ശബരിമല കർമ്മ സമിതിയുടെയും അമൃത സ്വാശ്രയ സംഘത്തിന്റെയും നേതൃത്വത്തിൽ പാച്ചല്ലൂർ കുളത്തിൻകര ശ്രീ ഭദ്രകാളി ദേവീക്ഷേത്രത്തിൽ നിന്ന് ആരംഭിച്ച അയ്യപ്പനാമജപ ഘോഷയാത്ര തിരുവല്ലം പരശുരാമ സ്വാമി ക്ഷേത്ര സന്നിധിയിൽ സമാപിച്ചു. തുടർന്ന് ശബരിമല മുൻ മേൽശാന്തി ഗോശാല വിഷ്ണു വാസുദേവന്റെ മുഖ്യകാർമികത്വത്തിൽ ദീപാർച്ചന നടന്നു. എൻ.എസ്.എസ് താലൂക്ക് വനിതാ യൂണിയൻ പ്രസിഡന്റ് ഈശ്വരി അമ്മ അദ്ധ്യക്ഷയായിരുന്നു. തപസ്യ സംഘടന ജില്ലാപ്രസിഡന്റ് ഡോ. എം.പി. അനിൽ വൈദ്യമംഗലം മുഖ്യ പ്രഭാഷണം നടത്തി. പാച്ചല്ലൂർ എൻ.എസ്.എസ് കരയോഗം പ്രസിഡന്റ് ഉഗ്രൻ നായർ, ധീവരസഭ ജില്ലാ സെക്രട്ടറി കാലടി സുഗതകുമാർ, തിരുവല്ലം എൻ.എസ്.എസ് കരയോഗം പ്രസിഡന്റ് പ്രസന്നകുമാർ, കെ.പി.എം.എസ് പാച്ചല്ലൂർ ശാഖാ സെക്രട്ടറി ജയപാലൻ, സി.പി. ആശാരി, മുരുകൻ, സാബുരാജ്, രാധാകൃഷ്ണൻ, വിജയൻ തുടങ്ങിയവർ പങ്കെടുത്തു. അമൃത സ്വാശ്രയ സംഘത്തിന്റെ ജില്ലാ കോ-ഓർഡിനേറ്റർ പനത്തുറ ബൈജു സ്വാഗതവും എസ്.എൻ.ഡി.പി യോഗം പാച്ചല്ലൂർ ശാഖാ സെക്രട്ടറി എസ്. ലവൻ ബാബു നന്ദിയും പറഞ്ഞു.

## ചാന്നാങ്കര ക്ഷേത്രം

വെട്ടുതുറ: ചാന്നാങ്കര ശ്രീദുർഗാ ഭഗവതി ക്ഷേത്രത്തിലെ നവരാത്രി മഹോത്സവം 19 വരെ നടക്കും. എല്ലാ ദിവസവും നവരാത്രിയോടനുബന്ധിച്ച് പ്രത്യേക പൂജ നടക്കും. 17ന് വൈകിട്ട് 6.30ന് ദീപാരാധന 6.45ന് പുസ്തകപൂജ. തുടർന്ന് പൂജവയ്പ്. 18ന് വൈകിട്ട് 6ന് ആയുധപൂജ. 19ന് രാവിലെ 7.30ന് പൂജയെടുപ്പ്.

കൂടുതൽ പ്രാദേശിക വാർത്തകൾ 3, 5, 9

## നേമം യൂണിയനിൽ സാഹിത്യ മത്സരങ്ങൾ

തിരുവനന്തപുരം: എസ്.എൻ.ഡി.പി യോഗം നേമം യൂണിയനിൽ ഏഴാമത് സാഹിത്യ മത്സരങ്ങൾ സംഘടിപ്പിച്ചു. യൂണിയൻ പ്രസിഡന്റ് സുപ്രിയ സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം യൂണിയൻ സെക്രട്ടറി മേലാംകോട് സുധാകരൻ ഉദ്ഘാടനം ചെയ്തു. യൂണിയൻ വൈസ് പ്രസിഡന്റ് ഊരൂട്ടമ്പലം ജയചന്ദ്രൻ, യോഗം ഡയറക്ടർ ബോർഡ് അംഗം നടുക്കാട് ബാബുരാജ്, കൗൺസിലർമാരായ റസൽപുരം ഷാജി, രാജേഷ് ശർമ്മ, യൂത്ത് മൂവ്മെന്റ് പ്രസിഡന്റ് കോളച്ചിറ രതീഷ്, സെക്രട്ടറി റസൽപുരം സുമേഷ്, വനിതാ സംഘം പ്രസിഡന്റ് മൃദുല കുമാരി, സെക്രട്ടറി ശ്രീലേഖ, രാജേശ്വരി എന്നിവർ സംസാരിച്ചു. വിവിധ ശാഖകളിൽ നിന്നും ഒന്നാംസ്ഥാനം നേടിയവർ യൂണിയൻ തല മത്സരത്തിൽ പങ്കെടുത്തു. ഒന്നാം സ്ഥാനം റസൽപുരം ശാഖയും, രണ്ടാംസ്ഥാനം അരുവിക്കര ശാഖയും, മൂന്നാംസ്ഥാനം റസൽപുരം ശാഖയും നേടി.

കുണ്ടമൺകടവ് മോഹനൻ നായർ, ചാക്ക ശശിധരൻ, പ്രതാപൻ എന്നിവർ മത്സരങ്ങൾ വിലയിരുത്തി. നവംബർ 11ന് നടക്കുന്ന സമ്മേളനത്തിൽവച്ച് ട്രോഫികളും സമ്മാനങ്ങളും വിതരണം ചെയ്യും.

### മേലാംകോട് പൊന്നുമംഗലം എം.എസ്.സി എൽ.പി സ്കൂളിൽ 'എന്റെ കൗമുദി'



മേലാംകോട് പൊന്നുമംഗലം എം.എസ്.സി എൽ.പി സ്കൂളിൽ എന്റെ കൗമുദി പദ്ധതിയുടെ ഉദ്ഘാടനം മേലാംകോട് ശ്രീജിത് വിദ്യാർത്ഥി പ്രതിനിധിക്ക് പത്രം നൽകി നിർവഹിക്കുന്നു. സ്കൂൾ ഹെഡ്മിസ്ട്രസ് സൂസമ്മ. കെ.കെ, പി.ടി.എ പ്രസിഡന്റ് എസ്. മണികണ്ഠൻ, കോവളം റിപ്പോർട്ടർ സി. ഷാജിമോൻ, സ്റ്റാഫ് എക്സിക്യൂട്ടീവ് സുഫിയാൻ തുടങ്ങിയവർ സമീപം. എസ്.എൻ.ഡി.പി യോഗം നേമം യൂണിയൻ സെക്രട്ടറി മേലാംകോട് സുധാകരനാണ് സ്കൂളിലേക്കാവശ്യമായ പത്രം സ്പോൺസർ ചെയ്യുന്നത്.



നേമം യൂണിയനിൽ സംഘടിപ്പിച്ച ഏഴാമത് സാഹിത്യ മത്സരങ്ങളുടെ ഉദ്ഘാടനം യൂണിയൻ സെക്രട്ടറി മേലാംകോട് സുധാകരൻ നിർവഹിക്കുന്നു. യൂണിയൻ പ്രസിഡന്റ് സുപ്രിയ സുരേന്ദ്രൻ, വൈസ് പ്രസിഡന്റ് ഊരൂട്ടമ്പലം ജയചന്ദ്രൻ, ഡയറക്ടർ ബോർഡ് അംഗം നടുക്കാട് ബാബുരാജ് തുടങ്ങിയവർ സമീപം

## റോഡപകടത്തിനെതിരെ എസ്.പി ഫോർട്ട് സേഫത്തൺ

തിരുവനന്തപുരം: ലോക ട്രോമാ ദിനത്തോടനുബന്ധിച്ച് അപകടങ്ങൾക്കെതിരെ റോഡ് സുരക്ഷയുടെ സന്ദേശമുയർത്തി എസ്.പി ഫോർട്ട് ആശുപത്രിയും എസ്.പി ആദർശ് ഫൗണ്ടേഷനും ചേർന്ന് സംഘടിപ്പിച്ച സേഫത്തൺ എന്ന മിനി മാരത്തൺ ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. രാവിലെ 6ന് മാനവീയം വീഥിയിൽ നിന്ന് ആരംഭിച്ച് കവടിയാർ സ്ക്വയർ ചുറ്റി തിരികെ മാനവീയം വീഥിയിൽ അവസാനിച്ച മൂന്നു കിലോമീറ്റർ ദൈർഘ്യമുള്ള മിനി മാരത്തണിൽ രണ്ടായിരത്തിൽപ്പരം പേർ പങ്കെടുത്തു.

പൊതുസമ്മേളനത്തിൽ ചലച്ചിത്രതാരം ജഗതി ശ്രീകുമാർ, ഡി.ജി.പി ലോക്നാഥ് ബെഹ്റ, ഫുട്ബാൾ താരം ഐ.എം. വിജയൻ തുടങ്ങിയവർ മുഖ്യാതിഥികളായിരുന്നു. എസ്.പി ഫോർട്ട് ആശുപത്രി സി.ഇ.ഒ പി. അശോകൻ സ്വാഗതം പറഞ്ഞു. പ്രളയകാലത്ത് രക്ഷകനായി പ്രവർത്തിക്കുകയും തുടർന്ന് റോഡപകടത്തിൽപ്പെട്ട് ജീവൻ നഷ്ടപ്പെടുകയും ചെയ്ത ജിനീഷ് ജെറോണിന്റെ കുടുംബത്തിന് എസ്.പി ആദർശ് ഫൗണ്ടേഷൻ ഏർപ്പെടുത്തിയ രണ്ട് ലക്ഷം രൂപയുടെ ധനസഹായം ചലച്ചിത്രതാരം ജഗതി ശ്രീകുമാർ കൈമാറി. എസ്.പി ഫോർട്ട് ആശുപത്രി ചീഫ് ഓർത്തോപീഡിക് സർജൻ ചെറിയാൻ എം. തോമസ് റോഡ് സുരക്ഷാ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഐ.എം.എ ജില്ലാ പ്രസിഡന്റ് ഡോ. ജോൺ പണിക്കർ, ജ്യോതിസ് സെൻട്രൽ സ്കൂൾ ചെയർമാൻ ജ്യോതിസ് ചന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.



ജിനീഷ് ജെറോണിന്റെ കുടുംബത്തിന് എസ്.പി ആദർശ് ഫൗണ്ടേഷൻ ഏർപ്പെടുത്തിയ രണ്ട് ലക്ഷം രൂപയുടെ ധനസഹായം ചലച്ചിത്രതാരം ജഗതി ശ്രീകുമാർ കൈമാറുന്നു

## നരുവാമൂട് എസ്.കെ. പബ്ലിക് സ്കൂളിൽ എന്റെ കൗമുദി ഉദ്ഘാടനം ഇന്ന്

നേമം: നരുവാമൂട് എസ്.കെ. പബ്ലിക് സ്കൂളിൽ 'എന്റെ കൗമുദി' പദ്ധതിയുടെ ഉദ്ഘാടനം ഇന്ന് നടക്കും. നരുവാമൂട് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് പദ്ധതി സ്പോൺസർ ചെയ്യുന്നത്. വിദ്യാർത്ഥികൾക്ക് പത്രം നൽകി ബാങ്ക് പ്രസിഡന്റ് കെ. ജോൺസൺ ഉദ്ഘാടനം ചെയ്യും. സ്കൂൾ ചെയർമാൻ എസ്. കുമരേശൻ, സെക്രട്ടറി കെ.വി. സുധ, ചീഫ് പ്രിൻസിപ്പൽ കെ. രാജേന്ദ്രൻ നായർ, പ്രിൻസിപ്പൽ എസ്. സുനിത, കേരള കൗമുദി ഏജന്റ് സതി കുമാർ, അസിസ്റ്റന്റ് സർക്കുലേഷൻ മാനേജർ പ്രദീപ്, സർക്കുലേഷൻ എക്സിക്യൂട്ടീവ് ബാജുമോൻ, റിപ്പോർട്ടർ അനിൽകുമാർ തുടങ്ങിയവർ പങ്കെടുക്കും.

## സൗഹൃദവേദിയുടെ അവാർഡ്ദാനം

തിരുവനന്തപുരം: വക്കം സൗഹൃദവേദിയുടെ ഡോ.എം.എ. അക്ബർ അവാർഡ് 21ന് വിതരണം ചെയ്യും. ട്രിവാൻഡ്രം ഹോട്ടലിൽ രാവിലെ 10ന് നടക്കുന്ന ചടങ്ങിൽ കിംസ് എം.ഡി ഡോ.എം.ഐ. സഹദുള്ള അവാർഡ് നൽകും. എസ്. ഷിയാസ് അവാർഡ് ഏറ്റുവാങ്ങും. റൂറൽ എസ്.പി അശോക് പ്രതിഭകളെ ആദരിക്കും. കേരള സർവകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ വി.ജി.വി, എം.ജി സർവകലാശാലയിൽ നിന്ന് പി.ജിയിൽ ഒന്നാം റാങ്ക് നേടിയ ബുൾബുൾ പ്രകാശ്, കേരള സർവകലാശാലയിൽ നിന്നു ഡിഗ്രി പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ സുമയ്യ നിസാർ എന്നിവർ ആദരവ് ഏറ്റുവാങ്ങും. എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ സുഹൈൽ നസീം, അർജ്ജുൻ.എ, നിഷിത .എൻ.എസ് എന്നിവർക്ക് സൗമ്യൻ മെമ്മോറിയൽ അവാർഡും ആദിത്യ .എസ്, ലക്ഷ്മി .എസ് എന്നിവർക്ക് മെരിറ്റ് അവാർഡ് നൽകും. പ്രസിഡന്റ് സി.വി.സുരേന്ദ്രൻ അദ്ധ്യക്ഷത വഹിക്കും. ആർ. പ്രകാശം, എസ്. അബു എന്നിവർ സംസാരിക്കും. സെക്രട്ടറി സുമേധൻ സ്വാഗതവും ജോയിന്റ് സെക്രട്ടറി കെ.ബി. മുകുന്ദൻ നന്ദിയും പറഞ്ഞു.

# സ്ഥലമുണ്ടായിട്ടും വീർപ്പുമുട്ടാൻ വിധി

▸സംഗീത് ഉള്ളൂർ

തിരുവനന്തപുരം: സ്ഥലപരാധീനതയിൽ വീർപ്പുമുട്ടുന്ന എസ്.എ.ടി ആശുപത്രിയിൽ 50000 ചതുരശ്ര അടി സ്ഥലം ഉപയോഗിക്കാതെ മാറ്റിയിട്ടിരിക്കുന്നു.




മാതൃ ശിശു മന്ദിരം

മാതൃ-ശിശു മന്ദിരത്തിൽ ഉള്ളത് — രണ്ട് നിലകളിലായി 66,000 ച.അടി

ഒ.പി വിഭാഗത്തിനായി ഉപയോഗിച്ചത് — 15000 ചതുരശ്ര അടി

KAUMUDI ALERT

**1. ഗ്രൗണ്ട് ഫ്ലോർ**

വാഗ്ദാനം
- ലബോറട്ടറി സംവിധാനം
- സ്കാനിംഗ് സൗകര്യം
- സെപ്‌ടിക് ലേബർ റൂം

**നടക്കാത്ത കാരണം**

ആവശ്യത്തിന് ജീവനക്കാരും ടെക്നിക്കൽ സ്റ്റാഫുകളും ഇല്ല. തുടർന്ന് ഗൈനക്കോളജി ഒ.പിയിൽ ഒതുക്കി.

**2). ഫസ്റ്റ് ഫ്ലോർ**

- ഓപ്പറേഷൻ തിയേറ്റർ
- തീവ്ര പരിചരണ വിഭാഗങ്ങൾ
- ലേബർ റൂം, പോസ്റ്റ് ഡെലിവറി ഏരിയ
- രോഗികൾക്കുള്ള വിശ്രമ സ്ഥലം

**ഫലത്തിൽ**

ഇവയൊന്നും ക്രമീകരിക്കാതെ നിർമ്മാണം പൂർത്തിയായ കെട്ടിടം അടച്ചുപൂട്ടി.

**3. നില 3മുതൽ 6 വരെ**

- ഗൈനക്കോളജി വാർഡുകൾ
- ഹൈ റിസ്ക് പ്രഗ്നൻസി ക്ലിനിക്ക്
- നവജാത ശിശുക്കൾക്കുള്ള തീവ്ര പരിചരണ വിഭാഗം

**ഫലത്തിൽ**

നിർമ്മാണം പാടെ നിലച്ചു. ഇവയൊന്നും പ്രവർത്തിച്ചില്ല.

**മാതൃ-ശിശു മന്ദിരം: പദ്ധതിയും ഫണ്ടുകളും**

1) ദേശീയ ആരോഗ്യ മിഷൻ — 27 കോടി

2) സംസ്ഥാന സർക്കാർ — 5 കോടി

എസ്.എ.ടി ആശുപത്രിക്ക് സമീപം നിർമ്മാണം പൂർത്തിയായ മാതൃ-ശിശു മന്ദിരത്തിലാണ് ഇത്രയധികം സ്ഥലം വർഷങ്ങളായി ഉപയോഗിക്കാതെ ഒഴിച്ചിട്ടിരിക്കുന്നത്.

പകുതിയിലധികം സ്ഥലവും മുറികളും താഴത്തെ നിലയിൽ ഉപയോഗിക്കാതെ പൂട്ടിയിട്ടിരിക്കുകയാണ്. ആറുനില കെട്ടിടം നിർമ്മിക്കാൻ വിഭാവനം ചെയ്ത പദ്ധതിയിൽ രണ്ട് നിലകൾ മാത്രമാണ് പൂർത്തിയാക്കിയത്.

2016 ൽ ഉമ്മൻചാണ്ടി സർക്കാർ കെട്ടിടം പണി മാത്രം പൂർത്തിയാക്കിയിരുന്നു. പിന്നീട് വന്ന സർക്കാർ മുൻകൈയെടുത്താണ് ഗൈനക്കോളജി വിഭാഗം പ്രവർത്തിക്കാനുള്ള നടപടി പൂർത്തിയാക്കിയത്. എന്നാൽ ഒരു വർഷമായിട്ടും പ്രവർത്തനം നിലച്ചമട്ടാണ്.

എത്രയും പെട്ടെന്ന് ആവശ്യത്തിന് ജീവനക്കാരെയും മറ്റ് സജ്ജീകരണങ്ങളും ഒരുക്കി കെട്ടിടം രോഗികൾക്ക് ഉപയോഗപ്രദമായി വിനിയോഗിക്കണമെന്ന ആവശ്യം ശക്തമാവുകയാണ്.

## സൗജന്യ തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ പരിശീലനം

തിരുവനന്തപുരം: ശാസ്ത്ര സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന സൗജന്യ തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ പരിശീലനത്തിന് അപേക്ഷ ക്ഷണിക്കുന്നു. എം.എസ് ഓഫീസ്, ഡി.ടി.പി, ഫോട്ടോഷോപ്പ്, കോറൽഡ്രോ, വേഡ് പ്രോസസിംഗ്, ഡാറ്റാ എൻട്രി, ഫണ്ടമെന്റൽസ് ഒഫ് കമ്പ്യൂട്ടർ, ഗൾഫ് പാക്കേജ് എന്നിവയിലാണ് പരിശീലനം. വിശദവിവരങ്ങൾക്ക് ഫോൺ: 9037893148, 8891839165.

## യൂണിയൻ പ്രവർത്തനോദ്ഘാടനം

തിരുവനന്തപുരം: കേരള സർവകലാശാല യൂണിയൻ പ്രവർത്തനോദ്ഘാടനം ഇന്ന് ഉച്ചയ്ക്ക് 2ന് വി.ജെ.ടി ഹാളിൽ ചിന്തകനും കന്നഡ എഴുത്തുകാരനും ആക്ടിവിസ്റ്റുമായ നരേന്ദ്രനായക് നിർവഹിക്കും.

## അനുസ്മരണം

തിരുവനന്തപുരം: മുൻമന്ത്രിയും മേയറുമായിരുന്ന എസ്. വരദരാജൻ നായർ മനുഷ്യസ്നേഹിയായിരുന്നുവെന്ന് എൻ.സി.പി ദേശീയ സമിതി അംഗം രാജാജി അജയകുമാർ പറഞ്ഞു. എൻ.സി.പി തിരുവനന്തപുരം ബ്ലോക്ക് കമ്മിറ്റി സംഘടിപ്പിച്ച അനുസ്മരണസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

എൻ.സി.പി ബ്ലോക്ക് പ്രസിഡന്റ് സൺകുമാർ അദ്ധ്യക്ഷനായി. ജില്ലാ ജനറൽ സെക്രട്ടറിമാരായ തമ്പാനൂർ ചന്ദ്രകുമാർ, ഇടക്കുന്നിൽ മുരളി, ജഗതി വിശ്വംഭരൻ, എം. ഷീല, തമ്പാനൂർ മോഹനൻകുമാർ, എസ്. സുനിൽകുമാർ, ശിവൻ പിള്ള, ഹരിഹര അയ്യർ തുടങ്ങിയവർ സംസാരിച്ചു.

## ചാരായ വില്പന: ഒരാൾ പിടിയിൽ

നെടുമങ്ങാട്: ചില്ലറ വില്പനക്കായി സൂക്ഷിച്ചിരുന്ന ചാരയവുമായി ഒരാൾ പിടിയിൽ. നന്ദിയോട് മാങ്കുഴി സ്വദേശി ലോപ്പസ് എന്ന ചെല്ലപ്പൻ ആണ് 80 ലിറ്റർ കോടയും 2 ലിറ്റർ ചാരായവുമായി പിടിയിലായത്.

ഏതാനും നാളുകളായി ഇയാൾ എക്സൈസിന്റെ നിരീക്ഷണത്തിലായിരുന്നു. എക്സൈസ് ഇൻസ്പെക്ടർ ജി.എ. ശങ്കറിന്റെ നേതൃത്വത്തിൽ നടന്ന റെയിഡിൽ എക്സൈസ് ഓഫീസർമാരായ ആർ. രാജേഷ്, പ്രശാന്ത് ആർ.എസ്, വി. എസ്. ബൈജു, എക്സൈസ് ഡ്രൈവർ സജീബ് എന്നിവർ പങ്കെടുത്തു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.



ശിവഗിരി മഠവും എസ്.എൻ.ഡി.പി യോഗവും സംയുക്തമായി നടത്തുന്ന യതിപൂജയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായുള്ള നേമം യൂണിയൻ തല യോഗം യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി ഉദ്ഘാടനം ചെയ്യുന്നു. യൂണിയൻ പ്രസിഡന്റ് സുപ്രിയ സുരേന്ദ്രൻ, സെക്രട്ടറി മേലാംകോട് സുധാകരൻ, വൈസ് പ്രസിഡന്റ് ഊരുട്ടമ്പലം ജയചന്ദ്രൻ, സജീഷ് കോട്ടയം, അനിൽ തറനിലം, സിനിൽ മുണ്ടപ്പള്ളി, യോഗം ഡയറക്ടർ ബോർഡ് അംഗം നടുക്കാട് ബാബുരാജ്, വിളപ്പിൽ ചന്ദ്രൻ, യൂണിയൻ കൗൺസിലർമാർ തുടങ്ങിയവർ സമീപം



ശിവഗിരിയിൽ നടക്കുന്ന മഹാസമാധി നവതി ആചരണവും യതിപൂജയും വിജയിപ്പിക്കുന്നതിലേക്കായി എസ്.എൻ.ഡി.പി യോഗം ചെമ്പഴന്തി ഗുരുകുലം യൂണിയൻ സംഘടിപ്പിച്ച പ്രവർത്തക സമ്മേളനം ദേവസ്വം സെക്രട്ടറി അരയാക്കണ്ടി സന്തോഷ് ഉദ്ഘാടനം ചെയ്യുന്നു. യോഗം കൗൺസിലർ അഡ്വ. രാജൻ മഞ്ചേരി, യൂണിയൻ പ്രസിഡന്റ് മഞ്ഞമല സുബാഷ്, സെക്രട്ടറി രാജേഷ് ഇടവക്കോട്, യോഗം ഡയറക്ടർമാരായ ചെമ്പഴന്തി ശശി, വി. മധുസൂദനൻ, പ്രദീപ് ദിവാകരൻ തുടങ്ങിയവർ സമീപം



ശബരിമല സംരക്ഷണയാത്രയുടെ കഴക്കൂട്ടത്തെ സമാപന സമ്മേളനം ഒ രാജഗോപാൽ എം,എൽ.എ ഉദ്ഘാടനം ചെയ്യുന്നു. പി.എസ്. ശ്രീധരൻപിള്ള, ചൂഴാൽ ജി നിർമ്മലൻ, എം. ടി രമേശ്, കെ.സുരേന്ദ്രൻ, ബി. ബാലഗോപാൽ, ശോഭാസുരേന്ദ്രൻ എസ്. സുരേഷ് തുടങ്ങിയവർ സമീപം

## ശബരിമല സംരക്ഷണയാത്ര

കഴക്കൂട്ടം: ശബരിമലയെ തകർക്കാൻ ഇടതുപക്ഷം ശ്രമിക്കുന്നെന്നാരോപിച്ച് ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ പി.എസ്. ശ്രീധരൻ പിള്ള നയിക്കുന്ന എൻ.ഡി.എയുടെ ശബരിമല സംരക്ഷണയാത്ര ഇന്നലെ കഴക്കൂട്ടത്ത് സമാപിച്ചു. പള്ളിപ്പുറം താമരക്കുളത്ത് നിന്ന് ആരംഭിച്ച യാത്ര വൈകിട്ട് 6.30 ഓടെയാണ് കഴക്കൂട്ടത്ത് എത്തിയത്. ബി.ജെ.പി നേതാക്കളായ എം.ടി. രമേശ്, ശോഭാ സുരേന്ദ്രൻ, കെ. സുരേന്ദ്രൻ, അഡ്വ. സുരേഷ്. ബി.ഡി.ജെ.എസ് ജില്ലാപ്രസിഡന്റ് ചൂഴാൽ നിർമ്മലൻ, ബാലമുരളി തുടങ്ങിയവർ സംരക്ഷണയാത്രയ്ക്ക് നേതൃത്വം നൽകി. യാത്രയെ തുടർന്ന് ദേശീയപാതയിൽ കഴക്കൂട്ടം മുതൽ പള്ളിപ്പുറം വരെ മണിക്കൂറോളം ഗതാഗത തടസപ്പെട്ടു.

## യതിപൂജ ലോകശ്രദ്ധ ആകർഷിക്കും: അരയാക്കണ്ടി സന്തോഷ്

തിരുവനന്തപുരം: ഗുരുദേവന്റെ മഹാസമാധി നവതി ആചരണത്തിന്റെ ഭാഗമായി നടക്കുന്ന യതിപൂജ ലോകശ്രദ്ധ ആകർഷിക്കുമെന്നും എസ്. എൻ. ഡി. പി യോഗവും ശിവഗിരി ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റുമായുള്ള ഐക്യം കാലഘട്ടത്തിന്റെ അനിവാര്യതയാണെന്നും എസ്.എൻ.ഡി.പി യോഗം ദേവസ്വം സെക്രട്ടറി അരയാക്കണ്ടി സന്തോഷ് പറഞ്ഞു.

ശിവഗിരിയിൽ നടക്കുന്ന ഗുരുദേവ മഹാസമാധി നവതി ആചരണവും യതിപൂജയും വിജയിപ്പിക്കുന്നതിലേക്കായി ചെമ്പഴന്തി ഗുരുകുലം യൂണിയൻ സംഘടിപ്പിച്ച പ്രവർത്തക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. യൂണിയൻ പ്രസിഡന്റ് മഞ്ഞമല സുബാഷ് അദ്ധ്യക്ഷത വഹിച്ചു. യോഗം കൗൺസിലർ അഡ്വ. രാജൻ മഞ്ചേരി മുഖ്യപ്രഭാഷണം നടത്തി. യോഗം ഡയറക്ടർമാരായ ചെമ്പഴന്തി ശശി, പ്രദീപ് ദിവാകരൻ, വിവിധ യൂണിയൻ നേതാക്കളായ സിനിൽ മുണ്ടപ്പള്ളി, നെടുമങ്ങാട് രാജേഷ്, അനിൽ തറനിലം, സജീവ് കല്ലട, യൂണിയൻ കൗൺസിൽ അംഗങ്ങളായ അജിത് ചെമ്പഴന്തി, ബിജു താളംകോട്, ബാലകൃഷ്ണൻ കഴക്കൂട്ടം, രഞ്ചൻ ശ്രീകാര്യം, യൂത്ത്മൂവ്മെന്റ്, വനിതാസംഘം, സൈബർ സേന യൂണിയൻ നേതാക്കൾ, ശാഖാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. യൂണിയൻ സെക്രട്ടറി രാജേഷ് ഇടവക്കോട് സ്വാഗതവും യോഗം ഡയറക്ടർ വി. മധുസൂദനൻ നന്ദിയും പറഞ്ഞു.


MBBS

നീറ്റ് ഇല്ലാതെ വിദേശത്ത് മെഡിസിൻ പഠനത്തിനുള്ള അവസാന അവസരം

RUSSIA, CHINA, GEORGIA, UKRAINE, BANGLADESH, MALAYSIA

● ബാങ്ക് ലോൺ സൗകര്യം ● MCI അംഗീകാരമുള്ള ഗവൺമെന്റ് യൂണിവേഴ്സിറ്റികളിൽ ഗവൺമെന്റ് ഫീസിൽ ഉപരിപഠനം ● കേരളീയ ഭക്ഷണം ● സ്കോളർഷിപ്പുകൾ ● 500 ൽ പരം കേരള വിദ്യാർത്ഥികൾ ● കോഴ്സ് കാലയളവിൽ സമ്പൂർണ്ണ പിന്തുണ ● 17 – വർഷത്തെ പ്രവൃത്തിപരിചയം

EDU WORLD — WORLD OF EDUCATION — MCI Screening Test & Local Language Mandatory

2nd Floor, Anna's Arcade, Spencer Junction, Trivandrum

9544174929, 9497492919


## ശബരിമല സംരക്ഷണ യാത്ര വിജയിപ്പിക്കും: ബി.ഡി.ജെ.എസ്

തിരുവനന്തപുരം: ശബരിമല ആചാരങ്ങൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് എൻ.ഡി.എയുടെ നേതൃത്വത്തിൽ ബി.ജെ.പി അദ്ധ്യക്ഷനും എൻ.ഡി.എ ചെയർമാനുമായ പി.എസ്. ശ്രീധരൻ പിള്ള നയിക്കുന്ന ശബരിമല സംരക്ഷണ യാത്ര വിജയിപ്പിക്കാൻ ബി.ഡി.ജെ.എസ് ജില്ലാകമ്മിറ്റി തീരുമാനിച്ചു. ജില്ലാ പ്രസിഡന്റ് ചൂഴാൽ നിർമ്മലന്റെ അദ്ധ്യക്ഷതയിൽ സംസ്ഥാന സെക്രട്ടറി താന്നിമൂട് സുധീന്ദ്രൻ യോഗം ഉദ്ഘാടനം ചെയ്തു.

സംസ്ഥാന അദ്ധ്യക്ഷൻ തുഷാർ വെള്ളാപ്പള്ളി ഉൾപ്പെടെ നിരവധി നേതാക്കൾ പങ്കെടുക്കും. ജില്ലാ ഭാരവാഹികളായ ചന്തവിള ചന്ദ്രൻ, വേണു കാരണവർ, കോവളം സുരേഷ്, ഗീത, നിഖിൽ കല്ലറ, പേട്ട രാധാകൃഷ്ണൻ, ഉപേന്ദ്രൻ കോൺട്രാക്ടർ, മണ്ഡലം പ്രസിഡന്റുമാരായ പാങ്ങോട് ചന്ദ്രൻ, തോട്ടം വിശ്വനാഥൻ, ജമന്ദീശ്വരദേവ്, ജയ്മോഹൻലാൽ, സാബു ലക്ഷ്മണ, അമ്പിളി കോളച്ചിറ, ബിനുകുമാർ പോത്തൻകോട്, ബൈജു തോന്നയ്ക്കൽ, അനിൽ വെട്ടുകാട്, ഷിജു കോട്ടയ്ക്കകം, അനീഷ് ദേവൻ, എ.പി. വിനോദ്, ബജേഷ് കുമാർ, പോഷക സംഘടനാ നേതാക്കളായ ഇടവക്കോട് രാജേഷ്, എം. ശ്രീകുമാരി, ചെമ്പഴന്തി അജിത്ത് തുടങ്ങിയവർ സംബന്ധിച്ചു.

ഇന്ന് രാവിലെ 10ന് എല്ലാ ബി.ഡി.ജെ.എസ് നേതാക്കളും പ്രവർത്തകരും പാളയം രക്തസാക്ഷി മണ്ഡപത്തിന് മുന്നിൽ എത്തിച്ചേരണമെന്ന് ജില്ലാ പ്രസിഡന്റ് ചൂഴാൽ നിർമ്മലൻ അറിയിച്ചു.



ബി.ഡി.ജെ.എസ് ജില്ലായോഗം സംസ്ഥാന സെക്രട്ടറി താന്നിമൂട് സുധീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. ജില്ലാ പ്രസിഡന്റ് ചൂഴാൽ നിർമ്മലൻ, ചന്തവിള ചന്ദ്രൻ, വേണു കാരണവർ, കോവളം സുരേഷ്, നിഖിൽ തുടങ്ങിയവർ സമീപം


വേർപാടിന്റെ ഒന്നാം വർഷം (15.10.2018)



സുധൻ.പി
ഗംഗാനിവാസ്, റ്റി.ബി. ജംഗ്ഷൻ, പൂവാർ.
ദുഃഖിതയായ ഭാര്യ: ലളിത.
മക്കൾ, മരുമക്കൾ, ചെറുമക്കൾ.



വേർപാടിന്റെ 9-ാം വർഷം (15.10.2018)
അനന്ദു രവീന്ദ്രൻ
(വിഷ്ണു)
അനിഴം ഹൗസ്, പുന്നാംകരിക്കകം, പൂവച്ചൽ, കാട്ടാക്കട.
അച്ഛൻ : രവീന്ദ്രദാസ്,
അമ്മ : സുധകുമാരി,
സഹോദരി : ആതിര സതീഷ്.




| ഓഹരി വിപണി | | | |
|---|---|---|---|
| 732.43 ↑ | സെൻസെക്സ് | 34733.58 | |
| 237.85 ↑ | നിഫ്ടി | 10472.50 | |

| സ്വർണം | |
|---|---|
| പവൻ (8ഗ്രാം) | 23,440 |
| ഒരു ഗ്രാം | 2930 |

# 'The All New SANTRO' ഫേവറേറ്റ് ഫാമിലി കാർ

ഡ്രൈവേഴ്സ് കാബിൻ
അനിൽകുമാർ ശർമ്മ

ഹ്യുണ്ടായ് സാൻട്രോ! മാരുതിയുടെ മോഡലുകളോട് കിടപിടിച്ച് ഇന്ത്യൻ കുടുംബ മനസുകൾ കീഴടക്കിയ താരം. ഇന്ത്യക്കാരുടെ ഫേവറേറ്റ് ഫാമിലി കാർ വിഭാഗത്തിൽ ഇടംപിടിച്ച സാൻട്രോയുടെ പരിഷ്കരിച്ച പതിപ്പുമായി വീണ്ടുമെത്തുകയാണ് ഹ്യൂണ്ടായ്. പുത്തൻ സാൻട്രോയെ ഈമാസം 23ന് ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ ഹ്യൂണ്ടായ് പരിചയപ്പെടുത്തും.

'ഓൾ ന്യൂ സാൻട്രോ' എന്ന് ഹ്യൂണ്ടായ് വിശേഷിപ്പിക്കുന്ന പുത്തിയ പതിപ്പിൽ രൂപകല്പനയിലും സാങ്കേതിക വിഭാഗത്തിലും പെർഫോമൻസിലും ഒട്ടേറെ മാറ്റങ്ങളുണ്ട്. പുതിയ തലമുറയുടെ അഭിരുചിക്കിണങ്ങും വിധം റീട്യൂൺ ചെയ്ത 1.1 ലിറ്റർ, 4-സിലിണ്ടർ പെട്രോൾ എൻജിനാണുള്ളത്. മികച്ച പെർഫോമൻസിനൊപ്പം ഉയർന്ന ഇന്ധനക്ഷമതയും പുത്തൻ സാൻട്രോ വാഗ്ദാനം ചെയ്യുന്നു. ഹ്യൂണ്ടായിയുടെ സ്വന്തം, പുതിയ സ്മാർട് ഓട്ടോ എ.എം.ടി ടെക്നോളജി ഉൾക്കൊള്ളിച്ച ആദ്യ മോഡലുമാണിത്. മാനുവൽ വേരിയന്റിൽ ഗിയറുകൾ അഞ്ചാണ്.

സി.എൻ.ജി ഓപ്ഷനും സാൻട്രോയ്ക്കുണ്ടാകും. 68 ബി.എച്ച്.പി കരുത്തും 99 ന്യൂട്ടൺ മീറ്റർ ടോർക്കുമുള്ളതാണ് പെട്രോൾ എൻജിൻ. തിരക്കേറിയ സിറ്റി നിരത്തുകളിൽ വാഹനത്തെ അനായാസം നിയന്ത്രിക്കാനാകും വിധം ഹ്യൂണ്ടായ് ഈ എൻജിനെ പാകപ്പെടുത്തിയിട്ടുണ്ട്.

ഉയർന്ന വേഗതയിലും വൈബ്രേഷൻ തീരെക്കുറവാണെന്നതും മികവാണ്. ഈ ഡ്രൈവ് ക്വാളിറ്റി തന്നെയാണ് പുത്തൻ സാൻട്രോയുടെ ഏറ്റവും വലിയ ആകർഷണമെന്ന് പറയാം.

എ.എം.ടി വേരിയന്റിലും ഇതേ റൈഡിംഗ് മികവും സ്മൂത്ത്നെസും നിലനിറുത്താൻ ഹ്യൂണ്ടായ് ശ്രദ്ധിച്ചിട്ടുണ്ട്. സിറ്റി റൈഡുകൾക്ക് ഏറ്റവും അനുയോജ്യമാകുക ഈ വേരിയന്റായിരിക്കും. ക്രോം അതിർവരമ്പുകൾ തീർക്കുന്ന, ഹ്യൂണ്ടായിയുടെ തനത് കാസ്കേഡ് ഗ്രില്ലിന്റെ ആകർഷണമുള്ളതാണ് മുൻഭാഗം. ഇത്, പുത്തൻ സാൻട്രോയ്ക്കൊരു മോഡേൺ, പ്രീമിയം, സ്പോർട്ടി ലുക്കും സമ്മാനിക്കുന്നുണ്ട്.

ശ്രേണിയിലെ ആദ്യ, 17.64 സി.എം ടച്ച് സ്ക്രീൻ ഓഡിയോ വീഡിയോ - ഇൻഫോടെയ്ൻമെന്റ്, ആൻഡ്രോയിഡ് ഓട്ടോ, ആപ്പിൾ കാർപ്ലേ കണക്റ്റിവിറ്റി, റിയർ പാർക്കിംഗ് കാമറ, വോയിസ് റെക്കഗ്നീഷൻ, സ്റ്റാൻഡേർഡായി ഡ്യുവൽ എയർബാഗുകൾ, എ.ബി.എസ്., ഇ.ബി.ഡി എന്നിങ്ങനെയും സവിശേഷതകൾ ധാരാളം. പിന്നിലും എ.സി വെന്റുകളുണ്ടെന്നത്, പിൻസീറ്റ് യാത്രയും സുഖകരമാക്കും. വിശാലമായ അകത്തളം - ഉയർന്ന ഹെഡ്, ലെഗ് റൂമുകളും വാഗ്ദാനം ചെയ്യുന്നു.

ഇളം തവിട്ട്, സിൽവർ, ഡാർക്ക് ഗ്രേ, വെള്ള, നീല, ചുവപ്പ്, പച്ച നിറഭേദങ്ങൾ പുത്തൻ സാൻട്രോയ്ക്കുണ്ട്. മൂന്ന് വർഷം അല്ലെങ്കിൽ ഒരുലക്ഷം കിലോമീറ്റർ വരെ വാറന്റിയും മൂന്ന വർഷ റോഡ് സൈഡ് അസിസ്റ്റൻസും പുത്തൻ സാൻട്രോയ്ക്ക് ലഭിക്കും. 11,100 രൂപ അടച്ച്, ഒക്ടോബർ 22വരെ പുത്തൻ സാൻട്രോയ്ക്കായി ബുക്കിംഗ് നടത്താം. ആദ്യം ബുക്ക് ചെയ്യുന്ന 50,000 പേർക്കാണ് പുത്തൻ മോഡൽ സ്വന്തമാക്കാനാവുക.




# പ്രവാസികളും ഇന്ത്യയും: ഡോളറിൽ അളക്കേണ്ട ബന്ധം



ശ്രീവത്സൻ മേനോൻ



'ഡോളറുകൾക്കും പൗണ്ടുകൾക്കും അപ്പുറമാണ് പ്രവാസികളുമായി രാജ്യത്തിനുള്ള ബന്ധം' എന്ന് പ്രവാസികളെ അനുനയിപ്പിക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരിക്കൽ പറയുകയുണ്ടായി. എന്നാൽ, ഈ വാചകങ്ങൾക്ക് വിപരീതമായാണ് തകരുന്ന രൂപയുടെ മൂല്യത്തിന്റെയും ഉയരുന്ന സാമ്പത്തിക പ്രശ്നങ്ങളുടെയും വെളിച്ചത്തിൽ കോടിക്കണക്കിന് വരുന്ന പ്രവാസികളെ രാജ്യം നോക്കി കാണുക.

പ്രവാസികളുടെ ഇന്ത്യയിലേക്കുള്ള പണം അയയ്ക്കൽ - പ്രധാനമായ, പുഴ്ത്തപ്പെടാത്ത ഈ പ്രക്രിയയാണ് കറന്റ് അക്കൗണ്ട് കമ്മി തകരുന്നതിൽ നിന്ന് പലപ്പോഴും രാജ്യത്തിന് രക്ഷയായിട്ടുള്ളത്. കഴിഞ്ഞവർഷം 6,900 കോടി ഡോളറാണ് പ്രവാസികൾ ഇന്ത്യയിലേക്ക് അയയ്ച്ചത്. വിദേശ ഇന്ത്യക്കാരിൽ നിന്നുള്ള ഈ വരുമാനം ഇല്ലായിരുന്നെങ്കിൽ, രാജ്യത്തിന്റെ ധനക്കമ്മി ജി.ഡി.പിയുടെ രണ്ട് ശതമാനമെന്നത് അഞ്ച് ശതമാനം ആകുമായിരുന്നു.

വരും വർഷങ്ങളിൽ പണമയയ്ക്കൽ അഞ്ച് ശതമാനത്തിൽ നിന്ന് ആറ് ശതമാനത്തിലേക്ക് ഉയർന്നാലേ ജി.ഡി.പിയുടെ രണ്ട് മുതൽ 2.5 ശതമാനം വരെ ധനക്കമ്മിയുടെ വ്യാപ്തി വർദ്ധിക്കാതിരിക്കൂ. നിലവിലുള്ള രൂപയുടെ മൂല്യത്തകർച്ച, എണ്ണവില വർദ്ധന, സാമ്പത്തിക സ്ഥാപനങ്ങളുടെ ദുർബലമായ ഇടപെടലുകൾ എന്നീ സാഹചര്യത്തിൽ പ്രവാസികളെ പരമാവധി വിദേശ നിക്ഷേപത്തിനും പണമിടപാടിനും പ്രോത്സാഹിപ്പിക്കുകയാണ് ഇപ്പോൾ സർക്കാർ ചെയ്യുന്നത്.

1998ൽ വാജ്പേയ് സർക്കാരാണ് പ്രവാസികളിൽ നിന്ന് നിക്ഷേപം ആകർഷിക്കാൻ ഡോളർ, പൗണ്ട് സ്റ്റെർലിംഗ്, യൂറോ എന്നിവയ്ക്ക് റീസർജന്റ് ഇന്ത്യ ബോണ്ട് കൊണ്ടുവന്നത്. അത്തരമൊരു സാഹചര്യം നിലവിൽ രാജ്യത്തിന്റെ ശക്തമായ വിദേശ നാണയശേഖരം കൊണ്ട് പ്രതീക്ഷിക്കുന്നില്ല. എങ്കിലും, രാജ്യസ്നേഹത്തിനുമപ്പുറം പ്രവാസികളെ നിക്ഷേപങ്ങൾക്ക് പ്രലോഭിപ്പിക്കാനുള്ള തന്ത്രങ്ങൾ കൃത്യമായി തിട്ടപ്പെടുത്തേണ്ടിവരും.

പ്രവാസികൾ ഇന്ത്യൻ ഓഹരി വിപണിയിൽ നിന്നും മറ്റു നിക്ഷേപങ്ങളിൽ നിന്നും 1,100 കോടി ഡോളർ വലിച്ചെടുത്തതും വർദ്ധിക്കുന്ന ധനക്കമ്മിക്ക് ശക്തമായ ഇരുട്ടടിയായിരിക്കും. വിദേശ നിക്ഷേപങ്ങളിലും ധനസ്വരൂപിക്കലിനുംമേൽ റിസേർവ് ബാങ്കിന്റെ ചട്ടങ്ങൾ മയപ്പെടുത്തിയിട്ടുണ്ടെങ്കിലും നിലവിലെ രാജ്യത്തിന്റെ അവസ്ഥ പരിതാപകരമായി തന്നെ തുടരുകയാണ്. എന്നാൽ, പ്രവാസികളുടെ പരാതികൾ മറ്റ് പലതാണ്.

ഉദാഹരണത്തിന്, പണമയയ്ക്കലിൽ നിന്നുള്ള പലിശ വരവിന്റെ നിലവിലെ നിരക്ക് 30 ശതമാനമാണ്. ഇത് എത്രയും വേഗം എടുത്തുനീക്കിയില്ലെങ്കിൽ ഡോളറിനെ ആകർഷിക്കാനാകാതെ വരും. പണമയയ്ക്കലിനേക്കാൾ ലാഭകരം നിക്ഷേപങ്ങൾ ഡോളറിൽ തന്നെയാക്കുന്നതാണ് മൂല്യത്തകർച്ച ഒഴിവാക്കാൻ നല്ലത് എന്നാണ് ഒരുപക്ഷം. സർക്കാരിന്റെ നിയമക്കുരുക്കുകളും ആധാർ പോലുള്ള നിർബന്ധങ്ങളും സങ്കീർണാവസ്ഥയിൽ നിക്ഷേപങ്ങൾ നടത്താൻ പ്രവാസികളുടെ താത്പര്യം കുറയ്ക്കുന്നു എന്നതും മറ്റൊരു വശമാണ്.

സെബിയും സർക്കാരും ദീർഘകാല മൂലധന നേട്ടത്തിലും ഫോറിൻ പോർട്ട്ഫോളിയോ മാനദണ്ഡങ്ങളിലും വരുത്തിയ മാറ്റങ്ങളിലും പല പ്രവാസികൾക്കും പ്രതിഷേധമുണ്ട്. പ്രവാസികളുടെ ബാങ്ക് നിക്ഷേപങ്ങൾ നികുതി മുക്തമായത് പോലെ തന്നെ ഇക്വിറ്റി നിക്ഷേപങ്ങളും നികുതി രഹിതമാക്കണം. ഒരുപാട് പ്രതിഷേധങ്ങൾക്ക് വിരാമമിട്ടാണ് സ്റ്റോക്ക് മാർക്കറ്റിലെ വിദേശ നിക്ഷേപത്തിനുള്ള നിയന്ത്രണങ്ങൾ സെബി നീക്കിയത്.

റിയൽ എസ്റ്റേറ്റ് മാഫിയകളുടെ ഒളിഞ്ഞിരിക്കുന്ന തട്ടിപ്പുകൾ പ്രവാസികളെ ഭൂമിയിടപാടിൽ നിന്ന് പിന്തിരിപ്പിക്കുന്നു എങ്കിലും, വിദേശ നിക്ഷേപം ത്വരിതപ്പെടുത്താൻ 'റെറ' നിയമങ്ങളിൽ ഭേദഗതി വരുത്തിയാൽ പ്രവാസികൾക്ക് ഭൂമിയിടപാടുകളിൽ കൂടുതൽ ആത്മവിശ്വാസം നൽകാനാവും. നിലവിൽ നേരിട്ടോ അല്ലാതെയോ പ്രവാസികൾക്ക് നിക്ഷേപം നടത്താൻ രാജ്യത്ത് നിയമമുണ്ട്. എൻ.ആർ.ഐ നിക്ഷേപങ്ങൾ സെബിക്ക് പുറമേ, വിദേശ എക്സ്ചേഞ്ച് മാനേജ്മന്റ് ആക്ട് നിയമങ്ങൾക്കും കീഴിലാണ് വരുന്നത്.

സെബി ഒരു പുതിയ കമ്മിറ്റി വച്ച് എൻ.ആർ.ഐ നിക്ഷേപങ്ങളെയാകെ ഉടച്ചുവാർക്കാൻ നോക്കുന്നു എന്ന നല്ല വാർത്തയാണ് നാം ഇപ്പോൾ കേൾക്കുന്നത്. പോസ്റ്റ് ഓഫീസിൽ നിക്ഷേപം മുതൽ മ്യൂച്വൽ ഫണ്ട് വരെ, പുതിയ നിയമത്തിനു സമയമായി.

ഏറ്റവും ആവശ്യം അവരുടെ പണത്തിനുള്ള സുരക്ഷിതത്വവും ഇടപാടുകൾ എളുപ്പമാക്കാനുള്ള നിയനിർമാണവുമാണ്. അനാവശ്യമായി അവരെ റെഗുലേറ്ററി കംപ്ലയൻസ് വഴി മാനസികമായി ബുദ്ധിമുട്ടിക്കരുത്. ഇപ്പോൾ ഉണർന്നു പ്രവർത്തിച്ചാൽ ഈ സർക്കാരിന് ഇത് ഒരു വെടിക്ക് രണ്ടു പക്ഷി എന്ന പോലെ ഗുണം ചെയ്യും.

*(ലേഖകൻ പത്രപ്രവർത്തകനും സാമ്പത്തിക ഉപദേഷ്ടാവുമാണ്)*

> പ്രവാസികളുടെ ഇന്ത്യയിലേക്കുള്ള പണമയയ്ക്കൽ - അത്രയൊന്നും പുകഴ്ത്തപ്പെടാത്ത ഈ പ്രക്രിയയാണ് കറന്റ് അക്കൗണ്ട് കമ്മി തകരുന്നതിൽ നിന്ന് പലപ്പോഴും രാജ്യത്തിന് രക്ഷയായിട്ടുള്ളത്.




*കേരളത്തിൽ ഈ വർഷത്തെ ക്രൂസ് ടൂറിസം സീസണിന് തുടക്കമിട്ട് കൊച്ചിയിലെത്തിയ കരീബിയൻ ആഡംബര കപ്പൽ എം.വി. ബൂഡീക്ക*

## ക്രൂസ് ടൂറിസം സീസണിന് തുടക്കമിട്ട് കരീബിയൻ കപ്പൽ കൊച്ചിയിൽ

### കപ്പൽ നാളെ വിഴിഞ്ഞത്തെത്തും

കൊച്ചി: കേരളത്തിൽ ക്രൂസ് ടൂറിസം സീസണിന് തുടക്കമിട്ട്, ഈ വർഷത്തെ ആദ്യ ആഡംബരക്കപ്പൽ കൊച്ചിയിലെത്തി. കരീബിയൻ ദ്വീപിലെ ബഹാമാസിൽ നിന്ന് എം.വി. ബൂഡീക്ക എന്ന കപ്പലാണ് 469 വിദേശ വിനോദ സഞ്ചാരികളുമായി ഇന്നലെ രാവിലെ 6.30ന് കൊച്ചി തുറമുഖത്തെത്തിയത്. 389 ജീവനക്കാരും ഈ കപ്പലിലുണ്ട്.

വെല്ലിംഗ്ടൺ ദ്വീപിലെത്തിയ സഞ്ചാരികളെ സ്ത്രീകൾ നയിച്ച ശിങ്കാരിമേളത്തിന്റെ അകമ്പടിയോടെയാണ് വരവേറ്റത്. കഥകളി ഉൾപ്പെടെയുള്ള കേരളത്തിന്റെ തനത് കലാരൂപങ്ങളും സഞ്ചാരികളെ ആകർഷിക്കാനായി അണിനിരന്നിരുന്നു. സഞ്ചാരികൾ ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, ആലപ്പുഴ എന്നിവിടങ്ങൾ സന്ദർശിക്കും. തുടർന്ന്, നാളെ രാവിലെ എട്ട് മണിയോടെ എം.വി. ബൂഡീക്ക വിഴിഞ്ഞത്തെത്തും. അവിടെ നിന്ന് കൊളംബോയിലേക്ക് പോകും.

ഒക്ടോബർ നാലിന് അബുദാബിയിൽ നിന്ന് പുറപ്പെട്ട കപ്പൽ, മുംബയും ഗോവയും സന്ദർശിച്ച ശേഷമാണ് കൊച്ചിയിലെത്തിയത്. ഇംഗ്ലണ്ടിലെ ഫ്രെഡ് ഓൾസെൻ ക്രൂസ് ലൈനിന്റെ ഉടമസ്ഥതയിലുള്ള കപ്പലാണിത്.

പ്രളയാനന്തര കേരളത്തിന്റെ ടൂറിസം മേഖലയ്ക്ക് മികച്ച ഊർജ്ജമാണ് എം.വി. ബൂഡീക്കയുടെ ആഗമനം സമ്മാനിക്കുന്നതെന്ന് സംസ്ഥാന ടൂറിസം സെക്രട്ടറി റാണി ജോർജ് പറഞ്ഞു. കഴിഞ്ഞ സാമ്പത്തിക വർഷം 42 ആഡംബര കപ്പലുകളാണ് കൊച്ചിയിലെത്തിയത്. നടപ്പുവർഷം 50 കപ്പലുകളെയാണ് പ്രതീക്ഷിക്കുന്നത്.

## ശാസ്ത്രകൗമുദി

### പനീറിന്റെ പവൻ മാറ്റ്



സമ്പൂർണ പ്രോട്ടീനിന്റെ ഉറവിടമാണ് പനീർ. ആരോഗ്യഗുണങ്ങൾ നോക്കൂ. പനീറിലെ കാത്സ്യവും ഫോസ്ഫറസും പല്ലിന്റെയും എല്ലിന്റെയും ആരോഗ്യവും വളർച്ചയും ഉറപ്പാക്കും. മോണരോഗങ്ങളെയും എല്ല് തേയ്മാനത്തെയും പ്രതിരോധിക്കും. ഊർജ്ജം നൽകുന്ന ഭക്ഷണമായതിനാൽ കഠിനവ്യായാമത്തിലേർപ്പെടുന്നവർക്കും കായികതാരങ്ങൾക്കും ഗുണം ചെയ്യും. ഇതിൽ അടങ്ങിയിരിക്കുന്ന വിറ്റാമിൻ ബി മുടിയുടെ ആരോഗ്യത്തിനും വളർച്ചയ്ക്കും ഉത്തമമാണ്. ആർത്രൈറ്റിസ്, എല്ലുകളുടെ പ്രശ്നം എന്നിവ പരിഹരിക്കും.

പനീറിലുള്ള പൊട്ടാസ്യം രക്തസമ്മർദ്ദം കുറയ്ക്കും, ഹൃദയസംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹരിക്കും. ഗർഭിണികൾ പനീർ ആഹാരത്തിലുൾപ്പെടുത്തുന്നത് പ്രസവത്തോടനുബന്ധിച്ചുണ്ടാകുന്ന സങ്കീർണതകൾ കുറയ്ക്കും. ചർമ്മസംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കാനും ചർമ്മത്തിന് ആരോഗ്യം ലഭിക്കാനും പനീർ കഴിക്കുക. കൊഴുപ്പ് അധികമായി അടങ്ങിയിട്ടുള്ളതിനാൽ കൊളസ്ട്രോൾ, ഹൃദയസംബന്ധമായ രോഗങ്ങൾ എന്നിവയുള്ളവർ പനീർ ഒഴിവാക്കുന്നതാണ് ഉത്തമം.

വണ്ണം വയ്ക്കാൻ ആഗ്രഹിക്കുന്നവർക്ക് തിരഞ്ഞെടുക്കാവുന്ന ഭക്ഷണമാണ് പനീർ. ഗുണനിലവാരം ഉള്ള പനീർ ആണ് വാങ്ങുന്നതെന്ന് ഉറപ്പാക്കുക. നിറവ്യത്യാസം വിള്ളലുകൾ എന്നിവയുള്ള പനീർ വാങ്ങരുത്.

## കൗമുദി ടിവി

| | |
|---|---|
| 6.00 ഡിവോഷണൽ സോംഗ് | 2.00 ശിവപുരി വൈറ്റ് ക്രോ |
| 6.26 am, pm ദൈവദശകം | 2.35 ലേഡീസ് അവർ |
| 7.00 ജീസസ് ഈസ് എലൈവ് | 3.35 ഡേ വിത്ത് എ സ്റ്റാർ |
| 7.30 പ്രണവം | 4.35 ഡ്രീം ഡ്രൈവ് |
| 8.30 ന്യൂസ് ട്രാക്ക് | 5.35 ഹാസ്യരസം |
| 9.00 സ്ട്രെയ്റ്റ് ലൈൻ | 6.00 ഒരുമയോടെ കേരളം |
| 10.35 സാൾട്ട് ആൻഡ് പെപ്പർ | 6.35 ദേവാമൃതം |
| 11.00 വൺ ഷോപ്പി | 7.00 നേർക്കണ്ണ് |
| 11.35 സ്വയംവരം | 7.35 താരപ്പകിട്ട് |
| 12.35 ഓമൈ ഗോഡ് | 8.35 ഫിലിം ബോക്സ് |
| 1.35 സ്നേക്ക് മാസ്റ്റർ | 9.35 സീക്രട്ട് ഫയൽസ് |




**ഡിഡി മലയാളം**

7.00 കൃഷിദർശൻ
8.00 മേഘരാഗം

**ഡിഡി കേരളം**

11.30 കൃഷിദർശൻ
2.00 മാജിക്കൽ ഫിങ്കേഴ്സ്
8.30 ചാറ്റ്ഷോ
10.30 ചായക്കൂട്ട്
11.00 ഗാനശ്യാമസന്ധ്യ

**ഏഷ്യാനെറ്റ്**

7.00 ആയുഷ്മാൻ ഭവഃ
7.30 ഭാര്യ
8.00 നീലക്കുയിൽ

**ന്യൂസ്**

8.00 വാർത്താപ്രഭാതം
8.30 ചുറ്റുവട്ടം
2.30 ഡോ. ലൈവ്
5.00 വാർത്തയ്ക്കപ്പുറം

**ഏഷ്യാനെറ്റ് പ്ലസ്**

7.3 കോമഡി സ്റ്റാഴ്സ്
8.00 ഇടിവെട്ട് സോമനും തടിവെട്ടി ഷാജിയും
8.30 പ്രിയമാനസം
9.00 മിസ്റ്റർ കല്യാണരാമൻ
9.30 മൗനം സമ്മതം
10.30 മാനസവീര

**ANIMAL PLANET**

07:00am Too Cute
08:00 Animal Cops Phoneix
9.00 Animal Cops Phoneix
10.00 My Cat From Hell
11.00 The Vet Life
12.00 Dr Jeff Rocky Mountain Vet
1.00 Pit Bulls & Parolees
3.00 Tree House Masters
5.00 North Woods Law
6.00 North Woods Law
8.00 Indo Alaska

### സിനിമ

**ഏഷ്യാനെറ്റ് എച്ച്.ഡി :** 9.00 ലവ് 24 x 7
**ഏഷ്യാനെറ്റ് മൂവീസ് :** 09.30 ഗുലുമാൽ 12.00 ചൈനാ ടൗൺ 2.30 ശ്യാമ 5.00 ആലഞ്ചേരി തമ്പ്രാക്കൾ 7.00 കത്തി
**ഏഷ്യാനെറ്റ് പ്ലസ് :** 12.00 ബാംഗ്ലൂർ ഡേയ്സ്
**ഏഷ്യാനെറ്റ് :** 9.00 ലവ് 24 x 7
**എസിവി :** 9.00 സായൂജ്യം 2.00 പൂമ്പാറ്റ 9.30 ഇതാ ഇവിടെ വരെ
**റോസ്ബൗൾ :** 6.00 ചെസ്
**ജുക്ക്ബോക്സ് :** 6.30 സന്ദേശം
**കൈരളി :** 12.00 പോക്കിരിരാജ
**വി :** 12.30 ചേട്ടായീസ് 9.00 ആദവൻ
**സൂര്യ :** 9.00 അയാൾ ഞാനല്ല 2.30 ട ഹരിഹർ നഗർ
**അമൃത :** 2.30 വെൽക്കം ടു കൊടൈക്കനാൽ

## നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2018 ഒക്ടോബർ 15 തിങ്കൾ)

**മേടം:** *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)*
അവസരോചിതമായി പ്രവർത്തിക്കും. അബദ്ധങ്ങൾ ഒഴിവാകും. അർപ്പണ മനോഭാവം.

**ഇടവം:** *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)*
കാര്യനിർവഹണ ശക്തി വർദ്ധിക്കും. സ്വയം പര്യാപ്തത ആർജിക്കും. വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ.

**മിഥുനം:** *(മകയിരം രണ്ടാം പകുതി ഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)*
ക്രമാനുഗതമായ വളർച്ച. കാര്യങ്ങൾ നിഷ്കർഷയോടെ ചെയ്യും. പുതിയ സംരംഭങ്ങൾ.

**കർക്കടകം:** *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)*
ആഗ്രഹങ്ങൾ സഫലമാകും. സാഹചര്യങ്ങളെ തരണം ചെയ്യും. ചില സംരംഭത്തിൽ നിന്ന് പിന്മാറും.

**ചിങ്ങം :** *(മകം, പൂരം, ഉത്രം കാൽഭാഗം)*
അനുകൂല സാഹചര്യങ്ങൾ വന്നു ചേരും. കാഴ്ചപ്പാടുകൾ ശരിയായ ദിശയിൽ. വരവും ചെലവും തുല്യമായിരിക്കും.

**കന്നി:** *(ഉത്രം അവസാന മുക്കാൽ ഭാഗം, അത്തം, ചിത്തിര ആദ്യ പകുതി ഭാഗം)*
അപ്രതീക്ഷിതമായ മാറ്റങ്ങൾ. സൗമ്യ സമീപനം. വിമർശനങ്ങളെ അതിജീവിക്കും.

**തുലാം:** *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)*
പ്രവർത്തന പുരോഗതി. സാമ്പത്തിക നേട്ടം. മാതൃകാപരമായ സമീപനം.

**വൃശ്ചികം :** *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)*
കീർത്തി വർദ്ധിക്കും. മനഃസമാധാനമുണ്ടാകും. ഹ്രസ്വകാല പാഠ്യപദ്ധതിക്ക് ചേരും.

**ധനു:** (മൂലം, പൂരാടം, ഉത്രാടം 15 നാഴിക)
സഹോദര സുഹൃത് സഹായം. അശ്രദ്ധ ഉണ്ടാകാതെ ശ്രദ്ധിക്കണം. ആഗ്രഹസാഫല്യമുണ്ടാകും.

**മകരം:** *(ഉത്രാടം അവസാന മുക്കാൽ ഭാഗം, തിരുവോണം, അവിട്ടം- ആദ്യപകുതി).*
ഗഹന വിഷയങ്ങൾ ലളിതമായി അവതരിപ്പിക്കും. ആത്മവിശ്വാസം വർദ്ധിക്കും. പുതിയ ഭരണ സംവിധാനം.

**കുംഭം:** *( അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)*
ആത്മസംതൃപ്തിയുണ്ടാകും. സഹപ്രവർത്തകരുടെ സഹകരണം. ഔദ്യോഗിക പരിശീലനം.

**മീനം:** *(പൂരുരുട്ടാതി അവസാന കാൽ ഭാഗം, ഉത്രട്ടാതി, രേവതി).*
വിട്ടുവീഴ്ചാ മനോഭാവം. അനുകൂല സാഹചര്യങ്ങൾ. ആഗ്രഹങ്ങൾ സഫലമാകും.

- ഗോപകുമാർ ശർമ്മ

### കെൽട്രോൺ ജീവനക്കാരുടെ കൂട്ടായ്മ

തിരുവനന്തപുരം: കെൽട്രോണിലെ മുൻ ജീവനക്കാരുടെ കൂട്ടായ്മ 'കെൽട്രോൺ ഒരുമ' 20 ന് വൈകിട്ട് 4 മുതൽ 6 വരെ നടക്കും. ഫോൺ: 9446589739



## കട്ടയ്ക്കോട്ട് ഡി.വൈ.എഫ്.ഐ - ബി.ജെ.പി സംഘർഷം

കാട്ടാക്കട: കാട്ടാക്കട കട്ടയ്ക്കോട്ട് ഡി.വൈ.എഫ്.ഐ - ബി.ജെ.പി സംഘർഷം. ഇന്നലെ വൈകിട്ടോടെയാണ് സംഭവം. കട്ടയ്ക്കോട് സർവീസ് സഹകരണ ബാങ്ക് തിരഞ്ഞെടുപ്പിന്റെ ഭാഗമായി വോട്ടു ചെയ്യാനെത്തിയ ബി.ജെ.പി പ്രവർത്തകനും ഡി.വൈ.എഫ്.ഐ പ്രവർത്തകനും വാക്കേറ്റമായി.

തുടർന്ന് ചോദിക്കാനെത്തിയ സംഘവുമായി ഡി.വൈ.എഫ്.ഐ പ്രവർത്തകർ കൈയാങ്കളിയായി. തുടർന്ന് ഇരുവിഭാഗങ്ങളിലായി രണ്ട്പേർക്ക് വീതം പരുക്കേറ്റു.

സംഘർഷസാദ്ധ്യത കണക്കിലെടുത്ത് കാട്ടാക്കട സി.ഐ വിജയരാഘവന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘം രാത്രിയിലും സ്ഥലത്ത് ക്യാമ്പ് ചെയ്യുന്നു.

# പാറയംവിളാകം കോളനിയിൽ ഭീകരാന്തരീക്ഷം; വീടും വാഹനങ്ങളും തകർത്തു

മലയിൻകീഴ്: മാറനല്ലൂർ കരിങ്ങൽ പാറയംവിളാകം കോളനിയിൽ ശനിയാഴ്ച അർദ്ധരാത്രി അക്രമികൾ വീടുകളും വാഹനങ്ങളും അടിച്ചുതകർത്തു.

കോളനിയിലെ ഒരു പെൺകുട്ടിയെ കാണാനില്ലെന്ന് ബന്ധുക്കൾ മാറനല്ലൂർ പൊലീസിൽ പരാതിപ്പെട്ടതാണ് പ്രശ്നങ്ങൾക്ക് കാരണം. പൊലീസ് നടത്തിയ അന്വേഷണത്തിൽ അയൽവാസിയായ യുവാവുമായി പെൺകുട്ടി പോയെന്ന് കണ്ടെത്തിയിരുന്നു. പെൺകുട്ടി പ്രായപൂർത്തിആയതിനാൽ യുവാവിനോടൊപ്പം പോകാൻ കോടതിയുടെ അനുമതി ലഭിച്ചിരുന്നു. അന്നരാത്രിയാണ് അക്രമികൾ വീടുകളും കടയും വാഹനങ്ങളും അടിച്ചു തകർത്തത്. സ്ത്രീകൾ ഉൾപ്പെടെയുള്ളവരെ വലിച്ചിഴച്ച് വീടിനു പുറത്തിറക്കി കൊല്ലുമെന്ന് ഭീഷണി മുഴക്കിയതായും പരാതിയിൽ പറയുന്നു. കൊറ്റമ്പള്ളി ചാനൽക്കരയിൽ രമ്യ, ജസ്റ്റിൻ എന്നിവരുടെ വാഹനങ്ങളും മറ്റൊരാളുടെ ആട്ടോറിക്ഷയും തകർത്തു. മണിയന്റെ ചായക്കടയും തകർത്തവയിൽപ്പെടുന്നു. മണിയനെ വീട്ടിൽ നിന്ന് പിടിച്ചിറക്കി കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി. മാറനല്ലൂർ പൊലീസ് രണ്ട് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു.



മാറനല്ലൂർ കരിങ്ങൽ പാറയം വിളാകം കോളനിയിൽ സംഘമായിട്ടെത്തി ഭീകരാന്തരീക്ഷം സൃഷ്ടിച്ചവർ വീടും വാഹനങ്ങളും തകർത്ത നിലയിൽ



അക്രമികൾ തകർത്ത വാഹനങ്ങൾ

## ഗൺമാന്റെ ഭാര്യയുടെ മാല മോഷ്ടിച്ചു

കഴക്കൂട്ടം: മന്ത്രി എ.സി. മൊയ്തീന്റെ ഗൺമാൻ മുരളിയുടെ ഭാര്യ സീനയുടെ മാല ബൈക്കിലെത്തിയ മോഷ്ടാക്കൾ പൊട്ടിച്ചെടുത്ത് രക്ഷപ്പെട്ടു. ഇന്നലെ രാവിലെ മുരളിയുടെ കഴക്കൂട്ടം കരിയലിലുള്ള വീട്ടിന് സമീപമാണ് സംഭവം. സീന ഇടറോഡിലൂടെ നടന്നുപോകുമ്പോൾ ഹെൽമറ്റ് ധരിച്ചെത്തിയ രണ്ടുപേരിൽ ഒരാൾ രണ്ടരപവൻ മാലയും പൊട്ടിച്ചെടുത്ത് രക്ഷപ്പെടുകയായിരുന്നു. കഴക്കൂട്ടം പൊലീസിൽ പരാതി നൽകി.

## പരിശീലന പരിപാടി

തിരുവനന്തപുരം: മെഡിക്കൽ കോളേജ് ആശുപത്രിയിലെ മാനസികാരോഗ്യ വിഭാഗവും മാനസ കേരളയും സംയുക്തമായി ജില്ലയിലെ റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾക്കായി പരിശീലന പരിപാടി സംഘടിപ്പിച്ചു. ലോക മാനസികാരോഗ്യ വാരാചരണത്തോടനുബന്ധിച്ച് യുവജനങ്ങളും മാനസികാരോഗ്യവും മാറുന്ന ലോകത്തിൽ എന്ന വിഷയത്തെ അധികരിച്ച് നടത്തിയ പരിശീലന പരിപാടിയിൽ നിരവധി പേർ പങ്കെടുത്തു.



കെ.പി.രാജീവ് (ജനറൽ സെക്രട്ടറി) വി.കെ.ശ്രീകുമാർ (പ്രസിഡന്റ്)

## റബർബോർഡ് ടെക്നിക്കൽ ഓഫീസേഴ്സ് യൂണിയൻ വാർഷിക സമ്മേളനം

തിരുവനന്തപുരം: റബർബോർഡ് ടെക്നിക്കൽ ഓഫീസേഴ്സ് യൂണിയന്റെ 36-ാം ദേശീയ വാർഷിക സമ്മേളനം കോട്ടയത്ത് നടന്നു. സമ്മേളനത്തിൽ മുൻ സംഘടനാ പ്രസിഡന്റ് ജി. രവീന്ദ്രനാഥ് അടക്കം റബർബോർഡിലെ പൂർവകാല ജീവനക്കാർ ഉൾപ്പെടെയുള്ളവരെ ചടങ്ങിൽ ആദരിച്ചു.

സംഘടനയുടെ പുതിയ ഭാരവാഹികൾ. വി.കെ. ശ്രീകുമാർ (പ്രസിഡന്റ്), കെ.പി. രാജീവ് (ജനറൽ സെക്രട്ടറി), എം. ഗോപാലകൃഷ്ണൻ (ട്രഷറർ), ഷാജു വി. പോൾ, കെ. ഹരിദാസ് (വൈസ് പ്രസിഡന്റുമാർ), എ.ജെ. ജോസ്, ആർ. പ്രവീൺ കുമാർ (ജോയിന്റ് സെക്രട്ടറിമാർ), ടി.ഒ. ജോജോ, വി.എം. താജ് (ജോയിന്റ് ട്രഷറർമാർ).

# നാമജപ യാത്രയ്ക്കിടെ സംഘർഷം; മൂന്ന് പേർക്ക് പരിക്ക്

കുന്നത്തുകാൽ: ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് മഞ്ചവിളാകം പരക്കുന്ന് ശ്രീധർമ്മശാസ്താ ക്ഷേത്രത്തിൽ നിന്നും ആരംഭിച്ച നാമജപയാത്രയ്ക്കിടെ സംഘർഷം.

വിവിധ ഹിന്ദു സംഘടനകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഘോഷയാത്ര വൈകിട്ട് പിണർക്കാല ജംഗ്ഷനിൽ എത്തിയപ്പോൾ കല്ലേറുണ്ടായി. ഇതിനിടെ ഒരാൾ ഘോഷയാത്രയിലേക്ക് ബൈക്ക് കയറ്റിയത് സംഘർഷത്തിനിടയാക്കി. പൊലീസ് ഇടപെട്ട് രംഗം ശാന്തമാക്കുകയായിരുന്നു.

മലയിൽക്കട ജംഗ്ഷനിൽ സമാപിച്ച നാമജപയാത്ര കഴിഞ്ഞ് തിരികെ വന്നവർക്കു നേരെയും കല്ലേറുണ്ടായി. തുടർന്ന് പരസ്പരമുള്ള കല്ലേറിൽ പരിക്കേറ്റ സമീപവാസികളായ മലയിക്കട ചെറുവറ്റൂർക്കോണം വീട്ടിൽ സിന്ധു (36), മലയിക്കട വിനായക ഭവനിൽ അജിത (40), മലയിൽക്കട സുധിഭവനിൽ മഞ്ചവിളാകം എസ്.എൻ.ഡി.പി ശാഖാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം സുബിൻ (36) എന്നിവർ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ചികിത്സയിലാണ്. സിന്ധുവിന്റെ ഇടതുകൈയ്ക്ക് പൊട്ടലുണ്ട്. സുബിന് താടിയെല്ലിലാണ് പരിക്ക്. ഇവിടെ കൂടുതൽ പൊലീസിനെ വിന്യസിച്ചിട്ടുണ്ട്. മഞ്ചവിളാകം എസ്.എൻ.ഡി.പി ശാഖാ പ്രസിഡന്റ് എൽ. സുധാകരന്റെ പുതിയ കാറും അക്രമികൾ എറിഞ്ഞു തകർത്തു. ബി.ജെ.പി പ്രവർത്തകരാണ് അക്രമത്തിന് പിന്നിലെന്നും ബി.ജെ.പിയുടെ നാമജപയാത്രയിൽ പങ്കെടുക്കില്ലെന്ന് പറഞ്ഞതിനാണ് അക്രമം നടത്തിയതെന്നും എസ്.എൻ.ഡി.പി ശാഖാ ഭാരവാഹികൾ പറയുന്നു.



ആക്രമത്തിൽ പരിക്കേറ്റ സിന്ധുവും അജിതയും

## മലയിക്കടയിൽ ബി.ജെ.പി -സി.പി.എം സംഘർഷത്തിൽ മൂന്ന് പേർക്ക് പരിക്കേറ്റു

പാറശാല: കൊല്ലയിൽ പഞ്ചായത്തിലെ മലയിക്കട ചെറുവട്ടൂർക്കോണത്ത് ഇന്നലെ നടന്ന സംഘട്ടനത്തിൽ സി.പി.എം. അനുഭാവികളായ മൂന്ന് പേർക്ക് പരിക്കേറ്റു.

ബി.ജെ.പിക്കാരാണ് ആക്രമിച്ചതെന്ന് പരിക്കേറ്റവർ ആരോപിച്ചു. ചെറുവട്ടൂർകോണം റോഡരികത്ത് വീട്ടിൽ സിന്ധു (40), സുബിൻ നിവാസിൽ സുബിൻ (30), വിനായക വിലാസത്തിൽ അജിത എന്നിവർക്കാണ് പരിക്കേറ്റത്. ഇവരെ നെയ്യാറ്റിൻകര പാറശാല ആശുപത്രികളിൽ പ്രവേശിപ്പിച്ചു.

ഇന്നലെ വൈകിട്ട് ആറ് മണിയോടെ ശബരിമല നാമജപ ഘോഷയാത്ര കഴിഞ്ഞ് മടങ്ങുകയായിരുന്ന സംഘത്തിലെ ബി.ജെ.പി പ്രവർത്തകരായ ചിലർ യാതൊരു പ്രകോപനവുമില്ലാതെ റോഡിൽ നിന്നവരെയും വീട്ടുകയറിയും ആക്രമിക്കുകയായിരുന്നുവെന്ന് സ്ഥലവാസികൾ പറയുന്നു.

മാരായമുട്ടം പൊലീസ് സ്ഥലത്ത് ക്യാമ്പ് ചെയ്യുന്നു.

# ചാർട്ടേഡ് അക്കൗണ്ടന്റിന്റെ പേരിൽ തട്ടിപ്പ്: പ്രതി പിടിയിൽ

തിരുവനന്തപുരം : ചാർട്ടേഡ് അക്കൗണ്ടന്റിന്റെ വ്യാജ സീലും ഒപ്പും ഉപയോഗിച്ച് തട്ടിപ്പ് നടത്തിയ പ്രതി പിടിയിൽ. കരമന നമശിവായ ഫൈനാൻസ് ഉടമ സുരേഷിനെയാണ് കരമന പൊലീസ് അറസ്റ്റു ചെയ്തത്.

ആറ്റിങ്ങൽ സ്വദേശിയായ ചാർട്ടേഡ് അക്കൗണ്ടന്റ് ആദിദേവിന്റെ പരാതിയെ തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് പ്രതി വലയിലായത്. വ്യാജ സീലും ഒപ്പും ഉപയോഗിച്ച് കിള്ളിപ്പാലം ബണ്ട് റോഡിൽ പ്രവർത്തിക്കുന്ന വി.എ.എസ് ട്രേഡേഴ്സിന് 2016, 2017 വർഷങ്ങളിൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കി നൽകിയാണ് പ്രതി പണം തട്ടിയതെന്ന് പൊലീസ് പറഞ്ഞു.

2018ലെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് തയ്യാറാക്കാൻ വി.എ.എസ് ട്രേഡേഴ്സ് ഉടമ ചാർട്ടേഡ് അക്കൗണ്ടന്റ് ആദിദേവിനെ നേരിട്ട് ബന്ധപ്പെട്ടപ്പോഴാണ് തട്ടിപ്പ് പുറത്തറിയുന്നത്. സബ് ഇൻസ്പെക്ടർ ആർ.എസ്. ശ്രീകാന്ത്, അഡിഷണൽ എസ്.ഐ വിമൽ, സി.പി.ഒ വിനോദ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്. തട്ടിപ്പിൽ സഹായികളായ മറ്റുള്ളവരെ കുറിച്ചുള്ള അന്വേഷണം പുരോഗമിക്കുകയാണെന്ന് കരമന പൊലീസ് അറിയിച്ചു.




കോൺഗ്രസ് എസിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം പ്രസ് ക്ലബിൽ നടന്ന എസ്. വരദരാജൻ നായർ അനുസ്മരണം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യുന്നു. സി.പി.ഐ കേന്ദ്ര കൺട്രോൾ കമ്മിഷൻ ചെയർമാൻ പന്ന്യൻ രവീന്ദ്രൻ, നഗരാസൂത്രണ സ്ഥിരം സമിതി അദ്ധ്യക്ഷൻ പാളയം രാജൻ, കെ.ടി.ഡി.സി ചെയർമാൻ എം. വിജയകുമാർ എന്നിവർ സമീപം

## യുവാവിനെയും സുഹൃത്തിനെയും ആക്രമിക്കൽ: അന്വേഷണം ആരംഭിച്ചു

ബാലരാമപുരം: ബൈക്കുകളിൽ ആയുധവുമായി എത്തി യുവാക്കളെ വെട്ടിപ്പരിക്കേൽപ്പിച്ച സംഭവത്തിൽ ബാലരാമപുരം സി.ഐ എസ്.എം. പ്രദീപ്കുമാറിന്റെ നേതൃത്വത്തിൽ അന്വേഷണം ആരംഭിച്ചു. വധശ്രമത്തിനാണ് കേസ്. രാമപുരം ഇരട്ടപ്ലാവിള വീട്ടിൽ രഞ്ജിത്ത് (21), സുഹൃത്ത് ലുലു (21) എന്നിവർക്കാണ് വെട്ടേറ്റത്. കഴിഞ്ഞദിവസം രാത്രി ഏഴ് മണിയോടെ രാമപുരത്ത് വച്ചായിരുന്നു ആക്രമണം. സുഹൃത്തിന്റെ വീടിന് സമീപം ഇരിക്കുകയായിരുന്നു രഞ്ജിത്ത്. തടയാൻ ശ്രമിച്ച സുഹൃത്ത് ലുലുവിനും പരിക്കേറ്റു. യുവാക്കളെ മർദ്ദിക്കുന്നതു കണ്ട് ഓടിയെത്തിയ സമീപവാസി മോഹനെയും ആക്രമിച്ചു. ഇയാളുടെ കണ്ണിന് ക്ഷതമേറ്റു. മിനിട്ടുകൾക്കകം അക്രമിസംഘം കടന്നുകളഞ്ഞു. ധനുവച്ചപുരം വി.റ്റി.എം.എൻ.എസ്.എസ് കോളേജിലെ രണ്ടാംവർഷ ഡിഗ്രി വിദ്യാർത്ഥിയായ രഞ്ജിത്ത് എസ്.എഫ്.ഐ പ്രവർത്തകനാണ്. അക്രമികളെ തിരിച്ചറിഞ്ഞിട്ടുണ്ടെങ്കിലും അവർ ഒളിവിലാണ്.




എസ്. വരദരാജൻ നായർ സ്മാരക ചാരിറ്റബിൾ ട്രസ്റ്റ് കേസരി ഹാളിൽ സംഘടിപ്പിച്ച എസ്. വരദരാജൻ നായർ അനുസ്മരണ സമ്മേളനം എം.എം. ഹസ്സൻ ഉദ്ഘാടനം ചെയ്യുന്നു. തെന്നല ബാലകൃഷ്ണപിള്ള, ജി. സുബോധൻ, വി. പ്രതാപചന്ദ്രൻ, പിരപ്പൻകോട് സുബാഷ് എന്നിവർ സമീപം.



ലോക സ്തനാർബുദ ബോധവത്കരണ മാസാചരണത്തോടനുബന്ധിച്ച് പട്ടം എസ്.യു.ടി ആശുപത്രിയുടെ നേതൃത്വത്തിൽ പള്ളിപ്പുറം സി.ആർ.പി.എഫ് ക്യാമ്പിലെ കുടുംബാംഗങ്ങൾക്കായി സംഘടിപ്പിച്ച ബോധവത്കരണ ക്ലാസിൽ നിന്ന്. പള്ളിപ്പുറം സി.ആർ.പി. എഫ് ക്യാമ്പിൽ സംഘടിപ്പിച്ച ക്ലാസിന് ജനറൽ സർജറി വിഭാഗം കൺസൾട്ടന്റ് ഡോ. പ്രമീള ദേവി നേതൃത്വം നൽകി.

### ദർഘാസ്

തിരുവനന്തപുരം തൈക്കാട് സർക്കാർ അതിഥി മന്ദിരത്തിന്റെ ഉപയോഗത്തിനായുള്ള ലിനൻ തുണികൾ അലക്കുന്നതിന് യോഗ്യതയും മുൻപരിചയവുമുള്ള വ്യക്തികൾ/ഏജൻസികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് www.keralatourism.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക

കേരള സർക്കാർ kerala God's Own Country

### അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയം
**എൽ.എസ്.ജി.ഡി.സെക്ഷൻ, പള്ളിച്ചൽ, തിരുവനന്തപുരം - 695 501.**
**e-mail : aelsgdpclgp@gmail.com**

No. E1/General/01/AE/2018-19 dt. 12.10.2018.

**ടെൻഡർ, ഇ-ടെൻഡർ, റീ-ഇ-ടെൻഡർ ദർഘാസ് പരസ്യം**

പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് 2018 - 19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്കുവേണ്ടി തദ്ദേശ സ്വയംഭരണം/പൊതുമരാമത്ത്/ജലസേചനം തുടങ്ങിയ വകുപ്പുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരും (A/ B/C/D Class) പരിചയസമ്പന്നരുമായിട്ടുള്ള കരാറുകാരിൽ നിന്ന് മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിക്കുന്നു.

പൊതുമരാമത്ത് പ്രവൃത്തികൾ
ഇ-ടെൻഡർ - 5 www.etenders.kerala.gov.in
റീ-ഇ-ടെൻഡർ - 12 www.tenders.lsgdkerala.gov.in
ടെൻഡർ - 13

പ്രവൃത്തികളെ സംബന്ധിച്ച വിശദവിവരങ്ങൾ മുകളിൽ പറഞ്ഞിട്ടുള്ള വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, പ്രവൃത്തിസമയങ്ങളിൽ പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയത്തിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

Window No. 1) G 86723/2018, Window No. 2) G 86724/2018

### അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയം
**എൽ.എസ്.ജി.ഡി.സെക്ഷൻ, പള്ളിച്ചൽ, തിരുവനന്തപുരം - 695 501.**
**e-mail : aelsgdpclgp@gmail.com**

No. E1/General/01/AE/2018-19 dt. 12.10.2018.

**ഹ്രസ്വകാല ക്വൊട്ടേഷൻ പരസ്യം**

പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയത്തിന്റെ ഔദ്യോഗിക ആവശ്യത്തിലേക്ക് 2018-19 സാമ്പത്തികവർഷത്തിൽ (31.03.2019 വരെ) എ.സി. കാർ/ജീപ്പ് പ്രതിമാസ വാടകയ്ക്ക് നല്കുവാൻ താൽപര്യമുള്ള വാഹന ഉടമകളിൽനിന്ന് മത്സരസ്വഭാവമുള്ള മുദ്രവച്ച ക്വൊട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

ക്വൊട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി: 26.10.2018 വൈകുന്നേരം 3 മണിവരെ
ക്വൊട്ടേഷൻ തുറക്കുന്ന സമയം : 26.10.2018 വൈകുന്നേരം 4 മണി.

കൂടുതൽ വിവരങ്ങൾക്ക് www.tenders.lsgdkerala.gov.in എന്ന വെബ്സൈറ്റിലും പ്രവൃത്തിസമയങ്ങളിൽ അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാണ്.

വിൻഡോ നമ്പർ : G86727/2018.

### പൊതു അറിയിപ്പ്

**എറണാകുളം, കൊല്ലം, ആറ്റിങ്ങൽ, പാലക്കാട്, മുതലമട, പാട്ടഞ്ചേരി, വടവന്നൂർ, വണ്ടിത്താവളം, കൊടുവായൂർ, നെല്ലിയാമ്പതി എന്നിവിടങ്ങളിലെ DAS വിജ്ഞാപനം ചെയ്ത മേഖലകളിലെ ഉപഭോക്താക്കളെ തെര്യപ്പെടുത്തുന്നത്.** താഴെപ്പറയുന്ന **സ്റ്റാർ ഇന്ത്യ ചാനലുകൾ** (Comprising of Star Plus, Star Bharat (erstwhile Life OK), Star Gold, Movies OK, Star Sports 3 (Erstwhile Channel V), Star Utsav, Star UtsavMovies, Star Sports 1, Star Sports2, Star Sports 1 Hindi (erstwhile Star Sports 3), Star Sports 1 Tamil (erstwhile Star Sports 4), Star Sports Select 1, Star Sports Select 2 (erstwhile FX), Star World, StarMovies, National Geographic, Nat Geo Wild, Net Geo People, Fox life, Nat Geo Music, Baby TV, Star Pravah, Suvarna, Suvarna Plus, Star Jalsha, Jalsha Movies, Asianet, Asianet Plus, Asianet Movies, Vijay, Vijay Super, MAA TV, Maa Movies, Maa Music, Maa Gold, Star Gold Select (erstwhile Star Movies Action) and Star Sports First] (ചാന ലുകൾ എന്ന് പൊതുവേ സൂചിപ്പിക്കുന്നവ) താഴെപറയുന്ന കേബിൾ ഓപ്പറേറ്റർ മാരുടെ മേൽപറഞ്ഞ ചാനലുകളുടെ സിഗ്നലുകൾ ഇന്നുമുതൽ മൂന്നാഴ്ചക്കകം വിച്ഛേദിക്കുന്നതാണെന്ന് സ്റ്റാർ ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് എല്ലാ ഉപഭോക്താക്കളെയും ഇതിനാൽ അറിയിക്കുന്നു. കണക്ഷൻ വിച്ഛേദിക്കുന്നതിനുള്ള കാരണം താഴെ പറയുന്നു.

(A) വരിസംഖ്യ അടയ്ക്കാത്തതിനാൽ :

| കേബിൾ ഓപ്പറേറ്റർമാരുടെ പേര് | വിലാസം |
| --- | --- |
| ഭൂമിക ഡിജിറ്റൽ കേബിൾ സർവീസസ് പ്രൈ. ലി. | തെക്കുംതല ബിൽഡിംഗ്, ആസാദ് റോഡ്, കലൂർ, എറണാകുളം - 682 017, കേരള. |

(A) വരിസംഖ്യ അടയ്ക്കാത്തതിനാലും ഉപഭോക്താക്കളുടെ റിപ്പോർട്ട് സമർപ്പിക്കാത്തതിനാലും :

| കേബിൾ ഓപ്പറേറ്റർമാരുടെ പേര് | വിലാസം |
| --- | --- |
| മലയോര ഡിജിറ്റൽ കേബിൾ വിഷൻ പ്രൈ. ലിമിറ്റഡ് | നം. 2/181, പുതിയ ബസ്സ്റ്റാൻഡിന് സമീപം, കൊല്ലങ്കോട് പി.ഒ, പാലക്കാട്, പാലക്കാട് - 678 506, കേരള. |

DAS മേഖലകളിലെ പ്രസ്തുത ഓപ്പറേറ്റർമാരുടെ എല്ലാ പ്രവർത്തന സ്ഥലങ്ങൾക്കും അവരുടെ ഫ്രാഞ്ചൈസികൾക്കും ബാധകം

പ്രസിദ്ധപ്പെടുത്തുന്നത്:
**സ്റ്റാർ ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ്,**
സ്റ്റാർ ഹൗസ്, ഉർമി എസ്റ്റേറ്റ്, 95,
ഗൺപത് റാവു കദം മാർഗ്ഗ്, ലോവർപരേൽ, മുംബൈ-400 013

### TRAVANCORE DEVASWOM BOARD
**SABARIMALA DEVELOPMENT PROJECT**
PATHANAMTHITTA, KERALA | E-Mail:eesabarimala@gmail.com
Saranam Ayyappa

**NOTICE INVITING E-TENDER**

No:SDP/EE/ET-N-6/2018-19 12.10.2018

E-Tenders are invited for the various works at Sabarimala Pamba and Nilakkal. The last date for the submission of bids 22-10-2018, 05.00 PM. Details are available at **www.etenders.kerala.gov.in** and **www.travancoredevaswomboard.org**

Phone : 0468 - 2220666

Sd/- **R. Ajith Kumar**
**Executive Engineer**

### പൊതു അറിയിപ്പ്

താഴെപ്പറയുന്ന **സ്റ്റാർ ഇന്ത്യ ചാനലുകൾ** ( Comprising of Star Plus HD, Star Bharat HD (erstwhile Life OK HD), Star Gold HD, Star Sports HD1, Star Sports HD2, Star Sports 1 HD Hindi (Esrtwhile Star Sports HD3), Star Sports Select HD1, Star Sports Select HD2, Star World Premier HD, Star World HD, Star Movies Select HD, Star Moves HD, National Geographic HD, Nat Geo Wild HD, Nat Geo People HD, Fox Life HD, Baby TV HD, Nat Geo Music HD, Star Pravah HD, Star Jalsha HD, Jalsha Movies HD, Vijay HD, Asianet HD, Maa HD, Star Gold Select HD, Maa Movies HD and Suvarna HD] (മൊത്തമായും "ചാനലുകൾ" എന്നറിയപ്പെടുന്നവ) **വരിസംഖ്യ അടയ്ക്കാത്തതിനാൽ** താഴെ പറയുന്ന കേബിൾ ഓപ്പറേറ്റർമാരുടെ മേൽപറഞ്ഞ ചാനലുകളുടെ സിഗ്നലുകൾ ഇന്നുമുതൽ മൂന്നാഴ്ച്ചക്കകം വിച്ഛേദിക്കുന്നതാണെന്ന് സ്റ്റാർ ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് എല്ലാ ഉപഭോക്താക്കളെയും ഇതിനാൽ അറിയിക്കുന്നു.

| കേബിൾ ഓപ്പറേറ്ററുടെ പേര് | മേൽവിലാസം | ഏരിയകൾ |
| --- | --- | --- |
| ഭൂമിക ഡിജിറ്റൽ കേബിൾ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് | തെക്കുംതല ബിൽഡിംഗ്, ആസാദ് റോഡ്, കലൂർ, എറണാകുളം - 682 017, കേരള. | എറണാകുളം (കൊച്ചി), കൊല്ലം, ആറ്റിങ്ങൽ, പാലക്കാട് |

പ്രസ്തുത ഓപ്പറേറ്റർമാരുടെ എല്ലാ പ്രവർത്തന സ്ഥലങ്ങൾക്കും അവരുടെ ഫ്രാഞ്ചൈസികൾക്കും ബാധകം

പ്രസിദ്ധപ്പെടുത്തുന്നത്:
**സ്റ്റാർ ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ്,**
സ്റ്റാർ ഹൗസ്, ഉറുമി എസ്റ്റേറ്റ്, 95, ഗണപത്റാവ് കദം മാർഗ്, ലോവർ പരേൽ, മുംബയ്-400 013.

### കേരള സംസ്ഥാന ഭാഗ്യക്കുറി

ഫോൺ: ഡയറക്ടർ: 0471- 2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

**പൗർണമി RN-361 നറുക്കെടുപ്പ് ഫലം 14.10.2018**
സ്ഥലം : ഗോർകിഭവൻ, ബേക്കറി ജംഗ്ഷൻ, തിരുവനന്തപുരം.

**ഒന്നാം സമ്മാനം 7,000,000/- രൂപ** RC 216063 (മലപ്പുറം)

**സമാശ്വാസ സമ്മാനം 8,000/- രൂപ**

RA 216063 RB 216063 RD 216063 RE 216063
RF 216063 RG 216063 RH 216063 RJ 216063
RK 216063 RL 216063 RM 216063

**2-ാം സമ്മാനം 5,00,000/- രൂപ** RF 380604 (ആലപ്പുഴ)

**3-ാം സമ്മാനം 2,00,000/- രൂപ** RB 777939 (പത്തനംതിട്ട)

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

**4-ാം സമ്മാനം 5000 രൂപ**

| | | | | | | | | | |
| --- | --- | --- | --- | --- | --- | --- | --- | --- | --- |
| 1630 | 1933 | 2217 | 3498 | 5602 | 6936 | 7085 | 7481 | 7963 | 9555 |

**5-ാം സമ്മാനം 2000 രൂപ**

| | | | | | | | | | |
| --- | --- | --- | --- | --- | --- | --- | --- | --- | --- |
| 2337 | 5030 | 6216 | 7053 | 8068 | 8967 | 9018 | 9359 | 9918 | |

**6-ാം സമ്മാനം 1000 രൂപ**

| | | | | | | | | | |
| --- | --- | --- | --- | --- | --- | --- | --- | --- | --- |
| 0166 | 0948 | 1229 | 1311 | 1339 | 1470 | 1493 | 2172 | 2262 | 3517 |
| 3621 | 3809 | 4337 | 4765 | 5664 | 5932 | 6304 | 6653 | 6833 | 7787 |
| 7986 | 8088 | 8170 | 8231 | 8280 | 8871 | 8998 | 9011 | 9169 | 9939 |

**7-ാം സമ്മാനം 500 രൂപ**

| | | | | | | | | | |
| --- | --- | --- | --- | --- | --- | --- | --- | --- | --- |
| 0013 | 0074 | 0098 | 1041 | 1172 | 1276 | 1688 | 2508 | 2722 | 2954 |
| 3465 | 3697 | 3883 | 3896 | 4070 | 4356 | 4392 | 4436 | 4923 | 4926 |
| 5240 | 5613 | 5706 | 5854 | 5915 | 5958 | 6271 | 6390 | 6544 | 6555 |
| 6674 | 7040 | 7098 | 7136 | 7606 | 7646 | 7660 | 7912 | 8140 | 8188 |
| 8580 | 8653 | 9192 | 9573 | 9845 | 9990 | | | | |

**8-ാം സമ്മാനം 100 രൂപ**


| | | | | | | | | | |
| --- | --- | --- | --- | --- | --- | --- | --- | --- | --- |
| 0206 | 0235 | 0273 | 0290 | 0292 | 0351 | 0425 | 0510 | 0530 | 0630 |
| 0996 | 1008 | 1040 | 1051 | 1092 | 1322 | 1340 | 1600 | 1817 | 2083 |
| 2161 | 2179 | 2187 | 2294 | 2325 | 2348 | 2451 | 2480 | 2635 | 2802 |
| 2815 | 2879 | 2897 | 2952 | 3029 | 3084 | 3298 | 3311 | 3425 | 3672 |
| 3710 | 3812 | 3813 | 4053 | 4100 | 4201 | 4357 | 4398 | 4408 | 4437 |
| 4509 | 4619 | 4849 | 5019 | 5076 | 5296 | 5412 | 5559 | 5717 | 5927 |
| 6154 | 6309 | 6314 | 6360 | 6368 | 6528 | 6690 | 6711 | 6779 | 6921 |
| 6974 | 7003 | 7006 | 7582 | 7642 | 7648 | 7679 | 7763 | 7777 | 7785 |
| 7829 | 7894 | 7966 | 8154 | 8268 | 8487 | 8514 | 8516 | 8726 | 8770 |
| 8817 | 8858 | 8874 | 8948 | 8951 | 9030 | 9184 | 9193 | 9371 | 9439 |
| 9783 | 9850 | 9986 | 9987 | | | | | | |

(ഒപ്) റ്റി.എ. പത്മകുമാർ, ഡെപ്യൂട്ടി ഡയറക്ടർ,

അടുത്ത പൗർണമി 362 നറുക്കെടുപ്പ് 21.10.2018 ന് ഗോർകി ഭവൻ, ബേക്കറി ജംഗ്ഷൻ, തിരുവനന്തപുരം.

ഗുരുമാർഗം

സൂര്യനും ചന്ദ്രനും തന്നെ രണ്ടു കണ്ണുകളായി ഭവിച്ചു നിൽക്കുന്നതും രക്തനിർമ്മിതങ്ങളായ കുണ്ഡലങ്ങളണിഞ്ഞ ചെവി രണ്ടും സ്വർണവർണ്ണമായ എള്ളിൻപൂവ് തലകുനിച്ചു വണങ്ങി ആദരവർപ്പിക്കുന്ന അങ്ങയുടെ മൂക്കും കാണാനിടവരണം.





ഒരു ജാതി ഒരു മതം ഒരു ദൈവം

മൂലം 23- 16
ഷഷ്ഠി 04 - 32
1940 ആശ്വിനം 23
1439 സഫർ 05
1194 കന്നി 29

# ദൈവത്തിന്റെ ഭാഷ



## മാനവദർശനം

മുനി നാരായണ പ്രസാദ്

ലോകത്തിലുള്ള എല്ലാ മുസ്ലിങ്ങളും അറബി ഭാഷയിലാണ് പ്രാർത്ഥന ചൊല്ലാറ്. ഖുർ -ആൻ പാരായണം ചെയ്യുന്നതും അപ്രകാരം തന്നെ. ഖുറാനിലെ ഈ വാക്കുകളെല്ലാം ദൈവത്തിൽനിന്ന് അവതരിച്ചതാണ് താനും. അപ്പോൾ ഒരു കുസൃതിചോദ്യം ഉള്ളിൽ തോന്നി. ദൈവം അറബിഭാഷ സംസാരിക്കുന്ന അറബിയായിരുന്നോ:? അറബിയാണോ?

ഭാരതീയരുടെ വേദങ്ങൾ സംസ്കൃതത്തിലാണ്. അവ അപൗരുഷേയങ്ങളുമാണ്. അതായത്, ഈശ്വരകൃതയാണ്. അപ്പോൾ ദൈവം സംസ്കൃതഭാഷ സംസാരിക്കുന്ന ആളാണോ?

അതുപോലെ യഹൂദമതത്തിലെയും ക്രിസ്തുമതത്തിലെയും ആധാരഗ്രന്ഥങ്ങൾ അനേകം പ്രവാചകന്മാർക്ക് ദൈവസന്ദേശം ലഭിച്ചതിന്റെ കഥകളാണ്. അപ്പോൾ ദൈവം ഹീബ്രു ഭാഷ സംസാരിക്കുന്ന യഹൂദനായിരുന്നോ? ഏകനായ ദൈവം ഈ ഭാഷകൾക്കെല്ലാം അതീതനായിരുന്നിരിക്കണം. ഇപ്പറഞ്ഞ ഭാഷകളെല്ലാം മനുഷ്യകൃതമാണ്. അപ്പോൾ ഏതാണ് ദൈവത്തിന്റെ ഭാഷ?

ബൈബിളിലെ യോഹന്നാന്റെ സുവിശേഷം ആരംഭിക്കുന്നത്, "ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടൊപ്പമായിരുന്നു. വചനം ദൈവമായിരുന്നു" എന്നു പറഞ്ഞുകൊണ്ടാണ്. ആ വചനമാണ് ദൈവത്തിന്റെ ഭാഷ. അത് ദൈവത്തിന്റെ ഭാഷയല്ല. ആ ഭാഷ ( വചനം) തന്നെയാണ് ദൈവം. അതിന് സമാനമായി ഭാരതീയർക്കുള്ളതാണ്. ഏകാക്ഷരമായ ഓം.

ദൈവത്തിന്റെ ഈ ഭാഷ, മനുഷ്യരുടെ ഇടയിലുള്ള പ്രവാചകന്മാർക്കും ഗുരുക്കന്മാർക്കും പകർന്നുകിട്ടുന്നത് അതത് പ്രവാചകനും ഗുരുവിനും പരിചിതമായ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയ നിലയിലാണ്. അതുകൊണ്ട് അവരിൽ ഓരോരുത്തരും ദൈവവചനം തന്റെ ചുറ്റിനുമുള്ള ജനങ്ങൾക്ക് പകർന്നു നൽകുന്നത് തനിക്കും അവർക്കും പരിചിതമായ ഭാഷയിൽ പരിഭാഷപ്പെടുത്തിയ രൂപത്തിലാണ്.

ദൈവം അപ്പോഴും മനുഷ്യരുടെ വാക്കുകൾക്കും മനസിനും പ്രാപ്യമല്ലാതെയും ഭാഷകൾക്കെല്ലാം ആദികാരണമായ ആദിമവചനമായും തുടരും. അതുകൊണ്ടാണല്ലോ ഉപനിഷത്തിൽ ദൈവത്തെപ്പറ്റി പറയുന്നത്.

*'യതോ വാചോ നിവർത്തന്തേ'*
*അപ്രാപ്യ മനസാ സഹ ' എന്ന്.*

യാതൊരിടത്തു നിന്നാണോ മനുഷ്യരുടെ വാക്ക് മനസിനോടൊപ്പം, അതിനെ എത്തിപ്പിടിക്കാനാവാതെ തോറ്റു പിൻവാങ്ങുന്നത് ആ ഇടം ആണ് ദൈവം അഥവാ ദൈവത്തിന്റെ ഭാഷ എന്നർത്ഥം.

# ലോകസമാധാനവും യുദ്ധക്കുരുക്കും



ഡോ.ജോസുകുട്ടി സി.എ



ലോകത്താകമാനം എക്കാലവും സജീവമായി ചർച്ചചെയ്യപ്പെടുന്ന വിഷയമാണ് യുദ്ധവും സമാധാനവും. രണ്ടാംലോക മഹായുദ്ധത്തിന് ശേഷം അതിന് സമാനമായ വ്യാപ്തിയിൽ യുദ്ധമുണ്ടായിട്ടില്ലെങ്കിലും ലോകം ഒരിക്കലും യുദ്ധഭീഷണിയിൽ നിന്ന് മുക്തമല്ല. സംഘർഷഭരിതമായിക്കൊണ്ടിരിക്കുകയുമാണ്.

## സമാധാന സൂചിക

ലോകസമാധാന സൂചിക 2018 പ്രകാരം ഏഴ് വർഷമായി ലോകത്ത് യുദ്ധസമാനമായ സംഘർഷം വർദ്ധിക്കുകയാണ്. 2008 ന് ശേഷം സമാധാന തോത് 2.38 താഴേക്ക് പോയി. 163 രാജ്യങ്ങളിൽ നടത്തിയ പഠനപ്രകാരം 92 രാജ്യങ്ങളിൽ സമാധാന അവസ്ഥ മോശമായപ്പോൾ 71 രാജ്യങ്ങളിൽ ഇത് നേരിയ തോതിൽ വർദ്ധിച്ചു. സിറിയ, അഫ്ഗാനിസ്ഥാൻ, തെക്കൻ സുഡാൻ, ഇറാക്ക്, സോമാലിയ തുടങ്ങിയ പ്രദേശങ്ങളാണ് ഏറ്റവും സമാധാനരഹിതമായിട്ടുള്ളത്. രണ്ടാംലോക മഹായുദ്ധത്തിന് ശേഷം സമാധാനഭൂമിയായ യൂറോപ്പ് ഇന്ന് സംഘർഷഭരിതമാണ്.

ഐസ്‌ലാൻഡ്, ഓസ്ട്രിയ, ന്യൂസിലാൻഡ് തുടങ്ങിയ രാജ്യങ്ങളാണ് സമാധാനത്തിൽ ഏറ്റവും മുന്നിൽ. ഇന്ത്യയ്ക്ക് 137 -ാം സ്ഥാനമാണുള്ളത്. സംഘർഷങ്ങളുടെ ഫലമായി കടുത്ത സാമ്പത്തിക നഷ്ടമാണ് ലോകത്ത് സംഭവിക്കുന്നത്. വാങ്ങൽ ശേഷിയുടെ അടിസ്ഥാനത്തിൽ, ലോകവരുമാനത്തിന്റെ 12 ശതമാനത്തിലധികം സംഘർഷം മൂലം നഷ്ടപ്പെടുന്നു. ആളോഹരി വരുമാനത്തിൽ ഒരു വർഷം ഒരാളുടെ നഷ്ടം 1, 30000 രൂപയും. വടക്കേ ആഫ്രിക്ക - പശ്ചിമേഷ്യ ഉൾപ്പെടുന്ന പ്രദേശത്താണ് സംഘർഷം ഏറ്റവും സാമ്പത്തിക നഷ്ടമുണ്ടാക്കിയിട്ടുള്ളത്.

## മാറുന്ന ലോകക്രമം

നിലവിലിരിക്കുന്ന ലോകക്രമം രണ്ടാംലോക മഹായുദ്ധത്തിന് ശേഷം അമേരിക്കൻ നേതൃത്വത്തിൽ സ്ഥാപിതമായിട്ടുള്ളതാണ്. ഐക്യരാഷ്ട്രസഭ, ലോകവ്യാപാര സംഘടന, അന്താരാഷ്ട്ര നാണ്യനിധി തുടങ്ങിയ സംവിധാനങ്ങൾക്കെല്ലാം പാശ്ചാത്യ രാജ്യങ്ങളാണ് ഘടനാപരവും ആശയപരവുമായ നേതൃത്വം നൽകുന്നത്. ചൈന, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളുടെ ഉയർച്ചയോടു കൂടി ഈ ലോകക്രമം മാറ്റത്തിന് വിധേയമാകേണ്ട സാഹചര്യം സംജാതമായിരിക്കുകയാണ്.

ചൈന ഇന്ന് ലോകത്തിലെ ഒന്നാമത്തെ സാമ്പത്തിക ശക്തിയും ( വാങ്ങൽശേഷിയിൽ ) പ്രധാനപ്പെട്ട സൈനിക സാന്നിദ്ധ്യവുമാണ്. 20 ൽപരം സുപ്രധാന സാമ്പത്തിക സൂചികകളിൽ അമേരിക്കയെക്കാൾ മുന്നിലാണവർ. ബ്രിട്ടനുമായി താരതമ്യപ്പെടുത്തുമ്പോൾ 1870 കളിൽ അമേരിക്കയ്ക്ക് ഉണ്ടായിരുന്ന സ്ഥാനമാണ് ഇന്ന് ചൈനയ്ക്ക് ഉള്ളത്. അന്ന് അമേരിക്ക ഒന്നാം സാമ്പത്തിക ശക്തിയും ഉയർന്നുവരുന്ന സൈനിക ശക്തിയുമായിരുന്നു. അമേരിക്കയുടെ സാമ്പത്തികശേഷി, സൈനിക ശക്തിയായി മാറുന്നത് ഒന്നും രണ്ടും ലോകമഹായുദ്ധ സമയത്താണ്. രണ്ടാം ലോക മഹായുദ്ധത്തിന്റെ അവസാനത്തോടുകൂടി അമേരിക്ക ലോകത്തിലെ ഒന്നാമത്തെ സാമ്പത്തിക സൈനിക രാഷ്ട്രീയ ശക്തിയായി മാറി. അന്ന് അമേരിക്ക ബ്രിട്ടനെ പിന്തള്ളി ഒന്നാം നമ്പർ വൻശക്തിയായതു പോലെ ഇന്ന് അമേരിക്കയെ മറികടക്കാൻ ചൈന കാത്തിരിക്കുകയാണ്. ലോകസമാധാനത്തിന് വിഘ്നം വരുത്താനിടയുള്ള പ്രശ്നമാണിത്.

## യുദ്ധക്കുരുക്ക്

പ്രശസ്ത അന്താരാഷ്ടകാര്യ വിദഗ്ദ്ധനായ ഗ്രഹാം ആലിസന്റെ പഠനപ്രകാരം രണ്ടാംശക്തിയായ രാജ്യം ( ചൈന ) ഒന്നാംശക്തിയെ (അമേരിക്ക ) മറികടക്കുമ്പോൾ യുദ്ധസാദ്ധ്യതയുണ്ട്. അതായത് ഒരു പുതിയ ലോകക്രമം സ്ഥാപിതമാകുന്നത് യുദ്ധത്തിലൂടെയാകാനാണ് സാദ്ധ്യത. ' ത്യൂസിഡൈഡ്സ് ട്രാപ്പ്' എന്നാണ് അദ്ദേഹം ഈ യുദ്ധസാദ്ധ്യതയെ വിളിക്കുന്നത്. ബി.സി അഞ്ചാംനൂറ്റാണ്ടിൽ ഏതൻസിൽ ജീവിച്ചിരുന്ന ചരിത്രകാരനാണ് ത്യൂസിഡൈഡ്സ്. ' പെലോപെനേഷ്യൻ വാർ' എന്ന ഗ്രന്ഥത്തിൽ ഏതൻസും സ്പാർട്ടയും തമ്മിലുണ്ടായ യുദ്ധത്തിന്റെ കാരണമായി പറയുന്നത് ഏതൻസിന്റെ വളർച്ച സ്പാർട്ടയിൽ സൃഷ്ടിച്ച ഭയവും ആശങ്കയുമാണ്. 27 വർഷം നീണ്ടുനിന്ന യുദ്ധമായിരുന്നു ഈ ആശങ്കയുടെ ഫലം.

ചൈനയുടെ വളർച്ച അമേരിക്കയിൽ ഭയവും ആശങ്കയും സൃഷ്ടിക്കുന്നു. പ്രധാന ചോദ്യം സമാധാനപരമായ മാർഗങ്ങളിലൂടെ ലോകത്തെ ഒന്നാം നമ്പർ ശക്തിയാകാൻ ചൈനയെ അമേരിക്ക അനുവദിക്കുമോ എന്നതാണ്. അതിന് തയാറല്ലെന്ന സൂചനയാണ് അമേരിക്കയിൽ നിന്ന് ലഭിക്കുന്നത്. അർഹമായ സ്ഥാനം നേടിയെടുക്കാനുള്ള പരിശ്രമമാണ് ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക്, ബ്രിക്സ് ഡെവലപ്മെന്റ് ബാങ്ക്, ബെൽറ്റ് ആൻഡ് റോഡ് തുടങ്ങിയ പദ്ധതികളിലൂടെ ചൈനയുടെ ലക്ഷ്യം. ചൈനയുടെ മുന്നേറ്റത്തെ പിടിച്ചുകെട്ടാൻ അമേരിക്ക പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. ഏഷ്യാ - പസഫിക് മേഖല കേന്ദ്രീകരിച്ച് രൂപീകരിച്ചിട്ടുള്ള ചതുർരാഷ്ട്ര സഖ്യത്തിന്റെ ലക്ഷ്യം മറ്റൊന്നല്ല.

ഗ്രഹാം ആലിസന്റെ പഠനം കാണിക്കുന്നത് കഴിഞ്ഞ 500 വർഷങ്ങൾക്കുള്ളിൽ ഉയർന്നു വന്നിട്ടുള്ള പുതുശക്തികൾ ഒന്നാം നമ്പർ ശക്തിയെ മറികടക്കാൻ ശ്രമിച്ച 16 സാഹചര്യങ്ങളിൽ 12 ലും യുദ്ധത്തിലൂടെയാണ് അത് സാധിച്ചത് എന്നതാണ്. ഈ കാലയളവിൽ റഷ്യ, ജപ്പാൻ, ജർമ്മനി, ഫ്രാൻസ്, ഇംഗ്ലണ്ട്, തുടങ്ങിയവരൊക്കെ യുദ്ധത്തിലൂടെയാണ് തങ്ങളുടെ കിടമത്സരത്തിന് പരിഹാരം കണ്ടത്. എന്നാൽ അമേരിക്ക ബ്രിട്ടനെ മറികടന്നത് അവർക്കെതിരെ യുദ്ധം ചെയ്യാതെയാണ്. എന്നാൽ ചൈന നേതൃത്വം നൽകുന്ന ലോകക്രമം രൂപപ്പെടുന്നത് ഒരു യുദ്ധത്തിലൂടെ ആയിരിക്കുമെന്നതാണ് ലോകസമാധാനം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി.

ഇന്ന് ലോകത്ത് നിലവിലിരിക്കുന്ന മിക്കവാറും സംഘർഷങ്ങളിൽ അമേരിക്കയും ചൈനയും വിരുദ്ധ ചേരികളിൽ അണിനിരക്കുന്നത് കാണാം. പശ്ചിമേഷ്യയിലെ ഇസ്രായേൽ പാലസ്തീൻ പ്രശ്നത്തിലും അമേരിക്ക ഇറാനുമേൽ പുതുതായി ഏർപ്പെടുത്തിയിരിക്കുന്ന ഉപരോധത്തിലും, സിറിയയിലെ ചേരി തിരിഞ്ഞുള്ള പോരാട്ടത്തിലും ചൈനയ്ക്ക് അമേരിക്കയിൽ നിന്ന് വ്യത്യസ്തമായ നിലപാടാണുള്ളത്. വടക്കൻ കൊറിയയിലെ സംഘർഷത്തിലും , എന്തിനേറെ പറയുന്നു, ഇന്ത്യ - പാക് വൈര്യത്തിലും വൻശക്തികളുടെ വിയോജിപ്പ് പ്രകടമാണ്.

അമേരിക്ക കഴിഞ്ഞാൽ , സൈനിക ആവശ്യങ്ങൾക്ക് ഏറ്റവും കൂടുതൽ പണം ചെലവഴിക്കുന്ന രാജ്യമാണ് ചൈന. ചൈനയുടെ ബെൽറ്റ് ആൻഡ് റോഡ് പദ്ധതിയെ രണ്ടാംലോക മഹായുദ്ധത്തിന് ശേഷം യൂറോപ്പിന്റെ പുനർനിർമാണത്തിനായി അമേരിക്ക നടപ്പിലാക്കിയ മാർഷൽ പ്ലാനുമായാണ് താരതമ്യപ്പെടുത്തുന്നത്. മാർഷൽ പ്ലാൻ എപ്രകാരമാണോ അമേരിക്കയ്ക്ക് യൂറോപ്പിലും ലോകത്തിലും സ്വാധീനമുണ്ടാക്കി കൊടുത്തത്, അപ്രകാരം ചൈനയ്ക്ക് സ്വാധീനമുണ്ടാക്കുകയാണ് ബെൽറ്റ് ആൻഡ് റോഡ് പദ്ധതിയുടെ ലക്ഷ്യം. സൈനികമായ ലക്ഷ്യങ്ങളും താത്പര്യങ്ങളും ഈ പദ്ധതിയിൽ ചൈനയ്ക്ക് ഉണ്ടെന്ന കാര്യത്തിൽ സംശയമില്ല. സാമ്പത്തിക വളർച്ച തടയാതെ ചൈനയെ പിടിച്ചുകെട്ടാൻ സാധിക്കില്ലെന്ന് അമേരിക്കയ്ക്ക് അറിയാം. ചൈനയെ സാമ്പത്തികമായി തകർക്കാനാണ് യുക്തിരഹിതമായ നികുതികളുമായി അമേരിക്ക ചൈനയ്ക്ക് എതിരെ രംഗത്ത് വന്നിട്ടുള്ളത്. ഈ നടപടികൾ പരിധി വിടുമ്പോഴാണ് യുദ്ധത്തിലേക്ക് വഴുതി വീഴുന്നത്.

**സൈനികമായ ലക്ഷ്യങ്ങളും താത്പര്യങ്ങളും ഈ പദ്ധതിയിൽ ചൈനയ്ക്ക് ഉണ്ടെന്ന കാര്യത്തിൽ സംശയമില്ല. സാമ്പത്തിക വളർച്ച തടയാതെ ചൈനയെ പിടിച്ചുകെട്ടാൻ സാധിക്കില്ലെന്ന് അമേരിക്കയ്ക്ക് അറിയാം. ചൈനയെ സാമ്പത്തികമായി തകർക്കാനാണ് യുക്തിരഹിതമായ നികുതികളുമായി അമേരിക്ക ചൈനയ്ക്ക് എതിരെ രംഗത്ത് വന്നിട്ടുള്ളത്**

*(ലേഖകൻ കേരള സർവകലാശാല പൊളിറ്റിക്കൽ സയൻസ് വിഭാഗം അദ്ധ്യാപകനാണ്. ഫോൺ: 9447145381)*

# സഹകരണമേഖലയിൽ കേരള ബാങ്ക് നിലവിൽ വരുമ്പോൾ



ഡോ.എം.ശാർങ്ഗധരൻ

സംസ്ഥാനത്തിന്റെ ചിരകാലാഭിലാഷമായ കേരള ബാങ്കിനുള്ള അനുവാദം വ്യവസ്ഥകൾക്ക് വിധേയമായി റിസർവ് ബാങ്ക് നൽകിയിരിക്കുന്നു. സംസ്ഥാന സർക്കാരിന് മേൽക്കൈ ഉള്ള ഒരു ബാങ്ക് നമ്മുടെ സമ്പദ് വ്യവസ്ഥയിൽ പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. സ്റ്റേറ്റ് ബാങ്ക് ഒഫ് ട്രാവൻകൂർ സ്റ്റേറ്റ് ബാങ്ക് ഒഫ് ഇന്ത്യയിൽ ലയിച്ചതോടെ ഈ ആവശ്യത്തിന്റെ പ്രസക്തി പതിന്മടങ്ങ് വർദ്ധിച്ചു.

ബാങ്കിംഗ് ഏറെ വികസനം നേടിയിട്ടുള്ള സംസ്ഥാനമാണ് കേരളം. വ്യത്യസ്ത ദേശീയ, അന്തർദ്ദേശീയ, പ്രാദേശിക ബാങ്കുകളുടെ ശാഖകൾ സംസ്ഥാനത്ത് ഉടനീളം പ്രവർത്തിക്കുന്നുണ്ട്. പ്രൊഫഷണലിസം , ശാസ്ത്രസാങ്കേതിക രംഗങ്ങളിലെ അഭൂതപൂർവമായ വികാസം എന്നിവയിൽ മറ്റ് ബാങ്കുകളെ അപേക്ഷിച്ച് പരിമിതിയുണ്ടെങ്കിലും സംസ്ഥാന സഹകരണബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ പ്രാഥമിക സഹകരണസംഘങ്ങൾ/ ബാങ്കുകൾ എന്നിവ ഉൾക്കൊള്ളുന്ന സഹകരണ ബാങ്കിംഗ് മേഖല സംസ്ഥാനത്തെ ശക്തമായ സാന്നിദ്ധ്യമാണ്. ഇടത്തരം ചെറുകിട വരുമാനക്കാരുടെ വിശ്വാസ്യത ആർജ്ജിക്കാനായതും വികേന്ദ്രീകരണസ്വഭാവവും പ്രാദേശിക താത്പര്യസംരക്ഷണവുമാണ് സഹകരണ ബാങ്കുകളുടെ വിജയത്തിന് കാരണം .

കാർഷിക വായ്പ അനുവദിക്കുന്നതിനുള്ള സംരംഭങ്ങൾ രൂപീകരിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇന്ത്യയിൽ സഹകരണ സംഘങ്ങൾ രൂപീകൃതമായത്. അതേസമയം, മുതലാളിത്ത വ്യവസ്ഥയുടെ സ്വഭാവദൂഷ്യങ്ങളും മധ്യവർത്തികളെയും ഒഴിവാക്കി സംരംഭത്തിന്റെ നേട്ടങ്ങൾ സന്തുലിതമായി വിതരണം ചെയ്യുന്നതും സഹകരണാശയത്തിന്റെ ലക്ഷ്യമായിരുന്നു. ഈ ലക്ഷ്യം നേടുന്നതിന് തൊഴിലാളി വർഗാധിപത്യം സമ്പദ് വ്യവസ്ഥയിൽ നടപ്പിൽ വരുത്തണമെന്ന മാർക്സിയൻ ആശയത്തിന്റെ പിൻബലത്തിൽ സോവിയറ്റ് യൂണിയനിൽ നടപ്പിലാക്കിയ സഹകരണാശയത്തിന് ചുവടുപിടിച്ചാണ് കേരളത്തിൽ സഹകരണാശയം പ്രയോഗത്തിൽ എത്തിയത്.

സഹകരണാശയം കേരളീയരുടെ രക്തത്തിൽ അലിഞ്ഞു ചേരുന്നതിന് പ്രേരകമായത് നവോത്ഥാനനായകരുടെ ഉപദേശം ഉൾക്കൊണ്ട് തിരുവിതാംകൂറിലെ ജനങ്ങൾ കാട്ടിയ താത്പര്യമാണ്. 'സംഘടനകൊണ്ട് ശക്തരാകുക, വ്യവസായം ചെയ്ത് ധനാഭിവൃദ്ധി നേടുക എന്ന ശ്രീനാരായണഗുരുവിന്റെ ഉദ്ബോധനം ഇതിൽ വൻപ്രാധാന്യം ഉള്ളതുമായിരുന്നു.

ഗുരുവിന്റെ ആഹ്വാനം മുൻനിറുത്തി പ്രമുഖ ശിഷ്യരായ ടി.കെ. മാധവനും സഹോദരൻ അയ്യപ്പനും സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് മുൻകൈയെടുത്തു. തുടർന്ന്, മഹാത്മാ അയ്യങ്കാളി, മന്നത്ത് പത്മനാഭൻ തുടങ്ങിയ ഇതര സമുദായ നേതാക്കളും ഇതേ പാത പിന്തുടർന്ന് പരസ്പര സഹായസംഘങ്ങൾ രൂപീകരിക്കാൻ തുടങ്ങി. ചുരുങ്ങിയ കാലംകൊണ്ട് 715 പരസ്പര സഹായ സഹകരണ സംഘങ്ങളാണ് തിരുവിതാംകൂറിൽ രൂപീകൃതമായത്. ജാതി അടിസ്ഥാനത്തിൽ രൂപീകൃതമായ ഈ സംരംഭങ്ങൾ സമൂഹത്തിൽ വായ്പാ-നിക്ഷേപക രംഗങ്ങളിൽ വൻപ്രഭാവം ഉണ്ടാക്കി. ഈ സംഘങ്ങൾ സംയോജിപ്പിച്ച് എല്ലാ വിഭാഗങ്ങളിലും പെട്ടവർക്ക് അംഗത്വം നൽകി സഹകരണ പ്രസ്ഥാനം വിജയിപ്പിക്കണമെന്ന ഒരു വിദഗ്ദ്ധസമിതിയുടെ നിർദ്ദേശം (1934) പരക്കെ സ്വാഗതം ചെയ്യപ്പെട്ടു. ദേശീയബോധം വളർത്തുന്നതിനു ജാതി ചിന്തകൾക്ക് അതീതമായി കൂട്ടായ്മയോടെ പ്രവർത്തിക്കുന്നതിനും ഇത് ഉപകരിച്ചു.

ഇക്കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചത്, സഹകരണ മേഖലയിലുള്ള 14 ജില്ലാതല ബാങ്കുകൾ സംസ്ഥാനസഹകരണ ബാങ്കുകളുമായി സംയോജിപ്പിച്ച് ഒരുവൻകിട ബാങ്കിന് രൂപം കൊടുക്കുമ്പോൾ സഹകരണാശയത്തിന് മൂല്യച്യുതി ഉണ്ടാകുമോ എന്ന ഭയം ഉള്ളതുകൊണ്ടാണ്. ഇതിനകം തന്നെ കോടിക്കണക്കിന് രൂപയുടെ സഞ്ചിതനഷ്ടം ഉള്ള സംസ്ഥാന സഹകരണ ബാങ്കും ചുരുക്കം ചില ജില്ലാ സഹകരണ ബാങ്കുകളുമൊഴിച്ചാൽ, മാന്യമായ പ്രവർത്തനഫലവും മികവും ഉള്ള ജില്ലാസഹകരണബാങ്കുകളും ലയിക്കുമ്പോൾ സാമ്പത്തിക ഭദ്രതയ്ക്ക് തുടക്കത്തിൽ തന്നെ ഹാനി സംഭവിക്കില്ലേ? സംസ്ഥാന ഖജനാവിൽ നിന്ന് 500 കോടിരൂപ നഷ്ടം നികത്തുന്നതിനുവേണ്ടി വിനിയോഗിക്കുമ്പോൾ സഹകരണ ബാങ്കിംഗിന്റെ വികേന്ദ്രീകരണസ്വഭാവത്തിൽ വരുന്ന കാതലായ മാറ്റം അനുകൂലമാക്കി മാറ്റാനാകുമോ?




**ബാങ്ക് എന്ന പദം ഉപയോഗിച്ച് കേരളത്തിൽ പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യാനാവില്ല എന്ന റിസർവ് ബാങ്കിന്റെ നിർദ്ദേശവും സഹകരണ ബാങ്കിംഗിന് പ്രതിസന്ധി ഉണ്ടാക്കും**

സ്ഥിരം നിയമനം ലഭിച്ച ബിൽ കളക്ടർമാരും ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരും ഉൾപ്പെടെ താഴെതട്ടുമുതൽ മേൽത്തട്ടുവരെയുള്ള ഇപ്പോഴത്തെ ഉദ്യോഗസ്ഥർക്ക് ഓരോതസ്തികയിലുമുള്ള ഉത്തരവാദിത്വം എന്തെന്നും അവർ അതിനുള്ള അക്കാഡമിക് യോഗ്യതയും മാനേജ്മെന്റ് പരിചയവും ഉള്ളവരാണോ എന്നൊക്കെ ഉറപ്പുവരുത്തുക ക്ഷിപ്രസാദ്ധ്യമല്ല. കേരള സഹകരണ നിയമവും ചട്ടവും സമ്പൂർണമായും ലയനശേഷവും പാലിക്കണമെന്ന റിസർവ് ബാങ്കിന്റെ നിർദ്ദേശം മേൽവിവരിച്ച സഹകരണ ആശയങ്ങൾക്ക് യോജിച്ച രീതിയിൽ നടപ്പിൽ വരുത്താനാവില്ല. രാഷ്ട്രീയാതിപ്രസരമുള്ള ജില്ലാസഹകരണ ബാങ്കുകളിലെ ജനറൽ ബോഡിയിൽ ലയന പദ്ധതി മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ പാസാക്കാൻ കഴിഞ്ഞാൽ അത് തികച്ചും അതിശയകരമായിരിക്കും. ഒരു ഓർഡിനൻസിലൂടെ ഇതിന് പരിഹാരം ഉണ്ടാക്കാം എന്ന് സർക്കാർ കരുതുന്നുവെങ്കിലും നിരവധി നിയമപ്രശ്നങ്ങൾ ഇത് സംബന്ധിച്ച് ഉണ്ടായി എന്നും വരാം. ബാങ്ക് എന്ന പദം ഉപയോഗിച്ച് കേരളത്തിൽ പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യാനാവില്ല എന്ന റിസർവ് ബാങ്കിന്റെ നിർദ്ദേശവും സഹകരണ ബാങ്കിംഗിന് പ്രതിസന്ധി ഉണ്ടാക്കും.

ചുരുക്കത്തിൽ സഹകരണ മേഖലയിൽ നിന്നുമാറി, സർക്കാർ സംരംഭമായി കേരള ബാങ്ക് എന്ന വാണിജ്യ ബാങ്ക് രൂപീകരിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുന്നതാകും ഉചിതം.



## ഗുരുസാഗരം

# ബ്രഹ്മശക്തി പ്രകടമാകുന്നത് പർവതത്തെക്കാൾ പഴത്തിലാണ്

സജീവ്കൃഷ്ണൻ

ദർശനമാലയുടെ മൂന്നാംപദ്യം വിചാരംചെയ്യാൻ ഇരുന്നപ്പോൾ ഭഗവാൻ ഒരു ചോദ്യം ഉന്നയിച്ചു: 'കപിലവസ്തുവിലെ സിദ്ധാർത്ഥന്റെ ജീവിതം മാറ്റിമറിച്ച കാഴ്ചകൾ ഏതൊക്കെയാണ്?
'രോഗി, വൃദ്ധൻ, ശവശരീരം.'
'അല്ല ഒന്നുകൂടിയുണ്ട്. നന്നായി ഓർത്തുപറയൂ...'

ശ്രീബുദ്ധചരിതത്തിൽ മനസുകൊണ്ട് പരതിയിട്ടും അതേതെന്ന് പിടികിട്ടിയില്ല. ഒടുവിൽ ഭഗവാൻ തന്നെ ഉത്തരം മൊഴിഞ്ഞു: 'രാഹുലനെയല്ലേ സിദ്ധാർത്ഥൻ അവസാനമായി ഒന്നു തിരിഞ്ഞു നോക്കിയത് ? ' ശരിയാണ് കൊട്ടാരം വിട്ടിറങ്ങിയ ആ രാത്രിയിൽ കുഞ്ഞുരാഹുലൻ ആണ് സിദ്ധാർത്ഥന്റെ അവസാനനോട്ടം അപഹരിച്ചത്. ഭക്തന് കാര്യം പിടികിട്ടിയതിൽ ഭഗവാൻ സന്തുഷ്ടനായി. മൂന്നാമത്തെ പദ്യം ആ വഴിക്ക് അന്വേഷിച്ചാൽ വ്യക്തമാകും എന്ന് മൊഴിഞ്ഞ് ഭഗവാൻ മൗനത്തിലമർന്നു. ഭഗവത്പാദം വണങ്ങി അന്വേഷണം ആരംഭിച്ചു.

രോഗിയും വൃദ്ധനും ശവശരീരവും മനുഷ്യാവസ്ഥയുടെ മൂന്നുവിവിധ ഘട്ടങ്ങളാണ്. അത് പൂർത്തിയാകണമെങ്കിൽ ശൈശവംകൂടി വേണം. അതാണ് രാഹുലൻ. ആദ്യം കണ്ട മൂന്ന് ശരീരാവസ്ഥകളാണ് ജീവിതത്തിന്റെ നശ്വരതയെക്കുറിച്ചും ദുഃഖം എന്ന ഒഴിവാക്കാനാവാത്ത ജീവിതഘടകത്തെക്കുറിച്ചും സിദ്ധാർത്ഥനെ ചിന്തിപ്പിച്ചതെങ്കിൽ തൊട്ടിലിൽക്കിടന്ന് ഇങ്കു ചോദിച്ചു കരയുന്ന രാഹുലനെ കണ്ടപ്പോൾ ജീവിതം ഒരു തുടർച്ചയാണെന്ന് ബോദ്ധ്യമായി. അങ്ങനെയെങ്കിൽ ഈ ജനിമൃതി ചക്രത്തിൽ ജനിച്ചും മരിച്ചും കറങ്ങുകവയ്യ എന്ന നിശ്ചയം ഉള്ളിലുദിച്ചു. അതാണ് കൊട്ടാരം വിട്ട് ജീവന്റെ ശരിയായ അർത്ഥം കണ്ടെത്താൻ ഇറങ്ങിയത്.

ജനിച്ചാൽ മരിക്കും എന്നത് മാത്രമല്ല യാഥാർത്ഥ്യം. ജനിച്ചാൽ വളരും പെറ്റുപെരുകും പരിണമിക്കും ക്ഷയിക്കും നശിക്കും. ഇങ്ങനെ ആറ് അവസ്ഥകളിലൂടെ കടന്നുപോകും. ഈ അവസ്ഥകൾ എങ്ങനെ സംഭവിക്കുന്നു? എന്താണ് ഈ പരിണമിക്കലിന്റെ പ്രേരണാശക്തി ? എന്താണ് അതിന്റെ ഉദ്ദേശ്യം? ഈ ചോദ്യങ്ങൾക്ക് ഉത്തരം തേടലാണ് ജീവിതപ്പൊരുൾ അറിയാനുള്ള മാർഗം.

**ഉല്പത്തി എന്നു പറഞ്ഞാൽ മറഞ്ഞിരുന്നിട്ട് ഉദിച്ചുവരുന്ന അവസ്ഥയാണ്**

ഒരു വിത്തിൽനിന്ന് വൃക്ഷം മുളപൊട്ടിമുളയ്ക്കുന്നത് കണ്ടിട്ടില്ലേ? കൂപ്പിയ കൈകൾപോലെ രണ്ട് ഇലക്കുമ്പുകൾ ആദ്യം ലോകത്തേക്ക് വരും. വാത്സല്യത്തോടെ ലോകം ആ പൊടിപ്പിനെ നോക്കും. പിന്നെ അവൻ കൂപ്പുകൈവിടർത്തി കാറ്റിലാടി വിലസി നിൽക്കും. തണ്ട് ഒന്നുറച്ചാൽ അടുത്ത കുമ്പുവന്ന് ലോകത്തെ വണങ്ങും. അങ്ങനെ വണങ്ങിയും വിരിഞ്ഞും അവൻ പടരും. കൂടുതൽ കട്ടിയുള്ള പുറന്തോടുവരും. പൂമൊട്ടിടും. പൂമൊട്ടും കൂപ്പുകൈപോലെയാണ് ലോകത്തേക്ക് വരുന്നത്. പിന്നെ ഏകമായ സ്വരൂപത്തിലിരിക്കുന്ന ആ മൊട്ട് ആയിരം ഇതളുകളായി വിരിയും. അതിൽ വീണ്ടും അവന്റെ വംശത്തിന്റെ വിത്തുകൾ ഉണ്ടാകും. അങ്ങനെ ഒരു വിത്ത് വിരിഞ്ഞുണ്ടാകുന്ന വൃക്ഷം എന്ന അദ്ഭുതം ഒരായിരം വിത്തുകളായി മാറും. ഇതുപോലെയാണ് ജീവജാലങ്ങളെല്ലാം തന്നെ. മറഞ്ഞിരുന്നിട്ട് വെളിപ്പെടുന്നതാണ് ഈ പ്രപഞ്ചം എന്ന വേദാന്തപാഠമാണ് ഈ ജീവിതദശകൾ നമ്മെ പഠിപ്പിക്കുന്നത്. മറഞ്ഞിരിക്കുന്ന പ്രേരണയെ വാസനയെന്നും അത് പ്രകടമാകുന്നതിനെ സങ്കല്പമെന്നുമാണ് വിളിക്കുന്നത്. ആ മറഞ്ഞിരിപ്പിന്റെ കാരണം അന്വേഷിച്ചാൽ പ്രപഞ്ചരഹസ്യം നമുക്ക് അറിയാൻ സാധിക്കും. ഇത് രഹസ്യമാണെന്നു പറയുമ്പോൾ തന്നെ പരസ്യമാണ് താനും. ഇവിടെ നടക്കുന്ന എല്ലാ ചലനങ്ങളിലും പ്രപഞ്ചത്തിന്റെ സൃഷ്ടിരഹസ്യമുണ്ട്. അതുപക്ഷേ, നിരീക്ഷിച്ചറിയാനുള്ള വെളിച്ചം ബുദ്ധിക്കു വേണമെന്നുമാത്രം. ആ വെളിച്ചം നേടിയെടുക്കുന്നതാണ് വിദ്യാഭ്യാസം. അപ്പോൾ വിദ്യാഭ്യാസം ഒരു അദ്ധ്യാത്മ പ്രക്രിയയാണ്. അതൊരു ഭൗതികാന്വേഷണമല്ല. ദർശനമാലയിലൂടെ ഗുരു നൽകുന്ന വിദ്യാഭ്യാസം സ്ഥൂലത്തെ അറിഞ്ഞാൽ സൂക്ഷ്മത്തിലെത്താം എന്നതും സൂക്ഷ്മത്തെ അറിഞ്ഞാൽ അത് സ്ഥൂലമായി മാറുന്നതിന്റെ കാരണം അറിയാം എന്നതുമാണ്. ഇതാ മൂന്നാം പദ്യം വായിച്ചു നോക്കൂ:

*'പ്രാഗുത്പത്തേരിദം സ്വസ്മിൻ*
*വിലീനമഥ വൈ സ്വതഃ*
*ബീജാദങ്കുരവത് സ്വസ്യ*
*ശക്തിരേവാസൃജത് സ്വയം'*

ഈ പ്രപഞ്ചം ഇങ്ങനെ വിസ്തൃതമായി ദൃശ്യമാകുന്നതിന് മുമ്പേ അതിന്റെ സത്തയായ ബ്രഹ്മത്തിൽ വിത്തിനുള്ളിൽ വൃക്ഷമെന്നതുപോലെ വിലീനമായി ഇരിക്കുകയായിരുന്നു. ആ സമയം ബ്രഹ്മവും പ്രപഞ്ചവും രണ്ടല്ലായിരുന്നു. അനന്തരം വിത്ത് പൊടിച്ച് വൃക്ഷമായതുപോലെ ബ്രഹ്മശക്തിയുടെ പ്രേരണയാൽ വെളിപ്പെട്ട് വന്നതാണ് ഇക്കാണുന്നതെല്ലാം. അതുകൊണ്ടാണ് പ്രപഞ്ചസൃഷ്ടിയെ ഉല്പത്തി എന്നുവിളിക്കുന്നത്. ഉല്പത്തി എന്നുപറഞ്ഞാൽ മറഞ്ഞിരുന്നിട്ട് ഉദിച്ചുവരുന്ന അവസ്ഥയാണ്. അപ്പോൾ ഇല്ലാത്തത് ഉണ്ടാകുന്നതല്ല സൃഷ്ടി എന്നുപറയുന്നത്. മറഞ്ഞിരുന്നിട്ട് പ്രത്യക്ഷമാകുന്നതിനെയാണ്. ഇല്ലാത്തത് ഉണ്ടാക്കാൻ ആർക്കും സാധിക്കില്ല. ഉള്ളതിൽനിന്ന് വെളിപ്പെടുത്തുന്നതാണ് ശക്തിയുടെ പ്രഭാവമെന്നു പറയുന്നത്. മറഞ്ഞിരിക്കുന്നതിനെ ശക്തിയാണ് വെളിപ്പെടുത്തുന്നത് എന്നതിന് എന്താണ് തെളിവ്?

ഐസിൽ മറഞ്ഞിരിക്കുന്ന വെള്ളത്തെ വെളിപ്പെടുത്തുന്നത് ചൂട് എന്ന ശക്തിയാണ്. വെള്ളത്തിൽ മറഞ്ഞിരിക്കുന്ന നീരാവിയെ വെളിപ്പെടുത്തുന്നതും ചൂട് എന്ന ഊർജശക്തിയാണ്. മുളയിൽ മുളക്കരുത്തുണ്ടെങ്കിൽ വൃക്ഷം പെട്ടെന്ന് വളരും. മുളക്കരുത്ത് കുറഞ്ഞാൽ വളർച്ചാനിരക്കും കുറയും. വളർച്ചാനിരക്ക് കൂടുന്നത് ശക്തി തടസമില്ലാതെ സ്പന്ദിക്കുമ്പോഴാണ്. ബ്രഹ്മശക്തി പ്രപഞ്ചത്തിൽ എല്ലാറ്റിലും നിറഞ്ഞിരിപ്പുണ്ട്. എന്നാൽ അതുപയോഗിച്ച് ചലിക്കുന്ന ജീവികളിൽ പലതും പല അളവിലാണ് ശക്തി പ്രകടിപ്പിക്കുന്നത്. മനുഷ്യർക്കിടയിൽ തന്നെ ശക്തി കൂടുതലുള്ളവരും ശക്തി കുറഞ്ഞവരുമുണ്ട്. എന്നാൽ ശക്തിയില്ലാത്തവർ ആരുംതന്നെ ഇല്ല. പ്രകടഭാവത്തിൽ വ്യത്യാസമുണ്ടാകുമെന്നുമാത്രം. അത് വസ്തുവിന്റെ ദ്രവ്യസ്വഭാവത്തിലെ കെട്ടുറപ്പിനെ ആശ്രയിച്ചാണ് വ്യത്യാസപ്പെടുന്നത്. ഒരു പഴം എടുത്ത് ഒരാളെ തല്ലുന്നതും വടിയെടുത്തുതല്ലുന്നതും ഉണ്ടാക്കുന്ന ആഘാതം വ്യത്യസ്തമായിരിക്കും. എന്നുവച്ചാൽ പഴത്തിന് വടിയുടെ അത്രയും ശക്തിയില്ല എന്നർത്ഥമില്ല. പഴം കഴിച്ചാൽ കഴിക്കുന്നയാൾക്ക് ശക്തി കിട്ടുമെങ്കിൽ അത് പഴത്തിൽ മറഞ്ഞിരുന്ന ശക്തിയാണ്. അത് അയാളുടെ ശക്തിയായി മറനീക്കി വെളിപ്പെടുന്നു. എന്നാൽ പുറമേ പഴത്തേക്കാൾ ശക്തികാട്ടിയ വടിയെ ഒരാൾക്ക് കഴിക്കാനാവില്ല. അതിൽനിന്ന് ഊർജം വേർപെട്ട് അയാളിൽ പ്രകടമാവുകയുമില്ല. ഇതുപോലെ ഉള്ളലിവുള്ളവരെ നമ്മുടെ നാട്ടുകാർ പഴം എന്ന് പരിഹസിച്ച് വിളിക്കും. പക്ഷേ, മസിൽക്കരുത്തുള്ളവരേക്കാൾ അവർ ലോകത്തോട് കരുണയുള്ളവർ ആയിരിക്കും.കരുണയുടെ ശക്തി അനന്തമാണ്.



## ശശിവിഷയത്തിൽ ബേജാറാകേണ്ട: മന്ത്രി എ.കെ. ബാലൻ

തൃശ്ശൂർ: പി.കെ ശശി എം.എൽ.എയ്ക്കെതിരായ പരാതിയെക്കുറിച്ച് മാദ്ധ്യമപ്രവർത്തകർ ബേജാറാകേണ്ടതില്ലെന്ന് മന്ത്രി എ.കെ ബാലൻ മാദ്ധ്യമങ്ങളോട് പറഞ്ഞു. പാർട്ടി നിശ്ചയിച്ച സമയത്ത് അന്വേഷണ റിപ്പോർട്ട് നൽകും.

പാർട്ടിയിൽ വിശ്വാസമുള്ളതുകൊണ്ടാണ് അവർ പാർട്ടിക്ക് പരാതി നൽകിയത്. ശബരിമല വിഷയത്തിൽ സർക്കാരിന് പറയാനുള്ളത് കോടതിയിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

www.keralakaumudi.com www.facebook.com/keralakaumudi

## പൊലീസുകാരന് എതിരേ നടപടിക്ക് ശുപാർശ

കാസർകോട്: ശബരിമല വിഷയവുമായി ബന്ധപ്പെട്ട് പൊലീസുകാരുടെ വാട്സ്ആപ്പ് ഗ്രൂപ്പിൽ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയെ അപമാനിക്കുന്ന പോസ്റ്റിട്ട സിവിൽ പൊലീസ് ഓഫീസർക്കെതിരെ നടപടിക്ക് ശുപാർശ. വകുപ്പുതല അന്വേഷണത്തിനു ശേഷം തുടർ നടപടിയെടുക്കും. വെള്ളരിക്കുണ്ട് സ്റ്റേഷനിലെ സിവിൽ പൊലീസ് ഓഫീസർ കാലിച്ചാനടുക്കം സ്വദേശി ജയൻ അടുക്കത്തിനെതിരെയാണ് ജില്ലാ പൊലീസ് മേധാവി ഡോ. എ. ശ്രീനിവാസ് നടപടിക്ക് ശുപാർശ ചെയ്തത്. പൊലീസുകാരുടെ വാട്സ് ആപ്പ് ഗ്രൂപ്പിൽ പോസ്റ്റിട്ട ജയനെതിരെ സ്പെഷ്യൽ ബ്രാഞ്ച് ഡിവൈ. എസ്.പി റിപ്പോർട്ട് കൈമാറിയിരുന്നു. ക്ഷേത്രാചാരങ്ങൾ സംരക്ഷിക്കണമെന്ന ചെന്നിത്തലയുടെ നിലപാടിനെ പരിഹസിച്ചായിരുന്നു പോസ്റ്റ്.

## ബ്രൂവറി: ജുഡിഷ്യൽ അന്വേഷണം വേണം

ആലപ്പുഴ: ബ്രൂവറി-ഡിസ്റ്റിലറി അഴിമതി ആരോപണത്തിൽ ജുഡിഷ്യൽ അന്വേഷണം നടത്താൻ മുഖ്യമന്ത്രി തയ്യാറാകണമെന്ന് കെ.പി.സി.സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ ആവശ്യപ്പെട്ടു. ജില്ലാ കോൺഗ്രസ് നേതൃയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇക്കാര്യത്തിലുണ്ടായ സാമ്പത്തിക ക്രമക്കേടുകളെ കുറിച്ച് സമഗ്രമായ അന്വേഷണം നടത്താൻ തയ്യാറായില്ലെങ്കിൽ കോൺഗ്രസ് പ്രക്ഷോഭത്തിനിറങ്ങും. പിണറായിയെപ്പോലെ ഭീരുവായ ഒരാളില്ല. ശബരിമലയിലെ സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട വിഷയത്തിൽ വിശ്വാസികൾക്ക് ഒപ്പമാണ് കോൺഗ്രസ്. അയോദ്ധ്യയിലേതു പോലെ ശബരിമലയെ യുദ്ധക്കളമാക്കാൻ സമ്മതിക്കില്ല. രാജീവ് ഗാന്ധിയെ കള്ളനെന്നു വിളിച്ചവരാണ് സി.പി.എമ്മും ആർ.എസ്.എസും. വിമാന ഇടപാടിന്റെ പേരിൽ മോദിയെ കള്ളനെന്ന് രാഹുൽഗാന്ധി വിളിക്കുന്നതിൽ എന്താണ് തെറ്റെന്നും മുല്ലപ്പള്ളി ചോദിച്ചു.

## ചേക്കുട്ടിപാവ നിർമ്മിക്കാൻ രാജഗിരിയിലെ വിദ്യാർത്ഥികളും

കൊച്ചി: പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ചേന്ദമംഗലം കൈത്തറിക്ക് പുതുജീവൻ നൽകാനുള്ള ചേക്കുട്ടി പാവ നിർമ്മാണത്തിൽ രാജഗിരി എൻജിനീയറിംഗ് കോളജ് വിദ്യാർഥികളുടെ വൻ പങ്കാളിത്തം. കോളജിലെ ഐടി വിഭാഗം സംഘടിപ്പിച്ച ശില്പശാലയിൽ 200 ഓളം കുട്ടികളും അദ്ധ്യാപകരും ചേർന്ന് 2000 ത്തോളം ചേക്കുട്ടി പാവകളെയാണ് നിർമിച്ചത്. അദ്ധ്യാപകരായ ഡോ. കെ. ജി. പ്രീത, എ. ബിനു എന്നിവരുടെ നേതൃത്വത്തിൽ നടന്ന ശില്പശാലയിൽ ചേക്കുട്ടി പാവകളുടെ ഉപജ്ഞാതാവായ ലക്ഷ്മി മേനോന്റെ സാന്നിദ്ധ്യവും ഉണ്ടായിരുന്നു. വൈസ് പ്രിൻസിപ്പൽ ഡോ. ജോൺ എം. ജോർജ്, ഐ.ടി വിഭാഗം മേധാവി എസ്. സരിത, ഫാ. തോമസ് എന്നിവരും പങ്കെടുത്തു.

## യാത്ര ഇന്ന് സമാപിക്കും

തിരുവനന്തപുരം: ഇന്ന് തിരുവനന്തപുരത്ത് സമാപിക്കുന്ന എൻ.ഡി.എയുടെ ശബരിമല സംരക്ഷണയാത്ര രാവിലെ 10.30ന് പട്ടത്ത് നിന്ന് ആരംഭിക്കും. ബി.ജെ.പി ദേശീയ ജനറൽ സെക്രട്ടറി മുരളീധർ റാവുവും കർണാടകടത്തിലെ ആറ് എം.എൽ.എമാരും പങ്കെടുക്കും. ശബരിമല വിഷയത്തിൽ ബി.ജെ.പി കേന്ദ്ര നേതൃത്വം വിശ്വാസികൾക്കൊപ്പമാണെന്നതിന് തെളിവായിട്ടാണ് ദേശീയ ജനറൽ സെക്രട്ടറി എത്തുന്നത്. 17ന് പത്തനംതിട്ടയിൽ ബി.ജെ.പി വിശ്വാസി സംഗമം സംഘടിപ്പിക്കും. സംസ്ഥാന പ്രസിഡന്റ് പി.എസ്. ശ്രീധരൻപിള്ള നേതൃത്വം നൽകും. ആചാരാനുഷ്ഠാനങ്ങളെ സംരക്ഷിക്കാൻ വിശ്വാസികൾ പ്രതിജ്ഞയെടുക്കും.

## സംഘർഷം ഉണ്ടാക്കാൻ നീക്കം

തിരുവനന്തപുരം: ശബരിമലയിൽ സംഘർഷം ഉണ്ടാക്കാൻ ചിലർ ശ്രമിക്കുന്നുണ്ടെന്നും അതിന്റെ ഭാഗമായാണ് ആദ്യം ശബരിമലയിലേക്കില്ല എന്നു പറഞ്ഞ തൃപ്തി ദേശായി ഇപ്പോൾ വരുമെന്നു പറയുന്നതെന്നും ബി.ജെ.പി വക്താവ് എം.എസ്.കുമാർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ആരുടെയോ പ്രേരണയിലാണ് തൃപ്തി ദേശായി പ്രവർത്തിക്കുന്നത്. അവരുടെ ലക്ഷ്യം ശബരിമലയിൽ സംഘർഷമുണ്ടാക്കലാണ്. നാമജപയാത്രകൾ മാത്രമാണ് ഇപ്പോൾ നടക്കുന്നത്. ബി.ജെ.പി സംഘർഷം ആഗ്രഹിക്കുന്നില്ല. സംഭവങ്ങൾ നിരീക്ഷിക്കാൻ സന്നിധാനത്തും പമ്പയിലും പാർട്ടിയുടെ നാല് ജനറൽ സെക്രട്ടറിമാരെ നിയോഗിച്ചിട്ടുണ്ട്.

# പക്ഷാഘാതത്തെ തോല്പിച്ച മനോജിന്റെ മാന്ത്രിക സംഗീതം



KAUMUDI SPECIAL

▶ഷഫീക്ക്ഷാഹിന

തിരുവനന്തപുരം: രാത്രി ജോലി കഴിഞ്ഞ് വന്ന് കിടന്നതാണ്. പിറ്റേന്ന് രാവിലെ എഴുന്നേൽക്കാനാവുന്നില്ല. ഇടതു കാലും വലതു കൈയും ചലിക്കുന്നില്ല. അമ്മയെ വിളിച്ചെങ്കിലും ശബ്ദം പൊങ്ങിയില്ല. ഒടുവിൽ എല്ലാവരുംകൂടി താങ്ങിയെടുത്ത് ആശുപത്രിയിലെത്തിച്ചപ്പോഴാണ് അറിയുന്നത് പക്ഷാഘാതമാണ്. ആറ് വർഷങ്ങൾക്ക് മുമ്പ്, തന്റെ മുപ്പത്തിനാലാമത്തെ വയസിലുണ്ടായ ആ കറുത്ത ദിനങ്ങളെ ഭീതിയോടെയല്ലാതെ മനോജിന് ഓർക്കാനാവില്ല.

പിന്നീട് ഇങ്ങോട്ട് അതിജീവനത്തിന്റെ നാളുകളായിരുന്നു. അതിന് തുണയായത് വരദാനമായി ലഭിച്ച സംഗീതവും. സംസാരശേഷി നഷ്ടപ്പെട്ട മനോജ് പാടാൻ നിരന്തരം ശ്രമിച്ചുകൊണ്ടേയിരുന്നു. രണ്ട് വർഷത്തെ കാത്തിരിപ്പിന് ശേഷം മനോജ് വീണ്ടും പാടി. അധികം വൈകാതെ പക്ഷാഘാതം തോൽവി സമ്മതിച്ചു തുടങ്ങി. രോഗത്തിൽ നിന്ന് മുക്തനായില്ലെങ്കിലും ഇപ്പോൾ മനോജിന്റെ വലതുകൈ മാത്രമേ പൂർണമായും ചലിക്കാതെയുള്ളൂ.

അവിവാഹിതനായ മനോജിന് ഇന്നും സംഗീതം തന്നെയാണ് കൂട്ട്. കുഞ്ഞൂട്ടൻ - ദേവയാനി ദമ്പതികളുടെ ഒൻപത് മക്കളിൽ എട്ടാമത്തെയാളായ മനോജിന് കുട്ടിക്കാലം മുതലേ പാട്ടിനോടായിരുന്നു കമ്പം. പിന്നീട് ജീവിത പ്രാരാബ്ധങ്ങളെത്തുടർന്ന് നിർമ്മാണത്തൊഴിലാളിയായി. ഇടയ്ക്ക് നാട്ടിലെ ചെറിയ ഗാനമേളകളിലും കല്യാണ വീടുകളിലുമെല്ലാം പാടാൻ പോകുമായിരുന്നു.

അമ്മയ്ക്കും ഭർത്താവ് ഉപേക്ഷിച്ച് പോയ സഹോദരിക്കും ഒപ്പം ഒരു ചെറിയ വീട്ടിലാണ് ഇപ്പോൾ താമസം. അച്ഛൻ നേരത്തേ മരിച്ചു. സഹോദരി കല്യാണ മണ്ഡപങ്ങളിൽ ശുചീകരണജോലിക്ക് പോകുന്നതിൽ നിന്നു കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ടാണ് കുടുംബം പുലർത്തുന്നത്.

ഫിസിയോ തെറാപ്പിയിലൂടെയും മനഃശക്തിയിലൂടെയുമാണ് മനോജിന്റെ നിലയിൽ ഇത്രയും പുരോഗതിയുണ്ടായതെന്ന് ഡോക്ടർമാർ പറയുന്നു. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ന്യൂറോളജി വിഭാഗത്തിലെ ഡോ. ബൈജു, ഡോ. ഷാജി എന്നിവരുടെ ചികിത്സയിലാണ് മനോജ്. മനോജിന്റെ ഫോൺ: 7902366503.

### പാട്ട് എഴുതും ഈണമിടും

സംഗീതം പഠിച്ചിട്ടില്ലാത്ത മനോജ് ഗാനങ്ങൾ എഴുതുകയും ഈണം നൽകി പാടുകയും ചെയ്യാറുണ്ട്. അടുത്തിടെ മനോജ് എഴുതി ഈണം നൽകി പാടിയ 'നിസ്കാര തൊപ്പിയണിഞ്ഞ്' എന്ന മാപ്പിള ടച്ചുള്ള ഗാനം സുഹൃത്ത് രഞ്ജിത്ത് സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തിരുന്നു. ആയിരക്കണക്കിന് പേരാണ് ഈ ഗാനം കേട്ടത്.

## എ.ടി.എം കവർച്ച അന്വേഷിക്കാൻ മൂന്നു സംഘങ്ങൾ



ചാലക്കുടി: മൂന്ന് ജില്ലകളിലായി നടന്ന എ.ടി.എം കവർച്ചയിൽ റെയിൽവേ സ്റ്റേഷനുകളും മൊബൈൽ ടവറുകളും കേന്ദ്രീകരിച്ച് പൊലീസ് അന്വേഷണം മുന്നേറുന്നു. സി.സി.ടി.വി കാമറകളുടെ പരിശോധനയും നടക്കുന്നുണ്ട്. പ്രതികൾ ട്രെയിനിൽ രക്ഷപ്പെട്ടു എന്ന നിഗമനത്തിൽ തന്നെയാണ് പൊലീസ്. മൂന്നു സംഘമായി തിരിഞ്ഞാണ് അന്വേഷണം. കോട്ടയം, എറണാകുളം, ചാലക്കുടി സംഘങ്ങൾ നടത്തുന്ന അന്വേഷണത്തിന് മേൽനോട്ടം വഹിക്കുന്നത് ഐ.ജിയാണ്. എറണാകുളത്തെ സംഘം ഡൽഹിയിലേക്ക് പോയിട്ടുണ്ട്.

കൊരട്ടിയിലെ അന്വേഷണ സംഘം ഉടൻ ഗോവയിലേക്ക് പോയേക്കും. രാവിലെയുള്ള ധൻബാദ് എക്സ്പ്രസ് ട്രെയിനിലാണ് മോഷ്ടാക്കൾ കടന്നതെങ്കിൽ ഗോവയുമായി ബന്ധമുണ്ടാകാമെന്നാണ് കണക്കുകൂട്ടൽ. മൊബൈൽ ടവർ നീരീക്ഷിച്ചുള്ള അന്വേഷണം പുരോഗമിക്കുകയാണ്.

കവർച്ച നടന്ന സ്ഥലങ്ങളും രക്ഷപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളും കേന്ദ്രീകരിച്ചാണ് മൊബൈൽ ടവർ പരിശോധന. ശ്രമകരമായ ദൗത്യമാണെങ്കിലും നിർണ്ണായക തെളിവുകൾ ലഭിക്കുമെന്നാണ് പ്രതീക്ഷ.

എ.ടി.എം കൗണ്ടറിലെ കാമറകളിൽ കണ്ട പ്രതികളാണോ ചാലക്കുടി റെയിൽവേ സ്റ്റേഷൻ റോഡിലെ കാമറയിൽ പതിഞ്ഞതെന്ന് പൊലീസ് ഉറപ്പിച്ചിട്ടില്ല. കവർച്ചയിലെ പ്രധാനിയെന്ന് തോന്നിച്ച തടിച്ച ആളെ ചാലക്കുടിയിലെ ദൃശ്യത്തിൽ ഇല്ലാത്തതാണ് പൊലീസിനെ കുഴയ്ക്കുന്നത്.

# പെൺമക്കളെ പറ്റിച്ചില്ലെന്ന് അമ്മ

### അമ്മയ്ക്ക് തത്കാലം ഗാന്ധിമാർഗം

▶സി.മീര

കൊച്ചി: താരസംഘടനയായ അമ്മയ്ക്കെതിരെ ആരോപണങ്ങളുന്നയിച്ച വിമെൻ ഇൻ സിനിമാ കളക്ടീവിന് വ്യക്തമായ അജൻഡയുണ്ടെന്ന് 'അമ്മ' ജനറൽ സെക്രട്ടറി ഇടവേള ബാബുവും എക്സിക്യൂട്ടീവ് അംഗം ബാബുരാജും പറഞ്ഞു.

ഡബ്ല്യു.സി.സി കഴിഞ്ഞദിവസം നടത്തിയ വാർത്താസമ്മേളനത്തോട് പ്രതികരിക്കുകയായിരുന്നു ഇരുവരും.

ആ അജൻഡ എന്താണെന്ന് അന്വേഷിക്കുന്നില്ല. ആരെയും പറഞ്ഞുപറ്റിച്ചിട്ടില്ല. അവരുടെ ആവശ്യങ്ങൾക്ക് സംഘടനയുടെ നിയമം അനുസരിച്ചുള്ള മറുപടി നൽകുകയായിരുന്നുവെന്ന് ഇടവേള ബാബു 'കേരളകൗമുദി'യോട് പറഞ്ഞു.

വിവാദത്തിൽ കൂടുതൽ മറുപടി പറയേണ്ടതില്ല. ഗാന്ധിയൻ മാർഗം പിന്തുടരാനാണ് തീരുമാനം.

ഉടനെ മാദ്ധ്യമങ്ങളെ കാണുമെന്നും അദ്ദേഹം അറിയിച്ചു.



### ആരോപണങ്ങൾക്ക് മറുപടി

സിനിമ നൽകാമെന്നോ പണം നൽകാമെന്നോ ആരും വാഗ്ദാനം ചെയ്തിട്ടില്ല. അവർ ആവശ്യപ്പെട്ടതനുസരിച്ച് എക്സ്ട്രാ ഓർഡിനറി ജനറൽ ബോഡി വിളിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അതിന് മൂന്നിലൊന്ന് അംഗങ്ങൾ ആവശ്യപ്പെടണം. ഭരണഘടന മാറ്റുന്നതിന് വനിതകളുടെ യോഗം വിളിച്ച് അവരുടെ അഭിപ്രായം അറിയാമെന്നാണ് മറുപടി നൽകിയത്. പത്ത് ദിവസത്തിനകം തീരുമാനം അറിയിക്കാമെന്ന് പറഞ്ഞിരുന്നു. അതിനിടെ പ്രളയം കാരണം ഇക്കാര്യത്തിൽ ശ്രദ്ധ പതിഞ്ഞില്ല. പ്രളയനഷ്ടത്തേക്കാൾ വലുതല്ല ദിലീപ് സംഘടനയിൽ തുടരുന്നതോ ഇര സംഘടന വിട്ടുപോയതോ. ഇപ്പോഴും സർക്കാരിന്റെ ദുരിതാശ്വാസ നിധിയിലേക്ക് അഞ്ച് കോടി സമാഹരിക്കാനുള്ള തിരക്കിലാണ് അമ്മ.

ഡബ്ല്യു.സി.സിയിലെ മൂന്ന് വനിതാഅംഗങ്ങൾ ഒഴികെ മറ്റൊരു വനിതയും ഇതുവരെ അമ്മയ്ക്കെതിരെ പറഞ്ഞിട്ടില്ല. പൊതുയോഗത്തിന്റെ തീയതി ചോദിച്ചപ്പോൾ ഉരുണ്ടുകളിച്ചു എന്നാണ് അവരുടെ ആരോപണം. സംഘടനയിൽ 18 വർഷമായി ഔദ്യോഗിക പദവിയുള്ള ആളാണ് താൻ. എല്ലാ വർഷവും ജൂണിലെ അവസാനഞായറാഴ്ചയാണ് പൊതുയോഗം. അതുപോലും അവർക്ക് അറിയില്ല. അടുത്ത വർഷത്തെ ജനറൽ ബോഡി 2019 ജൂൺ 24ന് ആണെന്ന് കഴിഞ്ഞ ജനറൽബോഡിയിൽ അറിയിച്ചതാണ്. രേവതിയെ പൊതുയോഗത്തിലോ മറ്റു പരിപാടികളിലോ ക്ഷണിച്ചില്ലെന്ന് പറയുന്നത് തെറ്റാണ്. ഈ വിഷയം വന്നപ്പോഴാണ് രേവതി മേൽവിലാസവും ഫോൺനമ്പരും അമ്മയ്ക്ക് നൽകിയതെന്ന് ഇടവേള ബാബു പറഞ്ഞു.

ആക്രമിക്കപ്പെട്ട നടിയെ അമ്മയുമായി തെറ്റിക്കാനാണ് ഡബ്ല്യു.സി.സിയുടെ ശ്രമം. ചൂടുവെള്ളത്തിൽ വീണ പൂച്ചയെന്ന് ഇരയെ അധിക്ഷേപിച്ചതല്ല. ഇരയ്ക്ക് ആര പറയുന്നത് വിശ്വസിക്കണമെന്ന് അറിയാത്ത അവസ്ഥയാണെന്ന് പറഞ്ഞതിന്റെ കൂടെ ആ പഴഞ്ചൊല്ല് കൂട്ടിച്ചേർത്തെന്നേ ഉള്ളൂ. അതിന്റെ അർത്ഥം പാർവതിക്ക് അറിയില്ലായിരിക്കാം. നടിയെന്ന് വിളിക്കുന്നത് തെറ്റല്ല. തന്റെ ഭാര്യയും നടിയായിരുന്നു. അമ്മയുടെ പ്രസിഡന്റിന് മേൽ ആർക്കും കുതിര കയറാനാകുമെന്ന് കരുതേണ്ട.

- നടൻ ബാബുരാജ്



# സിനിമയിൽ സ്ത്രീസുരക്ഷയ്ക്ക് ആഷിക് അബുവും വിശാലും



വിശാൽ കൃഷ്ണ ആഷിക് അബു

കൊച്ചി: സിനിമാമേഖലയിൽ സ്ത്രീകളുടെ സുരക്ഷയ്ക്ക് വഴിയൊരുക്കുകയാണ് സംവിധായകനും നിർമ്മാതാവുമായ ആഷിക് അബുവും തമിഴ് സിനിമാ താരസംഘടന നടികർ സംഘത്തിന്റെ ജനറൽ സെക്രട്ടറി വിശാൽ കൃഷ്ണയും.

തങ്ങളുടെ പ്രൊഡക്ഷൻ കമ്പനിയായ ഒ.പി.എം നിർമ്മിക്കുന്ന അടുത്ത ചിത്രങ്ങളിലെല്ലാം ഇന്റേണൽ കംപ്ലെയിന്റ് കമ്മിറ്റി (ഐ.സി.സി) ഉണ്ടായിരിക്കുമെന്നും സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങളും തൊഴിൽ ചൂഷണങ്ങളും ഈ കമ്മിറ്റി മുമ്പാകെ പരാതിപ്പെടാമെന്നും ആഷിക് അബു ഫേസ്ബുക്ക് പോസ്റ്റിൽ പറയുന്നു. ഇതേ പോസ്റ്റ് ഭാര്യയും നടിയുമായ റിമ കല്ലിംഗലും ഷെയർ ചെയ്തിട്ടുണ്ട്.

തമിഴ് സിനിമാ മേഖലയിലെ ചൂഷണം തടയാൻ പാനൽ രൂപീകരിക്കുമെന്ന് തമിഴ് ഫിലിം പ്രൊഡ്യൂസേഴ്സ് കൗൺസിൽ പ്രസിഡന്റുകൂടിയായ നടൻ വിശാൽ പറഞ്ഞതും സോഷ്യൽ മീഡിയയിൽ ചർച്ചയായി.

മലയാള താരസംഘടനയായ അമ്മ സ്ത്രീകൾക്ക് സുരക്ഷയൊരുക്കുന്നില്ലെന്ന് കഴിഞ്ഞ ദിവസം ഡബ്ല്യു.സി.സി വാർത്താസമ്മേളനത്തിൽ ആരോപിച്ചതിന് പിന്നാലെയാണ് ഈ രണ്ടു അറിയിപ്പുകൾ വന്നതെന്നത് ശ്രദ്ധേയമാണ്.

## ചൂഷണം ഇനി നടക്കരുത്: രേവതി

കൊച്ചി: ചൂഷണത്തിനായി ആരും ഇനി ഒരു യുവനടിയെയും സമീപിക്കരുത്. പതിനേഴുകാരി രക്ഷതേടിവന്ന രാത്രിയിൽ ആരോടും പോയി ഏറ്റുമുട്ടാൻ തനിക്കാവില്ലായിരുന്നു-വിശദീകരണക്കുറിപ്പിൽ നടി രേവതി പറഞ്ഞു. 17 കാരിയായ പെൺകുട്ടി അർദ്ധരാത്രി തന്റെ വാതിലിൽ മുട്ടി രക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുവെന്നും ഇനി അത്തരം കാര്യങ്ങൾ ആവർത്തിക്കരുതെന്നുമായിരുന്നു ശനിയാഴ്ച വാർത്താസമ്മേളനത്തിൽ രേവതി പറഞ്ഞത്. സംഭവം നടന്നത് ഒന്നരവർഷം മുമ്പാണെന്ന് തെറ്റിദ്ധരിച്ച് രേവതിക്കെതിരെ അഭിഭാഷകൻ പൊലീസിൽ പരാതി നൽകിയിരുന്നു. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച പ്രതിയെ കണ്ടെത്തണമെന്നും പീഡനവിവരം മറച്ചുവച്ചതിന് രേവതിക്കെതിരെയും കേസെടുക്കണമെന്നുമായിരുന്നു അഡ്വ. ജിയാസ് ജമാൽ എറണാകുളം സെൻട്രൽ പൊലീസിന് നൽകിയ പരാതി. കേസെടുക്കുന്ന കാര്യം മേലുദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് തീരുമാനിക്കുമെന്ന് എസ്.ഐ പറഞ്ഞു.

## സർക്കാർ ക്ഷണിച്ചുവരുത്തിയ വിധി: ഒ. രാജഗോപാൽ



കഴക്കൂട്ടം: ശബരിമലയിൽ യുവതീപ്രവേശനം പരിശോധിക്കാൻ കമ്മിഷനെ വയ്ക്കണമെന്ന വാദം സർക്കാർ ഉന്നയിച്ചിട്ടില്ലെന്നും അതിനാലാണ് ഇങ്ങനൊരു വിധി വന്നതെന്നും ഒ.രാജഗോപാൽ എം.എൽ.എ പറഞ്ഞു. പള്ളിപ്പുറത്ത് നിന്നാരംഭിച്ച ശബരിമല സംരക്ഷണയാത്രയുടെ സമാപന സമ്മേളനം കഴക്കൂട്ടത്ത് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ഒ. രാജഗോപാൽ. ഈ സമരത്തോടെ വിശ്വാസികൾക്ക് ബി.ജെ.പിയിലേക്ക് വരാനുള്ള കവാടം തുറന്നുവെന്ന് സെക്രട്ടറിയേറ്റിൽ ഇരിക്കുന്ന മന്ദബുദ്ധികൾ മനസിലാക്കണമെന്ന് ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ പി.എസ് ശ്രീധരൻപിള്ള പറഞ്ഞു.

സ്റ്റാലിനിസ്റ്റ് തത്വം സൂക്ഷിക്കുന്ന ഏകനേതാവാണ് മുഖ്യമന്ത്രി. അതോർത്ത് ഞങ്ങൾ ദുഃഖിക്കുന്നു. തിരഞ്ഞെടുപ്പ് വരുമ്പോൾ സി.പി.എമ്മിന് വിശ്വാസികൾ കറവപശുവാണ്, ഹിന്ദു എന്ന പദം ഒഴിവാക്കി ചതിയിലൂടെയാണ് ദേവസ്വം കമ്മിഷണറെ നിയമിക്കാനുള്ള ഉത്തരവ് കൊണ്ടുവന്നത്. അങ്ങനെ ചെയ്തതിന് മന്ത്രി കടകംപള്ളിക്കെതിരെ ഹൈക്കോടതിയിൽ റിട്ട ഹർജി ഫയൽ ചെയ്യുമെന്നും ശ്രീധരൻപിള്ള പറഞ്ഞു. ഈ യാത്ര സമാപിക്കുമ്പോൾ വിശ്വാസികൾക്ക് മുന്നിൽ ഭരണകൂടത്തിന് മുട്ടുമടക്കേണ്ടി വരുമെന്ന് ശ്രീധരൻപിള്ള ഓർമ്മിപ്പിച്ചു. ബി.ഡി.ജെ.എസ് ജില്ലാ പ്രസിഡന്റ് ചൂഴാൽ നിർമ്മലൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന നേതാക്കളായ എം.ടി രമേശ്, കെ. സുരേന്ദ്രൻ, ബി. ബാലഗോപാൽ, ശോഭാസുരേന്ദ്രൻ, രാധാകൃഷ്ണൻ, പി.വേലായുധൻ, കൃഷ്ണകുമാർ, മധുസൂദനൻ, കർഷ മോർച്ച സംസ്ഥാന പ്രസിഡന്റ് പാല ജയസൂര്യ, കഴക്കൂട്ടം മണ്ഡലം പ്രസിഡന്റ് സജിത്ത് തുടങ്ങിയവർ പങ്കെടുത്തു.



## ശബരിമലസമരം മതിയാക്കണം: വെള്ളാപ്പള്ളി

ആലപ്പുഴ: ശബരിമല യുവതീ പ്രവേശനം സംബന്ധിച്ച് സർക്കാരും തിരുവിതാംകൂർ ദേവസ്വം ബോർഡും ചർച്ചയ്ക്ക് തയ്യാറായ സാഹചര്യത്തിൽ ഇപ്പോഴത്തെ പ്രത്യക്ഷസമരം അവസാനിപ്പിക്കണമെന്ന് എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ ആവശ്യപ്പെട്ടു. വൈകിയാണെങ്കിലും തുറന്ന ചർച്ചയിലൂടെ പരിഹാരം കാണാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് ശ്രമിക്കുന്നത് സ്വാഗതാർഹമാണ്. യോഗം വിശ്വാസികളോടൊപ്പമാണ്. പത്തിനും അമ്പതിനും ഇടയിൽ പ്രായമുള്ള സ്ത്രീകൾ ശബരിമലയിൽ പോകില്ലെന്നാണ് യോഗം കരുതുന്നത്.

ചർച്ചയിലൂടെ പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിൽ, സുപ്രീം കോടതി വിധി മറികടക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിയമനിർമ്മാണം നടത്തണം. രാഷ്ട്രീയ നേട്ടത്തിനായി വിശ്വാസികളെ തെരുവിലിറക്കി ശരണമന്ത്രം വിളിച്ചാൽ പ്രശ്നത്തിന് പരിഹാരമാവില്ല. ആചാരസംരക്ഷണത്തിൽ യോഗത്തിന് നിഷ്പക്ഷ നിലപാടാണെന്നും വെള്ളാപ്പള്ളി വ്യക്തമാക്കി.

### ചിലർ തെറ്റിദ്ധരിപ്പിക്കുന്നു



ശബരിമല സ്ത്രീപ്രവേശനപ്രശ്നത്തിൽ സ്ഥാപിത താത്പര്യക്കാർ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാരിന് ഒന്നും മറച്ചു വയ്ക്കാനില്ല. 2006ൽ സ്ത്രീ പ്രവേശനം ആവശ്യപ്പെട്ട് സുപ്രീം കോടതിയെ സമീപിച്ചത് ആർ.എസ്.എസ് നേതാക്കളാണെന്ന സത്യം ഇന്ന് നാമജപഘോഷയാത്രയും പ്രക്ഷോഭങ്ങളും സംഘടിപ്പിക്കുന്നവർ മറച്ചു വയ്ക്കുകയാണ്.

- കടകംപള്ളി സുരേന്ദ്രൻ, *ദേവസ്വം മന്ത്രി*

ശിവഗിരി തീർത്ഥാടനത്തിന് ശ്രീനാരായണ ഗുരുദേവൻ നിശ്ചയിച്ച പത്ത് ദിവസത്തെ വ്രതമെന്നത് ശബരിമല തീർത്ഥാടനത്തിനും ബാധകമാണെന്ന് ഉൾക്കൊള്ളാൻ തയ്യാറായാൽ തീരാവുന്ന പ്രശ്നമേ ശബരിമല സ്ത്രീ പ്രവേശന വിവാദത്തിലുള്ളൂ. ആചാരസംരക്ഷണത്തിനായുള്ള മുറവിളി, നവോത്ഥാന മൂല്യങ്ങളിൽ നിന്നെല്ലാമുള്ള തിരിച്ചു പോക്കാണ്.

- ഉമേഷ് ചള്ളിയിൽ, *എസ്.എൻ.ഡി.പി യോഗം കൊടുങ്ങല്ലൂർ യൂണിയൻ പ്രസിഡന്റ്*

# വിശ്വാസികളുടെ ഹൃദയം തൊട്ട് കളിക്കരുത്: സുരേഷ്ഗോപി

ആറ്റിങ്ങൽ: വിശ്വാസിസമൂഹത്തിന്റെ ഹൃദയത്തിൽ തൊട്ടുകളിക്കരുതെന്നും ശബരിമലയിലെ ആചാരങ്ങൾ സംരക്ഷിക്കാൻ വിശ്വാസിയെന്ന നിലയിൽ അവസാനനിമിഷംവരെ പോരാടുമെന്നും സുരേഷ്ഗോപി എം.പി പറഞ്ഞു.

എൻ.ഡി.എ. സംസ്ഥാന ചെയർമാൻ പി.എസ്.ശ്രീധരൻപിള്ള നയിക്കുന്ന ശബരിമല സംരക്ഷണയാത്രയുടെ തിരുവനന്തപുരം ജില്ലയിലെ തുടക്കം ആലംകോട് ജംഗ്ഷനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു സുരേഷ്ഗോപി.

ആചാരനുഷ്ഠാനങ്ങളുടെ നൈരന്തര്യം ഉറപ്പുവരുത്താൻ ഏതു സർക്കാരിനും ബാദ്ധ്യതയുണ്ട്. അതിനെ വ്രണപ്പെടുത്തിയപ്പോഴാണ് സ്വമേധയാ വിശ്വാസികൾ പ്രതിഷേധിക്കാൻ ഇറങ്ങിയത്. ഇത് കണ്ടില്ലെന്നു നടിക്കുന്നത് ഭരണപക്ഷത്തിന്റെ മൂഢത്വമാണെന്നും അദ്ദേഹം പറഞ്ഞു.

ബി.ജെ.പി. സവർണരുടെ പാർട്ടിയാണെന്നും മറ്റും കല്ലുവച്ച നുണകൾ പ്രചരിപ്പിച്ച് ജനപിന്തുണ തകർക്കാൻ സി.പി.എം. ശ്രമിക്കുകയാണെന്ന് ജാഥാക്യാപ്റ്റൻ പി.എസ്.ശ്രീധരൻപിള്ള ആരോപിച്ചു. ഭിന്നിപ്പിച്ച് ഭരിക്കാനും മുതലെടുക്കാനുമുള്ള ശ്രമമാണത്. കഴിഞ്ഞ വർഷം മെക്കയിൽ 23 ലക്ഷവും വത്തിക്കാനിൽ 40 ലക്ഷവും തീർത്ഥാടകരെത്തിയെന്നാണ് കണക്കുകൾ. അതേസമയം ശബരിമലയിലെത്തിയത് 5.14 കോടി ഭക്തരാണ്. ലോകത്തിലെ ഏറ്റവും വലിയ തീർത്ഥാടനകേന്ദ്രത്തെ തകർക്കാൻ അനുവദിക്കില്ലെന്നും ശ്രീധരൻപിള്ള പറഞ്ഞു.

ബി.ജെ.പി. ദക്ഷിണമേഖലാ ഉപാദ്ധ്യക്ഷൻ തോട്ടയ്ക്കാട് ശശി അദ്ധ്യക്ഷത വഹിച്ചു ജില്ലാപ്രസിഡന്റ് സുരേഷ്, മണ്ഡലം പ്രസിഡന്റ് മണമ്പൂർദിലീപ്, രാധാകൃഷ്ണൻ, കെ.സുരേന്ദ്രൻ, ഗണേശ്, പി.പി. വാവ, ശിവരാജൻ, പി.എം.വേലായുധൻ, രാജിപ്രസാദ്, രേണുസുരേഷ്, വെള്ളയാംകുളം പരമേശ്വരൻ, കെ.കെ.പൊന്നപ്പൻ, ജെ.ആർ.പദ്മകുമാർ എന്നിവർ സംസാരിച്ചു.

രാവിലെ 11.30ന് ഇവിടെ നിന്നു തുടങ്ങിയ പദയാത്ര ഉച്ചയ്ക്ക് ഒരു മണിയോടെ ആറ്റിങ്ങൽ മൂന്നുമുക്കിൽ സമാപിച്ചു. ഉച്ചയ്ക്ക് ശേഷം കണിയാപുരം തോന്നൽദേവീക്ഷേത്രത്തിൽ നിന്ന് ആരംഭിച്ച യാത്ര വൈകിട്ട് കഴക്കൂട്ടത്ത് സമാപിച്ചു.



*എൻ.ഡി.എ സംസ്ഥാന ചെയർമാൻ പി.എസ്. ശ്രീധരൻപിള്ള നയിക്കുന്ന ശബരിമലസംരക്ഷണയാത്രയുടെ തിരുവനന്തപുരം ജില്ലയിലെ യാത്ര സുരേഷ് ഗോപി എം.പി ആലംകോട് ജംഗ്ഷനിൽ ഉദ്ഘാടനം ചെയ്യുന്നു*

## കേന്ദ്രത്തെ സമീപിക്കും: കേരളവർമ്മ രാജ

ന്യൂഡൽഹി: ശബരിമല പുനഃപരിശോധനാ ഹർജിയിലെ വിധി എതിരാണെങ്കിൽ നിയമനിർമ്മാണത്തിനായി കേന്ദ്രസർക്കാരിനെ സമീപിക്കുമെന്ന് പന്തളം രാജകുടുംബാംഗം കേരളവർമ്മ രാജ വാർത്താസമ്മേളനത്തിൽ പറഞ്ഞു. കേന്ദ്രസർക്കാരിന് നിയമനിർമ്മാണം നടത്താനാകില്ലെന്ന് പറയുന്നത് തെറ്റാണ്. അയ്യപ്പഭക്തർക്കായി കേന്ദ്ര, സംസ്ഥാന സർക്കാരുകളും രാഷ്ട്രപതിയും ഇടപെടണം. ദേവസ്വംബോർഡിന്റെ ചർച്ചയ്ക്ക് പോകണമോയെന്ന് രാജകുടുംബം യോഗം ചേർന്ന് തീരുമാനിക്കും. വിധി നടപ്പാക്കാൻ സർക്കാരിന് ഇത്ര ധൃതിവേണ്ടായിരുന്നു. ആചാരലംഘനം അനുവദിക്കാനാകില്ല. ആചാര സംരക്ഷണത്തിനായി രാഷ്ട്രപതിയെ കണ്ട് പന്തളം കൊട്ടാരത്തിന്റെ നിവേദനം കൈമാറും. അയ്യപ്പധർമ്മ സംരക്ഷണ വേദി നേതാക്കളായ എം.കെ.ജി പിള്ള, ബാബു പണിക്കർ എന്നിവരും പങ്കെടുത്തു.

## അറിയിപ്പ് കിട്ടിയാൽ പങ്കെടുക്കും: കണ്ഠര് രാജീവര്

തിരുവനന്തപുരം: ശബരിമല ചർച്ചയ്ക്ക് ദേവസ്വം ബോർഡിൽ നിന്ന് തങ്ങൾക്ക് അറിയിപ്പൊന്നും ലഭിച്ചില്ലെന്ന് താഴമൺ തന്ത്രികുടുംബത്തിലെ കണ്ഠര് രാജീവര് കേരളകൗമുദിയോട് പറഞ്ഞു. അറിയിപ്പ് കിട്ടിയാൽ പങ്കെടുക്കും. എന്നാൽ സുപ്രീംകോടതി വിധി മറികടക്കാൻ സർക്കാർ നിയമനിർമ്മാണം കൊണ്ടുവരണമെന്ന നിലപാടിൽ നിന്ന് മാറില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

### യു.ഡി.എഫ് സംയുക്തയോഗം

തിരുവനന്തപുരം: യു.ഡി.എഫ് ജില്ലാ ചെയർമാന്മാർ, കൺവീനർമാർ, സെക്രട്ടറിമാർ എന്നിവരുടെ സംയുക്ത യോഗം 20ന് രാവിലെ 10ന് കന്റോൺമെന്റ് ഹൗസിൽ ചേരുമെന്ന് കൺവീനർ ബെന്നി ബഹനാൻ അറിയിച്ചു.



## മാലിന്യം തള്ളുന്നവരെ പിടിക്കാൻ ഗതാഗതവകുപ്പ്

തിരുവനന്തപുരം: പൊതുസ്ഥലങ്ങളിൽ വാഹനങ്ങളിലെത്തി മാലിന്യം തള്ളുന്നവരെ പിടികൂടാൻ മോട്ടോർ വാഹനവകുപ്പ് ഉദ്യോഗസ്ഥർ രംഗത്തിറങ്ങും. ഗതാഗത വകുപ്പിന്റെ 'സേഫ് കേരള' പദ്ധതിയുടെ ഭാഗമായി പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളുന്നവരെ പിടികൂടാൻ തദ്ദേശ സ്ഥാപനങ്ങളെ സഹായിക്കുകയാണ് മോട്ടോർ വാഹന വകുപ്പിന്റെ ലക്ഷ്യം.

കോഴിക്കോടാണ് ആദ്യം പദ്ധതി നടപ്പാക്കുക. ഇതിനായി മോട്ടോർ എൻഫോഴ്മെന്റ് വിഭാഗത്തിന്റെ പരിശോധന വിപുലപ്പെടുത്താൻ ഗതാഗത വകുപ്പ് തീരുമാനിച്ചു. റോഡുകളിലെ നിരീക്ഷണ കാമറകളും ഉപയോഗപ്പെടുത്തും.

മാലിന്യവുമായി പിടികൂടുന്ന വാഹനങ്ങളുടെ ഉടമകൾക്കെതിരെ നടപടിയെടുക്കും. തദ്ദേശ സ്ഥാപനങ്ങൾ പിഴ ചുമത്തും. കൂടുതൽ ഉദ്യോഗസ്ഥരെ അടുത്ത മാസം മുതൽ പരിശോധനയ്ക്കായി നിയമിക്കും.

## ഭാഗ്യക്കുറി ഏജൻസികളെ സസ്‌പെൻഡ് ചെയ്തു

തിരുവനന്തപുരം: സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ അവസാന നാല് അക്കങ്ങൾ ഒരുപോലെ വരുന്ന വിധത്തിൽ നിയമവിരുദ്ധമായി സെറ്റ് ചെയ്ത് വില്പന നടത്തിയ 12 ഏജൻസികളെ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ സസ്‌പെൻഡ് ചെയ്തു. ഗീജ ജെ., അനുദാസ് എസ്., രാജേഷ്, മുരുകേഷ് തേവർ, ബാലൻ കെ., എ. കാജാഹുസൈൻ, ആർ.വി. വിജീഷ്, റസാക്ക്, പി.മുരളി, സുരേഷ്ബാബു കെ. ജെ., അനീഷ് പൗലോസ് എന്നീ ഏജന്റുമാരുടെ ഏജൻസികളും മീനാക്ഷി ലോട്ടറി ഏജൻസിയുമാണ് സസ്‌പെൻഡ് ചെയ്തത്.

## ബാക്ക്‌ലോഗ് നിയമനം നടത്തണം: കക്കാല സർവീസ് സൊസൈറ്റി

തിരുവനന്തപുരം: ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിൽ പട്ടികജാതി വർഗ സംവരണം പാലിക്കാത്തതിനാൽ കുറവ് വന്ന എസ്. സി. എസ്. ടി. സംവരണ അനുപാതം പുനഃസ്ഥാപിക്കുന്നതിന് ബാക്ക് ലോഗ് നിയമനം നടത്തണമെന്ന് കേരള കക്കാല സർവീസ് സൊസൈറ്റി ആവശ്യപ്പെട്ടു. ഇതുന്നയിച്ച് ദേശീയ പട്ടികജാതി കമ്മിഷന് പരാതി നൽകുമെന്ന് സംസ്ഥാന ജനറൽ സെക്രട്ടറി പേരൂർക്കട വിനോദ് പറഞ്ഞു. യോഗത്തിൽ പ്രസിഡന്റ് സജീവ് കൈതവന അദ്ധ്യക്ഷത വഹിച്ചു. രക്ഷാധികാരി എസ്. ഗോപിദാസ്, സാഗർ കൊടുമൺ, ശ്യാംകുമാർ ചിറക്കടവ്, സുധീഷ് പൂങ്കാവ്, രാജേഷ് എടത്തല, സജീവ് പേയാട്, ദിവാകരൻ, സുധീഷ് മാടപ്പള്ളി, രാജേഷ് കൂടൽ, ഗിരീഷ് എടത്തല, അരുൺ കിള്ളിപ്പാലം, അജയൻ കോമല്ലൂർ എന്നിവർ സംസാരിച്ചു.

## ദുരിതാശ്വാസ നിധിയിലേക്ക് 31 ലക്ഷം

തിരുവനന്തപുരം: കേരളത്തിന്റെ പുനർനിർമ്മാണത്തിനായി ആൾ ഇന്ത്യാ സ്റ്റേറ്റ് ഗവ. എംപ്ലോയീസ് ഫെഡറേഷൻ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് സമാഹരിച്ച 31,60,036 രൂപ ഫെഡറേഷൻ ചെയർമാൻ സുഭാഷ് ലംബ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറി. എഫ്.എസ്.ഇ.ടി.ഒ ജനറൽ സെക്രട്ടറി ടി.സി. മാത്തുക്കുട്ടി, പ്രസിഡന്റ് കെ.സി. ഹരികൃഷ്ണൻ, ട്രഷറർ ടി.എസ്.രഘുലാൽ എന്നിവർ സന്നിഹിതരായിരുന്നു

## വള്ളത്തോൾ പുരസ്കാരദാനം നാളെ

തിരുവനന്തപുരം: ഈ വർഷത്തെ വള്ളത്തോൾ പുരസ്കാരം നാളെ വൈകിട്ട് 6ന് കോട്ടയ്ക്കകത്തുള്ള തീർത്ഥപാദമണ്ഡപത്തിൽ നടക്കുന്ന സാഹിതീയോത്സവത്തിൽ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് സാഹിത്യകാരൻ എം. മുകുന്ദന് നൽകും. 1,11,111 രൂപയും കീർത്തിഫലകവുമാണ് പുരസ്കാരം. സാഹിത്യസമിതി ചെയർമാൻ ആർ.രാമചന്ദ്രൻ നായർ അദ്ധ്യക്ഷത വഹിക്കും.

വള്ളത്തോൾ സാഹിത്യ സമിതിയുടെ ആഭിമുഖ്യത്തിൽ 16,17,18 തീയതികളിലായി നടക്കുന്ന സാഹിതീയോത്സവത്തിൽ സാഹിത്യരംഗത്തെ പ്രമുഖർ പങ്കെടുക്കും. രണ്ടാം ദിവസത്തെ സമ്മേളനം പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും സമാപനസമ്മേളനം 18 ന് വൈകിട്ട് 5.30 ന് മന്ത്രി കടകംപള്ളി സുരേന്ദ്രനും ഉദ്ഘാടനം ചെയ്യും.

# ട്രെയിനിൽ നൽകാം, മിന്നൽ പരാതി; മൊബൈൽ ആപ്പ് റെഡി



തിരുവനന്തപുരം: ട്രെയിൻ യാത്രക്കിടയിൽ കൊള്ളയടിക്കപ്പെട്ടാലും അക്രമത്തിനിരയായാലും അടുത്ത സ്റ്റേഷനിൽ ഇറങ്ങി സ്റ്റേഷൻ മാസ്റ്ററെയും ആർ.പി. എഫിനെയും തിരക്കിപ്പോകേണ്ട. യാത്രക്കിടയിൽത്തന്നെ മൊബൈൽ ഫോണിൽ പരാതി നൽകിയാൽ മതി. അതിനായി റെയിൽവേയുടെ മൊബൈൽ ആപ്പ് റെഡിയായി.

സ്ത്രീയാത്രക്കാർ നേരിടുന്ന അതിക്രമങ്ങൾ തടയാൻ മദ്ധ്യപ്രദേശിൽ പരീക്ഷിച്ച് വിജയിച്ച സംവിധാനമാണ് രാജ്യം മുഴുവൻ നടപ്പാക്കുന്നത്. പരാതി നേരെ ആർ.പി. എഫിനാണ് കിട്ടുക. മറ്റ് നടപടികളും അന്വേഷണവും ഉടൻ ആരംഭിക്കും. സീറോ എഫ്. ഐ.ആർ. ആയാണ് പരാതി എടുക്കുക. ബോർഡ് അനുമതി നൽകിയാൽ ഉടൻ നടപ്പാക്കുമെന്ന് ആർ. പി. എഫ്. ഡി.ജി. അരുൺകുമാർ അറിയിച്ചു.



### നിലവിലെ രീതി:

1. ടിക്കറ്റ് പരിശോധകൻ നൽകുന്ന അപേക്ഷ പൂരിപ്പിച്ച് നൽകണം.
2. ട്രെയിൻ അടുത്ത സ്റ്റേഷനിലെത്തുമ്പോൾ റെയിൽവേ പൊലീസ് ഉദ്യോഗസ്ഥർക്ക് കൈമാറണം.

### ഫലം:

കാലതാമസം കാരണം കാര്യമായ പ്രയോജനം ഉണ്ടാകാറില്ല. ഉണ്ടായാൽത്തന്നെ അതിനായി യാത്ര ഉപേക്ഷിച്ച് അനിശ്ചിതമായി കാത്തിരിക്കേണ്ടിവരും.

### പുതിയ രീതി:

1. മൊബൈൽ ആപ്പിലൂടെ നൽകുന്ന പരാതികൾ സീറോ എഫ്.ഐ.ആറുകളായി പരിഗണിക്കും. ഉടൻ അന്വേഷണം ആരംഭിക്കും. (ഏതു പൊലീസ് സ്റ്റേഷനിലും രജിസ്റ്റർ ചെയ്യാവുന്ന പ്രാഥമിക റിപ്പോർട്ടാണ് സീറോ എഫ്.ഐ.ആർ) ഇത് പിന്നീട് അതിക്രമം നടന്ന സ്ഥലത്തെ പൊലീസിന് കൈമാറും)
2. റെയിൽവേ സംരക്ഷണ സേനയിലെ ഉദ്യോഗസ്ഥൻ ഉടൻ അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും.
3. സ്ത്രീകൾക്കായി അപായ സൈറണും ആപ്പിലുണ്ട്. ഓഫ്‌ലൈനായും ഈ ആപ്പിൽ പരാതി നൽകാം.

### ഫലം:

വേഗത്തിൽ നടപടികൾ നീങ്ങുന്നതിനാൽ അക്രമികൾ പിടിയിലാവാൻ സാധ്യത. കുടുങ്ങുമെന്ന് അറിയാവുന്നതിനാൽ അതിക്രമങ്ങൾക്ക് ക്രിമിനലുകൾ മടിക്കും. വനിതായാത്രക്കാരുടെ ആത്മവിശ്വാസം വർദ്ധിക്കും



ഡി.വൈ.എഫ്.ഐ സംസ്ഥാന സമ്മേളനത്തിന്റെ ഔദ്യോഗിക ഫേസ്ബുക്ക് പേജ് 'ഡി.വൈ.എഫ്.ഐ സംസ്ഥാന സമ്മേളനം, കോഴിക്കോട്'' മന്ത്രി ഇ.പി. ജയരാജൻ പ്രകാശനം ചെയ്യുന്നു

## ഡി.വൈ.എഫ്.ഐ സംസ്ഥാന സമ്മേളനം ഫേസ്ബുക്ക് പേജ്

കോഴിക്കോട്: നവംബർ 11 മുതൽ 14 വരെ നടക്കുന്ന ഡി.വൈ.എഫ്.ഐ സംസ്ഥാന സമ്മേളനത്തിന്റെ ഔദ്യോഗിക ഫേസ്ബുക്ക് പേജ് ''ഡി.വൈ.എഫ്.ഐ സംസ്ഥാന സമ്മേളനം, കോഴിക്കോട്'' മന്ത്രിയും ഡി.വൈ.എഫ്.ഐ മുൻ അഖിലേന്ത്യാ പ്രസിഡന്റുമായ ഇ.പി. ജയരാജൻ പ്രകാശനം ചെയ്തു.

സ്വാഗതസംഘം ചെയർമാൻ പി. മോഹനൻ, സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ടി.പി.ദാസൻ, മാമ്പറ്റ ശ്രീധരൻ, ഡി.വൈ.എഫ്.ഐ നേതാക്കളായ പി. നിഖിൽ, എസ്.കെ. സജീഷ്, വി. വസീഫ്, എൽ.ജി. ലിജീഷ്, പി. ഷിജിത്ത് എന്നിവർ പങ്കെടുത്തു. സംസ്ഥാന സമ്മേളനത്തിന്റെ മുഴുവൻ വിവരങ്ങളും ഫേസ്ബുക്ക് പേജിൽ ലഭിക്കും.

# പ്രളയത്തിന്റെ ഓർമ്മയ്ക്കായൊരു 'കിണർ' ചിത്രം

▸ ആർ. അഭിലാഷ്


KAUMUDI SPECIAL

കൊച്ചി: 'പ്രളയകാലത്തെ കൈത്താങ്ങിന്റെ ഓർമ്മയ്ക്കായി സ്കൂൾ മുറ്റത്തെ കിണറിന്റെ ചിത്രം വരച്ചു തരുമോ?'- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പണം നൽകുന്നവരുടെ കാരിക്കേച്ചർ വരച്ച് നൽകുമെന്ന് ഫേസ്ബുക്കിൽ പ്രഖ്യാപിച്ച പ്രദീപ്പുരുഷോത്തമനെ തേടിയെത്തിയ വേറിട്ടൊരു ചലഞ്ചായിരുന്നു അത്. കാസർകോട് നീലേശ്വരം രാജാസ് ഹൈസ്കൂളിലെ 1982 ബാച്ചിലെ വിദ്യാർത്ഥി കൂട്ടായ്മയായ 'ഓർമ്മക്കൂട്ടി' ന്റേതായിരുന്നു ആവശ്യം.

പ്രദീപിന്റെ 'ഫേസ്ബുക്ക് ചലഞ്ചി'നെക്കുറിച്ച് ആഗസ്റ്റ് 28ന് 'കേരളകൗമുദി' നൽകിയ വാർത്ത കണ്ടിട്ടായിരുന്നു പൂർവ വിദ്യാർത്ഥികളുടെ അഭ്യർത്ഥന.

50,000 രൂപ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയതിന്റെ രസീതിനൊപ്പം സ്കൂൾ മുറ്റത്ത് തലയെടുപ്പോടെ നിൽക്കുന്ന കിണറിന്റെ ചിത്രവും കൂട്ടായ്മയുടെ സെക്രട്ടറിയും കാസർകോട് ജില്ലാ മലേറിയ ഓഫീസറുമായ വി. സുരേശൻ അയച്ചുകൊടുത്തു.

ഈ സ്നേഹക്കിണറാണ് 82 ബാച്ചിന്റെ വിദ്യാലയ ഓർമ്മകളുടെ മുഖമുദ്ര. വേനൽകാലത്ത് കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന സ്കൂളിനായി കഴിഞ്ഞ വർഷമാണ് 3.50 ലക്ഷം രൂപ ചെലവഴിച്ച് ഓർമ്മകൂട്ടായ്മ കിണർ നിർമ്മിച്ച് നൽകിയത്. മുന്നൂറോളം അംഗങ്ങളാണ് കൂട്ടായ്മയിലുള്ളത്. സ്കൂളിന് കുടിവെള്ളമേകിയ സ്നേഹക്കൂട്ടായ്മ, നാടിന് തണലേകിയ സന്തോഷത്തിൽ, ഒറ്റ ദിവസം കൊണ്ട് പ്രദീപ് ചിത്രം വരച്ചു നൽകി.





സ്നേഹക്കിണറിന്റെ ചിത്രം (ഇൻസെറ്റിൽ പ്രദീപ് പുരുഷോത്തമൻ)

### പ്രദീപിന്റെ ചലഞ്ച്, നാടിന് 10 ലക്ഷം

'വീ ഷാൽ ഓവർ കം' എന്ന പേരിൽ ആഗസ്റ്റ് അവസാനം തുടങ്ങിയ ചലഞ്ചിൽ പ്രദീപ് ഇതുവരെ 58 ചിത്രങ്ങൾ പൂർത്തിയാക്കി. ഇവരിലൂടെ പത്ത് ലക്ഷത്തിലേറെ രൂപ ദുരിതാശ്വാസ നിധിയിലേക്കെത്തി.

## അലുമിനിയം ഡീലേഴ്സ് ഫോറം സംസ്ഥാന ഭാരവാഹികൾ

കൊച്ചി : സംസ്ഥാനത്തെ അലുമിനിയം വ്യാപാരികളുടെ സംഘടനയായ അലുമിനിയം ഡീലേഴ്സ് ഫോറം (എ.ഡി.എഫ്) സംസ്ഥാന സമ്മേളനം ബോൾഗാട്ടി ലുലു ഗ്രാന്റ് ഹയാത്ത് കൺവെൻഷൻ സെന്ററിൽ പ്രൊഫ. കെ.വി. തോമസ് എം.പി. ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് എം.എൻ. ബാബു അദ്ധ്യക്ഷത വഹിച്ചു. പ്രളയത്തിൽ തകർന്ന ആയിരം വീടുകൾ പുനർനിർമ്മിക്കുന്നതിനാവശ്യമായ അലുമിനിയം ജനലുകളും പി.വി.സി വാതിലുകളും സൗജന്യമായി നൽകുന്ന പദ്ധതിയുടെ ഉദ്ഘാടനം ടി.എ. അഹമ്മദ് കബീർ എം.എൽ.എ. നിർവഹിച്ചു. എ. ബഷീർ, മധുബെൻ എബ്രഹാം, ബൈജു കെ. തോമസ്, സജൽ മുഹമ്മദ്, പി.പി. കമാൽ, ആന്റണി മുണ്ടയ്ക്കൽ, പി.പി. ജോസ് എന്നിവർ പ്രസംഗിച്ചു.



സജൽ മുഹമ്മദ് മധുബെൻ എബ്രഹാം

പ്രസിഡന്റായി സജൽ മുഹമ്മദും ജനറൽ സെക്രട്ടറിയായി മധുബെൻ എബ്രഹാമും ചുമതലയേറ്റു. മറ്റു ഭാരവാഹികൾ : ബൈജു കെ. തോമസ് (ട്രഷറർ), അഹമ്മദ് ഇഖ്ബാൽ, ആന്റണി മുണ്ടക്കൽ, ടി.പി. കമാൽ, മുഹമ്മദ് ബഷീർ, കെ.ആർ. സുധീന്ദ്രൻ (വൈസ് പ്രസിഡന്റുമാർ), പരേഷ് എസ്. ഷാ, ബിജോയ് കെ. തോമസ്, ആർ. ബി. ശ്രീകാന്ത്, എം.പി. ഇർഷാദ്, ദിവാകർ ഷേണായ് (സെക്രട്ടറിമാർ)

## കുട്ടികളിലെ മസ്തിഷ്ക ജ്വരത്തിനെതിരെ പ്രതിരോധം ശക്തമാക്കണം: ഐ.എ.പി

കണ്ണൂർ: കുട്ടികളിലുണ്ടാകുന്ന മസ്തിഷ്ക ജ്വരത്തിനെതിരെ പ്രതിരോധവും ബോധവത്കരണവും ശക്തമാക്കണമെന്ന് ഇന്ത്യൻ അക്കാഡമി ഒഫ് പീഡിയാട്രിക്സ് ന്യൂറോളജി ചാപ്ടർ സംസ്ഥാന സമ്മേളനം ആവശ്യപ്പെട്ടു. കുട്ടികളിലെ വളർച്ചാ വൈകല്യങ്ങളെ ഗർഭാവസ്ഥയിൽ തന്നെ അറിയുന്നതിനുള്ള സംവിധാനം ന്യൂറോളജി വിഭാഗം കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ ഗുണം എല്ലാ ജനങ്ങളിലുമെത്തിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. കണ്ണൂർ ഹോട്ടൽ ബ്രോഡ്ബീനിൽ നടന്ന സമ്മേളനം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ കുട്ടികളുടെ ന്യൂറോളജി വിഭാഗം മേധാവി പ്രൊഫ. ഡോ.എ. മുഹമ്മദ് കുഞ്ഞ് ഉദ്ഘാടനം ചെയ്തു.

വിവിധ മെഡിക്കൽ കോളേജുകളിലെ വിദഗ്ദ്ധ ഡോക്ടർമാർ പ്രബന്ധം അവതരിപ്പിച്ചു. ന്യൂറോളജി ചാപ്ടർ പ്രസിഡന്റ് ഡോ. ടി.ആർ. ജയകുമാർ അദ്ധ്യക്ഷത വഹിച്ചു. ഡോ. എം.കെ. സന്തോഷ്, ഡോ. മോഹനൻ, ഡോ. വേണുഗോപാൽ തുടങ്ങിയവർ പ്രസംഗിച്ചു.

### തിരക്കഥാമത്സരം: എൻട്രികൾ ക്ഷണിച്ചു

തിരുവനന്തപുരം: ചലച്ചിത്ര ടെലിവിഷൻ കലാകാരൻമാരുടെയും സാങ്കേതിക വിദഗ്ദ്ധരുടെയും സംഘടനയായ കോൺടാക്ട് സംഘടിപ്പിക്കുന്ന പതിനൊന്നാമത് ഹ്രസ്വചിത്രതിരക്കഥാ രചനാമത്സരത്തിലേക്ക് 31 നകം എൻട്രികൾ അയയ്ക്കാം.

സൗജന്യ അപേക്ഷാഫോമിന് tvcontact962gmail.com ലേക്ക് സന്ദേശം അയക്കാം. ഫോൺ: 0471 2305259, 9349392259.

## ഇതര സംസ്ഥാന തൊഴിലാളിയിൽ നിന്ന് സി.ബി.ഐ ചമഞ്ഞ് പണം തട്ടിയവർ പിടിയിൽ

ആലുവ: സി.ബി.ഐ ഉദ്യോഗസ്ഥർ ചമഞ്ഞ് ഇതര സംസ്ഥാന തൊഴിലാളിയിൽ നിന്ന് പണം തട്ടിയ രണ്ടുപേരെ പത്ത് മാസത്തിന് ശേഷം പൊലീസ് പിടികൂടി. മദ്ധ്യപ്രദേശ് ജബൽപൂർ സ്വദേശി സുനിൽസാഹു (37), ജബൽപൂർ ഗണേഷ്ഗഞ്ചിൽ ഗിലാപ് സിംഗ് താക്കൂർ (72) എന്നിവരാണ് പിടിയിലായത്. 2017 ഡിസംബർ 14നാണ് ജാർഖണ്ഡ് സ്വദേശി സുരാദനിൽ നിന്ന് ഇവർ പണം തട്ടിയത്. കൊങ്ങോർപ്പിള്ളി നീറിക്കോട് കോയിക്കര കാറ്ററിംഗ് സ്ഥാപനത്തിലെ ജീവനക്കാരനായിരുന്ന സുരാദൻ അവധിക്ക് നാട്ടിലേക്ക് പോകുന്നതിന് ആലുവ റെയിൽവേ സ്റ്റേഷനിലെത്തിയപ്പോഴാണ് സുനിൽ സാഹും സിംഗ് താക്കൂറും ചേർന്ന് 46,000 രൂപയും മൊബൈൽഫോണും എ.ടി.എം കാർഡും ഭീഷണിപ്പെടുത്തി തട്ടിയെടുത്തത്.



സുനിൽസാഹു ഗിലാപ് സിംഗ്

സുരാദനുൾപ്പെടെയുള്ള ഇതര സംസ്ഥാന തൊഴിലാളികൾ മൂന്നാംനമ്പർ പ്ലാറ്റ് ഫോമിൽ ധൻബാദ് എക്സ്പ്രസ് കാത്തുനിൽക്കുമ്പോഴാണ് സി.ബി.ഐ ഉദ്യോഗസ്ഥരെന്ന് പറഞ്ഞ് പ്രതികളെത്തിയത്. തുടർന്ന് ഇതര സംസ്ഥാനക്കാരുടെ ബാഗുകളും മറ്റും പരിശോധിച്ചു. ഒടുവിൽ സുരാദനെയും ഒഡിഷ സ്വദേശി തബോവൻ പ്രതാപിനെയും കൂടുതൽ പരിശോധിക്കാനെന്ന് പറഞ്ഞ് കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ് പരിസരത്തേക്ക് കൊണ്ടുപോയി. അവിടെ വച്ച് സുരാദന്റെ പോക്കറ്റിൽ നിന്ന് ബലം പ്രയോഗിച്ച് പണവും ഫോണും എ.ടി.എം കാർഡും തട്ടിയെടുക്കുകയായിരുന്നു.

പൊലീസ് പരിശോധനയിൽ പരിസരത്തെ സി.സി ടിവി ദൃശ്യങ്ങളിൽ നിന്ന് തട്ടിപ്പ് സംഘത്തിന്റെ ചിത്രങ്ങൾ ലഭിച്ചിരുന്നു. ഹിന്ദിയിൽ മാത്രം സംസാരിച്ചതിനാൽ ഇവർ മലയാളികളല്ലെന്നും വ്യക്തമായി. തുടർന്ന് ഈ ദൃശ്യങ്ങൾ റെയിൽവേ പൊലീസിനും മറ്റു ജില്ലകളിലെ പൊലീസിനും കൈമാറി.

പ്രതികൾ രണ്ടുവർഷം മുമ്പ് കോയമ്പത്തൂരിൽ സമാന കുറ്റകൃത്യം നടത്തിയതായും തെളിഞ്ഞു. തുടർന്ന് റെയിൽവേ പൊലീസിന്റെ സഹായത്തോടെ ആലുവ സി.ഐ വിശാൽ ജോൺസൽ, എസ്.ഐ എം.എസ്. ഫൈസൽ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് എറണാകുളം നോർത്ത് റെയിൽവേ സ്റ്റേഷനിൽ നിന്ന് ഇവരെ അറസ്റ്റ് ചെയ്തത്.

## വരദരാജൻ നായർ തൊഴിലാളികൾക്കായി പ്രയത്നിച്ച നേതാവ്: ഹസൻ

തിരുവനന്തപുരം: ആദർശത്തിനും തൊഴിലാളികളുടെ അവകാശത്തിനും വേണ്ടി പ്രവർത്തിച്ച നേതാവായിരുന്നു എസ്.വരദരാജൻ നായരെന്ന് മുൻ കെ.പി.സി.സി പ്രസിഡന്റ് എം.എം.ഹസൻ പറഞ്ഞു.

മുൻ കെ.പി.സി.സി പ്രസിഡന്റ് എസ്. വരദരാജൻ നായരുടെ 28-ാം ചരമവാർഷികത്തോടനുബന്ധിച്ച് അനുസ്മരണ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു ഹസൻ. തോട്ടിപ്പണി നിറുത്തലാക്കിയതും തൊഴിലാളികൾക്ക് നിരവധി ക്ഷേമപദ്ധതികൾ നടപ്പിലാക്കിയതും അദ്ദേഹം തിരുവനന്തപുരം മേയറായിരുന്ന സമയത്താണ്.

ശബരിമല വിഷയത്തിൽ കോൺഗ്രസ് വിശ്വാസികൾക്കൊപ്പമാണ്. മതപരമായ ആചാരങ്ങളെ മുറിവേൽപ്പിക്കരുത്. രാഷ്ട്രീയ മുതലെടുപ്പിനുള്ള ആർ.എസ്. എസിന്റെ ഗൂഢാലോചന തിരിച്ചറിയണമെന്നും ഹസൻ പറഞ്ഞു.



വരദരാജൻ നായർ

കേസരി ഹാളിലെ ചടങ്ങിൽ തെന്നല ബാലകൃഷ്ണപിള്ള അദ്ധ്യക്ഷത വഹിച്ചു. എം. കൃഷ്ണൻ നായർ, കാട്ടാക്കട മധു, ചെറിയാൻ വർഗീസ്, തങ്കപ്പൻ ആശാരി എന്നിവരെ ആദരിച്ചു. അഡ്വ. ആർ. രാജമോഹൻ, പിരപ്പൻകോട് സുഭാഷ്, അഡ്വ. ജി. സുബോധൻ, അഡ്വ. വി. പ്രതാപചന്ദ്രൻ തുടങ്ങിയവർ പ്രസംഗിച്ചു.

# ഡൽഹിയിൽ അയ്യപ്പ ഭക്തരുടെ പ്രതിഷേധം

ന്യൂഡൽഹി: ശബരിമലയിൽ യുവതികൾക്ക് പ്രവേശനം അനുവദിച്ച സുപ്രീംകോടതി വിധിയിൽ അയ്യപ്പധർമ്മ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ ജന്തർമന്ദറിൽ പ്രതിഷേധ നാമജപയാത്ര നടത്തി. ഡൽഹി, ജയ്പൂർ, ജലന്ധർ, ലുധിയാന, ഹരിയാന എന്നിവിടങ്ങളിൽ നിന്നുള്ള അയ്യപ്പ ഭക്തർ അണിനിരന്നു. പന്തളം വലിയ കോയിക്കൽ കൊട്ടാരത്തിലെ കേരളവർമ്മ രാജ ഉദ്ഘാടനം ചെയ്തു. കേന്ദ്ര -സംസ്ഥാന സർക്കാരുകളും രാഷ്ട്രപതിയും അയ്യപ്പ ഭക്തർക്ക് വേണ്ടി ഇടപെടണമെന്ന് കേരളവർമ്മ രാജ ആവശ്യപ്പെട്ടു. ക്ഷേത്രത്തിൽ പോകേണ്ടത് ഏതെങ്കിലും പ്രതിഷേധത്തിന്റെ ഭാഗമായല്ലെന്നും അയ്യപ്പന്റെ സൈന്യമാണ് ആചാര സംരക്ഷണത്തിനായി അണിനിരന്ന ആയിരങ്ങളെന്നും സി. വി. ആനന്ദബോസ് പറഞ്ഞു. അയ്യപ്പ ധർമ്മ സംരക്ഷണ സമിതി അധ്യക്ഷൻ എം.കെ.ജി പിള്ള, സമിതി കോ-ഓർഡിനേറ്റർ ബാബു പണിക്കർ, മുൻ ലോക്സഭാ സെക്രട്ടറി ജനറൽ പി.ഡി.ടി ആചാരി, അഡ്വ. ഉഷാ നന്ദിനി, ആർ.ആർ നായർ തുടങ്ങിയവർ സംസാരിച്ചു. വിശ്വകർമ്മ സഭ, എസ്.എൻ.ഡി.പി, എൻ.എസ്.എസ്, ഡൽഹി മലയാളി അസോസിയേഷൻ, ഗായത്രി, നവോദയം, ബാലഗോകുലം തുടങ്ങിയ സംഘടനകളാണ് അയ്യപ്പ ധർമ്മ സംരക്ഷണ സമിതിയിലുള്ളത്.



പിണറായിയിലെ മുഖ്യമന്ത്രിയുടെ വീട്ടിലേക്ക് യുവമോർച്ച നടത്തിയ മാർച്ച് പൊലീസ് തടഞ്ഞപ്പോൾ

## മുഖ്യമന്ത്രിയുടെ വീട്ടിലേക്ക് മാർച്ച് നടത്തി

കൂത്തുപറമ്പ്: ശബരിമല സ്ത്രീ പ്രവേശന വിഷയത്തിലെ സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് യുവമോർച്ചാപ്രവർത്തകർ പിണറായി പാണ്ട്യാല മുക്കിലെ മുഖ്യമന്ത്രിയുടെ വീട്ടിലേക്ക് മാർച്ച് നടത്തി. വീടിന് ഒരു കിലോമീറ്റർ അകലെ പടിഞ്ഞിറ്റാം മുറിയിൽ വച്ച് പൊലീസ് സംഘം മാർച്ച് തടഞ്ഞു. ഒരു വിഭാഗം പ്രവർത്തകർ പൊലീസ് വലയം ഭേദിച്ച് തള്ളിക്കയറാൻ ശ്രമിച്ചത് അല്പനേരം സംഘർഷാവസ്ഥയുണ്ടാക്കി.

മമ്പറം ടൗൺ കേന്ദ്രീകരിച്ചാണ് യുവമോർച്ച ജില്ലാ കമ്മറ്റി മാർച്ച് നടത്തിയത്. തലശ്ശേരി എ.എസ്.പി ചൈത്രാ തേരേസാ ജോൺ, ഇരിട്ടി ഡിവൈ.എസ്.പി പ്രജീഷ് തോട്ടത്തിൽ എന്നിവരുടെ നേതൃത്വത്തിൽ തലശേരി സബ് ഡിവിഷനിൽ നിന്നും പൊലീസ് സന്നാഹത്തെ പിണറായിയിൽ വിന്യസിച്ചിരുന്നു.

വിശ്വാസികളുടെ വികാരം മാനിക്കാതെ സർക്കാർ മുന്നോട്ടുപോയാൽ ശക്തമായ പ്രതിഷേധം നേരിടേണ്ടി വരുമെന്ന് മാർച്ച് ഉദ്ഘാടനം ചെയ്ത സംസ്ഥാന വൈസ് പ്രസിഡന്റ് ബിജു ഏളക്കുഴി പറഞ്ഞു.

യുവമോർച്ച ജില്ലാ പ്രസിഡന്റ് സി.സി. രതീഷ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി കെ.പി. അരുൺ, ജില്ലാ ജനറൽ സെക്രട്ടറിമാരായ പി.വി. അജേഷ്, കെ. സി. ജയേഷ്, ജില്ലാ സെക്രട്ടറി ശ്രുപേഷ് തൈവളപ്പിൽ, സുജീഷ് എളയാവൂർ തുടങ്ങിയവർ നേതൃത്വം നൽകി.

## സർക്കാരിന് നോട്ടം പണത്തിൽ: പി.സി. ജോർജ്ജ്

ചെങ്ങന്നൂർ: സർക്കാരിന് വിശ്വാസികളുടെ പണത്തിൽ മാത്രമാണ് കണ്ണെന്ന് പി.സി. ജോർജ്ജ് എം.എൽ.എ. നിലയ്ക്കലിൽ നടൻ ദേവൻ നയിച്ച ആചാരസംരക്ഷണ യാത്രയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ശബരിമല ആചാര സംരക്ഷണത്തിനായി ഹിന്ദു സമൂഹം ഉണരണം. ഇപ്പോൾ ഉറങ്ങിയാൽ ഇനി ഒരിക്കലും ഉണരാനാകാത്ത വിധം അധ:പതിക്കും.

17ന് ശബരിമലിൽ നടക്കുന്ന ഉന്നതതലയോഗത്തിൽ പങ്കെടുക്കില്ല. പകരം നിലയ്ക്കലിൽ സമരത്തിനൊപ്പമായിരിക്കും പങ്കെടുക്കുക. പൂർണ്ണ വിജയം കൈവരിക്കുന്നത് വരെ സമരം തുടരണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ചെങ്ങന്നൂർ മഹാദേവക്ഷേത്ര സന്നിധിയിൽ നിന്നാരംഭിച്ച യാത്ര ശബരിമല തന്ത്രി കണ്ഠര് മോഹനര് ഭദ്രദീപം തെളിച്ച് ഉദ്ഘാടനം ചെയ്തു.

യാത്രാ കോ ഓർഡിനേറ്റർ ബി.കൃഷ്ണകുമാർ അദ്ധ്യക്ഷത വഹിച്ചു. ശബരിമല വാവർസ്വാമി പ്രതിനിധി സിദ്ദിഖ് മുസലിയാർ, തന്ത്രവിദ്യാപീഠം ഡയറക്ടർ ടി.ഡി.പി നമ്പൂതിരി, ചലച്ചിത്ര ഗാനരചയിതാവ് ഒ.എസ് ഉണ്ണികൃഷ്ണൻ, അരുൺപ്രകാശ്, ഡോ. സുന്ദർമേനോൻ എന്നിവർ സംബന്ധിച്ചു. യാത്രയിൽ നൂറുകണക്കിന് വിശ്വാസികൾ പങ്കെടുത്തു. യാത്ര പന്തളത്തെത്തി തിരുവാഭരണ വീഥിയിലെ പ്രമുഖ ക്ഷേത്രങ്ങളിലൂടെ സഞ്ചരിച്ച് വൈകീട്ട് നിലയ്ക്കലിൽ സമാപിച്ചു.

## ശബരിമല : കാൽനട പ്രചാരണ ജാഥകളുമായി സി.പി.എം

തിരുവനന്തപുരം : ശബരിമല സ്ത്രീ പ്രവേശന വിധിയിൽ സംഘപരിവാറും കോൺഗ്രസും നടത്തുന്ന രാഷ്ട്രീയ മുതലെടുപ്പ് നീക്കങ്ങളെ തടയാനും സർക്കാർ നിലപാടിന്റെ നിജസ്ഥിതി ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനുമായി സി.പി.എം നവംബർ ആദ്യം നിയോജകമണ്ഡലാടിസ്ഥാനത്തിൽ കാൽനട പ്രചാരണ ജാഥകൾ നടത്തും. രണ്ട് മാസം നീളുന്ന പ്രചാരണ പരിപാടികളാണ് സംഘടിപ്പിക്കുക. കോടതിവിധി ശരിയായ രീതിയിൽ പഠിച്ചശേഷം മാത്രമേ ജനങ്ങളെ സമീപിക്കാവൂവെന്ന് ഇന്നലെ തിരുവനന്തപുരത്ത് നടന്ന ജില്ലാതല റിപ്പോർട്ടിംഗിൽ പാർട്ടി സെക്രട്ടറി കൊടിയേരി ബാലകൃഷ്ണൻ നിർദ്ദേശിച്ചിരുന്നു. ഇക്കാര്യത്തിൽ ആരെയും പ്രകോപിപ്പിക്കരുത്. എന്നാൽ വസ്തുത ബോദ്ധ്യപ്പെടുത്തുകയും വേണം. വിധിയുടെ മറവിൽ ആർ.എസ്.എസും സംഘപരിവാറും രണ്ടാം വിമോചനസമരത്തിന് കോപ്പുകൂട്ടുകയാണ്. ഇതിനെതിരെ ജാഗ്രത വേണമെന്നും കൊടിയേരി നിർദേശിച്ചു. 14 ജില്ലകളിലും ഇന്നലെ റിപ്പോർട്ടിംഗ് നടന്നു. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗങ്ങളാണ് മറ്റു ജില്ലകളിൽ റിപ്പോർട്ടിംഗ് നടത്തിയത്. ബ്രാഞ്ച് സെക്രട്ടറിമാർ വരെയുള്ളവരാണ് റിപ്പോർട്ടിംഗിൽ പങ്കെടുത്തത്.

## നവോത്ഥാന പോരാട്ടങ്ങൾ തമസ്കരിക്കാൻ ശ്രമം : പുന്നല

മാവേലിക്കര: സാമൂഹ്യ പരിഷ്കരണത്തിനായി കേരളത്തിൽ നടന്ന നവോത്ഥാന പോരാട്ടങ്ങൾ തമസ്കരിക്കാൻ ശ്രമം നടക്കുന്നെന്ന് കെ. പി. എം. എസ് സംസ്ഥാന ജനറൽ സെക്രട്ടറി പുന്നല ശ്രീകുമാർ പറഞ്ഞു. കെ. പി.എം.എസ് ജില്ലാ ജനറൽ കൗൺസിൽ യോഗം മാവേലിക്കര ശ്രീകൃഷ്ണ ഗാനസഭാമന്ദിരത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സുപ്രീംകോടതി വിധിയുടെ അന്തഃസത്ത ഇല്ലാതാക്കരുത്. വീണ്ടും വിമോചന സമരം നടത്തുമെന്ന് പറയുന്നവർ സാമൂഹ്യ മാറ്റങ്ങൾ മനസിലാക്കുന്നില്ല. ഇതിന്റെ പേരിൽ ജനാധിപത്യ സർക്കാരിനെ ഇല്ലാതാക്കാനുള്ള ശ്രമത്തിന് കെ.പി.എം.എസ് കൂട്ടുനിൽക്കില്ല.

പിന്നാക്കക്കാരനെ ക്ഷേത്രങ്ങളിൽ നിയമിച്ചപ്പോൾ എതിർത്തവരാണ് ഇപ്പോൾ നാമജപങ്ങളുമായി ഇറങ്ങിയിട്ടുള്ളത്. സുപ്രീംകോടതി പുറപ്പെടുവിച്ച വിധിയുടെ പേരിൽ സർക്കാരിനെതിരെ തെരുവിൽ പാട്ടു പാടാൻ പട്ടികജാതിക്കാരനെ കിട്ടില്ല. ശബരിമലയിൽ സ്ത്രീകൾ കയറിയാൽ പുരുഷൻ പിടിക്കും എന്നു പറയുന്നവരുടെ കൂടെ തങ്ങൾ ഉണ്ടാകില്ല. സുപ്രീംകോടതി വിധി ഉടൻ നടപ്പാക്കണമെന്നും പുന്നല ശ്രീകുമാർ ആവശ്യപ്പെട്ടു.

## തോട്ടുമുക്കിൽ മിന്നലേറ്റ് വൈദ്യുതി ലൈൻ തകർന്നു

വിതുര: ഇന്നലെ ഉച്ചയ്ക്ക് ശേഷം ഉണ്ടായ ശക്തമായ ഇടിമിന്നലേറ്റ് തൊളിക്കോട് പഞ്ചായത്തിലെ തോട്ടുമുക്കിൽ വൈദ്യുതിലൈൻ തകർന്നു. മിന്നലേറ്റ് കമ്പികൾ തകരുകയും പ്രദേശത്ത് മണിക്കൂറുകളോളം വൈദ്യുതി വിതരണം നിലക്കുകയും ചെയ്തു. ഇടിമിന്നലേറ്റ് പ്രദേശത്തെ അനവധി വീടുകളിലെ ടി.വികളും,മറ്റ് ഇലക്ട്രിക് ഉപകരണങ്ങളും കേടായതായി പ്രദേശവാസികൾ പറഞ്ഞു.

www.keralakaumudi.com www.facebook.com/keralakaumudi

# കുടവൂർ ഏലായിൽ കൊയ്ത്തുപാട്ടിന്റെ ഈണം

കല്ലമ്പലം: കുടവൂർഏലായിൽകൊയ്ത്തുപാട്ടിന്റെ ഈണം. കാർഷിക വികസന കർഷക ക്ഷേമവകുപ്പ് നാവായിക്കുളം പഞ്ചായത്ത് കൃഷിഭവൻവഴി നടപ്പിലാക്കിയ തരിശുനില കൃഷിയുടെ കൊയ്ത്തുത്സവമാണ് നാടൻപാട്ടിന്റെ അകമ്പടിയോടെ കഴിഞ്ഞ ദിവസം നടന്നത്. പ്രദേശവാസിയായ ഷാജി എന്ന കർഷകന്റെ തരിശുകിടന്ന പാടത്താണ് വിളവിറക്കിയത്. നൂറുമേനി വിളവാണ് കൊയ്തത്. ഇതിന്റെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് കെ. തമ്പി നിർവഹിച്ചു. വാർഡ് മെമ്പർ കുടവൂർ നിസാം, കൃഷി ഓഫീസർ സുരേഷ്, കൃഷി അസിസ്റ്റന്റുമാരായ അനിൽ, ബിജു, ശ്യാംരാജ്, പാടശേഖരസമിതി സെക്രട്ടറി മോഹൻദാസ്, കർഷകർ എന്നിവർ പങ്കെടുത്തു. ചടങ്ങിൽ മുതിർന്ന കർഷകരെ ആദരിച്ചു.



കുടവൂർ ഏലായിലെ കൊയ്ത്തുത്സവം പഞ്ചായത്ത് പ്രസിഡന്റ് കെ. തമ്പി ഉദ്ഘാടനം ചെയ്യുന്നു

## പൂഴനാട്ട് യൂത്ത് എക്സ്ചേഞ്ച്

കാട്ടാക്കട: കേന്ദ്ര യുവജനക്ഷേമ കായിക മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം നെഹ്റു യുവകേന്ദ്ര യൂത്ത് എക്സ്ചേഞ്ച് സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി ഹിമാചൽപ്രദേശിലെ 50 യുവജനങ്ങളും കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 50 യുവാക്കളും ഉൾപ്പെടുന്ന ടീം നാളെ പൂഴനാട്ടെ ഭാവന ഗ്രന്ഥശാല-കലാ സാംസ്കാരിക കേന്ദ്രവും വിവിധ സർക്കാർ സ്ഥാപനങ്ങളും സന്ദർശിക്കും. രാവിലെ 9.30ന് നീരാഴി കോണത്ത് ടീമിന് സ്വീകരണം നൽകും. കേരളത്തിന്റെ ജീവിതരീതികളും സംസ്കാരവും അടുത്തറിയുന്നതിനാണ് സന്ദർശനം. നെഹ്റു യുവകേന്ദ്ര സോണൽ ഡയറക്ടർ സതീശ്, ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർ അലി സാബ്രിൻ എന്നിവർ നേതൃത്വം നൽകും.

# റോഡ് കാട് മൂടി; കാൽനടയാത്രികർ ഭീതിയിൽ

കല്ലമ്പലം: റോഡിന്റെ ഇരുവശവും കാട് മൂടിയതിനാൽ ഇഴ ജന്തുക്കളുടെയും സാമൂഹ്യ വിരുദ്ധരുടെയും ശല്യം ഉണ്ടാകുമെന്ന് ഭയന്ന് കാൽനട യാത്രികർ ഭീതിയിൽ. നാവായിക്കുളം പഞ്ചായത്തിലെ മുട്ടിയറ - സാമിയാർ കുന്ന് റോഡാണ് ഇരുവശവും കാട് മൂടിയത്. ബസ് സർവീസ് ഇല്ലാത്ത ഈ റോഡ് വഴി രാവിലെയും വൈകിട്ടും വിദ്യാർത്ഥികളടക്കം നിരവധി പേരാണ് യാത്രചെയ്യുന്നത്. ദൂരസ്ഥലങ്ങളിലും മറ്റും ജോലി ചെയ്യുന്നവർ വീടെത്താൻ അന്തിയാകും. തെരുവ് വിളക്കുകൾ പോലും കത്തുന്നില്ല. നെഞ്ചിടിപ്പോടെയാണ് ഈ റോഡ് വഴി ഓരോ ചുവടും വയ്ക്കുന്നത്. റോഡിനിരുവശവും ഉള്ള കാടുകൾ വെട്ടിത്തെളിച്ച് വെടിപ്പാക്കാൻ പഞ്ചായത്ത് തൊഴിലുറപ്പ് തൊഴിലാളികളെ നിയോഗിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.



മുട്ടിയറ സാമിയാർ കുന്ന് റോഡ് ഇരുവശവും കാട് മൂടിയ നിലയിൽ



ശബരിമലയിലെ ആചാരങ്ങൾ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് ശിവസേനയുടെ നേതൃത്വത്തിൽ ആറ്റിങ്ങലിൽ നടന്ന മന്ത്ര ജപയാത്ര

## മഞ്ച സ്കൂളിൽ ദ്വിദിന സഹവാസ ക്യാമ്പ്

നെടുമങ്ങാട്: മഞ്ച ഗവൺമെന്റ് വി.എച്ച്.എസ്.എസ് ബോയിസിലെ എൻ.എസ്.എസ് ദ്വിദിന സഹവാസ ക്യാമ്പ് നഗരസഭ ചെയർമാൻ ചെറ്റച്ചൽ സഹദേവൻ ഉദ്ഘാടനം ചെയ്തു.

ക്യാമ്പിന്റെ ഭാഗമായി ശുചിത്വ മിഷനുമായി സഹകരിച്ച് മഞ്ച വാർഡിലെ 1500 ഓളം വീടുകൾ വിദ്യാർത്ഥികൾ പല ഗ്രൂപ്പുകളായി തിരിഞ്ഞ് സന്ദർശിക്കുകയും ജൈവ, അജൈവ മാലിന്യങ്ങളെ കുറിച്ച് ബോധവത്കരണ സെമിനാറുകൾ സംഘടിപ്പിക്കുകയും ശുചിത്വ സർവെ (ഹരിത ഓഡിറ്റ്) നടത്തുകയും ചെയ്തു. പി.ടി.എ പ്രസിഡന്റ് കോശി.എസ് അദ്ധ്യക്ഷത വഹിച്ചു. ടി.ആർ. സുരേഷ് മുഖ്യ പ്രഭാഷണം നടത്തി. വാർഡ് കൗൺസിലർ എ.ഷാജി, പ്രിൻസിപ്പൽ ബിനരാജ്., എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ ജി.എസ്.പ്രശാന്ത്, വോളണ്ടിയർ സെക്രട്ടറി കുമാരി നൗഫില.എസ് എന്നിവർ പങ്കെടുത്തു.




ശബരിമലയെ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് ശബരിമല കർമ്മസമിതിയുടെ ആഭിമുഖ്യത്തിൽ വർക്കലയിൽ നടത്തിയ പ്രതിഷേധ മാർച്ച്

## ഇന്ന്

**വ**ട്ടിയൂർക്കാവ് സരസ്വതിവിദ്യാലയം: ഡോ. എ.പി.ജെ. അബ്ദുൾകലാം ട്രസ്റ്റ് സംഘടിപ്പിക്കുന്ന ഡ്രീം ഇന്ത്യ സെമിനാർ ഉദ്ഘാടനം ഡെപ്യൂട്ടി സ്പീക്കർ വി.ശശി-10ന്.

**വ**ഞ്ചിയൂർ പരിഷത് ഭവൻ: ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രഭാഷണ പരമ്പര 'കേരളത്തിലെ പ്രളയവും, സുസ്ഥിര വികസനവും' ഡോ. മുരളി തുമ്മാരക്കുടി - 5ന്.

**ക**രിക്കകം ശ്രീചാമുണ്ഡിക്ഷേത്രം: നവരാത്രി ആഘോഷം, രേഷ്മ രാഘവേന്ദ്രയുടെ കച്ചേരി - 5.30ന്.

**വെ**ൺപാലവട്ടം ശ്രീഭഗവതിക്ഷേത്രം: നവരാത്രി മഹോത്സവം ഭജന - 6.45ന്.

**ആ**റ്റുകാൽ ഭഗവതി ക്ഷേത്രം: നവരാത്രി ആഘോഷം, ശാസ്ത്രീയ നൃത്തം - 6ന്.

**പൂ**ജപ്പുര ശ്രീ സരസ്വതിദേവീക്ഷേത്രം: നവരാത്രിമഹോത്സവം, കവി സമ്മേളനം ഉദ്ഘാടനം ചുനക്കര രാമൻകുട്ടി - 3ന്.

**പൂങ്ങ**കുളം ശ്രീ ചാമുണ്ഡേശ്വരി ദേവീക്ഷേത്രം: നവരാത്രി ആഘോഷം, ഗണപതിഹോമം - രാവിലെ 5ന്.

**കു**ളങ്ങരക്കോണം ശ്രീദക്ഷിണമൂകാംബിക ഭഗവതിക്ഷേത്രം: നവരാത്രി - ദസറ ആഘോഷം, സർപ്പകാവിലേക്ക് എഴുന്നള്ളത്ത് - രാവിലെ 8.30ന്.

**വ**ട്ടിയൂർക്കാവ് അറപ്പുര ശ്രീ ഈശ്വരി അമ്മൻ സരസ്വതി ദേവീക്ഷേത്രം: നവരാത്രി മഹോത്സവം, നൃത്തസന്ധ്യ - 7.45ന്.

**പേ**രൂർക്കട ഉളിയനാട് ശ്രീകൃഷ്ണസ്വാമി ക്ഷേത്രം: നവരാത്രിമഹോത്സവം.

**കോ**ട്ടയ്ക്കകം നവരാത്രി മണ്ഡപം: നവരാത്രി ആഘോഷം രാമവർമ്മയുടെ കച്ചേരി - 6ന്.

**തൈ**ക്കാട് ഗണേശം: സൂര്യ തിയേറ്റർ ഫെസ്റ്റിവൽ - 6.45ന്.

**കോ**ട്ടയ്ക്കകം അഭേദാശ്രമം: നവരാത്രി ഉത്സവം.

**പ**ഴഞ്ചിറ ദേവീക്ഷേത്രം: നവരാത്രി മഹോത്സവവും ഭാഗവത സപ്താഹ യജ്ഞവും.

**കേ**ശവദാസപുരം മാത്തുവീട് ദേവീക്ഷേത്രം ട്രസ്റ്റ്: നവരാത്രി ആഘോഷം

## സിനിമ

■ന്യൂ (2323244) :: ■SCREEN 1 - കായംകുളം കൊച്ചുണ്ണി (M - 10.00am, 1.00pm, 4.00pm, 7.00pm, 10.30pm)
■SCREEN 2 - കായംകുളം കൊച്ചുണ്ണി (M - 7.30am, 7.30pm, 11.00pm) VENOM (E-3D -2.30pm)
■SCREEN 3 - കായംകുളം കൊച്ചുണ്ണി (M - 7.30am) വരത്തൻ (M- 11.30am, 6.30pm) തീവണ്ടി (M- 2.30pm, 9.30pm)
■ശ്രീകുമാർ (2331222) :: 96 (T- 11.15, 2.30, 6.15, 9.30)
■ശ്രീവിശാഖ് (2331222) :: വരത്തൻ (M- 11.15) കായംകുളം കൊച്ചുണ്ണി (M - 2.30, 6.15, 9.30)
■ശ്രീപത്മനാഭ (2473999) :: കായംകുളം കൊച്ചുണ്ണി (M - 11.00, 2.30, 6.00, 9.30)
■ദേവിപ്രിയ (2473999) :: പടയോട്ടം (M- 11.00) ചെക്ക ചിവന്ത വാനം (T- 2.30) 96 (T- 6.00, 9.30)
■അജന്ത (2472825) :: No Shows
■കൃപ :: കായംകുളം കൊച്ചുണ്ണി (M - 7.30am, 10.30am, 1.30pm, 4.30pm, 7.30pm, 10.30pm) 96 (T- 11.30am, 3.00pm, 10.00pm) RATSASAN (T-6.30pm)
■കലാഭവൻ :: പടയോട്ടം (M- 11.30, 2.30) 96 (T- 6.15, 9.30)
■സെൻട്രൽ (2462865) :: BARBARIAN (E - 11.30, 2.30, 6.30, 9.30)
■കൈരളി (2332747) :: ചാലക്കുടിക്കാരൻ ചങ്ങാതി (M - 11.00, 2.30, 6.00, 9.30)
■ശ്രീ (2332747) :: മന്ദാരം (M - 11.30, 2.30, 6.30, 9.30)
■നിള (2332747) :: KA BODYSCAPES (M 11.30, 2.30) ചെക്ക ചിവന്ത വാനം (T- 6.15, 9.30)
■ധന്യ (2476773) :: FIRST MAN (E- 11.15, 2.30, 6.15, 9.30)
■രമ്യ (2476773) :: JALEBI (H- 11.15, 2.30, 6.15, 9.30)
■ARIESPLEX SL CINEMA: (04714066660) ::
■Audi 1 - ചെക്ക ചിവന്ത വാനം (T- 11.15, 2.45, 6.30, 10.15)
■Audi 2 - ചാലക്കുടിക്കാരൻ ചങ്ങാതി (M - 11.15, 9.45) തീവണ്ടി (M - 3.00, 6.30)
■Audi 3 - SMALL FOOT (E-11.30, 6.00) PATAAKHA (H-2.30) SUIDAAGA (H-8.00pm) JOHNNY ENGLISH (E-10.30)
■Audi 4 - JOHNNY ENGLISH (E- 11.00) DEVADASU (Telugu- 1.00) ഇമൈക്ക നൊടികൾ (T- 4.00) പടയോട്ടം (M- 7.30, 10.30)
■Audi 5 - വരത്തൻ (M - 11.30pm, 3.00pm, 6.45pm, 10.15pm)
■Audi 6 - SUIDAAGA (H-11.30, 4.45pm) JOHNNY ENGLISH (E-2.15) SAAMY SQUARE (T-10.05) ലില്ലി (M- 10.30pm)
■കാർണിവൽ സിനിമാസ് (മാൾ ഓഫ് ട്രാവൻകൂർ)
96 (T-10.15am, 4.00pm, 7.15pm, 10.30pm) A STAR IS BORN (E- 12.45, 3.40) അരവിന്ദ സമേത വീര രാഘവ (Telugu- 7.00pm) FIRST MAN (E- 4.30pm, 10.30pm) HELICOPTER EELA (H-10.00am, 4.15pm) കായംകുളം കൊച്ചുണ്ണി (M -9.30am, 12.00pm, 1.00pm, 3.30pm, 4.30pm, 6.30pm, 7.00pm, 7.30pm, 8.00pm, 10.30pm, 10.45pm, 11.30pm) NONSENSE (M- 1.00pm, 7.30pm) പടയോട്ടം (M-11.15am) രാക്ഷസൻ (T- 4.00pm) തീവണ്ടി (M- 10.15am) TUMBBAD (E- 10.00pm) U TURN (T- 10.00, 1.15pm) വരത്തൻ (M- 1.20pm, 10.45pm) VENOM (E- 3D - 2.00pm)
■കഴക്കൂട്ടം കൃഷ്ണ (2418144) :: കായംകുളം കൊച്ചുണ്ണി (M - 11.15, 2.30, 6.15, 9.30)
■വെട്ടുറോഡ് ഹരിശ്രീ (04712755666) :: കായംകുളം കൊച്ചുണ്ണി (M - 11.15, 2.30, 6.15, 9.30)
■കഠിനംകുളം ജി ട്രാക്സ് (2757771) :: ■screen 1 : കായംകുളം കൊച്ചുണ്ണി (M - 11.15, 2.30, 6.15, 9.30)
screen 2 : 96 (T - 11.30, 2.30, 6.30, 9.30)
■ആറ്റിങ്ങൽ ഡ്രീംസ് (628997) :: കായംകുളം കൊച്ചുണ്ണി (M - 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ ഗംഗ (2629973) :: വരത്തൻ (M- 11.00, 2.30, 6.30, 9.30)
■ആറ്റിങ്ങൽ യമുന (2629973) :: ചാലക്കുടിക്കാരൻ ചങ്ങാതി (M - 11.15, 2.15, 6.15, 9.15)
■ആറ്റിങ്ങൽ കാവേരി (9287218284) :: ചെക്ക ചിവന്ത വാനം (T- 11.00, 2.30, 6.30, 9.30)
■ആറ്റിങ്ങൽ വൈശാഖ് (2622244) :: കായംകുളം കൊച്ചുണ്ണി (M - 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ തപസ്യ (3291113) :: RATSASAN (T - 11.00, 2.45, 6.30, 9.45)
■ആറ്റിങ്ങൽ തപസ്യ പാരഡൈസ് (620920) :: U TURN (T - 11.15, 3.00, 6.30, 9.45)
■വർക്കല എസ്.ആർ (04702602339) :: NONSENSE (M - 11.00, 2.30, 6.15) ചാലക്കുടിക്കാരൻ ചങ്ങാതി (M - 9.30)
■വർക്കല വിമല (9895233785) :: മന്ദാരം (M- 11.00, 3.00, 6.30, 9.45)
■വർക്കല സ്റ്റാർ സിനിമ (2602344) :: NONSENSE (M - 11.00) 96 (T- 2.30, 6.15) ചാലക്കുടിക്കാരൻ ചങ്ങാതി (M - 9.30)
■ചിറയിൻകീഴ് സ്വാമിജി (9526752302) :: കമ്മാരസംഭവം (M - 3.00, 6.30, 9.30)
■നെടുമങ്ങാട് സൂര്യ (2802223) :: തീവണ്ടി (M- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് സൂര്യ പാരഡൈസ് (2813259) :: കായംകുളം കൊച്ചുണ്ണി (M - 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: NONSENSE (M- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് റാണി :: ■screen 1 : കായംകുളം കൊച്ചുണ്ണി (M - 8.00am, 10.45am, 2.15pm, 6.00pm, 9.15pm)
■screen 2 : കായംകുളം കൊച്ചുണ്ണി (M - 10.45am, 2.15pm, 6.00pm, 9.15pm)
■പെരിങ്ങമ്മല അശ്വതി (2400394) :: തീവണ്ടി (M- 2.30, 6.30, 9.30)
■കളിയിക്കാവിള ശ്രീകാളീശ്വരി (0471-2200073, 0471-2200174) ::
■Audi 1 - ഗജനീകാന്ത് (M- 11.30, 2.30, 6.15, 9.30)
■Audi 2 - ഇബിലീസ് (M-11.00, 2.30, 6.15, 9.30)
■Audi 3 - KARWAAN (H-11.00, 2.30, 6.15, 9.30)
■Audi 4 - കൂടെ (M- 11.00, 2.30, 6.15, 9.30)
■Audi 5 - JUNGA (T- 11.00, 2.30) ഒരു പഴയ ബോംബ് കഥ (M- 6.15, 9.30)
■കളിയിക്കാവിള തമീൻസ് മാക്സ് :: പുലി മുരുകൻ (M-2.30, 6.15) അച്ചം എമ്പത് മടമയ്യെട (T-11.00, 9.15)
■നെയ്യാറ്റിൻകര ശുഭ :: പഞ്ചവർണ തത്ത (M- 2.30, 6.30, 9.30)
■പോത്തൻകോട് MT CINEPLEX (2419515) :: ■Tela 1 - കായംകുളം കൊച്ചുണ്ണി (M - 11.00, 2.15, 6.15, 9.30)
■Tela 2 - 96 (T- 11.15, 6.30) കായംകുളം കൊച്ചുണ്ണി (M - 2.30, 9.45)
■പോത്തൻകോട് എച്ച്.കെ സിനിമാസ് (0471-2715555, 9447060600) :: NONSENSE (M- 11.15, 9.30) ചാലക്കുടിക്കാരൻ ചങ്ങാതി (M- 2.30, 6.15)
■വെഞ്ഞാറമൂട് സിന്ധു (9746159088) :: കായംകുളം കൊച്ചുണ്ണി (M - 11.30, 2.30, 6.00, 9.00)
■കാട്ടാക്കട ജയവിനായക (2290867) :: ■screen 1 - ആട് -2 (M-11.00, 2.15, 6.15, 9.15) ■screen 2 - വേലൈക്കാരൻ (T- 11.15, 2.30, 6.30, 9.30)
■കള്ളിക്കാട് ദീപ (9447553618) :: അച്ചായൻസ് (M- 6.30, 9.30)
■കാട്ടാക്കട ശ്രീമുരുക (9995952120) :: No show
■കിളിമാനൂർ എസ്.എൻ :: Nowshow
■പനച്ചമൂട് യമുനലക്ഷ്മി :: കെട്ടു (T-10.30, 2.30, 6.15, 9.00)
■പേയാട് എസ്.പി സിനിമ (0471-2289053) :: കായംകുളം കൊച്ചുണ്ണി (M - 11.00am, 12.45pm, 3.15pm, 6.00pm, 9.00pm)
■കല്ലറ ARS (9526906021) :: കമ്മാരസംഭവം (M- 2.30, 6.30)
■പടന്തലുമൂട് IMP :: കായംകുളം കൊച്ചുണ്ണി (M- 11.00, 2.30, 6.30, 9.30)
■കാട്ടാക്കട സ്വരലയ: (9188628546) :: ■സ്വരം - കായംകുളം കൊച്ചുണ്ണി (M - 11.30, 2.30, 6.30, 9.30)
■ലയം - കായംകുളം കൊച്ചുണ്ണി (M - 11.15, 2.15, 6.15, 9.15)

# പൈപ്പ് പൊട്ടി കുടിവെള്ളം പാഴാകുന്നു

കല്ലമ്പലം: നാവായിക്കുളം പഞ്ചായത്തിലെ മുക്കുകട - കപ്പാംവിള റോഡിൽ മാടൻകാവിന് സമീപം പൈപ്പുപൊട്ടി കുടിവെള്ളം പാഴാകാൻ തുടങ്ങിയിട്ട് ദിവസങ്ങളായി. പ്രദേശവാസികൾ വാട്ടർ അതോറിട്ടിയെ വിവരം അറിയിച്ചെങ്കിലും പ്രദേശത്ത് തിരിഞ്ഞുപോലും നോക്കിയില്ലെന്നാണ് ആക്ഷേപം. പഞ്ചായത്തിലെ വിവിധ ഇടങ്ങളിൽ ഇത്തരത്തിൽ പൈപ്പുപൊട്ടി കുടിവെള്ളം പാഴാകുന്നുണ്ട്. നാട്ടുകാരാണ് പലപ്പോഴും വെള്ളത്തിന്റെ ചോർച്ച തടയാൻ താത്കാലിക നടപടികൾ സ്വീകരിക്കുന്നത്. എന്നാൽ ഇവിടെ റോഡിനടിയിലുള്ള പൈപ്പ്പൊട്ടി വെള്ളം പുറത്തേക്ക് വരുന്നതിനാൽ ഒന്നും ചെയ്യാൻ പറ്റുന്നില്ല. വാട്ടർ അതോറിട്ടി ജീവനക്കാർ പ്രശ്നം പരിഹരിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.



മുക്കുകട - കപ്പാംവിള റോഡിൽ പൈപ്പുപൊട്ടി വെള്ളം പുറത്തേക്കൊഴുകുന്ന നിലയിൽ



ആറ്റിങ്ങൽ മങ്കാട്ടുമൂല റസിഡന്റ്സ് അസോസിയേഷൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് സമാഹരിച്ച ഒരു ലക്ഷത്തി പതിനാലായിരം രൂപയുടെ ചെക്ക് സെക്രട്ടറി എസ്. സതീഷ് കുമാർ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു. അസോസിയേഷൻ ഭാരവാഹികളായ ശിവദാസൻ, നാരായണപിള്ള, കെ.രവീന്ദ്രൻ പിള്ള , എം.ജഗദീഷ് ബാബു എന്നിവർ സമീപം

KERALA KAUMUDI classifieds
കേരളകൗമുദി ക്ലാസിഫൈഡ്സ്
better choice.... faster response

**പണയ സ്വർണ്ണം**
കമ്മീഷനില്ലാതെ ബാങ്കിലെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. എല്ലാ ജില്ലകളിലും എക്സിക്യൂട്ടീവുകൾ.
98 95 92 40 17
ശ്രീനാരായണ ജ്വല്ലറി

**ബാങ്ക് സ്വർണ്ണം**
കമ്മീഷനില്ലാതെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. ജില്ലകളിലെല്ലാം എക്സിക്യൂട്ടീവുകൾ.
97 46 81 11 96, 98 47 30 11 58
രാധികാ ജ്വല്ലറി

**ചികിത്സ**
ത്വക്‌രോഗികൾ ശ്രദ്ധിക്കുക! ഡോ.കെ. സുഭാഷ്, കല്പദ്രുമം ഹോസ്പിറ്റൽ, ത്വക്‌രോഗ ചികിത്സാകേന്ദ്രം, ഇടപ്പഴിഞ്ഞി, തിരുവനന്തപുരം-14
Phone : 2321289, 2326569.

**Lost**
KL 22 C 6399-ാം നമ്പർ ഓട്ടോറിക്ഷയുടെ ആർ.സി. ബുക്ക് നഷ്ടപ്പെട്ടുപോയി. ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിൽ ആർക്കെങ്കിലും പരാതിയുണ്ടെങ്കിൽ 15 ദിവസത്തിനകം കഴക്കൂട്ടം RTO ഓഫീസിൽ ബോധിപ്പിക്കേണ്ടതാണ്.
ഷീജ. L.S. 7736173209.

**GRAVITY BUILDERS**
Building Transparent Relationships
VAZHUTHACAUD, TRIVANDRUM
വാസ്തു ശാസ്ത്ര പ്രകാരം ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ആർക്കിടെക്റ്റ് ഡിസൈനോടുകൂടി ഗുണനിലവാരമുള്ള കെട്ടിടനിർമ്മാണത്തിന്...
9497009944
facebook.com/gravitybuilders

**PMEGP, MUDRA, NORKA**
സെക്യൂരിറ്റി ഇല്ലാതെ 10 ലക്ഷം രൂപ വരെ വ്യവസായ വായ്പ. നൂറിൽപരം ചെറുകിട വ്യവസായങ്ങളുടെ വിവരണങ്ങൾ. മറ്റ് ബാങ്ക് ലോണിന് ആവശ്യമായ പ്രൊജക്ട് റിപ്പോർട്ടിനും.
INDUSTRIAL AUTOMATION INDIA
9605696243, 8848185796

**ITI/KGCE അഡ്മിഷൻ**
P.S.C./NCVT/KSELB/KERALA ഗവ.അംഗീകൃത കോഴ്സുകൾ
ഓട്ടോമൊബൈൽ + Driv. Licence
ഇലക്ട്രിക്കൽ
സിവിൽ
എക്സ്റേ - വെൽഡിംഗ്
കോഴ്സുകഴിഞ്ഞാൽ ശമ്പളത്തോടുകൂടി ഉടൻ ട്രെയിനിംഗ്
Since 1978
UBDACE INSTITUTIONS
കേന്ദ്ര - സംസ്ഥാന ഗവൺമെന്റ് അംഗീകൃതം
വിദേശത്ത് പോകുവാൻ* UEI ഡിപ്ലോമ സർട്ടിഫിക്കറ്റ്
സ്റ്റേഡിയം, കൊല്ലം
0474-2740503, 2764343
2794676, 9446787715
* Conditions apply

**Lost**
KL 01 AP 2400 Holding RC Book was lost. In case of finding this document, please hand it over to RTO office, Trivandrum. This news is published for purpose of taking a new copy of the document.
E.P. Martin. 9388827711.

കേരളകൗമുദി കളിക്കുടുക്ക
കുട്ടികളുടെ വാരിക

**പാർക്കിൻസൺസ്**
(PARKINSON'S DISEASE)
ശരീരം മുഴുവനായോ കൈകാലുകളിലോ ഉണ്ടാകുന്ന വിറയൽ, മാനസിക സമ്മർദ്ദം അനുഭവപ്പെടുമ്പോൾ വിറയൽ കൂടുന്ന അവസ്ഥ, നടക്കുമ്പോൾ ബാലൻസ് ഇല്ലാതായി വേഗം കൂടുകയോ കുറയുകയോ ചെയ്യുന്ന അവസ്ഥ, ഉറക്കക്കുറവ്, അമിതമായ ദേഷ്യം, അകാരണമായ ഭയം, ഓർമ്മക്കുറവ് തുടങ്ങിയ ലക്ഷണങ്ങളോടു കൂടിയ പാർക്കിൻസൺസ് രോഗത്തിനും മറ്റ് അനുബന്ധ രോഗങ്ങൾക്കും ഫലപ്രദമായ ശാസ്ത്രീയ ആയുർവേദ ചികിത്സ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ ഇവിടെ ലഭ്യമാണ്.
VIAMS
DR. K.V. VIJAYAN INSTITUTE OF AYURVEDA MEDICAL SCIENCE
Mezhathur, Pattambi, Palakkad (Dt)
E mail:info@viams.in
Website:www.viams.in Ph: 0466 2270142, 09846362442, 09446456442

**DISTANCE EDUCATION**
UGC, PSC, UPSC അംഗീകരിച്ചതും, UGC നിബന്ധന പ്രകാരമുള്ള യൂണിവേഴ്സിറ്റി പരിധിക്കകത്തും
BA BCom BSc MA MSc MCom MBA
തുടങ്ങിയ ഡിഗ്രി/പി.ജി. കോഴ്സുകൾ
ഏറ്റവും കുറഞ്ഞ ഫീസോടെ രജിസ്റ്റർ ചെയ്യുന്നതിനും, പാതിവഴിയിൽ ഡിഗ്രി/പി.ജി. പഠനം നിർത്തിയവർക്ക് കോഴ്സുകൾ പുനരാരംഭിക്കുന്നതിനും ബന്ധപ്പെടുക.
SIMS DISTANCE EDUCATION
MALAPPURAM : 8893 673433
KOCHI : 8893 853433
PALAKKAD : 9072 204040
KANNUR : 8893 703433
CALICUT : 8893 753433

**തൊഴിലവസരം**
കേന്ദ്രസർക്കാർ അംഗീകാരമുള്ള പ്രമുഖ ധനകാര്യ സ്ഥാപനത്തിന്റെ പുതുതായി ആരംഭിക്കുന്ന STATUE ബ്രാഞ്ചിലേക്ക് ഉദ്യോഗാർത്ഥികളെ ക്ഷണിക്കുന്നു.
- MANAGERS – Package: ₹35,000 (Qualf. Degree & Above)
- CO-ORDINATORS – Package: ₹30,000 (Qualf. Pre-degree & above)
- OFFICE SECRETARY–(Females only)(Qualf. + 2 above) Pckg:₹18000
- COMPANY PARTNERS – Package: ₹45,000 (Rtd. Govt. Employees and NRI's Preffered)

Age : 25 to 65
Contact : 8593813873, 8129216791

**M.S. SARKAR DISPENSARY**
Mob : 9846316661
തിരുവനന്തപുരം

Dr.S.K.Sarkar (Reg.No. 53106)
പ്രമേഹം മൂലമുണ്ടാകുന്ന നാഡീതളർച്ച, ബലഹീനത, സ്വപ്നസ്ഖലനം, ശീഘ്രസ്ഖലനം, വലിപ്പക്കുറവ്, ചൊറിച്ചിൽ, കൈകാൽ മുട്ടുവേദന, സ്ത്രീകൾക്കു മുഖക്കുരു, കറുത്തപാടുകൾ, വെള്ളപ്പോക്ക്, ചർമ്മരോഗങ്ങൾ മുതലായവ ചികിത്സിച്ച് ഭേദമാക്കുന്നു
കൊല്ലം ക്യാമ്പ്
എല്ലാ ചൊവ്വാഴ്ചയും
രാമൻകുളങ്ങര, മാതൃഭൂമി ഓഫീസിനു സമീപം
തിരുവല്ല ക്യാമ്പ്
എല്ലാ മാസവും 5,20 തീയതികളിൽ
K.S.R.T.C. ബസ്സ്റ്റാന്റിന് സമീപം
കാവുംഭാഗം റോഡ്, തിരുവല്ല
www.mssarkar.com

**മുടി വളരാൻ**
മാവേലിൽ ഹോസ്പിറ്റൽ
മരുതിമൂട്, അടൂർ
8590039900, 9961618384
9 am- 5pm facebook/mavelilhospital www.mavelilhospital.com
*Conditions Apply

**പ്രായത്തെ വെല്ലുന്ന കരുത്തിന്**

ഏതു പ്രായക്കാർക്കും ദൃഢതയും, ബലവും ഉദ്ധാരണവും കിട്ടാൻ ശക്തി വർദ്ധക കാപ്സ്യൂളുകളും, ക്രീമും. പ്രമേഹ രോഗികൾക്കും ലൈംഗിക ബന്ധം ആസ്വദിക്കാം. ഓർഗൺ ഡെവലപ്പർ മുഖേന ലിംഗത്തിന്റെ നീളം 7 - 8 ഇഞ്ചും വണ്ണം 3 - 5 ഇഞ്ചും സമയം 30 മിനുട്ടും കിട്ടുന്നു. ശീഘ്രസ്ഖലനം, സ്വപ്നസ്ഖലനം, നപുംസകത എന്നിവ മാറുന്നു. ബീജാണുക്കൾ വർദ്ധിക്കുന്നു. കിടപ്പറയിലെ സുഖം അനുഭവിച്ചറിയുക.
ചികിത്സക്കായി വിളിക്കുക
8877100959, 9117381791

**സത്യമായ പ്രവചനങ്ങളും ദുരിത ദുഃഖ പരിഹാരങ്ങളും**

നാളിതുവരെ അനുഭവിച്ച ദുരിതം, ദുഃഖം, രോഗം, തൊഴിൽ, വിദ്യാതടസ്സങ്ങൾക്കും മറ്റ് പ്രതിസന്ധികൾക്കും കാര്യകാരണ ശാന്തി പരിഹാരങ്ങൾ ജാതി - മതഭേദമന്യേ മിഥ്യാ - വാഗ്ദാന മുഖസ്തുതികളില്ലാതെ ഉറപ്പുനൽകുന്നു. അതീവ ചൈതന്യത്തോടു കൂടിയ ദേവീ - ദേവത - നവഗ്രഹങ്ങളും ചേർന്ന ക്ഷേത്രവും ഇല്ലപറമ്പിൽ സ്ഥിതിചെയ്യുന്നു. പൂർണ്ണ വിശ്വാസിയ്ക്ക് പൂർണ്ണഫലം
സന്ദർശനം മുൻകൂട്ടി അനുവാദം വാങ്ങിയശേഷം
ലോകപ്രശസ്ത ജ്യോതിഷ-മാന്ത്രിക-താന്ത്രിക-ഉപാസകൻ
ബ്രഹ്മശ്രീ ഡോ. പ്രണവം വിഷ്ണുനമ്പൂതിരി
ഉഴുത്രപ്പള്ളി ഇല്ലത്ത് പ്രണവം, വള്ളക്കടവ് പി.ഒ. രാജീവ് ഗാന്ധി Lane, കല്ലുംമൂട്, പനമൂട് ദേവീക്ഷേത്രത്തിന് സമീപം, തിരുവനന്തപുരം-8 ഫോൺ : 9400642415, 9048458660

**നീഗ്രോ പെന്നീസ് ലാവോ മസാജിംഗ് ഓയിൽ**
സ്ത്രീ സൗഹൃദങ്ങൾക്ക് താല്പര്യപ്പെടുന്നവർക്ക് ഫോട്ടോയും നമ്പരും അടങ്ങിയ ഡയറി സൗജന്യം

വിവാഹത്തിനു മുമ്പും വിവാഹത്തിനു ശേഷവും ഉണ്ടാകുന്ന സെക്സ് ബലഹീനതയ്ക്ക് ഗുളികയോ പൊടിയോ ഉപയോഗിക്കാതെ ഏത് പ്രായക്കാർക്കും ഓയിൽ മസാജിലൂടെ ലിംഗത്തിന്റെ നീളം 6-8 ഇഞ്ചും, വണ്ണം 3-4½ ഇഞ്ചും വർദ്ധിക്കുന്നു. സമയം 30 മിനിട്ടും കിട്ടുന്നു. കൂടാതെ ശീഘ്രസ്ഖലനം, സ്വപ്നസ്ഖലനം, നപുംസകത എന്നിവ മാറി ബീജാണുക്കളുടെ അളവും വർദ്ധിപ്പിക്കുന്നു. സെക്സിന്റെ പരമാന്ദസുഖം അനുഭവിച്ചറിയൂ.
ബ്ലാക്ക് സ്പീഡ് ഓയിൽ
8750336928, 9540376105



## അലഹബാദിന്റെ പേരുമാറ്റുമെന്ന് യോഗി

ലക്നൗ: അലഹബാദ് ജില്ലയെ പ്രയാഗ്‌രാജ് എന്ന് പുനർനാമകരണം ചെയ്യുമെന്ന് ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ്. 2019 ജനവരി മുതൽ മാർച്ച് വരെ നടക്കുന്ന കുംഭമേളയുടെ പശ്ചാത്തലത്തിലാണ് പേരുമാറ്റം. അഖാഡാ പരിഷത്തിന്റെ നിർദ്ദേശപ്രകാരമാണ് പേരുമാറ്റം. ഗവർണർ റാം നായിക്കും അനുമതി നൽകിയിട്ടുണ്ട്. അടുത്ത മന്ത്രിസഭായോഗത്തിൽ പ്രമേയം പാസാക്കുമെന്ന് യോഗി പറഞ്ഞു. കുംഭമേളയ്ക്കായുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായും യോഗി കൂട്ടിച്ചേർത്തു.



## പരീക്കർ എയിംസ് വിട്ടു

ന്യൂഡൽഹി: പാൻക്രിയാസിലെ അസുഖത്തെ തുടർന്ന് ഡൽഹി എയിംസിൽ ചികിത്സയിലായിരുന്ന ഗോവ മുഖ്യമന്ത്രി മനോഹർ പരീക്കർ ആശുപത്രി വിട്ടു. ഇന്നലെ തന്നെ എയർ ആംബുലൻസിൽ ഗോവയിലേക്ക് മടങ്ങിയ പരീക്കർ പനാജിയിലെ സ്വകാര്യ വസതിയിലാണുള്ളത്. ആംബുലൻസ് ഉൾപ്പടെയുള്ള അടിയന്തര സൗകര്യങ്ങളൊരുക്കിയ വസതിയിൽ സുരക്ഷയും ശക്തമാക്കിയിട്ടുണ്ട്.

മുഖ്യമന്ത്രി സ്ഥാനമൊഴിയണമെന്ന് പ്രതിപക്ഷമായ കോൺഗ്രസ് ആവശ്യം ശക്തമാക്കുന്നതിനിടെ വെള്ളിയാഴ്ച പരീക്കർ ബി.ജെ.പി കോർകമ്മിറ്റി അംഗങ്ങളുമായും മന്ത്രിമാരുമായും ആശുപത്രിയിൽ കൂടിക്കാഴ്ച നടത്തിയിരുന്നു. ഇതിനു ശേഷം സ്ഥിതി വഷളായതായി റിപ്പോർട്ടുണ്ടായിരുന്നു.

സെപ്തംബർ 15നാണ് 62കാരനായ പരീക്കറിനെ എയിംസിൽ പ്രവേശിപ്പിച്ചത്. പരീക്കർ പദവിയൊഴിയണമെന്ന ആവശ്യം ബി.ജെ.പിയും സഖ്യകക്ഷികളും തള്ളി.

# കിമ്മിനെ വിറ്റാലും ജീവിച്ചാൽ പോരെ




*കിമ്മിന്റെ രൂപത്തിൽ മിൻയോങ് കിമ്മും ഹോവാർഡ് എക്സും*

സോൾ: 'ജീവിക്കാൻ പണം വേണം. അതിനി ഉത്തരകൊറിയൻ ഭരണാധികാരി കിം ജോംഗ് ഉന്നിനെ വിറ്റിട്ടായാലും'- ഇതാണ് ഹോവാർഡ് എക്സ്, മിൻയോങ് കിം എന്നീ ചെറുപ്പക്കാരുടെ പക്ഷം.


രാഷ്ട്രീയ ആക്ഷേപഹാസ്യ പരിപാടികൾ അവതരിപ്പിക്കുന്ന ഹോവാർഡ് എക്സ് ഹോങ് കോങ് സ്വദേശിയും മിൻയോങ് കിം ഉത്തരകൊറിയയിലെ സോൾ സ്വദേശിയുമാണ്. ഉത്തരകൊറിയൻ ഭരണാധികാരി കിം ജോംഗ് ഉന്നുമായുള്ള സാദൃശ്യമാണ് ഇവരെ പ്രശസ്തരാക്കിയത്. ഈ സാദൃശ്യം വച്ച് ദിനവും 9 ലക്ഷം രൂപവരെയാണ് ഈ ചെറുപ്പക്കാർ സമ്പാദിക്കുന്നത്.

കിമ്മിന്റെ രൂപത്തിൽ വീഡിയോ ഗെയിമുകളിൽ അഭിനയിച്ചും ഷോപ്പിംഗ് മാളുകളുടെ ഉദ്ഘാടനത്തിനു പോയും കോടീശ്വരൻമാരുടെ വിവാഹ, ജന്മദിന പാർട്ടികളിൽ പങ്കെടുത്തുമാണ് ഇവർ പണം സമ്പാദിക്കുന്നത്.

കിം ജോംഗ് ഉന്നിന്റെ രാഷ്ട്രീയ നിലപാടുകളും വിവാദ പരാമർശങ്ങളുമെല്ലാം ഇവരുടെ ജോലിയുടെ മാർക്കറ്റ് കൂട്ടും.

കിമ്മിന്റെ വേഷത്തിൽ കെ.എഫ്.സിയുടെ പുതിയ പരസ്യ ചിത്രത്തിൽ അഭിനയിക്കാനുള്ള തയ്യാറെടുപ്പിലാണ് മിൻയോങ് കിം. യു.എസ് പ്രസിഡന്റ് ട്രംപിന്റെയും റഷ്യൻ പ്രസിഡന്റ് പുട്ടിന്റെയും അപരന്മാർക്കൊപ്പം വേദി പങ്കിട്ടാണ് ഹോവാർഡ് അവസാനമായി ആളുകളെ ഞെട്ടിച്ചത്.

# സൽപ്പേരിന് കളങ്കമുണ്ടാക്കി: അക്ബർ



ന്യൂഡൽഹി: മീ ടൂ കാമ്പെയിനിലൂടെ വനിതാ മാദ്ധ്യമ പ്രവർത്തകർ ഉന്നയിച്ച ലൈംഗികാരോപണങ്ങൾ തന്റെ സൽപ്പേരിന് കളങ്കമുണ്ടാക്കിയതായി കേന്ദ്രമന്ത്രിയും മുൻ മാദ്ധ്യമ പ്രവർത്തകനുമായ എം. ജെ. അക്ബർ ആരോപിച്ചു.

പ്രസ്താവന ഇങ്ങനെ: ഒരു വർഷം മുൻപ് ഒരു ലേഖനത്തിലൂടെ പ്രിയാരമണിയാണ് ഈ കാമ്പെയിൻ തുടങ്ങിയത്. അതിൽ എന്റെ പേര് പറഞ്ഞിരുന്നില്ല. ഞാൻ ഒന്നും ചെയ്യാത്തതുകൊണ്ടാണ് എന്റെ പേര് പറയാതിരുന്നതെന്ന് അവർ ട്വീറ്റ് ചെയ്തിട്ടുണ്ട്. ഞാൻ ഒന്നും ചെയ്തിട്ടില്ലെങ്കിൽ എന്താണ് സ്റ്റോറി? ഒരിക്കലും സംഭവിക്കാത്ത ഒരു കാര്യത്തിൽ വ്യംഗ്യാർത്ഥങ്ങളുടെയും ഊഹാപോഹങ്ങളുടെയും അധിക്ഷേപത്തിന്റെയും കടൽ സൃഷ്ടിച്ചിരിക്കുകയാണ്.

ശുത്പാപോൾ പറയുന്നു ഞാൻ അവരെ തൊട്ടിട്ടില്ലെന്ന്. ശുമ റാഹുവും പറയുന്നു ഒന്നും ചെയ്തിട്ടില്ലെന്ന്. അഞ്ജു ഭാരതി പറയുന്നു, സ്വിമ്മിംഗ് പൂളിൽ വച്ച് ഉപദ്രവിച്ചു എന്ന്. എനിക്ക് നീന്താൻ അറിയില്ല. ഗസാല വഹാബ് അവകാശപ്പെടുന്നു 21 വർഷം മുൻപ് ഓഫീസിൽ വച്ച് ഞാൻ ഉപദ്രവിച്ചെന്ന്. ഞാൻ പൊതുരംഗത്ത് 16-ാം വർഷമാണ്. അന്ന് മാദ്ധ്യമ രംഗത്തായിരുന്നു. അവർ എനിക്കൊപ്പം ജോലി ചെയ്തത് ഏഷ്യൻ ഏജിലാണ്. അന്ന് എനിക്ക് പ്ലൈവുഡും ഗ്ലാസുമുള്ള ചെറിയ മുറിയായിരുന്നു. മറ്റുള്ളവരുടെ മേശയുമായി രണ്ടടി അകലം മാത്രം. ഇത്ര ചെറിയ സ്ഥലത്ത് വച്ച് തൊട്ടടുത്തുള്ള ആരും അറിയാതെ ഉപദ്രവിക്കുമെന്ന് വിശ്വസിക്കുന്നത് വിചിത്രമാണ്. ആരോപിക്കപ്പെടുന്ന സംഭവത്തിന് ശേഷവും പ്രിയാരമണിയും വഹാബും എന്നോടൊപ്പം ജോലി തുടർന്നു. ഞാനൊന്നും ചെയ്യാത്തതിനാലാണ് ഇത്രയും കാലം ഇവർ നിശബ്ദരായിരുന്നതും അധികൃതരെ സമീപിക്കാതിരുന്നതും. നീചമായ ആരോപണങ്ങൾ എന്റെ സൽപ്പേരിന് തീരാകളങ്കമുണ്ടാക്കി. നിയമ നടപടി സ്വീകരിക്കും- പ്രസ്താവനയിൽ വ്യക്തമാക്കി.

മാദ്ധ്യമപ്രവർത്തകനായിരിക്കെ അക്ബർ തങ്ങളോട് ലൈംഗികാതിക്രമം കാട്ടിയെന്നാണ് വിദേശ വനിതാ മാദ്ധ്യമപ്രവർത്തകരുൾപ്പെടെ വെളിപ്പെടുത്തിയത്. ഒക്ടോബർ എട്ടിന് പ്രമുഖ മാദ്ധ്യമപ്രവർത്തക പ്രിയാരമണിയാണ് ആരോപണത്തിന് തുടക്കം കുറിക്കുന്നത്. പിന്നീട് 12 മാദ്ധ്യമപ്രവർത്തകർ കൂടി രംഗത്തെത്തുകയായിരുന്നു.

## രാജ്യത്താകെ ലൈസൻസിന് ഇനി 'ഒറ്റ മുഖം'

ന്യൂഡൽഹി: രാജ്യത്തെ ഡ്രൈവിംഗ് ലൈസൻസുകൾക്കും വാഹനങ്ങളുടെ രജിസ്ട്രേഷൻ രേഖകൾക്കും ഇനി ഏകീകൃത രൂപം. വരുന്ന ജൂലായ് മുതൽ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ലൈസൻസ്, ആർ.സി ബുക്ക് എന്നിവയുടെ നിറവും ഡിസൈനും ഒരുപോലെയായിരിക്കും. എ.ടി.എം കാർഡിന്റെ മാതൃകയിലായിരിക്കും രേഖകൾ ലഭ്യമാക്കുക. ഇവയിലെ വിവരങ്ങൾ എളുപ്പത്തിൽ വായിച്ചെടുക്കാനുള്ള ഉപകരണങ്ങളും ട്രാഫിക് ഉദ്യോഗസ്ഥർക്ക് നൽകും.

ലൈസൻസിലും ആർ.സി രേഖകളിലും മൈക്രോ ചിപ്പും ക്യൂ.ആർ കോഡും ഘടിപ്പിക്കും. 'സ്മാർട്ട് സംവിധാനം' നടപ്പാക്കുന്നതിലൂടെ രേഖകൾ നഷ്ടപ്പെട്ടാലും അനായാസം വീണ്ടെടുക്കാനാകും. ഇവയ്ക്ക് പുറമെ, മൈക്രോ പ്രിന്റഡ് ടെസ്റ്റ്, മൈക്രോ ലൈൻ, അൾട്രാ വയലറ്റ് ഫ്ലൂറസെന്റ് കളർ, ഹോളോഗ്രാം, വാട്ടർ മാർക്ക് തുടങ്ങിയ സുരക്ഷ ഉറപ്പാക്കുന്ന ഫീച്ചറുകളുമുണ്ട്.

## മീ ടൂ; ആരോപണം നിഷേധിച്ച് വൈരമുത്തു

ചെന്നൈ: മീ ടൂ കാമ്പെയിനിന്റെ ഭാഗമായി തനിക്കെതിരെ ഉയർന്ന ലൈംഗികാരോപണങ്ങൾ ഗാനരചയിതാവ് വൈരമുത്തു നിഷേധിച്ചു. ഗൂഢലക്ഷ്യങ്ങൾ വച്ചാണ് തനിക്കെതിരെയുള്ള എല്ലാ ആരോപണങ്ങളും. എന്ത് നിയമ നടപടിയും സ്വീകരിക്കാൻ തയ്യാറാണെന്നും വൈരമുത്തു ഇന്നലെ പ്രതികരിച്ചു.

പേരു വെളിപ്പെടുത്താത്ത യുവതിയാണ് വൈരമുത്തുവിനെതിരെ ആദ്യം ആരോപണവുമായി രംഗത്തെത്തിയത്. തമിഴ്നാട് കോടമ്പാക്കത്തുള്ള അദ്ദേഹത്തിന്റെ വീട്ടിൽ വച്ച് കടന്നുപിടിച്ച് ചുംബിച്ചെന്നായിരുന്നു പരാതി. പിന്നാലെയാണ് ഗായിക ചിന്മയിയും വൈരമുത്തുവിനെതിരെ ആരോപണവുമായെത്തിയത്. സഹകരിക്കണമെന്നു പറഞ്ഞ് തന്നെ ഹോട്ടലിലേക്കു ക്ഷണിച്ചെന്നായിരുന്നു അവരുടെ പരാതി.

# പ്രിൻസിപ്പലിനെ വിദ്യാർത്ഥികൾക്ക് മുന്നിൽ വെട്ടി കൊലപ്പെടുത്തി

ബംഗളൂരു: സ്കൂൾ പ്രിൻസിപ്പലിനെ 20ഓളം വിദ്യാർത്ഥികൾക്ക് മുന്നിൽ വച്ച് ആറംഗ സംഘം വെട്ടിക്കൊന്നു. ദസറഹള്ളിയിലെ ഹവനൂർ പബ്ലിക് സ്കൂൾ പ്രിൻസിപ്പൽ രംഗനാഥാണ് (60) ഇന്നലെ രാവിലെ വെട്ടേറ്റ് കൊല്ലപ്പെട്ടത്.

പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി ഞായറാഴ്ച സ്പെഷ്യൽ ക്ലാസ് എടുക്കുന്നതിനിടെ സ്കൂളിലെത്തിയ ആറംഗ സംഘമാണ് രംഗനാഥിനെ വെട്ടിക്കൊന്നത്. ശേഷം അക്രമിസംഘം കാറിൽ രക്ഷപ്പെട്ടു. രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ അക്രമി സംഘത്തിലൊരാളെ പൊലീസ് പിന്നീട് പിടികൂടി. പൊലീസ് സംഘത്തെ അക്രമിക്കാൻ ശ്രമിച്ചതിനാൽ വെടിവച്ചാണ് അക്രമിയെ കീഴ്പ്പെടുത്തിയത്. കാലിന് വെടിയേറ്റ ഇയാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

സ്കൂൾ കെട്ടിടവുമായി ബന്ധപ്പെട്ട തർക്കമാണ് കൊലപാതകത്തിന് പിന്നിലെന്നാണ് കരുതുന്നത്. സ്കൂളിലെ സുരക്ഷാജീവനക്കാരനെ ആക്രമിച്ച ശേഷമാണ് അക്രമി സംഘം സ്കൂളിനുള്ളിൽ കടന്നത്. പൊലീസ് സ്കൂൾ ജീവനക്കാരുടെ മൊഴി രേഖപ്പെടുത്തി.

# മദ്യം ഇനി വീട്ടുപടിക്കൽ; പുതിയ സേവനവുമായി മഹാരാഷ്ട്ര



**പ്രായപരിധി ഇങ്ങനെ**

- ബിയർ ഉപഭോക്താക്കൾക്ക്: 21 വയസ്
- മറ്റുള്ളവ: 25 വയസ്

നാഗ്പൂർ: ഇനി ബിവറേജസിന്റെ മുന്നിൽ വരി നിന്ന് മദ്യം വാങ്ങേണ്ടതില്ല. ഇഷ്ടമുള്ള ബ്രാൻഡ് വീട്ടുപടിക്കലെത്തിക്കുന്ന പുതിയ സേവനം ആരംഭിക്കാനൊരുങ്ങുകയാണ് മഹാരാഷ്ട്ര സർക്കാർ. സംസ്ഥാനത്തെ മദ്യവ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഓൺലൈൻ വില്പന ആരംഭിക്കുന്നതെന്ന് എക്സൈസ് മന്ത്രി ചന്ദ്രശേഖർ ബവൻകുലെ ഒരു ദേശീയ മാദ്ധ്യമത്തോട് പറഞ്ഞു. രാജ്യത്താദ്യമായാണ് ഒരു സംസ്ഥാനം ഓൺലൈൻ മദ്യ വില്പന ആരംഭിക്കുന്നത്.

മദ്യപിച്ച് വാഹനമോടിച്ച് ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കാനാണ് പുതിയ നയത്തിലൂടെ ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി. ദേശീയ, അന്തർദ്ദേശീയ ഇ-കൊമേഴ്സ് വെബ്സൈറ്റുകൾ വഴി പലചരക്ക് സാധനങ്ങളും പച്ചക്കറികളും വാങ്ങുന്നതുപോലെ തന്നെ ഇഷ്ടമുള്ള മദ്യവും ഓൺലൈനായി തിരഞ്ഞെടുക്കാമെന്നും മന്ത്രി പറഞ്ഞു.

ഉപഭോക്താക്കളുടെ പ്രായം ഉറപ്പുവരുത്താനായി വില്പനക്കാർ നേരിട്ടെത്തി ആധാർ വിവരങ്ങൾ അടക്കമുള്ളവ ശേഖരിക്കും. ഇതിനുശേഷം മാത്രമാകും ഇവർക്ക് മദ്യം ഓർഡർ ചെയ്യാൻ സാധിക്കുക. ഓർഡർ ചെയ്ത മദ്യം എവിടെയെത്തി എന്ന് അന്വേഷിക്കാനായി കുപ്പിക്ക് ജിയോ ടാഗ് നൽകും. 21 വയസിന് മുകളിലുള്ളവർക്ക് മാത്രമാകും ഓർഡർ ചെയ്യാൻ സാധിക്കുക.

എന്നാൽ ഇതിനെതിരെ പ്രതിപക്ഷത്തു നിന്നു ശക്തമായ വിമർശനമാണുയരുന്നത്.

## ജമാൽ ഖഷോഗിയുടെ തിരോധാനം

# ഭീഷണി ഭയക്കില്ലെന്ന് സൗദി

## ഓഡിയോ ക്ലിപ് ലഭിച്ചെന്ന് തുർക്കി

ഇസ്താംബുൾ: തുർക്കിയിലെ സൗദി കോൺസുലേറ്റിൽ വച്ച് മാദ്ധ്യമ പ്രവർത്തകൻ ജമാൽ ഖഷോഗിയെ കാണാതായ സംഭവത്തിൽ തങ്ങൾക്കെതിരെ ഉയരുന്ന സാമ്പത്തിക, രാഷ്ട്രീയ ഭീഷണികളെ ഭയമില്ലെന്ന് സൗദി അറേബ്യ പ്രതികരിച്ചു. ഖഷോഗി ഈസ്താംബുൾ എംബസിയിൽ വച്ച് കൊല്ലപ്പെട്ടിട്ടുണ്ടെങ്കിൽ ശിക്ഷാനടപടി കൈക്കൊള്ളുമെന്ന യു. എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഭീഷണിയെ ഭയക്കുന്നില്ലെന്നും സൗദി വ്യക്തമാക്കി. ഏത് സമ്മർദ്ദവും നേരിടാൻ തയ്യാറാണെന്നും ഉപരോധഭീഷണികളെ തിരിച്ചടിക്കുമെന്നും അവർ പറഞ്ഞു. സംഭവത്തെ തുടർന്ന് ടെക് ഭീമൻമാരും മാദ്ധ്യമങ്ങളും സൗദിയിൽ നിന്ന് അകലം പാലിച്ച സാഹചര്യത്തിലാണ് പ്രതികരണം.

ഇതിനിടെ, ഖഷോഗിയുടെ തിരോധാനത്തിനു തൊട്ടുമുമ്പുള്ള ശബ്ദശകലം തങ്ങൾക്ക് ലഭിച്ചതായി തുർക്കി വ്യക്തമാക്കി. ഖഷോഗി ധരിച്ചിരുന്ന ആപ്പിൾ വാച്ചിൽ നിന്നാണ് ഓഡിയോ ക്ലിപ് ലഭിച്ചതെന്ന് തുർക്കി പത്രമായ സബ റിപ്പോർട്ട് ചെയ്തു. കോൺസുലേറ്റിലേക്ക് കയറും മുമ്പ് പ്രതിശ്രുത വധുവിന്റെ കൈയിൽ ഖഷോഗി ഏല്പിച്ച ഫോണിന്റെ സഹായത്തോടെ അദ്ദേഹത്തിന്റെ ഐ ക്ലൗഡ് അക്കൗണ്ട് ഉപയോഗിച്ചാണ് ശബ്ദശകലം കണ്ടെത്തിയത്.

സൗദിയുടെ 15 അംഗ കൊലപാതക സംഘമാണ് കൃത്യത്തിനു പിന്നിലെന്നും തുർക്കി ആരോപിച്ചു. സൗദി സർക്കാരിന്റെ ജനവിരുദ്ധ നിലപാടുകളെ ശക്തമായി വിമർശിക്കുന്ന വാർത്തകൾ പുറത്തുകൊണ്ടുവന്ന ഖഷോഗിയെ ഒക്ടോബർ രണ്ടിനാണ് ഇസ്താംബുളിലെ സൗദി അറേബ്യൻ കോൺസുലേറ്റിൽ വച്ച് കാണാതായത്. തുടർന്ന് ഖഷോഗി കൊല്ലപ്പെട്ടതായി വാർത്തകൾ പുറത്തുവന്നിരുന്നു.

ഐക്യരാഷ്ട്രസഭയും ജമാൽ ഖഷോഗിയുടെ തിരോധാനത്തിൽ കടുത്ത പ്രതികരണവുമായി രംഗത്തു വന്നിട്ടുണ്ട്. പ്രമുഖ മാദ്ധ്യമപ്രവർത്തകന്റെ തിരോധാനം പശ്ചിമേഷ്യൻ രാജ്യങ്ങളെ യുദ്ധസമാനമായ സാഹചര്യത്തിലേക്ക് നയിക്കാനുള്ളതാണ് സൗദിക്കെതിരെ ഉയരുന്ന ആരോപണങ്ങൾ.

### ജമാൽ ഖഷോഗി



- ലോക പ്രശസ്ത അറബ് മാദ്ധ്യമപ്രവർത്തകൻ
- സൗദി ഗസറ്റിൽ മാദ്ധ്യമപ്രവർത്തകനായി തുടക്കം
- 1990ൽ അഫ്ഗാനിസ്ഥാൻ, അൾജീരിയ, സുഡാൻ എന്നിവിടങ്ങളിൽ റിപ്പോർട്ടർ
- സൗദിയിലെ പ്രമുഖ പത്രങ്ങളിലൊന്നായ അറബ് ന്യൂസിന്റെ ഡെപ്യൂട്ടി എഡിറ്റർ
- സൗദി ഭരണകൂടത്തെയും മതനിയമങ്ങളെയും വിമർശിച്ച് നിരവധി റിപ്പോർട്ടുകൾ
- ഇത് സൗദി ഭരണകൂടത്തെ നിരവധി പരിഷ്കാരങ്ങൾക്ക് നിർബന്ധിതരാക്കി
- സൗദി കിരീടാവകാശി മുഹമ്മദ് ബിൻ സൽമാന്റെയും ശത്രുപട്ടികയിൽ ഇടംനേടി
- ഭരണകൂടത്തിനെതിരെ സമരം നയിച്ച 50പേരെ 2017ൽ സൗദി ഭരണകൂടം അറസ്റ്റ് ചെയ്തപ്പോൾ യു.എസിലേക്ക് നാടുവിട്ടു

| | | |
|---|---|---|
| ■ ഒക്ടോബർ 2 ന് തിരോധാനം | ■ ഖഷോഗിയെ സൗദി വധിച്ചെന്ന് തുർക്കി | ■ നിഷേധിച്ച് സൗദി |

# കോൺഗ്രസ് ഇപ്പോഴും ഡ്രൈവിംഗ് സീറ്റിൽ: ജ്യോതിരാദിത്യ സിന്ധ്യ

ന്യൂഡൽഹി: മദ്ധ്യപ്രദേശിൽ കോൺഗ്രസ് ഇപ്പോഴും ഡ്രൈവിംഗ് സീറ്റിലാണെന്നും സഖ്യകക്ഷികളുമായി ബന്ധം തുടരുന്നുണ്ടെന്നും കോൺഗ്രസ് നേതാവ് ജ്യോതിരാദിത്യ സിന്ധ്യ പറഞ്ഞു. മദ്ധ്യപ്രദേശിൽ കോൺഗ്രസുമായി സഖ്യമില്ലെന്ന ബി.എസ്.പി പ്രസ്താവനയ്ക്കു പിന്നാലെയാണ് ജ്യോതിരാദിത്യ സിന്ധ്യയുടെ പ്രതികരണം. ബി.ജെ.പിയെ പരാജയപ്പെടുത്താനായി ദേശീയ തലത്തിലും വിവിധ സംസ്ഥാനങ്ങളിലും കോൺഗ്രസ് കൈകോർത്ത് പ്രവർത്തിക്കുകയാണെന്നും മദ്ധ്യപ്രദേശിലെ കോൺഗ്രസ് തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ചുക്കാൻ പിടിക്കുന്ന ജ്യോതിരാദിത്യ സിന്ധ്യ വ്യക്തമാക്കി.

ബി.എസ്.പി സഖ്യം വിട്ട സാഹചര്യത്തിൽ ഇത്തവണ കോൺഗ്രസിന്റെ വോട്ട് ഷെയർ കുറക്കുമോ എന്ന ചോദ്യത്തിന്, സഖ്യത്തിന് അതിന്റേതായ ഗുണഫലങ്ങളുണ്ടെങ്കിലും മദ്ധ്യപ്രദേശിൽ കോൺഗ്രസിന് ശക്തമായ പിന്തുണയുണ്ടെന്നും പ്രവർത്തകർ മാറ്റത്തിനായി ശക്തമായി പ്രവർത്തിക്കുന്നുണ്ടെന്നും സിന്ധ്യ പറഞ്ഞു.

ബി.എസ്.പി സഖ്യം വിട്ട സാഹചര്യത്തിൽ സമാജ്‌വാദിയുമായി സഖ്യമുണ്ടോ എന്ന ചോദ്യത്തിന് എല്ലാ പങ്കാളികളുമായും ബന്ധപ്പെടുന്നുണ്ടെന്നും ബി.ജെ.പിയെ പരാജയപ്പെടുത്തുകയാണ് ആത്യന്തികമായ ലക്ഷ്യമെന്നും സിന്ധ്യ പറഞ്ഞു.

# ഗൺമാന്റെ വെടിയേറ്റ ജഡ്ജിയുടെ ഭാര്യ മരിച്ചു

ഗുരുഗ്രാം: ഗൺമാന്റെ വെടിയേറ്റ് ഗുരുതരാവസ്ഥയിലായിരുന്ന അഡിഷണൽ ജില്ലാ സെഷൻസ് ജഡ്ജിയുടെ ഭാര്യ ആശുപത്രിയിൽ മരിച്ചു. ഗുരുതരമായി പരിക്കേറ്റ മകൻ ചികിത്സയിലാണ്. ഗുരുഗ്രാം അഡിഷണൽ സെഷൻസ് ജഡ്ജി ക്രിഷൻ കാന്ത് ശർമ്മയുടെ ഗൺമാൻ മഹിപാൽ സിംഗാണ് (32) അദ്ദേഹത്തിന്റെ ഭാര്യ റിതു കാന്തിനും (38) മകൻ ദ്രുവ് കാന്തിനും (18) നേരെ സർവീസ് റിവോൾവർ ഉപയോഗിച്ച് വെടിയുതിർത്തത്. നെഞ്ചിൽ വെടിയേറ്റു ഗുരുതരമായി പരിക്കേറ്റ റിതുവിനെ ഉടൻ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. അമിതരക്തസ്രാവത്തെ തുടർന്നാണ് മരണം. മകൻ ദ്രുവിന്റെ തലയ്ക്കാണ് വെടിയേറ്റത്. ഗുരുഗ്രാമിലെ തിരക്കേറിയ പ്രദേശമായ അർക്കാഡിയ സെക്ടർ 49ൽ ശനിയാഴ്ച ഉച്ചതിരിഞ്ഞ് മൂന്നരയോടെയാണ ദാരുണമായ സംഭവം നടന്നത്. ഷോപ്പിംഗിനു പോയ റിതുവിനെയും ദ്രുവിനെയും കൊണ്ട് കാറിൽ മടങ്ങുകയായിരുന്നു മഹിപാൽ. ഇതിനിടെ ദ്രുവ് കാറിന്റെ താക്കോൽ ആവശ്യപ്പെട്ടതിനെ തുടർന്ന് മഹിപാലുമായി വാക്കുതർക്കം ഉണ്ടായി. തുടർന്ന് ഇരുവർക്കും നേരെ ഇയാൾ വെടിയുതിർക്കുകയായിരുന്നു. തുടർന്ന് ഇവരെ വഴിയിൽ ഉപേക്ഷിച്ച് മഹിപാൽ കാറുമായി കടന്നു. വിവരം ജസ്റ്റിസ് ക്രിഷൻ കാന്ത് ശർമയെ ഫോണിൽ വിളിച്ച് അറിയിക്കുകയും ചെയ്തു. രണ്ടു മണിക്കൂറിനു ശേഷം ഇയാളെ പൊലീസ് പിടികൂടി.

## വിവിധം

# ആദ്യ ഹൃദയവാൽവ് മാറ്റിവച്ച സുഗതൻ യാത്രയായി

തിരുവനന്തപുരം: ശ്രീചിത്ര മെഡിക്കൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിൽ വികസിപ്പിച്ച ആദ്യ ഹൃദയവാൽവ്, തുറന്ന ശസ്ത്രക്രിയയിലൂടെ സ്വീകരിച്ച കാട്ടായിക്കോണം കുറവിളാകം അജയ് നിവാസിൽ എസ്. സുഗതൻ (55) നിര്യാതനായി. 1991ൽ 28 വയസുള്ളപ്പോഴാണ് ഈ ശസ്ത്രക്രിയയ്ക്ക് വിധേയനായത്. ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഈ വിജയം ദേശീയ മാദ്ധ്യമങ്ങളിലടക്കം അന്ന് വലിയ വാർത്തയായിരുന്നു. സൗജന്യ തുടർചികിത്സയും ശ്രീചിത്രയാണ് നല്കിവന്നിരുന്നത്. ഇതിനുശേഷം കാർ ഡ്രൈവറായി ജോലിചെയ്ത സുഗതൻ ഇപ്പോൾ പെട്ടിക്കട നടത്തിവരുകയായിരുന്നു.



*എസ്. സുഗതൻ*

പത്ത് ദിവസം മുമ്പ് രാവിലെ നെഞ്ചുവേദന അനുഭവപ്പെട്ടതിനെ തുടർന്ന് ശ്രീചിത്രയിലെത്തിച്ചെങ്കിലും അവിടെ ബെഡ് ഒഴിവില്ലാത്തതിനാൽ മെഡിക്കൽ കോളേജിലേക്ക് പറഞ്ഞുവിട്ടു. മെഡിക്കൽ കോളേജിൽ അത്യാഹിത വിഭാഗത്തിൽ നിരീക്ഷണത്തിലിരിക്കെ രാത്രിയിൽ വീണ്ടും ഹൃദയാഘാതമുണ്ടായി. ഉടൻ തീവ്ര പരിചരണ വിഭാഗത്തിലേക്ക് മാറ്റുകയും ചെയ്തു. മൂന്നു ദിവസം മുമ്പ് വെന്റിലേറ്ററിലേക്ക് മാറ്റി. ഇന്നലെ വെളുപ്പിന് മരണം സംഭവിച്ചു. ഭാര്യ: എസ്. ഷീജ. മക്കൾ: അജയ്, ആതിര. മരുമകൻ: പ്രവീൺ (യാരബ് ടെക്നോളജീസ്, ടെക്നോപാർക്ക്). സഞ്ചയനം: വ്യാഴാഴ്ച രാവിലെ 8.30ന്.

# എൻ.ഡി.എ വിടുന്നു; ആരുമായും ചർച്ചയ്ക്ക് തയ്യാർ: സി.കെ ജാനു



*സി.കെ. ജാനു*

കോഴിക്കോട്: എൻ.ഡി.എയിൽ നിന്ന് താത്കാലികമായി വിട്ടുനിൽക്കുകയാണെന്നും രണ്ടര വർഷമായി മുന്നണിയിൽ വേണ്ട പരിഗണന ലഭിച്ചില്ലെന്നും ജനാധിപത്യ രാഷ്ട്രീയസഭ (ജെ.ആർ.എസ്) അദ്ധ്യക്ഷ സി.കെ. ജാനു വ്യക്തമാക്കി. ഏത് മുന്നണിയുമായും ചർച്ചയ്ക്ക് തയ്യാറാണെന്നും അവർ പറഞ്ഞു.

ആദിവാസികൾ തിങ്ങിപ്പാർക്കുന്ന മേഖലകൾ ഷെഡ്യൂൾഡ് ഏരിയയിൽ ഉൾപ്പെടുത്തണമെന്ന് ജെ.ആർ.എസ് ആവശ്യപ്പെട്ടിരുന്നു. കോർപ്പറേഷൻ, ബോർഡ് ചെയർമാൻ സ്ഥാനങ്ങളിൽ പ്രാതിനിദ്ധ്യം നൽകുക തുടങ്ങിയ ആവശ്യങ്ങളും മുന്നണി പരിഗണിച്ചില്ല. എൻ.ഡി.എ യോഗം വിളിച്ചുകൂട്ടാറുമില്ലെന്ന് ജെ.ആർ.എസ് സംസ്ഥാന കമ്മിറ്റി തീരുമാനം വിശദീകരിച്ച് അവർ പറഞ്ഞു.

എന്നാൽ, ബി.ജെ.പി സവർണ വർഗീയ സംഘടനയാണെന്ന അഭിപ്രായം പാർട്ടിക്കില്ലെന്ന് ജാനു പറഞ്ഞു. തങ്ങളെ മുന്നണിയിൽ ഉൾപ്പെടുത്തിയത് ബി.ജെ.പിയാണ്. മറ്റു രണ്ട് മുന്നണികളും അത് ചെയ്തില്ല. ബി.ജെ.പിയോട് അതിന് കടപ്പെട്ടിരിക്കുന്നു. എൻ.ഡി.എ അടക്കമുള്ള ഏത് മുന്നണിയുമായും ചർച്ചയ്ക്ക് തയ്യാറാണ്. എൻ.ഡി.എയിലേക്ക് തിരികെ എത്തുന്നത് തീരുമാനിക്കേണ്ടത് എൻ.ഡി.എ നേതൃത്വമാണ്.

ശബരിമല വിഷയത്തിൽ കോടതി വിധി മാനിക്കണം. വിധിയെക്കുറിച്ച് പരാതികളുണ്ടെങ്കിൽ പരിഹരിക്കണം. സുപ്രീം കോടതിയുടെ അന്തിമവിധി വരട്ടെ. എന്നാൽ, സ്ത്രീകൾക്ക് സമത്വാവകാശമുണ്ടെന്ന നിലപാടിനോട് പാർട്ടിക്ക് യോജിപ്പാണ്. എൻ.ഡി.എയുടെ ശബരിമലയാത്രയിൽ പങ്കെടുക്കാത്തത് മുൻകൂട്ടി തീരുമാനിച്ച പരിപാടികൾ ഉള്ളതിനാലാണ്. ഇക്കാര്യം ബി.ജെ.പി നേതൃത്വത്തെ അറിയിച്ചിട്ടുണ്ട്. പാർട്ടി അണികളുടെ വികാരം നേതൃത്വത്തിന് മാനിക്കേണ്ടതുണ്ട്. അതുകൊണ്ടാണ് വിട്ടുനിൽക്കാൻ തീരുമാനിച്ചത്. ഇത് രാഷ്ട്രീയ സമ്മർദ്ദ സമീപനമല്ലെന്നും അവർ പറഞ്ഞു.

കോഴിക്കോട് നടന്ന സംസ്ഥാന കമ്മിറ്റിയിൽ ജെ.ആർ.എസ് സംസ്ഥാന ജനറൽ സെക്രട്ടറി സതീഷ് പാറന്നൂർ, എൻ.കെ. വേണുഗോപാൽ, പ്രദീപ് കുന്നുപുറ, പ്രസീത അഴിക്കോട്, പി.എം. നാരായണൻ, വരദരാജ്, പ്രകാശൻ മൊറാഴ, മാമ്മൻ ടി.ജെ തുടങ്ങിയവരും പങ്കെടുത്തു.

## സ്ത്രീകളുടെ പള്ളി പ്രവേശനം: ആശങ്ക വേണ്ടെന്ന് അബ്ദുല്ലക്കോയ മദനി

കോഴിക്കോട്: മുസ്ലിം സ്ത്രീകളുടെ പള്ളി പ്രവേശനവുമായി ബന്ധപ്പെട്ട വിവാദങ്ങളിൽ അർത്ഥമില്ലെന്ന് കെ.എൻ.എം സംസ്ഥാന പ്രസിഡന്റ് ടി.പി അബ്ദുല്ലക്കോയ മദനി പറഞ്ഞു. ഐ.എസ്.എം സംസ്ഥാന സമ്പൂർണ പ്രതിനിധി സമ്മേളനം കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പള്ളിയിൽ പോകണമെന്ന് ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് ധാരാളം സൗകര്യങ്ങളുണ്ട്. അത് വിവാദമാക്കേണ്ട കാര്യമല്ല. സ്ത്രീകളുടെ പള്ളി പ്രവേശനത്തെ കുറിച്ച് അഭിപ്രായം പറയുന്ന രാഷ്ട്രീയ നേതാക്കളെ ഭീഷണിപ്പെടുത്തുന്നത് അപഹാസ്യമാണ്. സ്ത്രീകൾക്ക് ആരാധനാ സ്വാതന്ത്ര്യം നൽകാൻ ബന്ധപ്പെട്ടവർ തയ്യാറാവണം. ശബരിമല വിധി സ്ത്രീകളുടെ പള്ളിപ്രവേശനവുമായി കൂട്ടികലർത്തുന്നത് ദുരുദ്ദേശ്യപരമാണ്. വിവാദങ്ങളുണ്ടാക്കി ഇസ്ലാമിക ശരീഅത്തിനെ അപഹസിക്കുന്നത് നീതീകരിക്കാനാവില്ലെന്നും അബ്ദുല്ലക്കോയ മദനി പറഞ്ഞു.

## സിനിമാ മേഖലയെ സർക്കാർ ശുദ്ധീകരിക്കണം: പി.കെ. റോസി ഫൗണ്ടേഷൻ

തിരുവനന്തപുരം: താരസംഘടനയായ 'അമ്മ'യിൽ നിന്ന കടുത്ത വിവേചനം നേരിടുന്നതടക്കമുള്ള ഗൗരവകരമായ ആരോപണങ്ങൾ നടിമാർ പരസ്യമായി പറഞ്ഞിട്ടും പുരോഗമന പ്രസ്ഥാനങ്ങളും സാംസ്കാരിക കേരളവും പുറംതിരിഞ്ഞ് നിൽക്കുന്നത് പരിഷ്കൃത സമൂഹത്തിന് ചേർന്നതല്ലെന്ന് പി.കെ. റോസി ഫൗണ്ടേഷൻ മാനേജിംഗ് ട്രസ്റ്റി ബിജു ഗോപിനാഥ് പ്രസ്താവനയിൽ അറിയിച്ചു.

# മെഴുവേലി ബാങ്ക് കവർച്ചക്കേസിലെ പിടികിട്ടാപ്പുള്ളിയും സഹായിയും അറസ്റ്റിൽ

### പിടിയിലായത് നിരവധി മോഷണക്കേസിലെ പ്രതികൾ



*പിടിയിലായ പ്രതികൾ*

അടൂർ: മെഴുവേലി ബാങ്ക് കവർച്ചക്കേസിലെ പിടികിട്ടാപ്പുള്ളിയും നിരവധി മോഷണ കേസുകളിൽ പ്രതിയായയാളും സഹായിയും അറസ്റ്റിൽ. കവർച്ച ക്കേസ് പ്രതി ആലപ്പുഴ ആര്യാട് തെക്ക് ശവക്കോട്ട പാലത്തിന് സമീപം പാലക്കൽ വീട്ടിൽ സന്തോഷ് പാസ്ക്കൽ (38), സഹായി നെയ്യാറ്റിൻകര കാഞ്ഞിരംകുളം വില്ലേജിൽ മലിനംകുളം അറപ്പുര പുത്തൻ വീട്ടിൽ ശെൽവരാജ് (59) എന്നിവരെയാണ് അടൂർ പൊലീസ് അറസ്റ്റ് ചെയ്തത്.

2011ൽ മെഴുവേലി സഹകരണ ബാങ്ക് ലോക്കർ കുത്തിത്തുറന്ന് നാലര കിലോയോളം സ്വർണം മോഷ്ടിച്ച കേസിൽ സന്തോഷ് പ്രതിയാണ്. ഈ കേസിലെ മറ്റ് ഏഴ് പ്രതികളെ നേരത്തേ അറസ്റ്റ് ചെയ്തിരുന്നു. സന്തോഷ് ഡൽഹി, ഹരിയാന, എറണാകുളം എന്നിവിടങ്ങളിൽ ഒളിവിൽ കഴിയുകയായിരുന്നു. അടൂർ പൊലീസ് സ്റ്റേഷൻ പരിധിയിൽ അടുത്തിടെ നടന്ന മോഷണത്തെ കുറിച്ചുള്ള അന്വേഷണത്തിലാണ് സന്തോഷിനെകുറിച്ച് വിവരം ലഭിച്ചത്. മോഷണം നടന്ന അടൂർ ആശ ഫാൻസിയിലെ സി.സി ടി.വിയിൽ നിന്ന ലഭിച്ച ദൃശ്യത്തിൽ സന്തോഷിനോട് സാമ്യമുള്ളയാളെ കണ്ടെത്തി. തുടർന്ന് വാട്സ്ആപ്പ്, ഫേസ് ബുക്ക് എന്നിവ ഉപയോഗപ്പെടുത്തി നടത്തിയ അന്വേഷണത്തിൽ പ്രതി എറണാകുളത്തുണ്ടെന്ന് വിവരം ലഭിച്ചു. കഴിഞ്ഞ ശനിയാഴ്ച സന്തോഷിനെ എറണാകുളത്ത് കടവന്ത്ര പൊന്നുരുന്നിയിൽ നിന്ന് കസ്റ്റഡിയിൽ എടുത്തു. ഇതോടെ നിരവധി മോഷണക്കേസുകളുടെ ചുരുളഴിഞ്ഞു. ചെങ്ങന്നൂർ, ഏനാത്ത്, ഇലന്തൂർ എന്നിവിടങ്ങളിൽ നിന്ന് കാർ, മുഹമ്മയിൽ നിന്നും ചേർത്തലയിൽ നിന്നും പാലാരിവട്ടത്ത് നിന്നും മിനിലോറികൾ, ഹരിപ്പാട് നിന്ന് ഇന്നോവ എന്നിവ മോഷ്ടിച്ചതും സന്തോഷാണെന്ന് കണ്ടെത്തി. ശെൽവരാജിനെ ഇന്നലെ പുലർച്ചെ നെയ്യാറ്റിൻകരയിൽ നിന്ന് കസ്റ്റഡിയിലെടുക്കുകയായിരുന്നു.



### അലഹബാദിന്റെ പേരുമാറ്റുമെന്ന് യോഗി

ലക്നൗ: അലഹബാദ്ജില്ലയെ പ്രയാഗ്‌രാജ്എന്ന് പുനർനാമകരണംചെയ്യുമെന്ന് ഉത്തർപ്രദേശ്മുഖ്യമന്ത്രി യോഗി ആദിത്യനാഥ്. 2019 ജനവരി മുതൽ മാർച്ച്‌വരെ നടക്കുന്ന കുംഭമേളയുടെ പശ്ചാത്തലത്തിലാണ് പേരുമാറ്റം. അഖാഡാ പരിഷത്തിന്റെ നിർദ്ദേശപ്രകാരമാണ് പേരുമാറ്റം. ഗവർണർ റാം നായിക്കും അനുമതി നൽകിയിട്ടുണ്ട്. അടുത്ത മന്ത്രിസഭായോഗത്തിൽ പ്രമേയം പാസാക്കുമെന്ന് യോഗി പറഞ്ഞു. കുംഭമേളയ്ക്കായുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായും യോഗി കൂട്ടിച്ചേർത്തു.

www.keralakaumudi.com www.facebook.com/keralakaumudi

## പരീക്കർ എയിംസ് വിട്ടു

ന്യൂഡൽഹി: പാൻക്രിയാസിലെ അസുഖത്തെ തുടർന്ന് ഡൽഹി എയിംസിൽ ചികിത്സയിലായിരുന്ന ഗോവ മുഖ്യമന്ത്രി മനോഹർ പരീക്കർ ആശുപത്രി വിട്ടു. ഇന്നലെ തന്നെ എയർആംബുലൻസിൽ ഗോവയിലേക്ക് മടങ്ങിയ പരീക്കർ പനാജിയിലെ സ്വകാര്യ വസതിയിലാണുള്ളത്. ആംബുൻസ്ഉൾപ്പടെയുള്ള അടിയന്തരസൗകര്യങ്ങളൊരുക്കിയ വസതിയിൽ സുരക്ഷയും ശക്തമാക്കിയിട്ടുണ്ട്.

മുഖ്യമന്ത്രി സ്ഥാനമൊഴിയണമെന്ന് പ്രതിപക്ഷമായ കോൺഗ്രസ് ആവശ്യം ശക്തമാക്കുന്നതിനിടെ വെള്ളിയാഴ്ച പരീക്കർ ബി.ജെ.പി കോർകമ്മിറ്റി അംഗങ്ങളുമായും മന്ത്രിമാരുമായും ആശുപത്രിയിൽ കൂടിക്കാഴ്ച നടത്തിയിരുന്നു. ഇതിനു ശേഷം സ്ഥിതി വഷളായതായി റിപ്പോർട്ടുണ്ടായിരുന്നു.

സെപ്തംബർ 15നാണ് 62 കാരനായ പരീക്കറിനെ എയിംസിൽ പ്രവേശിപ്പിച്ചത്. പരീക്കർ പദവിയൊഴിയണമെന്ന ആവശ്യം ബി.ജെ.പിയും സഖ്യകക്ഷികളും തള്ളി.

## കിമ്മിനെ വിറ്റാലും ജീവിച്ചാൽ പോരെ




കിമ്മിന്റെ രൂപത്തിൽ മിൻയോങ് കിമ്മും ഹോവാർഡ് എക്സും

സോൾ: 'ജീവിക്കാൻ പണം വേണം. അതിനി ഉത്തരകൊറിയൻ ഭരണാധികാരി കിം ജോംഗ് ഉന്നിനെ വിറ്റിട്ടായാലും'- ഇതാണ് ഹോവാർഡ് എക്സ്, മിൻയോങ് കിം എന്നീ ചെറുപ്പക്കാരുടെ പക്ഷം.


രാഷ്ട്രീയ ആക്ഷേപഹാസ്യ പരിപാടികൾ അവതരിപ്പിക്കുന്ന ഹോവാർഡ് എക്സ് ഹോങ് കോങ് സ്വദേശിയും മിൻയോങ് കിം ഉത്തരകൊറിയയിലെ സോൾ സ്വദേശിയുമാണ്. ഉത്തരകൊറിയൻ ഭരണാധികാരി കിം ജോംഗ് ഉന്നുമായുള്ള സാദൃശ്യമാണ് ഇവരെ പ്രശസ്തരാക്കിയത്. ഈ സാദൃശ്യം വച്ച് ദിനവും 9 ലക്ഷം രൂപവരെയാണ് ഈ ചെറുപ്പക്കാർ സമ്പാദിക്കുന്നത്.

കിമ്മിന്റെ രൂപത്തിൽ വീഡിയോ ഗെയിമുകളിൽ അഭിനയിച്ചും ഷോപ്പിംഗ് മാളുകളുടെ ഉദ്ഘാടനത്തിനുപോയും കോടീശ്വരൻമാരുടെ വിവാഹ, ജന്മദിന പാർട്ടികളിൽ പങ്കെടുത്തുമാണ് ഇവർ പണം സമ്പാദിക്കുന്നത്.

കിം ജോംഗ് ഉന്നിന്റെ രാഷ്ട്രീയ നിലപാടുകളും വിവാദ പരാമർശങ്ങളുമെല്ലാം ഇവരുടെ ജോലിയുടെ മാർക്കറ്റ് കൂട്ടും.

കിമ്മിന്റെ വേഷത്തിൽ കെ.എഫ്.സിയുടെ പുതിയ പരസ്യ ചിത്രത്തിൽ അഭിനയിക്കാനുള്ള തയ്യാറെടുപ്പിലാണ് മിൻയോങ് കിം. യു.എസ് പ്രസിഡന്റ് ട്രംപിന്റെയും റഷ്യൻ പ്രസിഡന്റ് പുട്ടിന്റെയും അപരന്മാർക്കൊപ്പം വേദി പങ്കിട്ടാണ് ഹോവാർഡ് അവസാനമായി ആളുകളെ ഞെട്ടിച്ചത്.

## സൽപ്പേരിന് കളങ്കമുണ്ടാക്കി: അക്ബർ



ന്യൂഡൽഹി: മീ ടൂ കാമ്പെയിനിലൂടെ വനിതാ മാദ്ധ്യമ പ്രവർത്തകർ ഉന്നയിച്ച ലൈംഗികാരോപണങ്ങൾ തന്റെ സൽപ്പേരിന് കളങ്കമുണ്ടാക്കിയതായി കേന്ദ്രമന്ത്രിയും മുൻ മാദ്ധ്യമ പ്രവർത്തകനുമായ എം. ജെ. അക്ബർ ആരോപിച്ചു.

പ്രസ്താവന ഇങ്ങനെ: ഒരു വർഷം മുൻപ് ഒരു ലേഖനത്തിലൂടെ പ്രിയാരമണിയാണ് ഈ കാമ്പെയിൻ തുടങ്ങിയത്. അതിൽ എന്റെ പേര് പറഞ്ഞിരുന്നില്ല. ഞാൻ ഒന്നും ചെയ്യാത്തതുകൊണ്ടാണ് എന്റെ പേര് പറയാതിരുന്നതെന്ന് അവർ ട്വീറ്റ് ചെയ്തിട്ടുണ്ട്. ഞാൻ ഒന്നും ചെയ്തിട്ടില്ലെങ്കിൽ എന്താണ് സ്റ്റോറി? ഒരിക്കലും സംഭവിക്കാത്ത ഒരു കാര്യത്തിൽ വ്യംഗ്യാർത്ഥങ്ങളുടെയും ഊഹാപോഹങ്ങളുടെയും അധിക്ഷേപത്തിന്റെയും കടൽ സൃഷ്ടിച്ചിരിക്കുകയാണ്.

ശുത്പാപോൾ പറയുന്നു ഞാൻ അവരെ തൊട്ടിട്ടില്ലെന്ന്. ശുമ റാഹുവും പറയുന്നു ഒന്നും ചെയ്തിട്ടില്ലെന്ന്. അഞ്ജു ഭാരതി പറയുന്നു, സ്വിമ്മിംഗ് പൂളിൽ വച്ച് ഉപദ്രവിച്ചു എന്ന്. എനിക്ക് നീന്താൻ അറിയില്ല. ഗസാല വഹാബ് അവകാശപ്പെടുന്നു 21 വർഷം മുൻപ് ഓഫീസിൽ വച്ച് ഞാൻ ഉപദ്രവിച്ചെന്ന്. ഞാൻ പൊതുരംഗത്ത് 16-ാം വർഷമാണ്. അന്ന് മാദ്ധ്യമ രംഗത്തായിരുന്നു. അവർ എനിക്കൊപ്പം ജോലി ചെയ്തത് ഏഷ്യൻ ഏജിലാണ്. അന്ന് എനിക്ക് പ്ലൈവുഡും ഗ്ലാസുമുള്ള ചെറിയ മുറിയായിരുന്നു. മറ്റുള്ളവരുടെ മേശയുമായി രണ്ടടി അകലം മാത്രം. ഇത്ര ചെറിയ സ്ഥലത്ത് വച്ച് തൊട്ടടുത്തുള്ള ആരും അറിയാതെ ഉപദ്രവിക്കുമെന്ന് വിശ്വസിക്കുന്നത് വിചിത്രമാണ്. ആരോപിക്കപ്പെടുന്ന സംഭവത്തിന് ശേഷവും പ്രിയാരമണിയും വഹാബും എന്നോടൊപ്പം ജോലി തുടർന്നു. ഞാനൊന്നും ചെയ്യാത്തതിനാലാണ് ഇത്രയും കാലം ഇവർ നിശബ്ദരായിരുന്നതും അധികൃതരെ സമീപിക്കാതിരുന്നതും. നീചമായ ആരോപണങ്ങൾ എന്റെ സൽപ്പേരിന് തീരാകളങ്കമുണ്ടാക്കി. നിയമ നടപടി സ്വീകരിക്കും- പ്രസ്താവനയിൽ വ്യക്തമാക്കി.

മാദ്ധ്യമപ്രവർത്തകനായിരിക്കെ അക്ബർ തങ്ങളോട് ലൈംഗികാതിക്രമം കാട്ടിയെന്നാണ് വിദേശ വനിതാ മാദ്ധ്യമപ്രവർത്തകരുൾപ്പെടെ വെളിപ്പെടുത്തിയത്. ഒക്ടോബർ എട്ടിന് പ്രമുഖ മാദ്ധ്യമപ്രവർത്തക പ്രിയാരമണിയാണ് ആരോപണത്തിന് തുടക്കം കുറിക്കുന്നത്. പിന്നീട് 12 മാദ്ധ്യമപ്രവർത്തകർ കൂടി രംഗത്തെത്തുകയായിരുന്നു.

## രാജ്യത്താകെ ലൈസൻസിന് ഇനി 'ഒറ്റ മുഖം'

ന്യൂഡൽഹി: രാജ്യത്തെ ഡ്രൈവിംഗ് ലൈസൻസുകൾക്കും വാഹനങ്ങളുടെ രജിസ്ട്രേഷൻ രേഖകൾക്കും ഇനി ഏകീകൃത രൂപം. വരുന്ന ജൂലായ് മുതൽ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ലൈസൻസ്, ആർ.സി ബുക്ക് എന്നിവയുടെ നിറവും ഡിസൈനും ഒരുപോലെയായിരിക്കും. എ.ടി.എം കാർഡിന്റെ മാതൃകയിലായിരിക്കും രേഖകൾ ലഭ്യമാക്കുക. ഇവയിലെ വിവരങ്ങൾ എളുപ്പത്തിൽ വായിച്ചെടുക്കാനുള്ള ഉപകരണങ്ങളും ട്രാഫിക് ഉദ്യോഗസ്ഥർക്ക് നൽകും.

ലൈസൻസിലും ആർ.സി രേഖകളിലും മൈക്രോ ചിപ്പും ക്യൂ.ആർ കോഡും ഘടിപ്പിക്കും. 'സ്മാർട്ട് സംവിധാനം' നടപ്പാക്കുന്നതിലൂടെ രേഖകൾ നഷ്ടപ്പെട്ടാലും അനായാസം വീണ്ടെടുക്കാനാകും. ഇവയ്ക്ക് പുറമെ, മൈക്രോ പ്രിന്റ്ഡ് ടെസ്റ്റ്, മൈക്രോ ലൈൻ, അൾട്രാ വയലറ്റ് ഫ്ലൂറസെന്റ് കളർ, ഹോളോഗ്രാം, വാട്ടർ മാർക്ക് തുടങ്ങിയ സുരക്ഷ ഉറപ്പാക്കുന്ന ഫീച്ചറുകളുമുണ്ട്.

## പ്രിൻസിപ്പലിനെ വിദ്യാർത്ഥികൾക്ക് മുന്നിൽ വെട്ടി കൊലപ്പെടുത്തി

ബംഗളൂരു: സ്കൂൾ പ്രിൻസിപ്പലിനെ 20ഓളം വിദ്യാർത്ഥികൾക്ക് മുന്നിൽവച്ച് ആറംഗ സംഘം വെട്ടിക്കൊന്നു. ദസറഹള്ളിയിലെ ഹവനൂർ പബ്ലിക് സ്കൂൾ പ്രിൻസിപ്പൽ രംഗനാഥാണ് (60) ഇന്നലെ രാവിലെ വെട്ടേറ്റ് കൊല്ലപ്പെട്ടത്.

പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി ഞായറാഴ്ച സ്പെഷ്യൽ ക്ലാസ് എടുക്കുന്നതിനിടെ സ്കൂളിലെത്തിയ ആറംഗ സംഘമാണ് രംഗനാഥിനെ വെട്ടിക്കൊന്നത്. ശേഷം അക്രമിസംഘം കാറിൽ രക്ഷപ്പെട്ടു. രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ അക്രമി സംഘത്തിലൊരാളെ പൊലീസ് പിന്നീട് പിടികൂടി. പൊലീസ് സംഘത്തെ അക്രമിക്കാൻ ശ്രമിച്ചതിനാൽ വെടിവച്ചാണ് അക്രമിയെ കീഴ്പ്പെടുത്തിയത്. കാലിന് വെടിയേറ്റ ഇയാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

സ്കൂൾ കെട്ടിടവുമായി ബന്ധപ്പെട്ട തർക്കമാണ് കൊലപാതകത്തിന് പിന്നിലെന്നാണ് കരുതുന്നത്. സ്കൂളിലെ സുരക്ഷാജീവനക്കാരനെ ആക്രമിച്ച ശേഷമാണ് അക്രമി സംഘം സ്കൂളിനുള്ളിൽ കടന്നത്. പൊലീസ് സ്കൂൾ ജീവനക്കാരുടെ മൊഴി രേഖപ്പെടുത്തി.

## മദ്യം ഇനി വീട്ടുപടിക്കൽ; പുതിയ സേവനവുമായി മഹാരാഷ്ട്ര

നാഗ്പൂർ: ഇനി ബിവറേജസിന്റെ മുന്നിൽ വരിനിന്ന് മദ്യം വാങ്ങേണ്ടതില്ല. ഇഷ്ടമുള്ള ബ്രാൻഡ് വീട്ടുപടിക്കലെത്തിക്കുന്ന പുതിയ സേവനം ആരംഭിക്കാനൊരുങ്ങുകയാണ് മഹാരാഷ്ട്ര സർക്കാർ. സംസ്ഥാനത്തെ മദ്യവ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഓൺലൈൻ വില്പന ആരംഭിക്കുന്നതെന്ന് എക്സൈസ് മന്ത്രി ചന്ദ്രശേഖർ ബവൻകുലെ ഒരു ദേശീയ മാദ്ധ്യമത്തോട് പറഞ്ഞു. രാജ്യത്താദ്യമായാണ് ഒരു സംസ്ഥാനം ഓൺലൈൻ മദ്യ വില്പന ആരംഭിക്കുന്നത്.

മദ്യപിച്ച് വാഹനമോടിച്ച് ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കാനാണ് പുതിയ നയത്തിലൂടെ ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി. ദേശീയ, അന്തർദ്ദേശീയ ഇ-കൊമേഴ്സ് വെബ്സൈറ്റുകൾ വഴി പലചരക്ക് സാധനങ്ങളും പച്ചക്കറികളും വാങ്ങുന്നതുപോലെ തന്നെ ഇഷ്ടമുള്ള മദ്യവും ഓൺലൈനായി തിരഞ്ഞെടുക്കാമെന്നും മന്ത്രി പറഞ്ഞു.

ഉപഭോക്താക്കളുടെ പ്രായം ഉറപ്പുവരുത്താനായി വില്പനക്കാർ നേരിട്ടെത്തി ആധാർ വിവരങ്ങൾ അടക്കമുള്ളവ ശേഖരിക്കും. ഇതിനു ശേഷം മാത്രമാകും ഇവർക്ക് മദ്യം ഓർഡർ ചെയ്യാൻ സാധിക്കുക. ഓർഡർ ചെയ്ത മദ്യം എവിടെയെത്തി എന്ന് അന്വേഷിക്കാനായി കുപ്പിക്ക് ജിയോ ടാഗ് നൽകും.



**പ്രായപരിധി ഇങ്ങനെ**

- ബിയർ ഉപഭോക്താക്കൾക്ക്: 21 വയസ്
- മറ്റുള്ളവ: 25 വയസ്

21 വയസിന് മുകളിലുള്ളവർക്ക് മാത്രമാകും ഓർഡർ ചെയ്യാൻ സാധിക്കുക.

എന്നാൽ ഇതിനെതിരെ പ്രതിപക്ഷത്തു നിന്നു ശക്തമായ വിമർശനമാണ് ഉയരുന്നത്.

## ജമാൽ ഖഷോഗിയുടെ തിരോധാനം

# ഭീഷണി ഭയക്കില്ലെന്ന് സൗദി

## ഓഡിയോ ക്ലിപ് ലഭിച്ചെന്ന് തുർക്കി

ഇസ്താംബുൾ: തുർക്കിയിലെ സൗദി കോൺസുലേറ്റിൽ വച്ച് മാദ്ധ്യമ പ്രവർത്തകൻ ജമാൽ ഖഷോഗിയെ കാണാതായ സംഭവത്തിൽ തങ്ങൾക്കെതിരെ ഉയരുന്ന സാമ്പത്തിക, രാഷ്ട്രീയ ഭീഷണികളെ ഭയമില്ലെന്ന് സൗദി അറേബ്യ പ്രതികരിച്ചു. ഖഷോഗി ഈസ്താംബുൾ എംബസിയിൽ വച്ച് കൊല്ലപ്പെട്ടിട്ടുണ്ടെങ്കിൽ ശിക്ഷാനടപടി കൈക്കൊള്ളുമെന്ന യു. എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിൻറെ ഭീഷണിയെ ഭയക്കുന്നില്ലെന്നും സൗദി വ്യക്തമാക്കി. ഏത് സമ്മർദ്ദവും നേരിടാൻ തയ്യാറാണെന്നും ഉപരോധഭീഷണികളെ തിരിച്ചടിക്കുമെന്നും അവർ പറഞ്ഞു. സംഭവത്തെ തുടർന്ന് ടെക് ഭീമൻമാരും മാദ്ധ്യമങ്ങളും സൗദിയിൽ നിന്ന് അകലം പാലിച്ച സാഹചര്യത്തിലാണ് പ്രതികരണം.

ഇതിനിടെ, ഖഷോഗിയുടെ തിരോധാനത്തിനു തൊട്ടുമുമ്പുള്ള ശബ്ദശകലം തങ്ങൾക്ക് ലഭിച്ചതായി തുർക്കി വ്യക്തമാക്കി. ഖഷോഗി ധരിച്ചിരുന്ന ആപ്പിൾ വാച്ചിൽ നിന്നാണ് ഓഡിയോ ക്ലിപ് ലഭിച്ചതെന്ന് തുർക്കി പത്രമായ സബ റിപ്പോർട്ട് ചെയ്തു. കോൺസുലേറ്റിലേക്ക് കയറും മുമ്പ് പ്രതിശ്രുത വധുവിന്റെ കൈയിൽ ഖഷോഗി ഏല്പിച്ച ഫോണിന്റെ സഹായത്തോടെ അദ്ദേഹത്തിന്റെ ഐ ക്ലൗഡ് അക്കൗണ്ട് ഉപയോഗിച്ചാണ് ശബ്ദശകലം കണ്ടെത്തിയത്.

സൗദിയുടെ 15 അംഗ കൊലപാതക സംഘമാണ് കൃത്യത്തിനു പിന്നിലെന്നും തുർക്കി ആരോപിച്ചു. സൗദി സർക്കാരിന്റെ ജനവിരുദ്ധ നിലപാടുകളെ ശക്തമായി വിമർശിക്കുന്ന വാർത്തകൾ പുറത്തുകൊണ്ടുവന്ന ഖഷോഗിയെ ഒക്ടോബർ രണ്ടിനാണ് ഇസ്താംബുളിലെ സൗദി അറേബ്യൻ കോൺസുലേറ്റിൽ വച്ച് കാണാതായത്. തുടർന്ന് ഖഷോഗി കൊല്ലപ്പെട്ടതായി വാർത്തകൾ പുറത്തുവന്നിരുന്നു.

ഐക്യരാഷ്ട്രസഭയും ജമാൽ ഖഷോഗിയുടെ തിരോധാനത്തിൽ കടുത്ത പ്രതികരണവുമായി രംഗത്തു വന്നിട്ടുണ്ട്. പ്രമുഖ മാദ്ധ്യമപ്രവർത്തകന്റെ തിരോധാനം പശ്ചിമേഷ്യൻ രാജ്യങ്ങളെ യുദ്ധസമാനമായ സാഹര്യത്തിലേക്ക് നയിക്കാനുള്ളതാണ് സൗദിക്കെതിരെ ഉയരുന്ന ആരോപണങ്ങൾ.

**ജമാൽ ഖഷോഗി**



- ലോക പ്രശസ്ത അറബ് മാദ്ധ്യമപ്രവർത്തകൻ
- സൗദി ഗസറ്റിൽ മാദ്ധ്യമപ്രവർത്തകനായി തുടക്കം
- 1990ൽ അഫ്ഗാനിസ്ഥാൻ, അൾജീരിയ, സുഡാൻ എന്നിവിടങ്ങളിൽ റിപ്പോർട്ടർ
- സൗദിയിലെ പ്രമുഖ പത്രങ്ങളിലൊന്നായ അറബ് ന്യൂസിന്റെ ഡെപ്യൂട്ടി എഡിറ്റർ
- സൗദിഭരണകൂടത്തെയും മതനിയമങ്ങളെയും വിമർശിച്ച് നിരവധി റിപ്പോർട്ടുകൾ
- ഇത് സൗദി ഭരണകൂടത്തെ നിരവധി പരിഷ്കാരങ്ങൾക്ക് നിർബന്ധിതരാക്കി
- സൗദി കിരീടാവകാശി മുഹമ്മദ് ബിൻ സൽമാന്റെയും ശത്രുപട്ടികയിൽ ഇടംനേടി
- ഭരണകൂടത്തിനെതിരെ സമരം നയിച്ച 50പേരെ 2017ൽ സൗദി ഭരണകൂടം അറസ്റ്റ് ചെയ്തപ്പോൾ യു.എസിലേക്ക് നാടുവിട്ടു

| | | |
|---|---|---|
| ■ ഒക്ടോബർ 2 ന് തിരോധാനം | ■ ഖഷോഗിയെ സൗദി വധിച്ചെന്ന് തുർക്കി | ■ നിഷേധിച്ച് സൗദി |

## മീ ടൂ; ആരോപണം നിഷേധിച്ച് വൈരമുത്തു

ചെന്നൈ: മീ ടൂ കാമ്പെയിനിന്റെ ഭാഗമായി തനിക്കെതിരെ ഉയർന്ന ലൈംഗികാരോപണങ്ങൾ ഗാനരചയിതാവ് വൈരമുത്തു നിഷേധിച്ചു. ഗൂഢലക്ഷ്യങ്ങൾ വച്ചാണ് തനിക്കെതിരെയുള്ള എല്ലാ ആരോപണങ്ങളും. എന്ത് നിയമനടപടിയും സ്വീകരിക്കാൻ തയ്യാറാണെന്നും വൈരമുത്തു ഇന്നലെ പ്രതികരിച്ചു.

പേരു വെളിപ്പെടുത്താത്ത യുവതിയാണ് വൈരമുത്തുവിനെതിരെ ആദ്യം ആരോപണവുമായി രംഗത്തെത്തിയത്. തമിഴ്നാട് കോടമ്പാക്കത്തുള്ള അദ്ദേഹത്തിന്റെ വീട്ടിൽവച്ച് കടന്നുപിടിച്ച് ചുംബിച്ചെന്നായിരുന്നു പരാതി പിന്നാലെയാണ് ഗായിക ചിന്മയിയും വൈരമുത്തുവിനെതിരെ ആരോപണവുമായെത്തിയത്. സഹകരിക്കണമെന്നു പറഞ്ഞ് തന്നെ ഹോട്ടലിലേക്കു ക്ഷണിച്ചെന്നായിരുന്നു അവരുടെ പരാതി.

## കോൺഗ്രസ് ഇപ്പോഴും ഡ്രൈവിംഗ് സീറ്റിൽ: ജ്യോതിരാദിത്യ സിന്ധ്യ

ന്യൂഡൽഹി: മദ്ധ്യപ്രദേശിൽ കോൺഗ്രസ് ഇപ്പോഴും ഡ്രൈവിംഗ് സീറ്റിലാണെന്നും സഖ്യകക്ഷികളുമായി ബന്ധം തുടരുന്നുണ്ടെന്നും കോൺഗ്രസ് നേതാവ് ജ്യോതിരാദിത്യ സിന്ധ്യ പറഞ്ഞു. മദ്ധ്യപ്രദേശിൽ കോൺഗ്രസുമായി സഖ്യമില്ലെന്ന ബി.എസ്.പി പ്രസ്താവനയ്ക്കു പിന്നാലെയാണ് ജ്യോതിരാദിത്യ സിന്ധ്യയുടെ പ്രതികരണം. ബി.ജെ.പിയെ പരാജയപ്പെടുത്താനായി ദേശീയ തലത്തിലും വിവിധ സംസ്ഥാനങ്ങളിലും കോൺഗ്രസ് കൈകോർത്ത് പ്രവർത്തിക്കുകയാണെന്നും മദ്ധ്യപ്രദേശിലെ കോൺഗ്രസ് തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ചുക്കാൻ പിടിക്കുന്ന ജ്യോതിരാദിത്യ സിന്ധ്യ വ്യക്തമാക്കി.

ബി.എസ്.പി സഖ്യം വിട്ട സാഹചര്യത്തിൽ ഇത്തവണ കോൺഗ്രസിന്റെ വോട്ട് ഷെയർ കുറക്കുമോ എന്ന ചോദ്യത്തിന്, സഖ്യത്തിന് അതിന്റേതായ ഗുണഫലങ്ങളുണ്ടെങ്കിലും മദ്ധ്യപ്രദേശിൽ കോൺഗ്രസിന് ശക്തമായ പിന്തുണയുണ്ടെന്നും പ്രവർത്തകർ മാറ്റത്തിനായി ശക്തമായി പ്രവർത്തിക്കുന്നുണ്ടെന്നും സിന്ധ്യ പറഞ്ഞു.

ബി.എസ്.പി സഖ്യം വിട്ട സാഹചര്യത്തിൽ സമാജ്‌വാദിയുമായി സഖ്യമുണ്ടോ എന്ന ചോദ്യത്തിന് എല്ലാ പങ്കാളികളുമായും ബന്ധപ്പെടുന്നുണ്ടെന്നും ബി.ജെ.പിയെ പരാജയപ്പെടുത്തുകയാണ് ആത്യന്തികമായ ലക്ഷ്യമെന്നും സിന്ധ്യ പറഞ്ഞു.

## ഗൺമാന്റെ വെടിയേറ്റ ജഡ്ജിയുടെ ഭാര്യ മരിച്ചു

ഗുരുഗ്രാം: ഗൺമാന്റെ വെടിയേറ്റ് ഗുരുതരാവസ്ഥയിലായിരുന്ന അഡിഷണൽ ജില്ലാ സെഷൻസ് ജഡ്ജിയുടെ ഭാര്യ ആശുപത്രിയിൽ മരിച്ചു. ഗുരുതരമായി പരിക്കേറ്റ മകൻ ചികിത്സയിലാണ്. ഗുരുഗ്രാം അഡിഷണൽ സെഷൻസ് ജഡ്ജി ക്രിഷൻ കാന്ത് ശർമ്മയുടെ ഗൺമാൻ മഹിപാൽ സിംഗാണ് (32) അദ്ദേഹത്തിന്റെ ഭാര്യ റിതു കാന്തിനും (38) മകൻ ദ്രവ് കാന്തിനും (18) നേരെ സർവീസ് റിവോൾവർ ഉപയോഗിച്ച് വെടിയുതിർത്തത്. നെഞ്ചിൽ വെടിയേറ്റു ഗുരുതരമായി പരിക്കേറ്റ റിതുവിനെ ഉടൻ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. അമിതരക്തസ്രാവത്തെ തുടർന്നാണ് മരണം. മകൻ ദ്രവിന്റെ തലയ്ക്കാണ് വെടിയേറ്റത്. ഗുരുഗ്രാമിലെ തിരക്കേറിയ പ്രദേശമായ അർക്കാഡിയ സെക്ടർ 49ൽ ശനിയാഴ്ച ഉച്ചതിരിഞ്ഞ് മൂന്നരയോടെയാണ് ദാരുണമായ സംഭവം നടന്നത്. ഷോപ്പിംഗിനു പോയ റിതുവിനെയും ദ്രവിനെയും കൊണ്ട് കാറിൽ മടങ്ങുകയായിരുന്നു മഹിപാൽ. ഇതിനിടെ ദ്രവ് കാറിന്റെ താക്കോൽ ആവശ്യപ്പെട്ടതിനെ തുടർന്ന് മഹിപാലുമായി വാക്കുതർക്കം ഉണ്ടായി. തുടർന്ന് ഇരുവർക്കും നേരെ ഇയാൾ വെടിയുതിർക്കുകയായിരുന്നു. തുടർന്ന് ഇവരെ വഴിയിൽ ഉപേക്ഷിച്ച് മഹിപാൽ കാറുമായി കടന്നു. വിവരം ജസ്റ്റിസ് ക്രിഷൻ കാന്ത് ശർമയെ ഫോണിൽ വിളിച്ച് അറിയിക്കുകയും ചെയ്തു. രണ്ടു മണിക്കൂറിനു ശേഷം ഇയാളെ പൊലീസ് പിടികൂടി.

## വിവിധം

## ആദ്യ ഹൃദയവാൽവ് മാറ്റിവച്ച സുഗതൻ യാത്രയായി

തിരുവനന്തപുരം: ശ്രീചിത്ര മെഡിക്കൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിൽ വികസിപ്പിച്ച ആദ്യ ഹൃദയവാൽവ്, തുറന്ന ശസ്ത്രക്രിയയിലൂടെ സ്വീകരിച്ച കാട്ടായിക്കോണം കുറവിളാകം അജയ് നിവാസിൽ എസ്. സുഗതൻ (55) നിര്യാതനായി. 1991 ൽ 28 വയസുള്ളപ്പോഴാണ് ഈ ശസ്ത്രക്രിയയ്ക്ക് വിധേയനായത്. ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഈ വിജയം ദേശീയ മാദ്ധ്യമങ്ങളിലടക്കം അന്ന് വലിയ വാർത്തയായിരുന്നു. സൗജന്യ തുടർചികിത്സയും ശ്രീചിത്രയാണ് നല്കിവന്നിരുന്നത്. ഇതിനുശേഷം കാർ ഡ്രൈവറായി ജോലിചെയ്ത സുഗതൻ ഇപ്പോൾ പെട്ടിക്കട നടത്തിവരുകയായിരുന്നു.

പത്ത് ദിവസം മുമ്പ് രാവിലെ നെഞ്ചുവേദന അനുഭവപ്പെട്ടതിനെ തുടർന്ന് ശ്രീചിത്രയിലെത്തിച്ചെങ്കിലും അവിടെ ബെഡ് ഒഴിവില്ലാത്തതിനാൽ മെഡിക്കൽ കോളേജിലേക്ക് പറഞ്ഞുവിട്ടു. മെഡിക്കൽ കോളേജിൽ അത്യാഹിത വിഭാഗത്തിൽ നിരീക്ഷണത്തിലിരിക്കെ രാത്രിയിൽ വീണ്ടും ഹൃദയാഘാതമുണ്ടായി. ഉടൻ തീവ്ര പരിചരണ വിഭാഗത്തിലേക്ക് മാറ്റുകയും ചെയ്തു. മൂന്നു ദിവസം മുമ്പ് വെന്റിലേറ്ററിലേക്ക് മാറ്റി. ഇന്നലെ വെളുപ്പിന് മരണം സംഭവിച്ചു. ഭാര്യ : എസ്. ഷീജ. മക്കൾ: അജയ്, ആതിര. മരുമകൻ: പ്രവീൺ (യാരബ് ടെക്നോളജീസ്, ടെക്നോപാർക്ക്). സഞ്ചയനം : വ്യാഴാഴ്ച രാവിലെ 8.30 ന്.



എസ്. സുഗതൻ

## എൻ.ഡി.എ വിടുന്നു; ആരുമായും ചർച്ചയ്ക്ക് തയ്യാർ: സി.കെ ജാനു



സി.കെ. ജാനു

കോഴിക്കോട്: എൻ.ഡി.എയിൽ നിന്ന് താത്കാലികമായി വിട്ടുനിൽക്കുകയാണെന്നും രണ്ടര വർഷമായി മുന്നണിയിൽ വേണ്ട പരിഗണന ലഭിച്ചില്ലെന്നും ജനാധിപത്യ രാഷ്ട്രീയസഭ (ജെ.ആർ.എസ്) അദ്ധ്യക്ഷ സി.കെ. ജാനു വ്യക്തമാക്കി. ഏത് മുന്നണിയുമായും ചർച്ചയ്ക്ക് തയ്യാറാണെന്നും അവർ പറഞ്ഞു.

ആദിവാസികൾ തിങ്ങിപ്പാർക്കുന്ന മേഖലകൾ ഷെഡ്യൂൾഡ് ഏരിയയിൽ ഉൾപ്പെടുത്തണമെന്ന് ജെ.ആർ.എസ് ആവശ്യപ്പെട്ടിരുന്നു. കോർപ്പറേഷൻ, ബോർഡ് ചെയർമാൻ സ്ഥാനങ്ങളിൽ പ്രാതിനിദ്ധ്യം നൽകുക തുടങ്ങിയ ആവശ്യങ്ങളും മുന്നണി പരിഗണിച്ചില്ല. എൻ.ഡി.എ യോഗം വിളിച്ചുകൂട്ടാറുമില്ലെന്ന് ജെ.ആർ.എസ് സംസ്ഥാന കമ്മിറ്റി തീരുമാനം വിശദീകരിച്ച് അവർ പറഞ്ഞു.

എന്നാൽ, ബി.ജെ.പി സവർണ വർഗീയ സംഘടനയാണെന്ന അഭിപ്രായം പാർട്ടിക്കില്ലെന്ന് ജാനു പറഞ്ഞു. തങ്ങളെ മുന്നണിയിൽ ഉൾപ്പെടുത്തിയത് ബി.ജെ.പിയാണ്. മറ്റു രണ്ട് മുന്നണികളും അത് ചെയ്തില്ല. ബി.ജെ.പിയോട് അതിന് കടപ്പെട്ടിരിക്കുന്നു. എൻ.ഡി.എ അടക്കമുള്ള ഏത് മുന്നണിയുമായും ചർച്ചയ്ക്ക് തയ്യാറാണ്. എൻ.ഡി.എയിലേക്ക് തിരികെ എത്തുന്നത് തീരുമാനിക്കേണ്ടത് എൻ.ഡി.എ നേതൃത്വമാണ്.

ശബരിമലവിഷയത്തിൽ കോടതി വിധി മാനിക്കണം. വിധിയെക്കുറിച്ച് പരാതികളുണ്ടെങ്കിൽ പരിഹരിക്കണം. സുപ്രീം കോടതിയുടെ അന്തിമവിധി വരട്ടെ. എന്നാൽ, സ്ത്രീകൾക്ക് സമത്വാവകാശമുണ്ടെന്ന നിലപാടിനോട് പാർട്ടിക്ക് യോജിപ്പാണ്. എൻ.ഡി.എയുടെ ശബരിമലയാത്രയിൽ പങ്കെടുക്കാത്തത് മുൻകൂട്ടി തീരുമാനിച്ച പരിപാടികൾ ഉള്ളതിനാലാണ്. ഇക്കാര്യം ബി.ജെ.പി നേതൃത്വത്തെ അറിയിച്ചിട്ടുണ്ട്. പാർട്ടി അണികളുടെ വികാരം നേതൃത്വത്തിന് മാനിക്കേണ്ടതുണ്ട്. അതുകൊണ്ടാണ് വിട്ടുനിൽക്കാൻ തീരുമാനിച്ചത്. ഇത് രാഷ്ട്രീയ സമ്മർദ്ദ സമീപനമല്ലെന്നും അവർ പറഞ്ഞു.

കോഴിക്കോട് നടന്ന സംസ്ഥാന കമ്മിറ്റിയിൽ ജെ.ആർ.എസ് സംസ്ഥാന ജനറൽ സെക്രട്ടറി സതീഷ് പാറന്നൂർ, എൻ.കെ. വേണുഗോപാൽ, പ്രദീപ് കുന്നുപുര, പ്രസീത അഴിക്കോട്, പി.എം. നാരായണൻ, വരദരാജ്, പ്രകാശൻ മൊറാഴ, മാമ്മൻ ടി.ജെ തുടങ്ങിയവരും പങ്കെടുത്തു.

## സ്ത്രീകളുടെ പള്ളി പ്രവേശനം: ആശങ്ക വേണ്ടെന്ന് അബ്ദുല്ലക്കോയ മദനി

കോഴിക്കോട്: മുസ്ലിം സ്ത്രീകളുടെ പള്ളി പ്രവേശനവുമായി ബന്ധപ്പെട്ട വിവാദങ്ങളിൽ അർത്ഥമില്ലെന്ന് കെ.എൻ.എം സംസ്ഥാന പ്രസിഡന്റ് ടി.പി അബ്ദുല്ലക്കോയ മദനി പറഞ്ഞു. ഐ.എസ്.എം സംസ്ഥാന സമ്പൂർണ പ്രതിനിധി സമ്മേളനം കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പള്ളിയിൽ പോകണമെന്ന് ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് ധാരാളം സൗകര്യങ്ങളുണ്ട്. അത് വിവാദമാക്കേണ്ട കാര്യമല്ല. സ്ത്രീകളുടെ പള്ളി പ്രവേശനത്തെ കുറിച്ച് അഭിപ്രായം പറയുന്ന രാഷ്ട്രീയ നേതാക്കളെ ഭീഷണിപ്പെടുത്തുന്നത് അപഹാസ്യമാണ്. സ്ത്രീകൾക്ക് ആരാധനാ സ്വാതന്ത്ര്യം നൽകാൻ ബന്ധപ്പെട്ടവർ തയ്യാറാവണം. ശബരിമല വിധി സ്ത്രീകളുടെ പള്ളിപ്രവേശനവുമായി കൂട്ടികലർത്തുന്നത് ദുരുദ്ദേശ്യപരമാണ്. വിവാദങ്ങളുണ്ടാക്കി ഇസ്ലാമിക ശരീഅത്തിനെ അപഹസിക്കുന്നത് നീതീകരിക്കാനാവില്ലെന്നും അബ്ദുല്ലക്കോയ മദനി പറഞ്ഞു.

## സിനിമാ മേഖലയെ സർക്കാർ ശുദ്ധീകരിക്കണം: പി.കെ. റോസി ഫൗണ്ടേഷൻ

തിരുവനന്തപുരം: താരസംഘടനയായ 'അമ്മ'യിൽ നിന്ന കടുത്ത വിവേചനം നേരിടുന്നതടക്കമുള്ള ഗൗരവകരമായ ആരോപണങ്ങൾ നടിമാർ പരസ്യമായി പറഞ്ഞിട്ടും പുരോഗമന പ്രസ്ഥാനങ്ങളും സാംസ്കാരിക കേരളവും പുറംതിരിഞ്ഞ് നിൽക്കുന്നത് പരിഷ്കൃത സമൂഹത്തിന് ചേർന്നതല്ലെന്ന് പി.കെ. റോസി ഫൗണ്ടേഷൻ മാനേജിംഗ് ട്രസ്റ്റി ബിജു ഗോപിനാഥ് പ്രസ്താവനയിൽ അറിയിച്ചു.

## മെഴുവേലി ബാങ്ക് കവർച്ചക്കേസിലെ പിടികിട്ടാപ്പുള്ളിയും സഹായിയും അറസ്റ്റിൽ

### പിടിയിലായത് നിരവധി മോഷണക്കേസിലെ പ്രതികൾ




പിടിയിലായ പ്രതികൾ

അടൂർ: മെഴുവേലി ബാങ്ക് കവർച്ചക്കേസിലെ പിടികിട്ടാപ്പുള്ളിയും നിരവധി മോഷണ കേസുകളിൽ പ്രതിയായയാളും സഹായിയും അറസ്റ്റിൽ. കവർച്ചക്കേസ് പ്രതി ആലപ്പുഴ ആര്യാട് തെക്ക് ശവക്കോട്ട പാലത്തിന് സമീപം പാലക്കൽ വീട്ടിൽ സന്തോഷ് പാസ്കൽ (38), സഹായി നെയ്യാറ്റിൻകര കാഞ്ഞിരംകുളം വില്ലേജിൽ മലിനംകുളം അറപ്പുരപുത്തൻ വീട്ടിൽ ശെൽവരാജ് (59) എന്നിവരെയാണ് അടൂർ പൊലീസ് അറസ്റ്റ് ചെയ്തത്.

2011 ൽ മെഴുവേലി സഹകരണ ബാങ്ക് ലോക്കർ കുത്തിത്തുറന്ന് നാലര കിലോയോളം സ്വർണം മോഷ്ടിച്ച കേസിൽ സന്തോഷ് പ്രതിയാണ്. ഈ കേസിലെ മറ്റ് ഏഴ് പ്രതികളെ നേരത്തേ അറസ്റ്റ് ചെയ്തിരുന്നു. സന്തോഷ് ഡൽഹി, ഹരിയാന, എറണാകുളം എന്നിവിടങ്ങളിൽ ഒളിവിൽ കഴിയുകയായിരുന്നു. അടൂർ പൊലീസ് സ്റ്റേഷൻ പരിധിയിൽ അടുത്തിടെ നടന്ന മോഷണത്തെ കുറിച്ചുള്ള അന്വേഷണത്തിലാണ് സന്തോഷിനെകുറിച്ച് വിവരം ലഭിച്ചത്. മോഷണം നടന്ന അടൂർ ആശ ഫാൻസിയിലെ സി.സി ടി.വിയിൽ നിന്ന ലഭിച്ച ദൃശ്യത്തിൽ സന്തോഷിനോട് സാമ്യമുള്ളയാളെ കണ്ടെത്തി. തുടർന്ന് വാട്സ്ആപ്പ്, ഫേസ് ബുക്ക് എന്നിവ ഉപയോഗപ്പെടുത്തി നടത്തിയ അന്വേഷണത്തിൽ പ്രതി എറണാകുളത്തുണ്ടെന്ന് വിവരം ലഭിച്ചു. കഴിഞ്ഞ ശനിയാഴ്ച സന്തോഷിനെ എറണാകുളത്ത് കടവന്ത്ര പൊന്നുരുന്നിയിൽ നിന്ന് കസ്റ്റഡിയിൽ എടുത്തു. ഇതോടെ നിരവധി മോഷണക്കേസുകളുടെ ചുരുളഴിഞ്ഞു. ചെങ്ങന്നൂർ, ഏനാത്ത്, ഇലന്തൂർ എന്നിവിടങ്ങളിൽ നിന്ന് കാർ, മുഹമ്മയിൽ നിന്നും ചേർത്തലയിൽ നിന്നും പാലാരിവട്ടത്ത് നിന്നും മിനിലോറികൾ, ഹരിപ്പാട് നിന്ന് ഇന്നോവ എന്നിവ മോഷ്ടിച്ചതും സന്തോഷാണെന്ന് കണ്ടെത്തി. ശെൽവരാജിനെ ഇന്നലെപുലർച്ചെ നെയ്യാറ്റിൻകരയിൽ നിന്ന് കസ്റ്റഡിയിലെടുക്കുകയായിരുന്നു.

## ഗംഭീരം ഗംഭീർ

ന്യൂഡൽഹി: വിജയ് ഹസാരെ ട്രോഫി ഏകദിന ക്രിക്കറ്റ് ടൂർണമെന്റിൽ സെഞ്ച്വറി നേടിയ ഗൗതം ഗംഭീറിന്റെ (104) ബാറ്റിംഗ് മികവിൽ ഹരിയാനയെ ക്വാർട്ടറിൽ 5 വിക്കറ്റിന് കീഴടക്കി ഡൽഹി സെമിഫൈനലിൽ കടന്നു. സ്കോർ: ഹരിയാന 229/10, ഡൽഹി 230/5. മറ്റൊരു ക്വാർട്ടറിൽ ബീഹാറിനെ 9 വിക്കറ്റിന് കീഴടക്കി മുംബയ്‌യും സെമിയിലെത്തി. സ്കോർ : ബീഹാർ 69/10, മുംബയ് 70/1.

www.keralakaumudi.com www.facebook.com/keralakaumudi



## കേരള രഞ്ജി ടീമിനെ പ്രഖ്യാപിച്ചു; സച്ചിൻ ബേബി തന്നെ നയിക്കും

തിരുവനന്തപുരം: 2018/ 2019 സീസണിലേക്കുള്ള കേരള രഞ്ജി ക്രിക്കറ്റ് ടീമിനെ പ്രഖ്യാപിച്ചു. സച്ചിൻ ബേബിയാണ് ടീമിന്റെ നായകൻ. സച്ചിനെതിരെ നേരത്തേ കെ.സി.എക്ക് പരാതി നൽകിയ സഞ്ജു സാംസൺ, വി.എ. ജഗദീഷ്, സന്ദീപ് വാര്യർ, നിതീഷ്.എം.ഡി തുടങ്ങിയ പ്രമുഖരെല്ലാം ടീമിലുണ്ട്. ടീമംഗങ്ങൾ: ജലജ് സക്സേന, അരുൺ കാർത്തിക്, രോഹൻ പ്രേം, സഞ്ജു സാംസൺ, സൽമാൻ നിസാർ, വി.എ. ജഗദീഷ്, അക്ഷയ് ചന്ദ്രൻ, വിഷ്ണു വിനോദ്, അക്ഷയ്.കെ.സി, സന്ദീപ് വാര്യർ, നിധീഷ്.എം.ഡി. ബേസിൽ തമ്പി, രാഹുൽ.പി, വിനൂപ് എസ്.മനോഹരൻ.

ഡേവ് വാട്ട്മോർ ഹെഡ് കോച്ചും സെബാസ്റ്റ്യൻ ആന്റണി, മസർ മൊയ്ദു എന്നിവർ അസിസ്റ്റന്റ് കോച്ചുമാരുമാണ്. സജികുമാറാണ് ടീം മാനേജർ. രാജേഷ് ചൗഹാൻ ട്രെയിനർ, ആദർശ്. എസ് ഫിസിയോതെറാപ്പിസ്റ്റ്, രാകേഷ് മേനോൻ വീഡിയോ അനലിസ്റ്റ്. കളിക്കാർക്കുള്ള ക്യാമ്പ് ഈ മാസം 19 മുതൽ 28 വരെ തിരുവനന്തപുരത്ത് നടക്കും.

## യൂത്ത് ഒളിമ്പിക്സ്: സിമ്രന് വെള്ളി

ബ്യൂണേഴ്സ് അയേഴ്സ് യൂത്ത് ഒളിമ്പിക്സിൽ ഗുസ്തിയിൽ ഇന്ത്യയുടെ സിമ്രന് വെള്ളി. 43 കിലോഗ്രാം ഫ്രീസ്റ്റൈൽ ഗുസ്തിയിലാണ് സിമ്രൻ വെള്ളി നേടിയത്. ഫൈനലിൽ യു.എസ് എയുടെ എമിലി ഷിൽസണോടാണ് സിമ്രൻ തോറ്റത്. ടാക്ടിക്കൽ പിഴവുകളാണ് സ്വർണം നഷ്ടമാക്കിയതെന്ന് മത്സര ശേഷം സിമ്രൻ പറഞ്ഞു. ഇന്ത്യയുടെ പുരുഷ, വനിതാ ഹോക്കി ഫൈവ്സ് ടീമുകൾ ഫൈനലിലെത്തിയിട്ടുണ്ട്.

# പത്തരമാറ്റ് വിജയം

- വെസ്റ്റിൻഡീസിനെതിരായ രണ്ടാം ടെസ്റ്റിൽ ഇന്ത്യയ്ക്ക് പത്ത് വിക്കറ്റ് ജയം
- പരമ്പര ഇന്ത്യ തൂത്തുവാരി (2-0)
- പൃഥ്വി ഷാ മാൻ ഒഫ് ദ സീരിസ്
- ഉമേഷ് യാദവ് മാൻ ഒഫ് ദ മാച്ച്



ഉമേഷും കൊഹ്‌ലിയും വിക്കറ്റാഘോഷത്തിൽ

ഹൈദരാബാദ്: രാജ്കോട്ടിലെപ്പോലെ ഹൈദരാബാദിലും മൂന്ന് ദിവസം കൊണ്ട് വെസ്റ്റിൻഡീസിന്റെ വെല്ലുവിളി അവസാനിപ്പിച്ച് ടെസ്റ്റ് പരമ്പര ഇന്ത്യ തൂത്തുവാരി. ഹൈദരാബാദിലെ ഉപ്പൽ സ്റ്റേഡിയം വേദിയായ രണ്ടാം ടെസ്റ്റിൽ പത്ത് വിക്കറ്റിന്റെ വിജയം സ്വന്തമാക്കിയാണ് രണ്ട് മത്സരങ്ങൾ ഉൾപ്പെട്ട പരമ്പര ഇന്ത്യ 2-0ത്തിന് സ്വന്തമാക്കിയത്. ടെസ്റ്റിന്റെ മൂന്നാം ദിനമായ ഇന്നലെ വെസ്റ്റിൻഡീസുയർത്തിയ 72 റൺസിന്റെ വിജയ ലക്ഷ്യം ഇന്ത്യൻ ഓപ്പണർമാരായ പൃഥ്വി ഷായും കെ.എൽ. രാഹുലും അനായാസം മറികടക്കുകയായിരുന്നു. ഇരുവരും 33 റൺസ് വീതം നേടി.

സ്കോർ: വെസ്റ്റിൻഡീസ് 311/10, 127/10. ഇന്ത്യ 367/10, 75/0.

പേസിന്റെതുണയ്ക്കുന്നുപ്പലിലെ പിച്ചിൽ വെസ്റ്റിൻഡീസിന്റെ ആദ്യ ഇന്നിംഗ്സിൽ ആറും രണ്ടാം ഇന്നിംഗ്സിൽ നാലും വിക്കറ്റുകൾ വീഴ്ത്തിയ ഇന്ത്യൻ പേസർ ഉമേഷ് യാദവാണ് മാൻ ഒഫ് ദ മാച്ച്. തന്റെ കന്നി ടെസ്റ്റ് പരമ്പരയ്ക്കിറങ്ങിയ ഇന്ത്യൻ യുവ സെൻസേഷൻ പൃഥ്വി ഷായാണ് മാൻ ഒഫ് ദ സീരിസ്.

വിൻഡീസിന്റെ ഒന്നാം ഇന്നിംഗ്സ് സ്കോറായ 311/10 നെതിരെ ഇന്നലെ രാവിലെ 308/4 എന്ന നിലയിൽ ഒന്നാം ഇന്നിംഗ്സ് പുനരാരംഭിച്ച ഇന്ത്യ 367 റൺസിന് ആൾ ഔട്ടാവുകയായിരുന്നു. വിൻഡീസ് ക്യാപ്ടൻ ജേസൺ ഹോൾഡർ അഞ്ച് വിക്കറ്റ് സ്വന്തമാക്കി. അജിങ്ക്യ രഹാനെയുടെ (80) വിക്കറ്റാണ് ഇന്നലെ ഇന്ത്യയ്ക്ക് ആദ്യം നഷ്ടമായത്. രഹാനെയെ ഹോൾഡർ ഹോപ്പിന്റെ കൈയിൽ എത്തിക്കുകയായിരുന്നു. കഴിഞ്ഞ മത്സരത്തിലെ സെഞ്ച്വറി വീരൻ രവീന്ദ്ര ജഡേജയെ (0) അക്കൗണ്ട് തുറക്കുന്നതിന് മുമ്പ് ഹോൾഡർ വിക്കറ്റിന് മുന്നിൽ കുടുക്കി മടക്കി. റിഷഭ് പന്തിന് ആദ്യ ടെസ്റ്റിലെ പോലെ തന്നെ ഹൈദരാബാദിലും 8 റൺസ് അകലെ സെഞ്ച്വറി നഷ്ടമായി. 134 പന്തിൽ 11 ഫോറും 2 സിക്സും ഉൾപ്പെടെ 92 റൺസ് നേടിയ പന്തിനെ ഷാനൻ ഗബ്രിയേലിന്റെ പന്തിൽ ഹെറ്റ്മേയറാണ് പിടികൂടിയത്.

കുൽദീപിനെ (6) ഹോൾഡർ ക്ലീൻ ബൗൾഡാക്കിയപ്പോൾ ഉമേഷിനെ (2) വാറിക്കാൻ പകരക്കാരൻ ഫീൽഡർ ഹാമിൽട്ടണിന്റെ കൈയിൽ ഒതുക്കി. വാലറ്റത്ത് മികച്ച ചെറുത്ത് നിൽപ്പ് നടത്തിയ ആർ. അശ്വിന്റെ (35) കുറ്റിതെറിപ്പിച്ച് ഷാനൻ ഗബ്രിയേലാണ് ഇന്ത്യൻ ഇന്നിംഗ്സിന്റെ തിരശീലയിട്ടത്. ഷർദ്ദുൾ താക്കൂർ 4 റൺസുമായി പുറത്താകാതെ നിന്നു. ഹോൾഡറിനെക്കൂടാതെ ഗബ്രിയേൽ 3 ഉം വാറിക്കാൻ രണ്ട് വിക്കറ്റും വീഴ്ത്തി.

56 റൺസിന്റെ ലീഡ് വഴങ്ങി രണ്ടാം ഇന്നിംഗ്സിനിറങ്ങിയ വെസ്റ്റിൻഡീസ് ബാറ്റിംഗ് നിര ചീട്ടുകൊട്ടാരം പോലെ തകർന്നടിയുകയായിരുന്നു. ഇന്ത്യയ്ക്കായി ഉമേഷ് നാലും ജഡേജ മൂന്നും അശ്വിൻ രണ്ടും വിക്കറ്റുകൾ വീഴ്ത്തി.

വിൻഡീസ് അക്കൗണ്ട് തുറക്കുന്നതിന് മുമ്പ് തന്നെ ആദ്യ ഓവറിലെ രണ്ടാം പന്തിൽ ഓപ്പണർ ബ്രാത്ത്‌വെയ്റ്റിനെ പന്തിന്റെ കൈയിൽ എത്തിച്ച് ഉമേഷ് വിക്കറ്റ് വേട്ടയ്ക്ക് തുടക്കമിടുകയായിരുന്നു. ആംബ്രിസിനും (38) ഹോപ്പിനും (28) മാത്രമാണ് വിൻഡീസ് നിരയിൽ അല്പമെങ്കിലും പിടിച്ച് നിൽക്കാനായത്. ആദ്യ ഇന്നിംഗ്സിൽ സെഞ്ച്വറി നേടിയ റോസ്റ്റൺ ചേസ് (6) ഉമേഷിന്റെ പന്തിൽ ക്ലീൻബൗൾഡായി ചെറുത്ത് നില്പില്ലാതെ മടങ്ങി.

തുടർന്ന് വിൻഡിസുയർത്തിയ 72 റൺസിന്റെ വിജയ ലക്ഷ്യം പിന്തുടർന്നിറങ്ങിയ ഇന്ത്യയെ പൃഥ്വിയും രാഹുലും ചേർന്ന് 16.1 ഓവറിൽ വിജയ ലക്ഷ്യത്തിലെത്തിക്കുകയായിരുന്നു. അഞ്ച് മത്സരങ്ങൾ ഉൾപ്പെട്ട ഇരുടീമുകളും തമ്മിലുള്ള ഏകദിന പരമ്പരയിലെ ആദ്യ മത്സരം 21ന് ഗുവാഹത്തിയിൽ നടക്കും.

### നോട്ട് ദ പോയിന്റ്

- ആദ്യ ടെസ്റ്റിൽ ഇന്നിംഗ്സിനും 272 റൺസിനുമായിരുന്നു ഇന്ത്യയുടെ വിജയം.
- ഇന്നിംഗ്സ്, റൺസ് അടിസ്ഥാനത്തിൽ ഇന്ത്യയുടെ ഏറ്റവും വലിയ ജയമാണിത്
- ഒരു ടെസ്റ്റ് മത്സരത്തിൽ (രണ്ടാം ടെസ്റ്റ്) ഉമേഷ് യാദവ് ആദ്യമായാണ് പത്ത് വിക്കറ്റ് നേടുന്നത്.
- ഒന്ന് വീതം സെഞ്ച്വറിയും അർദ്ധ സെഞ്ച്വറിയും ഉൾപ്പെടെ 237 റൺസ് നേടിയ പൃഥ്വി ഷായാണ് പരമ്പരയിൽ ഏറ്റവും കൂടുതൽ റൺസ് നേടിയ താരം
- പതിനൊന്ന് വിക്കറ്റ് നേടിയ ഉമേഷ് യാദവാണ് പരമ്പരയിൽ ഏറ്റവും കൂടുതൽ വിക്കറ്റ് നേടിയ താരം.

# കൊടുങ്കാറ്റാകാൻ ഗോകുലം

സ്വന്തം ലേഖകൻ

കോഴിക്കോട്: കഴിഞ്ഞ ഐ ലീഗ് സീസണിൽ തുടക്കത്തിലെ തിരിച്ചടികൾക്ക് ശേഷം കരുത്തരെ അട്ടിമറിച്ച് കൊടുങ്കാറ്റായ ഗോകുലം കേരള എഫ്.സി രണ്ടാമത്തെ സീസണിൽ ബൂട്ടുകെട്ടുമ്പോൾ കിരീടം തന്നെയാണ് പ്രതീക്ഷ. ഹോം ഗ്രൗണ്ടായ കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ ഗോകുലം പരിശീലനം ആരംഭിച്ചു.

18 കളികളിൽ നിന്ന് ആറ് ജയവും മൂന്ന് സമനിലയും ഒമ്പത് തോൽവിയുമായി 21 പോയന്റ് നേടിയ ഗോകുലം ലീഗിൽ ഏഴാമതായാണ് കഴിഞ്ഞ തവണ ഫിനിഷ് ചെയ്തത്. തോൽവിയോടെ തുടങ്ങിയ ഗോകുലം ഐ ലീഗിലെ കരുത്തരായ ഈസ്റ്റ് ബംഗാൾ, മോഹൻ ബഗാൻ എന്നിവരെയും ചാമ്പ്യന്മാരായ മിനർവ പഞ്ചാബിനെയും അട്ടിമറിച്ചിരുന്നു. പ്രതിരോധവും മുന്നേറ്റവുമായിരുന്നു കഴിഞ്ഞ തവണ ഗോകലത്തിന് പ്രതിസന്ധി സൃഷ്ടിച്ചിരുന്നത്. അവാസന ഘട്ടത്തിലേക്ക് മിന്നുന്ന ഫോമിലേക്കുയർന്ന ഗോകുലം സൂപ്പർകപ്പിലും മികച്ച കളി പുറത്തെടുത്തിരുന്നു.

മികച്ച ടീമിനെയാണ് ഗോകുലം ഇത്തവണ രംഗത്തിറിക്കുന്നത്. ഈ സീസണിലേക്ക് പുതുതായി നിയമിച്ച സ്പാനിഷ് പരിശീലകൻ ഫെർണാണ്ടോ സാന്റിയാഗോ വലേറയെ പുറത്താക്കിയ ടീം മാനേജ്മെന്റ് പഴയ പരിശീലകൻ ബിനോ ജോർജിനെ തന്നെ ചുമതലയേൽപ്പിച്ചു.



ഗോകുലം എഫ്.സി താരങ്ങൾ പരിശീലനത്തിൽ

മുഡെ മൂസ, ഡാനിയൽ അഡ്ഡോ, കെ. സൽമാൻ, അർജ്ജുൻ ജയരാജ്, വി.പി. സുഹൈൽ, ഉസ്മാൻ ആശിഖ് ഉൾപ്പെടെ ഒമ്പത് താരങ്ങളെ നിലനിർത്തിയ ടീമിന്റെ കരുത്ത് ഒത്തൊരുമയാണ്. ആദ്യ മൂന്ന് സ്ഥാനങ്ങളിലെത്തുകയാണ് ലക്ഷ്യമെന്ന് കോച്ച് ബിനോ ജോർജ്ജ് പറഞ്ഞു.

ഈ മാസം 27ന് മോഹൻ ബഗാനുമായാണ് ആദ്യ മത്സരം. കഴിഞ്ഞ സീസണിൽ മോഹൻ ബഗാനെ അവരുടെ ഹോം ഗ്രൗണ്ടിൽ തോല്പിക്കുകയും കോഴിക്കോട് നടന്ന മത്സരത്തിൽ സമനില നേടുകയും ചെയ്തിരുന്നു.

കേരള ബ്ലാസ്റ്റേഴ്സ് മുൻ താരം അന്റോണിയോ ജർമ്മൻ, മലയാളിയായ എസ്. രാജേഷ്, ഈസ്റ്റ് ബംഗാൾ ഗോളി ഷിബിൻ രാജ് തുടങ്ങിയവർ ഇത്തവണ ഗോകലുത്തിന് വേണ്ടി ബൂട്ടുകെട്ടുന്നുണ്ട്. രണ്ടുവർഷത്തേയ്ക്ക് കോർപ്പറേഷൻ സ്റ്റേഡിയത്തിന്റെ നടത്തിപ്പും അറ്റകുറ്റപണിയും ഏറ്റെടുത്ത ഗോകുലം മാനേജ്മെന്റ് കഴിഞ്ഞ വർഷത്തെക്കാൾ മികച്ച സൗകര്യങ്ങളാണ് ഒരുക്കുന്നത്.

മൈതാനം പുല്ലു വെട്ടിയൊതുക്കി മികവുറ്റതാക്കി. ഗാലറി ചായം പൂശുന്നുണ്ട്. ഫ്ലഡലീറ്റിന്റെ പരിശോധന പൂർത്തിയാക്കി. അടുത്ത ആഴ്ചയോടെ ടിക്കറ്റ് വിൽപ്പന ആരംഭിക്കും.



വാൻ ഡിജ്ക് ജർമ്മനിയ്ക്കെതിരെ ഹോളണ്ടിന്റെ ആദ്യ ഗോൾ നേടുന്നു

## വീണിതല്ലോ കിടക്കുന്നു ജർമ്മനി

ആംസ്റ്റർഡാം: യു.ഇ.എഫ്.എ നേഷൻസ് കപ്പ് ഫുട്ബാളിൽ ഹോളണ്ട് ജർമ്മനിയെ മറുപടിയില്ലാത്ത മൂന്ന് ഗോളുകൾക്ക് തകർത്തു. ഇതാദ്യമായാണ് 3 ഗോൾ മാർജിനിൽ ജർമ്മനി ഹോളണ്ടിനോട് തോൽക്കുന്നത്. വിർജിൽ വാൻ ഡിജ്ക്, മെംഫിസ് ഡിപെ, ജോർജിനിയോ വിജ്നാൾഡം എന്നിവരാണ് ഹോളണ്ടിനായി ലക്ഷ്യം കണ്ടത്. ജർമ്മനിയെ ലോകചാമ്പ്യൻമാരാക്കിയ പരിശീലകൻ ജോവാക്കിം ലോയ്ക്ക് കനത്ത തിരിച്ചടിയായി ഈ തോൽവി. ഇത്തവണ ലോകകപ്പിൽ ആദ്യ റൗണ്ടിൽ ജർമ്മനി തോറ്റതോടെലോയ്ക്കെതിരെഎതിർശബ്ദങ്ങൾ ഉയർന്ന് തുടങ്ങിയിരുന്നു. പെറുവുമായുള്ള സൗഹൃദ മത്സരം ഒഴിച്ച് നിർത്തിയാൽ അവസാനം കളിച്ച നാല് കളികളിൽ മൂന്നിലും ജർമ്മിനിയ്ക്ക് എതിർവല ചലിപ്പിക്കാനായില്ല.

മത്സരത്തിൽ ബാൾ പൊസഷനിലും ഷോട്ടുകളിലും ഉൾപ്പെടെ മുൻതൂക്കം ജർമ്മനിക്കായിരുന്നെങ്കിലും ലക്ഷ്യം നേടുന്നതിൽ അവർ പരാജയമാവുകയായിരുന്നു. 30-ാം മിനിറ്റിൽ വാൻഡിജ്ക് ഹോളണ്ടിനെ മുന്നിൽ എത്തിച്ചു. റയാൽ ബാബേലിന്റെ ഹെഡ്ഡർ ക്രോസ് ബാറിൽ തട്ടി തെറിച്ചത് ഗോൾ പോസ്റ്റിന് തൊട്ടുമുന്നിലുണ്ടായിരുന്ന വാൻ ഡിജ്ക് പെട്ടെന്ന് തന്നെ പിഴവില്ലാതെ തലകൊണ്ട് വലയിലേക്ക് തിരിച്ചുവിടുകയായിരുന്നു.

തുടർന്ന് കളി അവസാനിക്കാൻ നാല് മിനിറ്റ് ശേഷിക്കെ 86-ാം മിനിറ്റിൽ ഡിപെ ഹോളണ്ടിന്റെ രണ്ടാം ഗോൾ നേടി. തുടർന്ന് രണ്ടാം പകുതിയുടെ അധികസമയത്ത് ലിവർപൂളിൽ വാൻ ഡിജ്കിന്റെ സഹതാരം വിജ്നാൾഡം ജർമ്മനിയുടെ വലയിൽ ഹോളണ്ടിന്റെ മൂന്നാം ഗോളും നിക്ഷേപിക്കുകയായിരുന്നു. മറ്റ് മത്സരങ്ങളിൽ ബൾഗേറിയ 2-1ന് സൈപ്രസിനെയും മാസിഡോണിയ 4-1ന് ലിച്ചൻസ്റ്റീനെയും കീഴടക്കി. അയർലൻഡും ഡെൻമാർക്കും റൊമാനിയയും സെർബിയയും ഗോൾ രഹിത സമനിലയിൽ പിരിഞ്ഞു.

## മെസിക്കെതിരെ മറഡോണ

മെക്സിക്കോ സിറ്റി: ലയണൽ മെസിക്കെതിരെ വീണ്ടും കടുത്ത വിമർശനവുമായി ഡീഗോ മറഡോണ രംഗത്തെത്തി.

മെസിയെ ദൈവമായി കാണരുതെന്നും അദ്ദേഹം നല്ലൊരു നായകൻ പോലുമല്ലെന്നുമാണ് മറഡോണ കഴിഞ്ഞ ദിവസം ഒരു മെക്സിക്കൻ ടെലിവിഷൻ ചാനലിലെ പരിപാടിക്കിടെ അഭിപ്രായപ്പെട്ടത്. മത്സരത്തിന മുൻപ് സമ്മർദ്ദം താങ്ങാനാകാതെ 20 തവണയെങ്കിലും മെസി ബാത്ത്റൂമിൽ പോകാറുണ്ടെന്നും അങ്ങനെയൊരാളെ ക്യാപ്ടനാക്കാൻ ശ്രമിക്കുന്നത് പാഴ്‌വേലയാണെന്നും മറഡോണ പരിഹസിക്കുന്നു. ബാഴ്സലോണയ്ക്കായി കളിക്കുന്ന മെസിയല്ല അർജന്റീനയ്ക്കായി കളിക്കുമ്പോഴെന്നും മെസി ഒരു നല്ല നേതാവല്ലെന്നും മറഡോണ പറയുന്നു.

# ജൂനിയർ അത്‌ലറ്റിക് മീറ്റ്: ഇടറാതെ എറണാകുളം



തിരുവനന്തപുരം: സംസ്ഥാന ജൂനിയർ അത്‌ലറ്റിക് മീറ്റിൽ പാലക്കാടിന്റെ വെല്ലുവിളി മറികടന്ന് എറണാകുളം ഓവറാൾ ചാമ്പ്യൻമാരായി. തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം വേദിയായ മീറ്റിൽ 21 സ്വർണവും 29 വെള്ളിയും 19 വെങ്കലവും സ്വന്തമാക്കി 448 പോയിന്റുമായാണ് എറണാകുളം ഓവറാൾ കിരീടത്തിൽ മുത്തമിട്ടത്. 18 സ്വർണവും 11 വെള്ളിയും 31 വെങ്കലവും ഉൾപ്പെടെ 407 പോയിന്റുമായി പാലക്കാട് റണ്ണറപ്പായി. എറണാകുളത്തേക്കാൾ അഞ്ച് സ്വർണം കൂടുതൽ നേടിയെങ്കിലും പോയിന്റ് നേട്ടത്തിൽ എറണാകുളത്തിനും പാലക്കാടിനും പിന്നിലായിപ്പോയ ആതിഥേയരായ തിരുവനന്തപുരമാണ് മൂന്നാം സ്ഥാനത്ത്. 26 സ്വർണവും 12 വെള്ളിയും 16 വെങ്കലവുമുൾപ്പെടെ 369 പോയിന്റാണ് തിരുവനന്തപുരം നേടിയത്. 351 പോയിന്റുമായി കോട്ടയം നാലാമതും ആദ്യ ദിനം ഒന്നാം സ്ഥാനത്തായിരുന്ന തൃശൂർ 291 പോയിന്റുമായി അഞ്ചാം സ്ഥാനത്തുമായി.

അണ്ടർ 14 ആൺകുട്ടികളുടെ വിഭാഗത്തിൽ 33 പോയിന്റുമായി തിരുവനന്തപുരമാണ് ഒന്നാംസ്ഥാനത്ത്. 28 പോയിന്റുമായി പാലക്കാടാണ് രണ്ടാമതായി. അണ്ടർ 16 ആൺകുട്ടികളിൽ 67 പോയിന്റുമായി പാലക്കാടാണ് ഒന്നാം സ്ഥാനത്ത്. 49 പോയിന്റുള്ള തിരുവനന്തപുരം രണ്ടാംസ്ഥാനം നേടി. അണ്ടർ 18 യൂത്ത് ആൺകുട്ടികളുടെ വിഭാഗത്തിൽ 97.5 പോയിന്റുമായി എറണാകുളം ഒന്നാമതും 92.5 പോയിന്റുമായി തിരുവനന്തപുരം രണ്ടാമതുമെത്തി. അണ്ടർ 20 ജൂനിയർ പുരുഷന്മാരുടെ വിഭാഗത്തിൽ 106.5 പോയിന്റുമായി തിരുവനന്തപുരം ഒന്നാമതും 98 പോയിന്റുമായി എറണാകുളമാണ് രണ്ടാമതുമായി.

അണ്ടർ 14 പെൺകുട്ടികളുടെ വിഭാഗത്തിൽ തൃശൂർ 40 പോയിന്റുമായി ഒന്നാമതും 29 പോയിന്റുമായി കോഴിക്കോട് രണ്ടാം സ്ഥാനത്തുമെത്തി. അണ്ടർ 16 പെൺകുട്ടികളുടെ വിഭാഗത്തിൽ 56 പോയിന്റുമായി കോട്ടയമാണ് ഒന്നാം സ്ഥാനം നേടിയത്. കോഴിക്കോടിനാണ് ഈ വിഭാഗത്തിലും രണ്ടാംസ്ഥാനം. അണ്ടർ 18 യൂത്ത് പെൺകുട്ടികളുടെ വിഭാഗത്തിൽ 97 പോയിന്റ് നേടിയ എറണാകുളമാണ് ഒന്നാമത്. 75 പോയിന്റുമായി കോഴിക്കോട് രണ്ടാം സ്ഥാനത്തെത്തി. അണ്ടർ 20 ജൂനിയർ വനിതകളിൽ 163 പോയിന്റുമായി കോട്ടയം ഒന്നാമതെത്തിയപ്പോൾ 99 പോയിന്റ് നേടി പാലക്കാട് രണ്ടാമതായി.

അണ്ടർ 18 യൂത്ത് പെൺകുട്ടികളുടെ 200 മീറ്ററിൽ തൃശൂരിന്റെ ആൻസി സോജൻ 25.19 സെക്കന്റിൽ ഫിനിഷ് ചെയ്ത് റെക്കാഡ് തിളക്കത്തിൽ സ്വർണം നേടി. ആദ്യ ദിനം ഹൈജമ്പിലും ആൻസി റെക്കാഡോടെ സ്വർണം നേടിയിരുന്നു. ട്രിപ്പിൾജമ്പിൽ എറണാകുളത്തിന്റെ സാന്ദ്ര ബാബു (12.74 മീറ്റർ), ഹൈജമ്പിൽ എറണാകുളത്തിന്റെ ഗായത്രി ശിവകുമാർ (1.72 മീറ്റർ) പെൺകുട്ടികളുടെ മെഡ്‌ലേ റിലേയിൽ കോഴിക്കോട് ടീം (2 മിനിറ്റ് 16.94 സെക്കൻഡ്), അണ്ടർ 20 ജൂനിയർ വനിതകളുടെ 3000 മീറ്ററിൽ എറണാകുളത്തിന്റെ അനുമോൾ തമ്പി (10 മിനിറ്റ് 11.13 സെക്കൻഡ്), അണ്ടർ 18 പെൺകുട്ടികളുടെ ഹാമർ ത്രോയിൽ എറണാകുളത്തിന്റെ കെസിയ മറിയം ബെന്നി (48.67 മീറ്റർ), അണ്ടർ 20 പുരുഷന്മാരുടെ 200 മീറ്ററിൽ എറണാകുളത്തിന്റെ ടി.വി അഖിൽ (27.71 സെക്കൻഡ്), 10,000 മീറ്റർ നടത്തത്തിൽ പാലക്കാടിന്റെ സി.ടി നിധീഷ് (46 മിനിറ്റ് 50.74 സെക്കൻഡ്), ജാവലിൻ ത്രോയിൽ എറണാകുളത്തിന്റെ അനൂപ് വത്സൻ (60.72 മീറ്റർ), അണ്ടർ 16 ആൺകുട്ടികളുടെ 800 മീറ്ററിൽ പാലക്കാടിന്റെ അജയ് കെ.വിശ്വനാഥ് (1 മിനിറ്റ് 57.27 സെക്കന്റ്) എന്നിവർ റെക്കാഡ് പുസ്തകത്തിൽ ഇടം നേടി. അണ്ടർ 16 ആൺകുട്ടികളുടെ 200 മീറ്ററിൽ റെക്കാഡോടെ സ്വർണം നേടിയ തിരുവനന്തപുരത്തിന്റെ അഭിനവ് വി.സി (21.81 സെക്കന്റ്) റെക്കാഡ് സ്പ്രിന്റ് ഡബിൾ തികച്ചു.

അണ്ടർ 18 പെൺകുട്ടികളുടെ ഹൈജമ്പിൽ റെക്കാഡോടെ സ്വർണം നേടുന്ന എറണാകുളത്തിന്റെ ഗായത്രി ശിവകുമാർ.
ഫോട്ടോ: മനു മംഗലശ്ശേരി

### വിദ്യ എം.വി
**തിരുവനന്തപുരം:** പേട്ട അക്ഷരവീഥി വി.വി. ഭവൻ പി.കെ.എൽ.ആർ.എ-5-ൽ പരേതനായ എസ്. വിദ്യാധര (സൂപ്രണ്ട്, തിരു. കോർഷറേഷൻ) ന്റെയും മഞ്ജുഷയുടെയും മകൾ എം.വി. വിദ്യ (26) നിര്യാതയായി. സഹോദരി: എം.വി. വൃന്ദ. സഞ്ചയനം വ്യാഴാഴ്ച രാവിലെ 8 മണിക്ക്.

### ഷാഹിദാ ബീവി
**പാച്ചല്ലൂർ:** വിളയിൽ പുത്തൻ വീട്ടിൽ മർഹ്ഹും എം. സുലൈമാന്റെ (റിട്ട. കെ.എസ്.ആർ.ടി) ഭാര്യ ഷാഹിദാബീവി (59) നിര്യാതയായി. മക്കൾ: സജിതാ ബീവി, നജിതാ (സുൽഫത്ത്), സലീന, ഷെഫീഖ്. മരുമക്കൾ: അഷറഫ്, അൽത്താഫ്, കമാലുദ്ദീൻ, ജാസ്മിൻ.

### എമറൻസിയ
**ചിറയിൻകീഴ്:** അരയതുരുത്തി ആൾസെയിന്റ്സ് ദേവാലയത്തിന് സമീപം ബിന്ദു ഡെയിലിൽ ജോസഫിന്റെ ഭാര്യ എമറൻസിയ (87) നിര്യാതയായി. മക്കൾ: മറിയക്കുട്ടി, ജോളി, ക്ലീറ്റസ്. മരുമക്കൾ: സോളമൻ, പരേതനായ ജോൺ, ബിന്ദു. സംസ്കാരം: നാളെ (ചൊവ്വ) വൈകുന്നേരം 3ന് ആൾ സെയിന്റ്സ് ദേവാലയത്തിൽ.

### ഗോമതി
**കാഞ്ഞിരംകുളം:** കാക്കത്തോട്ടം കോളനിയിൽ ഗോമതി (57) നിര്യാതയായി. ഭർത്താവ് തോമസ്. മരണാനന്തര ചടങ്ങ് 17ന് രാവിലെ 8ന്. ഫോൺ: 9446701852.

### പങ്കജാക്ഷി
**ശ്രീകാര്യം:** ചെമ്പഴന്തി ആവുക്കളം കുഞ്ചുകോണത്ത് വീട്ടിൽ പരേതനായ ചിത്രസേനന്റെ ഭാര്യ എൻ. പങ്കജാക്ഷി (88) നിര്യാതയായി. സംസ്കാരം: ഇന്ന് രാവിലെ 9.30ന് വീട്ടുവളപ്പിൽ. സഞ്ചയനം: വെള്ളിയാഴ്ച രാവിലെ 8.30ന്.

### ജെ. കമലാക്ഷി
**വയല തോട്ടംമുക്ക്:** പൈവിള വീട്ടിൽ പരേതനായ മാധവന്റെ ഭാര്യ ജെ. കമലാക്ഷി (87) നിര്യാതയായി. മക്കൾ: രാധാമണി, സതി, വിക്രമൻ (സീനിയർ സൂപ്രണ്ട് ടെലികോം, തിരുവനന്തപുരം), ബാബു, പരേതനായ സുന്ദരേശൻ. മരുമക്കൾ: കോട്ടുക്കൽ പ്രഭാകരൻ (എസ്.എൻ.ഡി.പി യോഗം കോട്ടുക്കൽ ശാഖാ പ്രസിഡന്റ്), ഇ.കെ. രാജൻ, ലത, ഗാഥ (സീനിയർ സൂപ്രണ്ട്, എ.ഇ.ഒ ഓഫീസ്, നെടുമങ്ങാട്), ജിഷ. സഞ്ചയനം വ്യാഴാഴ്ച രാവിലെ 8ന്.

### ഗോപിനാഥൻ
**പാലയ്ക്കൽ:** ഞാണേഴത്ത് വീട്ടിൽ ഗോപിനാഥൻ (67) നിര്യാതനായി. ഭാര്യ: മാധവിക്കുട്ടി. മക്കൾ: സയാഹ്ന, സ്മിഷ. മരുമക്കൾ: ഷിബു, സാബു.

### അംബുജാക്ഷി
**കടയ്ക്കാവൂർ:** നെടുങ്ങണ്ട ചെറിയ കോവിൽതോട്ടം വീട്ടിൽ അംബുജാക്ഷി (86) നിര്യാതയായി. മക്കൾ: മണിലാൽ, രമണൻ, ഇന്ദിര, ലില്ലി, രമേശൻ.

### ഓമനയമ്മ
**നെയ്യാറ്റിൻകര:** പ്ലാമൂട്ടുക്കട പോരന്നൂർ എൽ. എസ്. ഭവനിൽ പരേതനായ തങ്കപ്പൻ നായരുടെ ഭാര്യ ഓമനയമ്മ (75) നിര്യാതയായി. മകൾ ലതകുമാരി, മരുമകൻ സുരേഷ്. സഞ്ചയനം വെള്ളിയാഴ്ച രാവിലെ 9ന്. 7034071811.

### ശ്രീമതി അമ്മ
**അതിയന്നൂർ:** ആറാലുംമൂട് എലവുംമൂട് കുഴിയംവിള വീട്ടിൽ പരേതനായ കുഞ്ഞുരാമൻ നായരുടെ ഭാര്യ സി. ശ്രീമതിഅമ്മ (95) നിര്യാതയായി. മക്കൾ: തുളസിഭായി അമ്മ, കെ. പ്രഭാകരൻ നായർ, എസ്. ശാരദാമ്മ, കെ. രഘുവരൻ നായർ. മരുമക്കൾ: പി. ഗിരീന്ദ്രൻ നായർ, എസ്. കസ്തൂരി, വി. കരുണാകരൻ നായർ, ബി. ചന്ദ്രമതി അമ്മ. സഞ്ചയനം ഞായറാഴ്ച രാവിലെ 8.30ന്.

### എസ്. സലീഹത്ത് ബീവി
**നെടുമങ്ങാട്:** അഴിക്കോട് വെഞ്ചമ്പി നസീം മൻസിലിൽ എസ്. അബ്ദുൽഖരീമിന്റെ ഭാര്യ എസ്. സലീഹത്ത് ബീവി (65) നിര്യാതയായി. മക്കൾ: നസീഹാ ബീവി, നസീർ ഖാൻ (അസിസ്റ്റന്റ് കൃഷി ഓഫീസർ). മരുമക്കൾ: നാസർ, മുബിനാ ബീവി.

### ഭാരതി അമ്മ
**നെടുമങ്ങാട്:** ആനാട് പുല്ലേക്കോണം നയനയിൽ പരേതനായ പ്രഭാകരൻ നായരുടെ ഭാര്യ ഭാരതി അമ്മ (79) നിര്യാതയായി. മക്കൾ: ജയചന്ദ്രൻ, ശോഭനകുമാർ. മരുമക്കൾ: പ്രമീളാകുമാരി, രേഖാറാണി. സഞ്ചയനം 18ന് രാവിലെ 9ന്.

### ശശിധരൻ ആചാരി
**പത്തനാപുരം:** മേലില കിഴക്ക് ലേഖാലയത്തിൽ എൻ.കെ. ശശിധരൻആചാരി (74, റിട്ട. ഉദ്യോഗസ്ഥൻ, മുനിസിപ്പൽ കോമൺ സർവീസ്) നിര്യാതനായി. ഭാര്യ. കെ. രാജമ്മ. മക്കൾ. ലേഖ എസ്. റാണി (ജലഗതാഗത വകുപ്പ്, ആലപ്പുഴ), ലീന എസ്. റാണി (സെക്രട്ടേറിയറ്റ്). മരുമക്കൾ: രമേഷ്കുമാർ (കെ.എസ്.ഇ.ബി കൊല്ലം), സജികുമാർ (പ്രോഗ്രാമർ, തിരുവനന്തപുരം).

### വസന്തകുമാരി
**പിരപ്പൻകോട്:** കിഴക്കേപനവിള വീട്ടിൽ പരേതനായ ഡി. തങ്കപ്പൻ പിള്ളയുടെ ഭാര്യ വസന്തകുമാരി (60) നിര്യാതയായി. മക്കൾ: രാജീവ് (മാണിക്കൽ പഞ്ചായത്ത്), നിഷ. മരുമക്കൾ: പ്രശാന്ത് കുമാർ (ഇന്ത്യൻ കോഫി ഹൗസ്), അശ്വതി. സഞ്ചയനം വ്യാഴം രാവിലെ 8.30ന്.

### സ്റ്റെല്ല
**വെള്ളറട:** അഞ്ചുമരങ്കാല പാരഡൈസിൽ ഡി. ശാമുവേലിന്റെ ഭാര്യ: ജെ. സ്റ്റെല്ല (റിട്ട: അദ്ധ്യാപിക 57) നിര്യാതയായി. മക്കൾ: ജിബിസാം, ജിതിൻസാം, പ്രാർത്ഥന ചൊവ്വാഴ്ച രാവിലെ 8 മണിക്ക്.

### മറിയാമ്മ
**നെടുങ്ങപ്ര:** നെടുങ്ങപ്ര പരേതനായ ഔസേഫിന്റെ ഭാര്യ തേരോക്കാട്ടിൽ മറിയാമ്മ (85) നിര്യാതയായി. സംസ്കാരം തിങ്കളാഴ്ച രാവിലെ 11ന് നെടുങ്ങപ്ര സെന്റ്മേരീസ് യാക്കോബായ പള്ളിയിൽ. പരേത പാലമറ്റം മുളക്കാര കുടുംബാംഗം. മക്കൾ: മേരി, എൽദോസ്. മരുമക്കൾ: പാപ്പച്ചൻ, ലില്ലി.

### കെ. സുമതി
**തിരുവനന്തപുരം:** പെരിങ്ങമ്മല മാവുവിള വീട്ടിൽ പരേതനായ അപ്പുക്കുട്ടന്റെ ഭാര്യ കെ. സുമതി (73) നിര്യാതയായി. മക്കൾ: വിജയകുമാരി, ശാന്തി, രജനി. മരുമക്കൾ: പരേതനായ അനിരുദ്ധൻ, പരേതനായ സുധീഷ്, വിജയൻ. സഞ്ചയനം വെള്ളിയാഴ്ച.

### എൻ. ആനന്ദവല്ലി
**കൊല്ലം:** പട്ടത്താനം ചൈതന്യയിൽ പരേതനായ പി.കെ. ലംബോദരപ്പണിക്കരുടെ ഭാര്യ എൻ. ആനന്ദവല്ലി (89) നിര്യാതയായി. മക്കൾ: ഡോ. എ.എൽ. ഷീജ (ജില്ലാ മെഡിക്കൽ ഓഫീസർ, പത്തനംതിട്ട), ഡോ. എ.എൽ. ഷീബ (ചീഫ് ആയുർവേദ മെഡിക്കൽ ഓഫീസർ, കുറ്റിവട്ടം, കരുനാഗപ്പള്ളി). മരുമക്കൾ: ഡോ. അശോക് ശങ്കർ (ദന്തൽ സർജൻ, പാരിപ്പള്ളി), ഡോ. സുനിൽകുമാർ (പ്രൊഫ. ഗവ. ആയുർവേദ മെഡിക്കൽ കോളേജ്, തിരുവനന്തപുരം). സഞ്ചയനം 18ന് രാവിലെ 8ന്. ഫോൺ: 9496410765.

### നബീസാബീവി
**കരുനാഗപ്പള്ളി:** അയണിവേലിക്കുളങ്ങര വടക്ക് കറുകയിൽ കിഴക്കതിൽ പരേതനായ ജലാലുദ്ദീൻകുഞ്ഞിന്റെ ഭാര്യ നബീസാബീവി (78) നിര്യാതയായി. മക്കൾ: അഭീറാബീവി, ഷെറഫുദ്ദീൻ, പരേതനായ കഹാർ, റസിയ, നസീമ. മരുമക്കൾ: അബ്ദുള്ളക്കുട്ടി, ആരിഫ, പൂക്കുഞ്ഞ്, ഷാജി.

### ജനാർദ്ദനൻ
**കിളിമാനൂർ:** നഗരൂർ നെടുമ്പറമ്പ് ആലുവിള വീട്ടിൽ ജനാർദ്ദനൻ (75 റിട്ട: പോസ്റ്റ്മാൻ വടശേരിക്കോണം) നിര്യാതനായി. ഭാര്യ ലളിത. മക്കൾ: റോജകുമാരി, ശ്രീജ, പരേതനായ ജോയ് കുമാർ. സഞ്ചയനം വ്യാഴാഴ്ച രാവിലെ 8ന്.

### രാഘവനാശാരി
**അയിര:** വട്ടവൂർകോണം മൂഞ്ഞാംമുറത്തല വീട്ടിൽ രാഘവനാശാരി (81) നിര്യാതനായി. ഭാര്യ: സരോജിനി. മക്കൾ: മധുമോഹനൻ, ജയകുമാരി, മണികണ്ഠൻ, രമണി, ശ്രീകുമാരൻ. മരുമക്കൾ: കുമാരി, ശശിധരൻ, ഉഷ, ശ്രീകണ്ഠേശ്വൻ, ചിത്ര. സഞ്ചയനം: 18 ചൊവാഴ്ച രാവിലെ 9ന്.

### ശിവശങ്കരൻ നായർ
**കാരേറ്റ്:** രോഹിണി ഭവനിൽ ശിവശങ്കരൻ നായർ (65) നിര്യാതനായി. ഭാര്യ: സുഗതമ്മ. സഞ്ചയനം വ്യാഴാഴ്ച രാവിലെ 9ന്.

### അബാസ്
**തിരുവനന്തപുരം:** വള്ളക്കടവ് 16 കൽമണ്ഡപത്തിന് സമീപം അൽ അമീൻ മൻസിലിൽ അബാസ് (70, കുമാരപുരം അൽ അമീൻ ഹോട്ടൽ ഉടമ) നിര്യാതനായി. ഭാര്യ: സുഹ്റാ ബീവി. മക്കൾ: അൽ അമീൻ, റഫീക്ക, സുനിത, വഹീദ, റൂബി, ഷെമി, സജി. മരുമക്കൾ: ലത്തീഫ്, ഷാഹുൽഹമീദ്, ബഷീർ, പരേതനായ സുലൈമാൻ, ഷിബു, നിയാസ്, റഹിയാനത്ത്.

### കരുണാകരൻ
**പെരുമ്പുഴ:** പുനക്കന്നൂർ മുണ്ടയ്ക്കൽ ചരുവിളപുത്തൻ വീട്ടിൽ കരുണാകരൻ (90) നിര്യാതനായി. ഭാര്യ: ഗോമതി. മക്കൾ: ബാബുധരൻ, ദേവരാജൻ, പ്രസാദ്, മനോഹരൻ, കുഞ്ഞുമോൻ, പരേതനായ അനിൽകുമാർ. മരുമക്കൾ: സമീപകുമാരി, പ്രസന്നകുമാരി, ലതാകുമാരി, വസന്ത, ശോഭന, വിജയലക്ഷ്മി. സഞ്ചയനം 16ന് വൈകിട്ട് 5ന്.

### 102-ാം വയസിൽ
**ഓടനാവട്ടം:** പരുത്തിയറ മുട്ടുവിള വീട്ടിൽ രാഘവൻപിള്ള (102) നിര്യാതനായി. ഭാര്യ ഗൗരിക്കുട്ടിഅമ്മ. മക്കൾ: രാജമ്മ, ശാന്തമ്മ, ഓമനഅമ്മ, കുമാരിഅമ്മ, ശശികല, വാസുദേവൻപിള്ള. മരുമക്കൾ: തങ്കപ്പൻപിള്ള, മുരളീധരൻപിള്ള, ശശിധരൻപിള്ള, സോമരാജൻപിള്ള, രമേശൻപിള്ള, അമ്പിളികുമാരി. സഞ്ചയനം 19ന് രാവില 8ന്.

### തോമസ്
**പൂവച്ചൽ:** പൊന്നെടുത്തകുഴി പള്ളിനട ഷീജാ ഭവനിൽ തോമസ് (സുകുമാരൻ-63) നിര്യാതനായി. ഭാര്യ: സാന്മതി. മക്കൾ: ഷീജ, ഷീബ, സുനിൽകുമാർ. മരുമക്കൾ: വിമൽ കുമാർ, ജോർജ്, ഷീന. മരണാനന്തര പ്രാർത്ഥന 17ന് രാവിലെ 8ന് പൊന്നെടുത്തകുഴി സെന്റ് ജോർജ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ.

### ബഹ്റൈനിൽ നിര്യാതനായി
**വെഞ്ഞാറമൂട്:** നാഗരുകുഴി നയനത്തിൽ തുളസീധരൻ നായർ (54) ഹൃദയാഘാതത്തെ തുടർന്ന് ബഹ്റൈനിൽ നിര്യാതനായി. മൃതദേഹം നാട്ടിലെത്തിച്ച് സംസ്കരിച്ചു. ഭാര്യ: ഉമാദേവി. ആർ. മക്കൾ: അനൂപ്, അനന്തു. സഞ്ചയനം: 18ന് രാവിലെ 9 മണിക്ക്.

### മുരുകൻ
**നെട്ടയം:** പുളർക്കോണം കിഴക്കുംകര പുത്തൻവീട്ടിൽ മുരുകൻ (60) നിര്യാതനായി. ഭാര്യ: ശാന്തകുമാരി. മക്കൾ: മുകേഷ്, മഹേഷ്. മരുമക്കൾ: സൗമ്യ, വിഷ്ണു പ്രിയ. സഞ്ചയനം വ്യാഴാഴ്ച രാവിലെ 9ന്.

### പുഷ്പാംഗദൻ പിള്ള
**മണ്ണന്തല:** കല്ലയം കട്ടക്കൽ വീട്ടിൽ ഡി. പുഷ്പാംഗദൻ പിള്ള (82, റിട്ട. ജൂനിയർ സയന്റിഫിക് ഓഫീസർ, എസ്.എ.ടി. ആശുപത്രി) നിര്യാതനായി. ഭാര്യ ലളിതാംബിക (റിട്ട. ടീച്ചർ കല്ലയം, യു.പി.എസ്). മക്കൾ: ഇന്ദു എൽ.പി., രജനി എൽ.പി, താരാനാഥ് പി.എൽ (ജെ.എച്ച്.ഐ. താലൂക്ക് ആശുപത്രി, വിതുര). മരുമക്കൾ: ഹരികുമാർ. എസ്, ഹരികുമാർ മേനോൻ, സുജിത (കെ.എം.എം.എൽ. ചവറ). സഞ്ചയനം ഞായറാഴ്ച രാവിലെ 8.30ന്.

### അച്യുതൻപിള്ള
**ഉമയനല്ലൂർ:** നടുവിലക്കര ആനൂരഴികം വീട്ടിൽ ആർ. അച്യുതൻപിള്ള (85) നിര്യാതനായി. സംസ്കാരം വീട്ടുവളപ്പിൽ നടത്തി. മക്കൾ: രഘുനാഥപിള്ള, പരേതനായ ഗിരീഷ്കുമാർ, ഗിരിജ. മരുമക്കൾ: രേണു, ഹരികൃഷ്ണൻ.

### സുബ്രഹ്മണ്യൻ
**എഴുകോൺ:** തെക്കേവിള പുത്തൻവീട്ടിൽ പരേതനായ ബാലകൃഷ്ണന്റെ മകൻ സുബ്രഹ്മണ്യൻ (48) നിര്യാതനായി. മാതാവ്: പരേതയായ നളിനി. ഭാര്യ: മഞ്ജു. മകൾ: വൈഷ്ണവി സുബ്രഹ്മണ്യൻ.

### ചന്ദ്രശേഖരൻ നായർ
**തിരുവനന്തപുരം:** എൻ.സി.സി റോഡ് പ്രിയംവദയിൽ കെ. ചന്ദ്രശേഖരൻ നായർ (88) നിര്യാതനായി. ഭാര്യ: സുലോചനാദേവി. മക്കൾ: സുരേഷ്, സുചിത്ര, സുധ. മരുമക്കൾ: ഗീതാപിള്ള, സുരേഷ്കുമാർ, പരേതനായ ദീപക്. സംസ്കാരം ഇന്ന് രാവിലെ 9.30ന് വീട്ടുവളപ്പിൽ.

### മധുസൂദനൻ
**കളമച്ചൽ:** പേഴുങ്കാമുകൾ ചരുവിള പുത്തൻവീട്ടിൽ കെ. മധുസൂദനൻ (61) നിര്യാതനായി. ഭാര്യ: ജി. ബേബി. മക്കൾ: ദിവ്യ, ദീപ, ദീപിക. മരുമക്കൾ: സജി, ബിമൽ, മിത്രൻ. സഞ്ചയനം ബുധനാഴ്ച രാവിലെ 8 മണി.

### സുകേശൻ
**തിരുവല്ലം:** അച്യുതം, എച്ച്.ആർ.എ 138 കൈരളി ഗാർഡൻസിൽ എ. സുകേശൻ (88, സുകേശപ്പണിക്കർ) നിര്യാതനായി. ഭാര്യ: ഭാമ. മകൻ: സനിൽ. മരുമകൾ: കലാറാണി. സഞ്ചയനം 18ന് രാവിലെ 8.30ന്.

### സുകുമാര പിള്ള
**മിതൃമ്മല:** മിതൃമ്മല ശിവശൈലത്തിൽ പി. സുകുമാര പിള്ള (66) നിര്യാതനായി. ഭാര്യ: ജലജകുമാരി. മക്കൾ: ശിവരഞ്ജിനി, ശിവജിത്ത്. സഞ്ചയനം ഞായറാഴ്ച ഒൻപതു മണിക്ക്.

### സഹീർ
**വർക്കല:** പാലച്ചിറ കാട്ടിൽവിള എം.എസ്. മൻസിൽ മൻസൂറിന്റെ മകൻ സഹീർ (31) നിര്യാതനായി. മാതാവ്: സാജിദാ ബീവി, സഹോദരൻ സമീർ.

### രവീന്ദ്രൻ നായർ
**കിളിമാനൂർ:** വലിയ കട്ടയ്ക്കാൽ അജിത് ഭവനിൽ രവീന്ദ്രൻ നായർ (റിട്ട: സി.റ്റി.സി.ആർ.ഐ, 74) നിര്യാതനായി. ഭാര്യ ശാമള. മക്കൾ: അനിത, അജിത് കുമാർ. മരുമക്കൾ: മോഹനൻനായർ, അശ്വതി, സഞ്ചയനം. ഞായർ രാവിലെ ഒൻപതിന്.

### എൻ. സുന്ദരം
**കായംകുളം:** പട്ടോളിമാർക്കറ്റ് നാലുകണ്ടത്തിൽ പുതുവലിൽ (സുന്ദരഭവനം) എൻ. സുന്ദരം (77) നിര്യാതനായി. ഭാര്യ: പരേതയായ സരസ്വതി.

### പ്രഭാകരൻ
**കാച്ചാണി:** വിഴിഞ്ഞം മരുപ്പാലം വേങ്ങപ്പൊറ്റ സന്തോഷ് ഭവനിൽ പ്രഭാകരൻ പി.ബി (84, റിട്ട. ഹെൽത്ത് സർവീസ്) നിര്യാതനായി. ഭാര്യ: സരസ്വതി. മക്കൾ: സന്തോഷ് (മസ്കറ്റ്), വിനോദിനി (ബിന്ദു). മരുമക്കൾ: ബിന്ദു, ജയസിംഹൻ (കെൽട്രോൺ). സംസ്കാരം: ഇന്ന് ശാന്തികവാടത്തിൽ ഉച്ചയ്ക്ക് 2ന്.

### അപ്പു
**തിരുവല്ലം:** ഇടയാർ തിട്ടയിൽ വീട്ടിൽ അപ്പു (75) നിര്യാതനായി. ഭാര്യ: ബേബി. മക്കൾ: രമണി, തങ്ക, ഷീബ. മരുമക്കൾ: ബിനുകുമാർ, സുരേഷ് കുമാർ, അനുരാഗ്. സഞ്ചയനം: വ്യാഴാഴ്ച രാവിലെ 8ന്. ഫോൺ: 8136811302.

### കെ. രാജപ്പൻ
**ശ്രീകാര്യം:** ഇടവക്കോട് പുതുവൽപുത്തൻ വീട്ടിൽ കെ. രാജപ്പൻ (കൊച്ചുമണിയൻ -74) നിര്യാതനായി. മക്കൾ: ലത, ഷാജി, പരേതനായ കുഞ്ഞുമോൻ. മരുമക്കൾ: എസ്. ജയൻ, അശ്വതി. സഞ്ചയനം വ്യാഴാഴ്ച രാവിലെ 8ന്.

### തുളസീധരൻ
**ചിറയിൻകീഴ്:** നിലയ്ക്കാമുക്ക് കൃഷ്ണാലയത്തിൽ പരേതനായ കൃഷ്ണൻ ചെട്ടിയാരുടെ മകൻ തുളസീധരൻ (49) നിര്യാതനായി. ഭാര്യ: ബിന്ദു. മക്കൾ: ഹരി, യദു, ഗൗതം. ഫോൺ: 9846519511

### സൈനുൽ ആബ്ദീൻ
**വെള്ളൂർ:** മാമ്പഴയിൽ റഹ്മാസിൽ പരേതനായ ഇസ്മായിൽ പിള്ളയുടെ മകൻ സൈനുൽ ആബ്ദീൻ (45) നിര്യാതനായി. മാതാവ്: നബീസാബീവി. ഭാര്യ: റജീലാബീവി. മക്കൾ: റഹ്മ, റബീഹ്. ഫോൺ: 9605720710.

### 105-ാം വയസിൽ മരിച്ചു
**തൃക്കരുവ:** നടുവിലച്ചേരി പള്ളിതാഴതിൽ പ്രീതാലയത്തിൽ പരേതനായ കുഞ്ഞോലയുടെ ഭാര്യ കുഞ്ഞുക്കുട്ടി (105) നിര്യാതയായി. മക്കൾ: സദാനന്ദൻ (റിട്ട. കേരള പൊലീസ്), വിലാസിനി, തങ്കമ്മ, രാധ, പരേതയായ കുഞ്ഞമ്മ, രാഘവൻ, ബാലൻ. മരുമക്കൾ: മാധവി, ലീല, പ്രഭാകരൻ, വിജയമ്മ, പരേതരായ തങ്കപ്പൻ, മുരളീധരൻ.

### ജയപാലൻ
**ചെമ്പഴന്തി:** മുക്കിക്കട ആവുക്കളം പുതുവൽ പുത്തൻവീട്ടിൽ പരേതനായ ഗോപാലന്റെയും ശാരദയുടെയും മകൻ ജയപാലൻ (65) നിര്യാതനായി. സംസ്കാരം ഇന്ന് 12ന് വീട്ടുവളപ്പിൽ. സഞ്ചയനം: 19ന് രാവിലെ 8ന്. ഫോൺ: 8606312608.

### ലക്ഷ്മണൻ
**കല്ലമ്പലം:** മേലേവിള പുത്തൻവീട്ടിൽ ലക്ഷ്മണൻ (78) നിര്യാതനായി. ഭാര്യ: ലളിത. മക്കൾ: പ്രമല, പ്രശോഭൻ, പ്രേംകുമാർ. മരുമക്കൾ: പുഷ്പാംഗദൻ, ശ്രീകല, സീന. സഞ്ചയനം: ബുധനാഴ്ച രാവിലെ 8.30ന്.

### വിജയൻ
**പടിഞ്ഞാറേകല്ലട:** കോയിക്കൽഭാഗം ഉണ്ണി മന്ദിരത്തിൽ വിജയൻ (58) നിര്യാതനായി. ഭാര്യ: രേണുക. മക്കൾ: രഞ്ജിത്, ശ്രീജിത്.

## ആനയറ സ്വദേശി സേലത്ത് ട്രെയിനിൽനിന്ന് വീണു മരിച്ചു


കിരൺ

**തിരുവനന്തപുരം:** ആനയറ രാജകി നിലയത്തിൽ എൻ. രാജന്റെയും (റിട്ട. സ്റ്റേറ്റ് ടെസ്റ്റ് ബുക്ക് ഓഫീസർ) വിശാലാക്ഷിയുടെയും മകൻ ആർ.വി. കിരൺ (37, മെഡി. റെപ്രസന്റേറ്റിവ്) തമിഴ്നാട്ടിലെ സേലത്തിനടുത്തുവച്ച് ട്രെയിനിൽ നിന്ന് വീണ മരിച്ചു.

ബുധനാഴ്ച രാത്രിയിലായിരുന്ന അപകടം. പരിക്കേറ്റ് ട്രാക്കിനരികിൽ കിടന്ന കിരണിനെ നാട്ടുകാർ പിറ്റേന്ന് രാവിലെ ആശുപത്രിയിൽ എത്തിച്ചിരുന്നു.

എന്നാൽ, ഇന്നലെ വെളുപ്പിന് മരിച്ചു. കമ്പനി മീറ്റിംഗിൽ പങ്കെടുത്ത് ബാംഗ്ലൂരിൽനിന്ന് മടങ്ങുമ്പോഴായിരുന്ന അപകടം.

ഭാര്യ: അഞ്ജു. മകൾ: ഹവിഷ. സഹോദരങ്ങൾ: അരുൺ, ഗായത്രി. സംസ്കാരം ഇന്നരാവിലെ 11ന് തൈക്കാട് ശാന്തികവാടത്തിൽ.

## ആടിന് തോലൊടിക്കവേ തോട്ട ലൈനിൽത്തട്ടി ഗൃഹനാഥൻ മരിച്ചു


ശശി

**കോവളം:** ഇരുമ്പ് തോട്ട കൊണ്ട് പ്ലാവിൽ നിന്ന് ആടിന് തോലൊടിക്കവേ വൈദ്യുതി ലൈനിൽ തട്ടി ഗൃഹനാഥൻ ഷോക്കേറ്റ് മരിച്ചു. വെണ്ണിയൂർ കിണറ്റുവിള വീട്ടിൽ ശശി (56) ആണ് മരിച്ചത്.

ഇന്നലെ രാവിലെ 11.30 മണിയോടെയാണ് അപകടം. ക്ഷീരകർഷകനായിരുന്ന ശശി. വീട്ടുപരിസരത്തുനിന്ന് തോലൊടിക്കാൻ പോയ ശശിയെ കാണാതെ അന്വേഷിച്ച ചെന്ന മകനാണ് ശശി അപകടത്തിൽപ്പെട്ട് കിടക്കുന്നത് കണ്ടത്. കാര്യമറിയാതെ പിതാവിനെ എടുക്കാൻ ശ്രമിച്ച മകനും ഷോക്കേറ്റു.

മകന്റെ നിലവിളി കേട്ട് ഓടിയെത്തിയവർ വൈദ്യുതബന്ധം വിച്ഛേദിച്ചതിനാൽ കൂടുതൽ അപകടം ഒഴിവായി. ശശിയുടെ വലതുകൈയാകെ പൊള്ളിയിരുന്നു. ഭാര്യ ദേവരത്നം. മക്കൾ: രഞ്ചിത്ത്, ഷിംജിത്ത്, ബെൽജിത്ത്. മരുമക്കൾ: ഷീജ, അശ്വതി, നീതു.

## പൊലീസിനെപ്പേടിച്ച് ആറ്റിൽ ചാടിയ യുവാവിന്റെ മൃതദേഹം കണ്ടെത്തി


അഖിൽ

**ചാത്തന്നൂർ:** പൊലീസിനെ കണ്ടുഭയന്ന് ഇത്തിക്കരയാറ്റിൽ ചാടിയ ആദിച്ചനല്ലൂർ പ്ലാക്കാട് സെറ്റിൽമെന്റ് കോളനി സുരേഷ് ഭവനിൽ ഗോപാലകൃഷ്ണന്റെ മകൻ അഖിലിന്റെ (23, സച്ചു) മൃതദേഹം കിട്ടി. പൊലീസും ഫയർഫോഴ്സും സ്കൂബാഡൈവിംഗ് ടീമും നാട്ടുകാരും ചേർന്ന് രണ്ട് ദിവസമായി തെരച്ചിൽ നടത്തിവരികയായിരുന്നു. ഇന്നലെ രാവിലെ കാഞ്ഞിരംകടവ് ഭാഗത്താണ് മൃതദേഹം കിട്ടിയത്. വെള്ളിയാഴ്ച അഖിൽ ഉൾപ്പെട്ട നാലംഗ സംഘം ഇത്തിക്കര പാലത്തിന് സമീപമിരിക്കുമ്പോൾ പൊലീസ് പാഞ്ഞെത്തി. അതോടെ നാലുപേരും ഇത്തിക്കരയാറ്റിൽ ചാടുകയായിരുന്നു. മൂന്നുപേരും നീന്തി രക്ഷപ്പെട്ടു. അഖിലിനെ കാണാതായ വിവരം അറിയുന്നത് രാത്രിയിലാണ്. അമ്മ രമണി. അരുൺ, അശ്വതി സഹോദരങ്ങൾ.

## ബൈക്കുകൾ കൂട്ടിയിടിച്ച് ഗൃഹനാഥൻ മരിച്ചു


സലിം

**മുഴങ്ങോടി:** ബൈക്കുകൾ കൂട്ടിയിടിച്ച് മുഴങ്ങോടി കാരൂർകടയിൽ സലിം (46) മരിച്ചു. ഇടക്കുളങ്ങര തീപ്പെട്ടികമ്പനി ജംഗ്ഷനിലായിരുന്നു അപകടം. കരുനാഗപ്പള്ളിയിൽ നിന്ന് കാരൂർക്കടവിലേക്ക് വരികയായിരുന്ന സലിമിന്റെ ബൈക്കും കരുനാഗപ്പള്ളി റെയിൽവേ സ്റ്റേഷനിലേക്ക് പോവുകയായിരുന്ന യുവാവിന്റെ ബൈക്കും തമ്മിലായിരുന്നു കൂട്ടിയിടി. ഗുരുതരമായി പരിക്കേറ്റ സലിമിനെ കരുനാഗപ്പള്ളിയിലെ ആശുപത്രിയിലും തുടർന്ന് തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലും എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. പരേതനായ കാരൂർക്കടയിൽ കാസിം കുഞ്ഞിന്റ മകനാണ്. ഭാര്യ: സിനി (ടി.കെ.എം.എം കോളേജ്, കൊല്ലം). മക്കൾ: അസ്ന, അഫ്സൽ.


## സ്മരണാഞ്ജലി
### വേർപാടിന്റെ വേദന നിറഞ്ഞ രണ്ടു വർഷം (15.10.2018)



**N.S. രാജൻ ബാബു**
(റിട്ട. സീനിയർ സൂപ്രണ്ട്, KSEB, Attingal)
രാജപ്രഭ, പനനിൽക്കുന്നതിൽ, കൂന്തള്ളൂർ, ചിറയിൻകീഴ്.
ഞങ്ങളുടെ സർവ്വസ്വവുമായ ഈ സ്നേഹനിധിയുടെ ആത്മാവിന് നിത്യശാന്തിക്കായി പ്രാർത്ഥിച്ചുകൊണ്ട്, ദുഃഖസ്മരണകളോടെ,
ഭാര്യ: R. പ്രഭാവതി (റിട്ട. J.S. ദേവസ്വം ബോർഡ്, TVM)
മക്കൾ: അബിൻ. R (ഫിസിയോതെറാപ്പിസ്റ്റ്, SSNMM ഹോസ്പിറ്റൽ, വർക്കല), ബെൻ. R, (ഇടയ്ക്കോട് സർവ്വീസ് സഹകരണ ബാങ്ക്),
മരുമകൾ: അശ്വതി അബിൻ (SBI, പോത്തൻകോട്),
ചെറുമകൻ: ധന്വിൻ അബിൻ.

## സ്മരണാഞ്ജലി
(15.10.2013) (29.05.2017)




**N. വിജയൻ വൈദ്യർ Dr. N. യശോധര**
അശോക, ചെമ്പഴന്തി.
നിത്യശാന്തി നേർന്നുകൊണ്ട്,
കുടുംബാംഗങ്ങൾ.

## 6-ാം ചരമവാർഷികം (15.10.2018)



**ബി. പ്രഭാസുതൻ (69)**
'ഉഷസ്', കൂട്ടിക്കട, മൂങ്ങോട് പി.ഒ., വർക്കല.
അച്ഛൻ: ഭാസ്കരൻ (late).
ഭാര്യ: K. ഉഷാദേവി. മക്കൾ: മഞ്ജു, ദീപ, ധന്യ.
മരുമക്കൾ: ബിനു വിമലൻ, പ്രദീപ് K.G., ഷിനു ശശിധരൻ.
ചെറുമക്കൾ: നീരജ, നയന, ബാലശങ്കർ, സ്നേഹ, ഭാഗ്യ, ദേവിക, ശിവാനി.

## ഓർമ്മയായിട്ട് മൂന്നു വർഷം (15.10.2018)



**പ്രൊഫ. വി. ഗിരിജ**
സംസ്കൃതവിഭാഗം മുൻ അദ്ധ്യക്ഷ
ഗവ. വിമൻസ് കോളേജ്,
തിരുവനന്തപുരം.
- ദുഃഖിതരായ കുടുംബാംഗങ്ങൾ.

## 25-ാം ചരമവാർഷികം (15.10.2018)



**ജി. ഭാസ്കരൻ**
ശാന്താ കോട്ടേജ്,
മുട്ടപ്പലം, വർക്കല.
- സന്തപ്തകുടുംബാംഗങ്ങൾ.

## വേർപാടിന്റെ നാലാം വർഷം (15.10.2018)



**ഡി. ശാന്തൻ (റിട്ട. ടീച്ചർ)**
പ്രശാന്ത്, ചെറുക്കാരം, പുല്ലയിൽ പി.ഒ., കിളിമാനൂർ.
മായാത്ത ഓർമ്മകളുമായി,
ഭാര്യ: കെ. ലീല, മക്കൾ, മരുമക്കൾ, ചെറുമക്കൾ.

കേരളകൗമുദി

Established by **C.V. Kunjuraman** as a periodical in 1911

# എസ്.എൻ.ഡി.പി യോഗം വിശ്വാസികൾക്കൊപ്പം; തെരുവിൽ സമരത്തിനില്ല: തുഷാർ വെള്ളാപ്പള്ളി

തിരുവനന്തപുരം: ശബരിമല വിഷയത്തിൽ എസ്.എൻ.ഡി.പി യോഗം വിശ്വാസികൾക്കൊപ്പമാണെന്നും ജനറൽ സെക്രട്ടറി പറഞ്ഞതിൽ ചില ഭാഗങ്ങൾ അടർത്തിയെടുത്ത് പ്രചരിപ്പിച്ചതാണ് തെറ്റിദ്ധാരണയ്ക്ക് ഇടയാക്കിയതെന്നും വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി പറഞ്ഞു.

എസ്.എൻ.ഡി.പി യോഗം പത്രാധിപർ കെ.സുകുമാരൻ സ്മാരക തിരുവനന്തപുരം യൂണിയൻ സംഘടിപ്പിച്ച ശിവഗിരി മഹാസമാധി നവതി ആചരണ വിശദീകരണ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്ന അദ്ദേഹം.

സാമുദായിക സംഘടനകൾ കൂടിയാലോചന നടത്തി ധാരണയിലെത്താതെ തെരുവിൽ സമരത്തിന് ഇറങ്ങിയതിനെയാണ് അദ്ദേഹം എതിർത്തത്. നാഥനില്ലാത്ത സമരമുഖത്തേക്ക് പ്രവർത്തകരെ ഇറക്കിവിടില്ലെന്ന തന്നെയാണ് ഇപ്പോഴും യോഗത്തിന്റെ നിലപാട്. സംസ്ഥാന സർക്കാർ ജനങ്ങളുടെ വികാരം മനസിലാക്കി കേന്ദ്ര സർക്കാരുമായി ചർച്ച നടത്തണം. ദേവസ്വം ബോർഡിന് ഉറച്ച നിലപാടില്ല. വിധിയെ മറികടക്കാൻ സർക്കാർ ഓർഡിനൻസ് ഇറക്കണമെന്നും തുഷാർ പറഞ്ഞു. യൂണിയൻ പ്രസിഡന്റ് ഡി.പ്രേംരാജ് അദ്ധ്യക്ഷത വഹിച്ചു. യോഗം അസിസ്റ്റന്റ് സെക്രട്ടറി കെ.ഡി രമേശ്, നെടുമങ്ങാട് രാജേഷ്, അനിൽ തറനിലം, സിനിൽ മുണ്ടപ്പള്ളി, ഡോ.എം.അനജ, ലേഖാസന്തോഷ്, കെ.വി. അനിൽകുമാർ, പി.എസ്.പ്രേമചന്ദ്രൻ, കെ.പി.അംബീശൻ, ബാബു വിജയനാഥൻ, കരിക്കകം ജയചന്ദ്രൻ, സരസ്വതി മോഹൻദാസ്, ആർ.പി.തംബുരു തുടങ്ങിയവർ സംസാരിച്ചു. യൂണിയൻ സെക്രട്ടറി ആലുവിള അജിത് സ്വാഗതവും വലിയതുറ ഷിബു നന്ദിയും പറഞ്ഞു.



എസ്.എൻ.ഡി.പി യോഗം പത്രാധിപർ കെ.സുകുമാരൻ സ്മാരക തിരുവനന്തപുരം യൂണിയന്റെ ആഭിമുഖ്യത്തിൽ കൈതമുക്ക് ശ്രീനാരായണ ഷഷ്ട്യബ്ദപൂർത്തി സ്മാരക മന്ദിരത്തിൽ നടന്ന ശിവഗിരി മഹാസമാധി നവതി ആചരണ വിശദീകരണ യോഗം എസ്.എൻ.ഡി.പി യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി ഉദ്ഘാടനം ചെയ്യുന്നു. സുനിൽ മുണ്ടപ്പള്ളി, അനിൽ തറനിലം, കെ.ഡി.രമേശ്, ഡി.പ്രേംരാജ്, ആലുവിള അജിത്ത്, നെടുമങ്ങാട് രാജേഷ്, കെ.വി.അനിൽകുമാർ തുടങ്ങിയവർ സമീപം

# ഗുരുദേവ മഹാസമാധി നവതി ആചരണം: കൊല്ലം യൂണിയൻ യോഗങ്ങൾ ഇന്ന് തുടങ്ങും

തിരുവനന്തപുരം: ശ്രീനാരായണ ഗുരുദേവന്റെ മഹാസമാധി നവതി ആചരണത്തിന്റെ ഭാഗമായുള്ള മണ്ഡല മഹായജ്ഞവും യതിപൂജയും വിജയിപ്പിക്കാൻ എസ്.എൻ.ഡി.പി യോഗത്തിന്റെ നേതൃത്വത്തിലുള്ള യൂണിയൻതല മേഖലാ യോഗങ്ങൾക്ക് കഴിഞ്ഞ ദിവസം തുടക്കമായി.

യതിപൂജയുടെ സന്ദേശം ഓരോ വീട്ടിലും എത്തിക്കുകയും സമുദായ അംഗങ്ങളുടെ സാന്നിദ്ധ്യം ശിവഗിരിയിൽ ഉറപ്പാക്കുകയുമാണ് ലക്ഷ്യം. തിരുവനന്തപുരം ജില്ലയിലെ 12 യൂണിയനുകളിലെ യോഗം പൂർത്തിയായി.

കൊല്ലം ജില്ലയിലെ യോഗങ്ങൾ ഇന്ന് ആരംഭിക്കും. രാവിലെ 10 ന് കരുനാഗപ്പള്ളി, ചവറ, കുന്നത്തൂർ, ഉച്ചയ്ക്ക് 2ന് കുണ്ടറ, കൊല്ലം യൂണിയനുകളിലും നാളെ രാവിലെ 10ന് കൊട്ടാരക്കര, പുനലൂർ, പത്തനാപുരം, ഉച്ചയ്ക്ക് 2ന് കടയ്ക്കൽ, ചാത്തന്നൂർ യൂണിയനുകളിലും യോഗങ്ങൾ നടക്കും.

എസ്.എൻ.ഡി.പി യോഗം വൈസ് പ്രസിഡന്റും യതിപൂജ കമ്മിറ്റിയുടെ ജനറൽ കൺവീനറുമായ തുഷാർ വെള്ളാപ്പള്ളി, യോഗം ദേവസ്വം സെക്രട്ടറി അരയാക്കണ്ടി സന്തോഷ്, യോഗം കൗൺസിലർമാരായ രാജൻ മഞ്ചേരി, രമേശ് അടിമാലി, അനിൽ തറനിലം, സിനിൽ മുണ്ടപ്പള്ളി, സജീഷ് കോട്ടയം എന്നിവർ യോഗങ്ങളിൽ പങ്കെടുക്കും. യൂണിയൻ, ശാഖാ ഭാരവാഹികൾ, വനിതാസംഘം, യൂത്ത് മൂവ്മെന്റ്, സൈബർ സേന അംഗങ്ങളാണ് പങ്കെടുക്കുന്നത്.



ശബരിമല സ്ത്രീ പ്രവേശന വിഷയത്തിൽ അന്താരാഷ്ട്ര ഹിന്ദു പരിഷത്തിന്റെ നേതൃത്വത്തിൽ മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിലേക്ക് നടത്തിയ ശബരിമല രക്ഷായാത്ര ദേശീയ വർക്കിംഗ് പ്രസിഡന്റ് പ്രവീൺ തൊഗാഡിയ ഉദ്ഘാടനം ചെയ്യുന്നു. ദേശീയ സെക്രട്ടറി പ്രതീഷ് വിശ്വനാഥൻ സമീപം

# ഗുരുദേവന്റെ അരുവിപ്പുറം പ്രതിഷ്ഠ ആത്മാഭിമാനത്തിന്റെ വീണ്ടെടുപ്പ്

▸സജീവ്ഗോപാലൻ

ശിവഗിരി: അരുവിപ്പുറം പ്രതിഷ്ഠ കേവലം ഒരു വിഗ്രഹപ്രതിഷ്ഠ മാത്രമല്ലെന്നും ഒരു വലിയ ജനവിഭാഗത്തിന്റെ ആത്മാഭിമാനത്തിന്റെ വീണ്ടെടുപ്പായിരുന്നെന്നും എ.വി. അശോകൻ (വൈക്കം) പറഞ്ഞു. ശിവഗിരിയിൽ ആചാര്യസ്മൃതി സമ്മേളനത്തിൽ ഗുരുവിന്റെ ക്ഷേത്ര സങ്കല്പം അരുവിപ്പുറം പ്രതിഷ്ഠയുടെ പശ്ചാത്തലത്തിൽ എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭാരതീയ നവോത്ഥാനത്തിൽ ദക്ഷിണേന്ത്യയിലെ ആദ്യ ദീപശിഖയായിട്ടാണ് അരുവിപ്പുറം പ്രതിഷ്ഠയെ വിലയിരുത്തിയിട്ടുള്ളത്. ഗുരുവിന്റെ യോഗശക്തിയുടെ പ്രകടനമായിരുന്നു ആ പ്രതിഷ്ഠ. നെയ്യാറിലെ ശങ്കരൻ കുഴി എന്ന കയത്തിന്റെ അഗാധതയിൽ ഏറെനേരം മുങ്ങി ധ്യാനനിമഗ്നനായശേഷം പ്രതിഷ്ഠിക്കുവാനുള്ള ശിലയുമായി ഗുരുദേവൻ ഉയർന്നുവരുകയായിരുന്നു. ഗുരുവിന്റെ കണ്ണുകളിൽ നിന്നു കണ്ണീർധാരയായി പ്രവഹിക്കുന്നുണ്ടായിരുന്നു. ആ പ്രതിഷ്ഠയുടെ ആദ്യത്തെ അഭിഷേകം മഹാഗുരുവിന്റെ മിഴിനീർ മുത്തുകളായിരുന്നു. ഏവരും സോദരത്വേന വാഴുന്ന മാതൃകാ ലോകത്തിന്റെ ആധാരശിലകൂടിയാണ് ഗുരുദേവൻ അരുവിപ്പുറത്ത് പ്രതിഷ്ഠിച്ചതെന്നും അശോകൻ പറഞ്ഞു.

ഗുരുദേവന്റെ ഓരോ പ്രതിഷ്ഠയും മനുഷ്യജീവിതത്തിന്റെ ഘട്ടം ഘട്ടമായ പുരോഗതിയുടെ ചൂണ്ടുപലകകളാണെന്ന് സ്വാമി സച്ചിദാനന്ദ പറഞ്ഞു. അരുവിപ്പുറത്ത് ശിലയെ ശിവലിംഗമായി പ്രതിഷ്ഠിച്ച ഗുരുദേവൻ ഒടുവിൽ കണ്ണാടി പ്രതിഷ്ഠിച്ചു. കഠിനഹൃദയനായ മനുഷ്യനെ കണ്ണാടി പോലെ തിളക്കമുള്ളതാക്കിയാൽ ഓംകാര സ്വരൂപമായ ദൈവമാക്കി മാറ്റാമെന്ന ദർശനമാണ് ഗുരുദേവൻ ഇതുവഴി ലോകത്തിന് നൽകിയതെന്നും അദ്ദേഹം പറഞ്ഞു.

ശിവഗിരിയിൽ സമാധി നവതി ആചരണോടനുബന്ധിച്ച് നടക്കുന്നത് പുതിയൊരു ശ്രീനാരായണയുഗത്തിന്റെ പിറവി കൂടിയാണെന്ന് എസ്.എൻ.ഡി.പി യോഗം കൗൺസിലർ ഷീബ പറഞ്ഞു.

ധർമ്മസംഘം പ്രസിഡന്റ് സ്വാമി വിശുദ്ധാനന്ദ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി സ്വാമി സാന്ദ്രാനന്ദ, ട്രഷറർ സ്വാമി ശാരദാനന്ദ, നവതിആചരണ കമ്മിറ്റി സെക്രട്ടറി സ്വാമി ശിവസ്വരൂപാനന്ദ, യജ്ഞകമ്മിറ്റി കൺവീനർ സ്വാമി വിശാലാനന്ദ, സ്വാമി ഗുരുപ്രകാശം, യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി, ദേവസ്വം സെക്രട്ടറി അരയാക്കണ്ടി സന്തോഷ്, വന്ദന ശ്രീകുമാർ, കെ.പത്മകുമാർ, സുന്ദരേശൻ പത്തനംതിട്ട, അനിൽ തറനിലം, അഡ്വ. സിനിൽ മുണ്ടപ്പള്ളി, സുനിൽ വള്ളിയിൽ, അജി എസ്.ആർ.എം, സജീവ് കല്ലട, വിജീഷ് മേടയിൽ സജി എസ്.ആർ.എം, ഡി.പ്രേംരാജ്, ആലുവിള അജിത്ത് തുടങ്ങിയവർ സംബന്ധിച്ചു.

യോഗം നോർത്ത് പറവൂർ യൂണിയൻ പ്രസിഡന്റ് രാധാകൃഷ്ണൻ, സെക്രട്ടറി ഹരിവിജയൻ, കണയന്നൂർ യൂണിയൻ ചെയർമാൻ മഹാരാജ ശിവാനന്ദൻ, യോഗം കൗൺസിലർ സി.വി.വിജയൻ, ബോർഡ് മെമ്പർ ജയരാജ്, യോഗം അസിസ്റ്റന്റ് സെക്രട്ടറി എം.പി.അഭിലാഷ് എന്നിവരുടെ നേതൃത്വത്തിൽ യൂണിയൻ, ശാഖാ പ്രവർത്തകരും ഭക്തജനങ്ങളും ഇന്നലെ ചടങ്ങുകളിൽ പങ്കെടുത്തു.



ശിവഗിരിയിൽ ആചാര്യസ്മൃതി സമ്മേളനത്തിൽ ഗുരുവിന്റെ ക്ഷേത്രസങ്കല്പം അരുവിപ്പുറം പ്രതിഷ്ഠയുടെ പശ്ചാത്തലത്തിൽ എന്ന വിഷയത്തിൽ എ.വി.അശോകൻ സംസാരിക്കുന്നു. ബാബു, ഹരിവിജയൻ, സ്വാമി സച്ചിദാനന്ദ, ഷീബ, എം.പി.അഭിലാഷ്, മഹാരാജ ശിവാനന്ദൻ, ബാബുരാജ് എന്നിവർ സമീപം

## ശിവഗിരിയിൽ ഇന്ന്

രാവിലെ 4.30ന് പർണശാലയിൽ ശാന്തിഹവനം, 5ന് ശാരദാമഠത്തിൽ വിശേഷാൽ പൂജ, 5.30ന് മഹാസമാധിയിൽ വിശേഷാൽ ഗുരുപൂജ, 5.45ന് ബ്രഹ്മവിദ്യാലയത്തിൽ ഗുരുദേവ കൃതികളുടെ പാരായണം, 9ന് അഖണ്ഡനാമജപം, വിശ്വശാന്തിഹവനം, വൈകുന്നേരം 3ന് ആചാര്യസ്മൃതി സമ്മേളനം.

## ഓർഡിനൻസില്ലെങ്കിൽ 18ന് ഹർത്താൽ: തൊഗാഡിയ

തിരുവനന്തപുരം: ശബരിമലയിലെ സുപ്രീംകോടതിവിധി മറികടക്കാൻ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ രണ്ടുദിവസത്തിനകം ഓർഡിനൻസ് കൊണ്ടുവന്നില്ലെങ്കിൽ അന്തർദ്ദേശീയ ഹിന്ദു പരിഷത്തിന്റെ നേതൃത്വത്തിൽ ശബരിമല നട തുറക്കുന്ന 18ന് സംസ്ഥാനത്ത് ഹർത്താൽ നടത്തുമെന്ന് പ്രസിഡന്റ് പ്രവീൺ തൊഗാഡിയ. 17ന് അർദ്ധരാത്രി മുതൽ 18ന് അർദ്ധരാത്രി വരെയാണ് ഹർത്താൽ. ശബരിമല സംരക്ഷണ സമിതി നടത്തിയ രക്ഷായാത്രയുടെ സമാപനവേളയിലാണ് തൊഗാഡിയ ഹർത്താൽ പ്രഖ്യാപിച്ചത്.

## കാമരാജ് ജയന്തി സമാപനം

തിരുവനന്തപുരം: കേരള നാടാർ മഹാജനസംഘത്തിന്റെ കാമരാജ് ജയന്തി ആഘോഷങ്ങൾ 20ന് സമാപിക്കും. വൈകിട്ട് 4ന് വഴുതയ്ക്കാട് കെ.എൻ.എം.എസ് ആഡിറ്റോറിയത്തിൽ മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും. ശശി തരൂർ എം.പി മുഖ്യപ്രഭാഷണം നടത്തും. കെ.മുരളീധരൻ എം.എൽ.എ സ്വാതന്ത്ര്യസമരസേനാനികളെ ആദരിക്കും.

ആൻസലൻ എം.എൽ.എ ഉപഹാരം നൽകും. പ്രസിഡന്റ് ഡോ. ഡി. ദേവപ്രസാദ് അദ്ധ്യക്ഷനാകും. എൻ. ശക്തൻ, മുൻ ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ്, കെ.എൻ.എം.എസ് സംസ്ഥാന സെക്രട്ടറി പാറശാല കൃഷ്ണൻകുട്ടി, ടി.എസ്. വിജയൻ, കെ.കെ.നാടാർ, എം.എച്ച്. ജയരാജൻ, കെ.സി.രാജൻ നാടാർ, എൽ. രാജപ്പൻ നാടാർ, ജെ. ലോറൻസ്, നെടുങ്കാട് അശോകൻ, പാളയം ജി.എം.ജോസ് എന്നിവർ സംസാരിക്കും.

# ശബരിമല: വിധി മറികടക്കാൻ കേന്ദ്രത്തിനും ഓർഡിനൻസ് ഇറക്കാം: തൊഗാഡിയ

തിരുവനന്തപുരം: ശബരിമലയിൽ സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധി മറികടക്കാൻ സംസ്ഥാന സർക്കാർ ഓർഡിനൻസ് കൊണ്ടുവരണമെന്നാവശ്യപ്പെട്ട് ബി.ജെ.പിയും സംഘപരിവാറും സംസ്ഥാനത്ത് ശക്തമായ പ്രക്ഷോഭം തുടരവേ, ബി.ജെ.പി ഭരിക്കുന്ന കേന്ദ്രത്തിനും ഓർഡിനൻസ് ഇറക്കാമെന്ന വാദവുമായി സംഘപരിവാർ നേതാവായ പ്രവീൺകുമാർ തൊഗാഡിയ രംഗത്തെത്തി.

ശബരിമല സംരക്ഷണ സമിതിയുടെ നേതൃത്വത്തിലുള്ള രക്ഷാ യാത്രയുടെ സമാപന സമ്മേളനം മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ്ഹൗസിനുമുന്നിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അന്തർദ്ദേശീയ ഹിന്ദു പരിഷത്ത് ദേശീയ വർക്കിംഗ് പ്രസിഡന്റ് തൊഗാഡിയ.

മുസ്ലിം സമുദായത്തിലെ മുത്തലാക്കിനെതിരെ ഓർഡിനൻസ് കൊണ്ടുവരാമെങ്കിൽ, ശബരിമല പ്രശ്നത്തിലും സുപ്രീംകോടതിവിധി മറികടക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ഓർഡിനൻസ് കൊണ്ടുവരാൻ കഴിയും. ഹിന്ദുതാത്പര്യം സംരക്ഷിക്കുമെന്ന ഉറപ്പ് നൽകിയാണ് മോദി അധികാരത്തിലെത്തിയത്. ശബരിമല പ്രശ്നത്തിൽ ഓർഡിനൻസ് കൊണ്ടുവരാൻ അദ്ദേഹത്തിനായില്ലെങ്കിൽ മോദിയും ഹിന്ദുവിരുദ്ധനാണെന്ന് പറയേണ്ടിവരും. തമിഴ്നാട്ടിലെ ജെല്ലിക്കെട്ട് പ്രശ്നത്തിൽ ജനകീയ പ്രതിഷേധം കണക്കിലെടുത്ത് പുതിയ നിയമനിർമ്മാണം നടത്തിയ കീഴ്വഴക്കമുണ്ട്.

സംസ്ഥാനത്തെ ഹിന്ദുക്ഷേത്രങ്ങൾ വിശ്വാസികളെ ഏല്പിക്കണമെന്നാണ് 1983-ൽ സർക്കാർ നിയോഗിച്ച ശങ്കരൻനായർ കമ്മിഷൻ റിപ്പോർട്ടിലെ ശുപാർശ. ക്ഷേത്രങ്ങളുടെ ഭരണം വിശ്വാസികൾക്ക് വിട്ടുകൊടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. തിരുപ്പതിയും വൈഷ്ണോദേവിയും സിദ്ധിവിനായകും ഉൾപ്പെടെ ഒരുലക്ഷത്തോളം ക്ഷേത്രങ്ങളെയാണ് വിവിധ സർക്കാരുകൾ കൈയടക്കിവച്ചിരിക്കുന്നത്. അരലക്ഷം കോടിരൂപയാണ് പ്രതിവർഷം കാണിക്കയായി മാത്രം കിട്ടുന്നത്. ക്ഷേത്രഭരണത്തിന് സർക്കാർ നിയന്ത്രണം വേണ്ടെന്നും കോടതി നിയന്ത്രണമാകാമെന്നും അദ്ദേഹം പറഞ്ഞു.

യാത്ര ദേവസ്വംബോർഡ് ജംഗ്ഷനിൽ പൊലീസ് തടഞ്ഞു. തുടർന്ന് യാത്രയുടെ സമാപന സമ്മേളനം പ്രവീൺ തൊഗാഡിയ ഉദ്ഘാടനം ചെയ്തു. ഇന്ന് മുഖ്യമന്ത്രിയെ നേരിട്ട് കണ്ട് വിശ്വാസികൾക്ക് അനുകൂലമായ നിലപാട് കൈക്കൊള്ളാൻ ആവശ്യപ്പെടുമെന്ന് അദ്ദേഹം പറഞ്ഞു.

നാലാഞ്ചിറ മുതൽ നന്തൻകോടുവരെയുള്ള കാൽനടയാത്രയിൽ തൊഗാഡിയ പങ്കെടുത്തു. പന്തളം കൊട്ടാരത്തിൽ നിന്ന് 11 നാണ് യാത്ര ആരംഭിച്ചത്. സ്ത്രീകളടക്കം നൂറുകണക്കിനു വിശ്വാസികൾ പങ്കെടുത്തു. സമാപനയോഗത്തിൽ സ്വാധി പ്രാചി, ദേശീയ സെക്രട്ടറി പ്രതീഷ് വിശ്വനാഥൻ, കൃഷ്ണരാജ് എന്നിവരും പ്രസംഗിച്ചു.



പനച്ചിക്കാട് ദക്ഷിണ മൂകാംബിക സരസ്വതി ക്ഷേത്രത്തിലെ നവരാത്രി മഹോത്സവത്തോടനുബന്ധിച്ച് ആരംഭിച്ച കേരളകൗമുദി സ്റ്റാൾ ദേവസ്വം മാനേജർ കെ.എൻ.നാരായണൻ നമ്പൂതിരി ഉദ്ഘാടനം ചെയ്യുന്നു. കേരളകൗമുദി സർക്കുലേഷൻ മാനേജർ ശ്രീജിത്ത്.പി.ബി, ജോമോൻ ജോസഫ്, ബിനു നായർ, ചിത്ര തുടങ്ങിയവർ സമീപം

# കപ്പക്കാട് ളാഹ റബർ എസ്റ്റേറ്റിൽ പുലി ഇറങ്ങി: പശുവിനെ കൊന്നു

പത്തനംതിട്ട : കപ്പക്കാട് ഹാരിസൺ റബർ എസ്റ്റേറ്റിൽ പുലി ഇറങ്ങി പശുവിനെ കടിച്ചു കൊന്നു. ശനിയാഴ്ച രാത്രിയാണ് സംഭവം. ഇന്നലെ രാവിലെ റബർ ടാപ്പിംഗിന് പോയ തൊഴിലാളികളാണ് ചത്ത പശുവിനെ കണ്ടത്. മണക്കയം കൊല്ലംമാലിയിൽ തമ്പിയുടെ പശുവിനെയാണ് പുലി കൊന്നത്.

പശുവിന്റെ മാംസവും കുടലും തിന്നു. വിവരമറിഞ്ഞ് രാജാംപാറ ഫോറസ്റ്റ് സ്റ്റേഷനിൽ നിന്ന് റെയ്ഞ്ചാഫീസറുടെ നേതൃത്വത്തിൽ വനപാലകർ സ്ഥലത്തെത്തി പരിശോധന നടത്തി. സമീപത്ത് പുലിയുടെ കാല്പാട് കണ്ടു. പശുവിനെ കൊന്നത് പുലിയാണന്ന് സ്ഥിരീകരിച്ചിട്ടുണ്ട്.

മാസങ്ങൾക്കു മുൻപ് എസ്റ്റേറ്റിലെ തൊഴിലാളി ഹരിയുടെ പശുവിനെ പുലി കൊന്നിരുന്നു. ഇവിടെ നിന്ന് ളാഹ വനത്തിലേക്ക് ഏകദേശം ഒരു കിലോമീറ്റർ ഉണ്ട്. അഞ്ചു മാസത്തിനുള്ളിൽ ഈ ഭാഗത്തെ പത്തോളം പശുക്കളെയും ആടിനെയും വളർത്തുനായ്ക്കളെയും കാണാതായിട്ടുണ്ട്. പുതുക്കട മന്ദം പുഴ സ്വദേശികളായ പ്രസാദ്, വാസുദേവൻ, എസ്റ്റേറ്റ് ലയത്തിൽ താമസിക്കുന്ന തൊഴിലാളികൾ എന്നിവരുടെ പശുക്കളും ആടുകളും നായ്ക്കളുമാണ് കാണാതായത്. ഇവിടെ അടിയന്തരമായി പുലി കൂട് സ്ഥാപിക്കാമെന്ന് ആവശ്യം ശക്തമാണ്.

# കെ.എസ്.ആർ.ടി.സിക്ക് ആശ്വസിക്കാം; 100 എൽ.എൻ.ജി ബസുകൾ ഉടനെത്തും

▸സ്വന്തം ലേഖകൻ

തിരുവനന്തപുരം: നഷ്ടത്തിന്റെ നെട്ടുവീർപ്പിൽ നിന്ന് തെല്ലൊരാശ്വാസമൊരുക്കി നൂറ് എൽ.എൻ.ജി ബസുകൾ കെ.എസ്.ആർ.ടി.സി ഉടൻ സ്വന്തമാക്കും. ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ സ്ഥാപനമായ പെട്രോനെറ്റ് എൽ.എൻ.ജി കമ്പനിയുമായി ധാരണയിലെത്തി. ദ്രവീകൃത പ്രകൃതി വാതകം (എൽ.എൻ.ജി) മലിനീകരണമില്ലാത്തതും ചെലവു കുറഞ്ഞതുമാണ്.

ഡീസൽ ബസിന്റെ വിലയ്ക്ക് എൽ.എൻ.ജി നൽകാനാണ് ധാരണ. 25 ലക്ഷം മുതൽ 30 ലക്ഷം വരെയാണ് ഡീസൽ ബസിന്റെ വില. എൽ.എൻ.ജി ബസൊന്നിന് 40 ലക്ഷമാണ് വില. ഫലത്തിൽ 100 ബസുകൾ വാങ്ങുമ്പോൾ കുറഞ്ഞത് 10 കോടി രൂപയുടെ നേട്ടമുണ്ടാകും. 46 രൂപയാണ് ഒരു ലിറ്റർ എൽ.എൻ.ജിയുടെ വില. കൂടുതൽ മൈലേജും ലഭിക്കും. സെപ്തംബർ 26ന് ഡൽഹിയിൽ ചേർന്ന യോഗത്തിലാണ് സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന മാനിച്ച് 100 ബസുകൾ നൽകാൻ പെട്രോനെറ്റ് കമ്പനി തീരുമാനിച്ചത്.

കൊച്ചിയിലും തിരുവനന്തപുരത്ത് ആനയറയിലും ഇന്ധനം നിറയ്ക്കാൻ കേന്ദ്രങ്ങളുമൊരുക്കും. ഒപ്പം കൂടുതൽ സി.എൻ.ജി ബസുകൾ നിരത്തിലിറക്കാനാണ് കെ.എസ്.ആർ.ടി.സിയുടെ തീരുമാനം.







Vol. No. 108 Issue No. 278 R.No.3052/57 (R.No. KL/TV(N) 72/2018-20 ) Printed and Published by **Darshan Ravi** from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: **2461010, 2461050, 3941050, Fax: 3078979** e-mail: **news @ keralakaumudi.com, desk@kaumudi.com** Chief Editor : **Deepu Ravi** (Responsible for selection of news under the PRB Act) .